

# പ്രേഷിതപ്രസക്തി



ജോർജ് വഞ്ചിപ്പുര

# പ്രേഷിതപ്രസക്തി

പ്രസാധകർ
ക്ലരീഷ്യൻ പബ്ലിക്കേഷൻസ്
ബാംഗ്ലൂർ - 560055



## ഫാ. ജോർജ് വഞ്ചിപ്പുര

കോട്ടയം ജില്ലയിലെ കടുത്തുരുത്തിയിൽ 1944 സെപ്റ്റംബർ 26-ാം തീയതി ജനിച്ചു. ലൂക്കോസ്, അന്നമ്മ എന്നിവരാണ് മാതാപിതാക്കൾ. എസ്.എസ്.എൽ. സിക്കുശേഷം ക്ലരീഷ്യൻ കോൺഗ്രിഗേഷനിൽ ചേർന്ന് ജർമ്മനിയിലും ഇംഗ്ലണ്ടിലും പഠിച്ച് 1969-ൽ വൈദികനായി. 1974-ൽ റോമിലെ ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിൽനിന്നു ദൈവശാസ്ത്രത്തിൽ ഡോക്ടർ ബിരുദം സമ്പാദിച്ചു.

മലയാളത്തിലും ഇംഗ്ലീഷിലും ജർമ്മനിലുമായി നിരവധി ലേഖനങ്ങളും അഞ്ച് ഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ട്. പ്രൊഫസ്സർ, പത്രാധിപസമിതിയംഗം, സെമിനാരി റെക്ടർ എന്നീ നിലകളിൽ സേവനം അനുഷ്ഠിക്കുന്നു.


വിലാസം : ഫാ. ജോർജ് വഞ്ചിപ്പുര
ക്ലരീഷ്യൻ സെമിനാരി
ബാംഗ്ലൂർ - 560055

# പ്രേഷിതപ്രസക്തി

സുവിശേഷവത്കരണത്തിന്റെ ആവശ്യകതയെ
അടിസ്ഥാനമാക്കിയുള്ള ഒരു പഠനം

ACHARYA PALACKAL JEEVASS KENDRAM
LIBRARY
15059

ജോർജ് വഞ്ചിപ്പുര

ST. ANTONY'S MONASTERY LIBRARY
ALWAYE-1

വിതരണം
ജനത ബുക്ക് സ്റ്റാൾ
തേവര - എറണാകുളം - ആലുവാ - ചേർത്തല

(Malayalam)
PRESHITHAPRASAKTHI
(Study)
By George Vanchipura

M/207
VAN

Copyright: Claretian Publications, India
First Published April 1984
Cover Design: Tomy Akkapadickal, CMF

Printed at
Gowri Shanker Press, Bangalore-560 020

Published by
Claretian Publications
Bangalore - 560 055

Distributors
Janatha Book Stall
Thevara - Ernakulam - Alwaye - Shertally

15-00

*Imprimatur*

+ Jacob Thoomkuzhy
Bishop of Mananthavady
February 9, 1984

# സമർപ്പണം

ഭാരതത്തിൽ ഇദംപ്രഥമമായി
രക്ഷയുടെ സുവിശേഷം പ്രസംഗിച്ചുകൊണ്ടു്
ആയിരങ്ങളെ ക്രിസ്തുവിലേയ്ക്കാനയിച്ച
ഭാരതാപ്പസ്തോലനായ മാർ തോമ്മാശ്ലീഹായുടെ
തൃച്ചേവടികളിൽ
ഈ വിനീതകൃതി
സാദരം സമർപ്പിച്ചുകൊള്ളുന്നു.

— ഗ്രന്ഥകർത്താവു്

സദ്വാർത്ത കൊണ്ടുവരുന്നവന്റെ പാദങ്ങൾ
പർവതങ്ങളിൽ എത്ര മനോഹരങ്ങൾ !
അയാൾ സമാധാനം വിളംബരം ചെയ്യുന്നു;
നന്മയുടെ സദ്വാർത്ത കൊണ്ടുവരുന്നു;
രക്ഷ വിളംബരം ചെയ്യുന്നു;
"നിന്റെ ദൈവം ഭരണം നടത്തുന്നു" എന്നു
സീയോനോടു പറയുന്നു.

ഏശ. 52, 7.

# ഉപോദ്ഘാതം

രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം കത്തോലിക്കാ ദൈവശാസ്ത്രജ്ഞന്മാരുടെ ഇടയിൽ അക്രൈസ്തവ മതങ്ങളെപ്പററി പഠിക്കാനുള്ള വർദ്ധിച്ച താത്പര്യം കാണുന്നുണ്ട്. ഈ രംഗത്ത് ദൈവശാസ്ത്രപരമായ പുത്തൻ പര്യവേക്ഷണങ്ങൾക്കുള്ള പ്രേരണ പല ഘടകങ്ങളിൽനിന്നു സംജാതമാകുന്നതാണ്. ജനതകളുടെയും സംസ്കാരങ്ങളുടെയും വർദ്ധമാനമായ സങ്കലനംകൊണ്ട് ഈ കാലഘട്ടം ശ്രദ്ധേയമാണല്ലോ. ഒരു മതത്തിനും പ്രത്യേക വേലിക്കെട്ടുകളോ സ്വന്തമായ തുരുത്തോ ഇല്ലാത്ത വിശാലമായ ഒരു ലോകത്തിലാണ് നാം ഇന്നു ജീവിക്കുന്നതു്. ''ഓരോ ജനതയും ഓരോ സംസ്കാരവും മററൊരു ജനതയുടെയും മററൊരു സാംസ്കാരിക മേഖലയുടെയും ആന്തരിക ഘടകമായി പരിണമിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ട''മാണ് നമ്മുടേതു്.[1] സ്വാഭാവികമായും നാം മററു മതങ്ങളെ ശ്രദ്ധിക്കുന്നു എന്നു ചുരുക്കം.

അക്രൈസ്തവമതങ്ങളെക്കുറിച്ചുള്ള ശ്രദ്ധാപൂർവമായ പഠനത്തിന് രണ്ടാം വത്തിക്കാൻ കൗൺസിൽ വലിയ പ്രചോദനം നൽകിയിട്ടുണ്ട്. സഭയ്ക്ക് അക്രൈസ്തവ മതങ്ങളുമായുള്ള ബന്ധത്തെക്കുറിച്ചു പ്രതിപാദിക്കുന്ന അതിന്റെ പ്രഖ്യാപനത്തിൽ ഇങ്ങനെ കാണുന്നു:

" നമ്മുടെ യുഗം മനുഷ്യർ അന്യോന്യം കൂടുതലായി അടുത്തടുത്തുകൊണ്ടിരിക്കുന്ന ഒന്നാണ്. വിഭിന്ന ജനപദങ്ങൾ തമ്മിലുള്ള ബന്ധങ്ങളും ഇന്നു വർദ്ധമാനമായിക്കൊണ്ടിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ അക്രൈസ്തവമതങ്ങളോടു തനിക്കുള്ള ബന്ധം എന്തെന്നു തിരുസ്സഭ സൂക്ഷ്മമായി പരിശോധിക്കുകയാണ്'' (അക്രൈസ്തവമതങ്ങൾ, നമ്പർ 1). മററു മതങ്ങളെ കൂടുതൽ യാഥാത്ഥ്യബോധത്തോടെ സമീപിക്കുന്നതിനു സഹായകമായ മാർഗ്ഗരേഖകൾ കൗൺസിൽ നൽകുന്നുണ്ട്. ഇതരമതങ്ങളുമായുള്ള സംവാദം പ്രോത്സാഹിപ്പിക്കണമെന്ന് ആറാം പോൾ മാർപ്പാപ്പായും നിഷ്കർഷിച്ചിരിക്കുന്നു. ഈ ലക്ഷ്യം മുൻനിറുത്തി 1964-ൽ അക്രൈസ്തവർക്കുവേണ്ടി ഒരു കാര്യാലയവും അദ്ദേഹം സ്ഥാപിക്കുകയുണ്ടായി. കത്തോലിക്കാ ദൈവശാസ്ത്രജ്ഞന്മാർക്ക് മതങ്ങളെപ്പററിയുള്ള ഒരു പുതിയ ദൈവശാസ്ത്രം രൂപപ്പെടുത്തുന്നതിൽ പ്രേരണ നൽകിയ മുഖ്യഘടകങ്ങൾ ഇവയാണ്.

ഈ അനുകൂലസാഹചര്യത്താൽ പ്രേരിതരായി, പല കത്തോലിക്കാ ദൈവശാസ്ത്രജ്ഞന്മാരും അക്രൈസ്തവമതങ്ങളെ വിലയിരുത്തിക്കൊണ്ടുള്ള പഠനങ്ങൾ പ്രസിദ്ധീകരിച്ചുതുടങ്ങിയിട്ടുണ്ട്.[2] ഇവയിൽ ചിലതു് ഈ മതങ്ങളുടെ ദൈവശാസ്ത്രപരമായ നിലപാട് വിശദീകരിക്കുന്നതിനും അതിലൂടെ മനുഷ്യർക്കിടയിൽ പരസ്പരധാരണയും ഐക്യവും അരക്കിട്ടുറപ്പിക്കുന്നതിനും സഹായകമായിട്ടുമുണ്ട്.

സന്മാർഗ്ഗത്തിൻെറ സ്വാഭാവികമായ വെളിച്ചത്തെ പിന്തുടരുന്ന സകല മനുഷ്യരിലും ദൈവത്തിൻെറ സാർവലൗകികമായ രക്ഷാകരചൈതന്യം ഫലപ്രദ

മായി പ്രവർത്തിക്കുന്നുണ്ടെന്നാണ് ആധുനിക ദൈവ ശാസ്ത്രജ്ഞന്മാരിൽ പലരുടെയും അഭിമതം. ചരിത്രാതീതകാലംമുതൽ ഒരുവിധത്തിലല്ലെങ്കിൽ മറെറാരുവിധത്തിൽ ദൈവം മനുഷ്യന് സ്വയം വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ആകയാൽ ദൈവികവെളിപാട് എന്നതു് ക്രിസ്ത്യാനികൾക്കുമാത്രം അവകാശപ്പെട്ട ഒരപൂർവദാനമല്ല. ദൈവിക ചൈതന്യം എല്ലാ മതങ്ങളിലും പ്രവർത്തിക്കുന്ന ഒരു പ്രതിഭാസമത്രേ. അങ്ങനെ മതങ്ങൾ മനുഷ്യരെ ദൈവത്തിങ്കലേയ്ക്കു നയിക്കുന്ന രക്ഷയുടെ പാതകളായിത്തീരുന്നു.

കാറൽ റാനർ, ഈവ് കോംഗാർ, യൂജിൻ ഹിൽമാൻ, വാൾട്ടർ കാസ്പർ തുടങ്ങിയ പല ദൈവശാസ്ത്രജ്ഞന്മാരും പ്രേഷിതവൃത്തിയുടെ ആവശ്യകതയെ അംഗീകരിക്കുന്ന കൂട്ടത്തിൽത്തന്നെ പ്രേഷിതരംഗത്തു് സഭയുടെ പ്രാഥമിക കർത്തവ്യം വ്യക്തികളുടെ ആത്മരക്ഷയെ ലാക്കാക്കിയുള്ള പ്രവർത്തനമല്ലെന്ന് ഊന്നിപ്പറഞ്ഞിട്ടുള്ളതായും കാണുന്നു. ക്രിസ്തുമതത്തിലേക്കു പരിവർത്തനം ചെയ്യാതെതന്നെ ദൈവം ഏതുവിധത്തിലെങ്കിലും അക്രൈസ്തവരുടെ രക്ഷ സാദ്ധ്യമാക്കിത്തീർക്കുമെന്നാണ് ഇക്കൂട്ടരുടെ പക്ഷം.[3] ഈ ചിന്താഗതി പ്രേഷിതപ്രവർത്തനങ്ങളെക്കുറിച്ചു പരമ്പരാഗതമായി നിലനിന്നുപോരുന്ന ആവശ്യകതാബോധത്തിന് വളരെ മങ്ങലേല്പിക്കുന്നുണ്ടെന്നു സമ്മതിച്ചേ തീരൂ. മാത്രമല്ല, അതിൻെറ ദൈവശാസ്ത്രപരമായ സങ്കല്പത്തിൽ സമൂലമായ ഒരു വ്യതിയാനത്തിന് മാർഗ്ഗം തെളിക്കുകയും ചെയ്യുന്നു.

നല്ലൊരു സംഖ്യ പ്രോട്ടസ്ററൻറ് ദൈവശാസ്ത്രജ്ഞ

ന്മാരും അക്രൈസ്തവമതങ്ങളുടെ രക്ഷാകരമൂല്യത്തെ അംഗീകരിക്കുന്നുണ്ടെന്നുള്ളതു പ്രസ്താവ്യമാണ്. ഹെൻഡ്രിക്ക് ക്രേമർ, ആദ്യഘട്ടത്തിൽ കാറൽ ബാർത്തിനെ കൂട്ടുപിടിച്ചുകൊണ്ട് മതങ്ങൾ ദൈവത്തിനെതിരെ നീങ്ങുവാനുള്ള മനുഷ്യന്റെ യത്നമായും, ക്രിസ്തീയ വെളിപാടിനോടുള്ള ബുദ്ധിശൂന്യമായ സമീപനമായും ചിത്രീകരിക്കുകയുണ്ടായി. പക്ഷേ പിൽക്കാലത്ത്, എല്ലാ മതങ്ങളിലും സത്യത്തിന്റെ സാരാംശങ്ങൾ അടങ്ങിയിട്ടുണ്ടെന്നും അവ മനുഷ്യരക്ഷയെ ലാക്കാക്കിയാണ് പ്രവർത്തിക്കുന്നതെന്നുമുള്ള നിഗമനത്തിലെത്തി അദ്ദേഹം.[4] പോൾ ആൽട്ട്ഹൗസിന്റെ അഭിപ്രായത്തിൽ, ദൈവിക വെളിപാടിനോടുള്ള മനുഷ്യന്റെ പ്രതികരണമാണ് മതങ്ങൾ.[5] അക്രൈസ്തവമതങ്ങൾക്ക് ക്രിസ്തുവുമായി ബന്ധമുണ്ടെന്നും ആ നിലയിൽ അവ വിശ്വാസത്തെ പ്രതിഫലിപ്പിക്കുന്നുണ്ടെന്നുമുള്ള അഭിപ്രായക്കാരനാണ് പോൾ ടില്ലിക്ക്.[6] പരക്കെ അറിയപ്പെടുന്ന ഒരു പ്രമുഖ പ്രോട്ടസ്റ്റന്റ് ദൈവശാസ്ത്രജ്ഞനായ വോൾഫ്ഹാർട്ട് പാന്നൻബർഗ് പറയുന്നതു്, എല്ലാ അക്രൈസ്തവമതങ്ങളിലും യേശുക്രിസ്തുവിന്റെ സുവിശേഷത്തിലെന്നപോലെ ദൈവാംശം ഉണ്ടെന്നാണ്.[7]

അക്രൈസ്തവമതങ്ങളിൽ ആദ്ധ്യാത്മികവും ധാർമ്മികവുമായ മൂല്യങ്ങൾ അടങ്ങിയിട്ടുണ്ടെന്ന് രണ്ടാം വത്തിക്കാൻ കൗൺസിലും എടുത്തുപറഞ്ഞിട്ടുണ്ട് (അക്രൈസ്തവമതങ്ങൾ, നമ്പർ 2). "സ്വന്തം കുററംകൊണ്ടല്ലാതെ ക്രിസ്തുവിന്റെ സുവിശേഷത്തെയോ അവിടുത്തെ സഭയെയോ അറിയാതിരിക്കുകയും, അതേസമയം ആത്മാർത്ഥഹൃദയത്തോടെ ദൈവത്തെ അന്വേഷിക്കുകയും

മനഃസാക്ഷിയുടെ സ്വരത്തിലൂടെ പ്രകടമാകുന്ന ദൈവ തിരുമനസ്സ് പ്രസാദവരത്തിന്റെ പ്രചോദനങ്ങൾ ക്കനുസൃതമായി നിറവേററാൻ പരിശ്രമിക്കുകയും ചെയ്യു ന്നവർക്ക് നിത്യരക്ഷ പ്രാപിക്കാവുന്നതാണ്'' എന്നും കൗൺസിൽ വ്യക്തമാക്കിയിരിക്കുന്നു (അക്രൈസ്തവമത ങ്ങൾ, നമ്പർ 16).

പക്ഷേ, അക്രൈസ്തവസമൂഹങ്ങൾക്ക് സ്വന്തം മതാ നുഷ്ഠാനങ്ങളിലൂടെ രക്ഷപ്രാപിക്കാനുള്ള സാദ്ധ്യതയെ അതിവർണ്ണനം ചെയ്യുന്ന ഇന്നത്തെ ചില കേന്ദ്രങ്ങൾ പ്രശ്നങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ഈ ചിന്താഗതിയുടെ പരി ണതഫലമായി, എല്ലാ മതങ്ങളെയും തുല്യനിലയിൽ വീക്ഷിക്കാനും അക്രൈസ്തവമതങ്ങളെ നിത്യരക്ഷയ്ക്കു തകുന്ന നേരായ മാർഗ്ഗങ്ങളായി അംഗീകരിക്കാനുമുള്ള ആധുനികപ്രവണത ശക്തിപ്രാപിച്ചതോടുകൂടി അനേകം ക്രൈസ്തവ മിഷനറിമാർ വലിയ ചിന്താക്കുഴപ്പത്തി ലായിട്ടുണ്ട്. ''അജ്ഞാതക്രൈസ്തവത്വ''ത്തെപ്പററിയും, ഹൈന്ദവമതത്തിലെ ''അറിയപ്പെടാത്ത ക്രിസ്തു''വിനെ പ്പററിയും ഉള്ള ആശയങ്ങൾ അക്രൈസ്തവമതങ്ങളെപ്പററി മെച്ചപ്പെട്ട ധാരണ ഉളവാക്കുവാൻ സഹായകമായി എന്നതു നേരുതന്നെ. അതേസമയം ക്രൈസ്തവരുടെ യിടയിൽ ചിന്താക്കുഴപ്പത്തിനും അതു കാരണമായി ട്ടുണ്ട്.[8] സുവിശേഷപ്രചാരണംതന്നെ അർത്ഥശൂന്യ മാണെന്നുള്ള ചിന്ത ചിലരിലെങ്കിലും കടന്നുകൂടാൻ ഇടയായി. പലരും ചോദിച്ചുതുടങ്ങി: എല്ലാ മത ങ്ങളിലും ഏറെക്കുറെ തുല്യനിലയിൽ ക്രിസ്തുവിന്റെ സാന്നിദ്ധ്യം ഉണ്ടായിരിക്കുകയും അക്രൈസ്തവരും സാരാംശത്തിൽ ഒരു പരിധിവരെ ക്രൈസ്തവധർമ്മം

പിന്തുടരുകയും ചെയ്യുന്ന പരിതഃസ്ഥിതിയിൽ, എന്താണ് സഭയ്ക്ക് പ്രത്യേകമായി നിർവഹിക്കുവാനുള്ള പ്രേഷിതദൗത്യം ? ബഹുമത സിദ്ധാന്തം ദൈവഹിതത്തിനു വിരുദ്ധമല്ലാതിരിക്കുകയും എല്ലാ മതങ്ങളും രക്ഷയിലേക്കു വഴിയൊരുക്കുകയും ചെയ്യുന്നുവെങ്കിൽ, പ്രേഷിതവൃത്തിയുടെ പ്രസക്തിയെന്ത് ? അക്രൈസ്തവരെ, അവർക്കു വിശ്വാസപ്രതിസന്ധി സൃഷ്ടിക്കാതെ, അവരുടെ സ്വന്തം മതാനുഷ്ഠാനങ്ങളിൽ തീവ്രനിഷ്ഠയോടെ വ്യാപരിക്കാൻ പ്രോത്സാഹിപ്പിക്കുകയല്ലേ നാം ചെയ്യേണ്ടതുള്ളു ?

നാം ഇവിടെ പ്രേഷിതപ്രവർത്തനങ്ങളുടെ ദൈവശാസ്ത്രപരമായ ഒരു സാധൂകരണത്തിനാണ് ഉദ്യമിക്കുന്നത്. വിഷയത്തിന്റെ ഉള്ളിലേക്കു കടക്കുന്നതിനു മുമ്പ് എന്താണ് പ്രേഷിതപ്രവർത്തനം എന്നു വിശദീകരിക്കുന്നതു സമുചിതമായിരിക്കുമെന്നു കരുതുന്നു. പൊതുവിൽ, ആ പദത്തിന്റെ വാച്യാർത്ഥം സുവ്യക്തമാണെന്നു തോന്നാമെങ്കിലും അതിന്റെ ലക്ഷിതാർത്ഥം വേണ്ടവണ്ണം എല്ലാവരും ഗ്രഹിച്ചിട്ടുണ്ടോ എന്നു സംശയമാണ്. ചിലപ്പോഴെങ്കിലും സുവിശേഷപ്രചാരണത്തെക്കുറിച്ചുള്ള ആശയങ്ങൾ തെററിദ്ധരിച്ചുപോകാറുണ്ട്.

സുവിശേഷവത്കരണമെന്നതു് ക്രൈസ്തവരെയും അക്രൈസ്തവരെയും സംബന്ധിച്ചിടത്തോളം നിയമദൃഷ്ട്യാ പ്രസക്തമാണെങ്കിലും, നാം ഇവിടെ ദൃശ്യസഭാസമൂഹത്തിനു പുറത്തുള്ള അക്രൈസ്തവരുടെയിടയിലെ സുവിശേഷപ്രചാരണത്തെയാണ് പരാമർശനവിഷയമാക്കുന്നതു്. ചുരുക്കത്തിൽ സുവിശേഷവത്കരണം

എന്നതുകൊണ്ടു് നാം വിവക്ഷിക്കുന്നതു് ''ലോകത്തിൽ ദൈവത്തിനു സാക്ഷ്യംവഹിക്കുകയും മാനവരാശിക്കു സനാതനസത്യവും ചിരന്തനനന്മയും പ്രദാനംചെയ്യുകയും എല്ലാവരെയും ദൈവത്തിങ്കലേയ്ക്കു് ആനയിക്കുകയും ചെയ്യുക''⁷ എന്നതാണു്. ഇതാകട്ടെ, പരിശുദ്ധാത്മാവിയുടെയും അവതീർണ്ണനംചെയ്ത ദൈവവചനത്തിന്റെയും ദൗത്യത്തിലുള്ള പങ്കാളിത്തവുമാണു്. സഭ വചനത്താലും പ്രവൃത്തിയാലും ദൈവത്തിനു സാക്ഷ്യംവഹിക്കേണ്ടതുള്ളതുകൊണ്ടു് സുവിശേഷപ്രഘോഷണം അവളുടെ അനിവാര്യമായ കർത്തവ്യമായിത്തീരുന്നു. മററു വാക്കുകളിൽ പറഞ്ഞാൽ, ലോകമാസകലം സുവിശേഷം പ്രസംഗിക്കുകയും, രക്ഷയുടെ കൂദാശയായ സഭയുടെ സാർവത്രികമായ വളർച്ചയ്ക്കു വഴിതെളിക്കുകയും ചെയ്യേണ്ടതു് സുവിശേഷവത്കരണവേലയോടു സ്വാഭാവികമായി ബന്ധപ്പെട്ടിരിക്കുന്ന കാര്യങ്ങളാണു്. '' സഭയെ സംബന്ധിച്ചിടത്തോളം സുവിശേഷവത്കരണംകൊണ്ടു അർത്ഥമാക്കുന്നതു് മനുഷ്യരാശിയുടെ എല്ലാതലങ്ങളിലേക്കും സദ്വാർത്ത എത്തിക്കുകയെന്നാണു്; അതിന്റെ സ്വാധീനംവഴിയായി മാനവരാശിയെ ആന്തരികമായി നവീകരിക്കുകയും പരിവർത്തിപ്പിക്കുകയും ചെയ്യുയെന്നതും'' (''എവാഞ്ചേലീ നൺഷിയാന്തി '', നമ്പർ 18). എന്തായാലും ഒരു ''പുതുപ്പിറവി''യെന്നതു് ദൈവത്തിലേയ്ക്കുള്ള പരിവർത്തനം അഥവാ പുനരാശ്ലേഷണം കൂടാതെ സാദ്ധ്യമല്ല. തന്മൂലം ഈ പുതുപ്പിറവിക്കൊരുക്കുന്ന ക്രിസ്തീയ വിശ്വാസപ്രബോധനവും അതിന്റെ സ്വീകരണവും സുവിശേഷവത്കരണം തന്നെ. എന്നാൽ മിഷൻപ്രവർത്തനമെന്നതു് സുവി

ശേഷപ്രഘോഷണമായോ പ്രാദേശികസഭയുടെ കെട്ടി പ്പടുക്കലായോ മാത്രം പരിമിതപ്പെടുത്താവുന്നതല്ല. "മനു ഷ്യസൃഷ്ടിയുടെ രഹസ്യത്തെ മനുഷ്യന്റെ ദത്തുപുത്രത്വം എന്ന മഹോന്നത രഹസ്യത്തിലേക്കു പരാവർത്തനം ചെ യ്യുവാൻ"[10] അതു പരിശ്രമിക്കുന്നു. അതായതു് മനുഷ്യ നെയും ലോകത്തെയും സാകല്യേന സമുദ്ധരിക്കുവാനും പരിവർത്തിപ്പിക്കുവാനുമുള്ള ഒരു തീവ്രശ്രമമാണു് സുവി ശേഷവത്കരണം. മനുഷ്യന്റെയും ലോകത്തിന്റെയും യഥാർത്ഥമായ ക്ഷേമസുസ്ഥിതികളിൽ സഭയ്ക്കുള്ള നിരന്ത രമായ ഔത്സുക്യമാണു് സുവിശേഷവത്കരണം വ്യക്ത മാക്കുന്നതു്.

പ്രേഷിതത്വത്തിന്റെ അടിസ്ഥാനഘടകങ്ങളിൽ ആദ്യമായി, അതിന്റെ വേദപുസ്തകസ്ഥാപിതമായ വസ്തു തകളാണു് നാം പരിശോധിക്കുന്നതു്. പിന്നീടു് ഈ വിഷയത്തെ ആസ്പദമാക്കിയുള്ള കത്തോലിക്കാസഭയുടെ പഠനങ്ങൾ വിശദീകരിക്കുവാൻ ശ്രമിക്കുന്നുണ്ടു്. അക്രൈ സ്തവമതങ്ങളോടുള്ള സഭയുടെ സമീപനരീതി ഉദാരമാ ണെങ്കിലും, പ്രേഷിതത്വത്തിന്റെ ആവശ്യകത യെക്കുറി ച്ചുള്ള അവളുടെ പ്രബോധനം സുസ്ഥിരവും നിസ്സന്ദേഹ വും നിയതവും പരമ്പരാഗതമായ പഠനങ്ങൾക്കു് തിക ച്ചും അനുയോജ്യവുമത്രേ. തുടർന്നു്, സുവിശേഷവത്ക രണത്തിന്റെ ആവശ്യകതയെപ്പററി പുരാതന ക്രൈസ്ത വപാരമ്പര്യം (വിശിഷ്യാ സഭാപിതാക്കന്മാർ) ഉദ്ഘോഷിക്കുന്നതെന്തെന്നു ഇവിടെ വിശകലനം ചെയ്യുന്നു ണ്ടു്. സഭയെയും ഇതരമതങ്ങളെയുംകുറിച്ചുള്ള യഥാർത്ഥ മായ ധാരണ സുവിശേഷവത്കരണത്തിന്റെ അടിയ ന്തര പ്രാധാന്യം നമ്മെ ബോദ്ധ്യപ്പെടുത്തുമെന്നുള്ളതി

നാൽ, രക്ഷപ്രാപിക്കുന്നതിനു് സഭ എത്രത്തോളം അപരിത്യാജ്യമാണെന്നു കാണിക്കുവാൻ ഒരു അദ്ധ്യായം തന്നെ മാററിവയ്ക്കുകയാണു്. അവസാനമായി, സഭയുടെ മിഷൻപ്രവർത്തനം മാനവരാശിയുടെ വ്യക്തിപരവും സംഘാതവുമായ വളർച്ചയ്ക്കും നിത്യരക്ഷയ്ക്കും എന്തുമാത്രം സംഭാവന നൽകുന്നുണ്ടെന്നും നമുക്കു പരിശോധിക്കാം.

ഒന്നു്

# സുവിശേഷവത്കരണത്തെക്കുറിച്ച് ബൈബിൾ

സമസ്തലോകത്തെയും രക്ഷിക്കണമെന്നുള്ള ദൈവ തിരുമനസ്സിന്റെ ഒരു ബാഹ്യപ്രകടനമായി മിഷൻ പ്രവർത്തനത്തെ വിലയിരുത്തിയാൽ, ബൈബിൾ മുഴുവൻ പ്രേഷിതാദർശങ്ങൾ നിറഞ്ഞുനില്ക്കുന്നതായി കാണാൻ കഴിയും. രക്ഷാകരചരിത്രം മുഴുവൻ ദൈവത്തിന്റെ രക്ഷണീയാഭിലാഷത്തിന്റെ ഒരു സുവ്യക്ത പ്രകടനമാണല്ലോ.

## 1. പ്രേഷിതാശയങ്ങൾ പഴയനിയമത്തിൽ

പഴയനിയമത്തിൽ ഇസ്രായേൽക്കാരുടെ "പ്രേഷിതപ്രവർത്തന"ത്തിന്റെ തെളിവുകൾ തേടുന്നതുകൊണ്ടു് വലിയ ഫലമില്ല. കാരണം, പുറജാതികളുടെ മതപരിവർത്തനത്തിനുവേണ്ടി അക്കാലത്തു് കാര്യമായ ശ്രമങ്ങളൊന്നുംതന്നെ ഉണ്ടായിട്ടില്ല. എന്നിരുന്നാലും പഴയനിയമത്തിൽ പ്രേഷിതാശയങ്ങൾ തീരെയില്ലെന്നും പറഞ്ഞുകൂടാ.

പഴയനിയമത്തിലെ പ്രേഷിതചൈതന്യം മനസ്സിലാക്കുന്നതിനു്, അതു് ദൈവത്തിന്റെ സാർവലൗകികമായ രക്ഷണീയാഭിലാഷത്തെപ്പററി പ്രത്യക്ഷമായി പഠിപ്പിക്കുന്നുണ്ടോ എന്നു പരിശോധിക്കേണ്ടതു് ആവശ്യ

മാണ്. ഉൽപത്തിയെപ്പററി പ്രതിപാദിക്കുന്നിടത്ത് പരോക്ഷമായി ഈ ആശയം പഴയനിയമത്തിൽ അന്തർലീനമായിട്ടുണ്ട്. ദൈവത്തിൻെറ രക്ഷണീയപ്രവൃത്തികളുടെ ആരംഭവും രക്ഷാകരചരിത്രത്തിൻെറ പ്രഥമാദ്ധ്യായവുമാണ് ലോകസൃഷ്ടി. "പഴയനിയമത്തിൽ ഉൽപത്തി എന്ന ആശയം പ്രതിനിധാനം ചെയ്യുന്നത് വസ്തുക്കളുടെ ഉത്ഭവം എന്ന പ്രശ്നത്തിലേക്കു നയിക്കുന്ന മാനുഷികമായ ജിജ്ഞാസയെ അല്ല. മറിച്ച് രക്ഷാകരചരിത്രത്തിൻെറയും ദൈവത്തിൻെറ രക്ഷണീയ പദ്ധതിയുടെയും തുടക്കമത്രേ." സൃഷ്ടിവഴി ദൈവവും മനുഷ്യനും തമ്മിൽ ഒരു സവിശേഷബന്ധം സ്ഥാപിക്കപ്പെട്ടു. മാത്രമല്ല, സൃഷ്ടിക്കപ്പെട്ട മനുഷ്യന് സ്രഷ്ടാവായ ദൈവത്തിൻെറനേരെ ഒരു ആഭിമുഖ്യവും നൽകപ്പെട്ടു. പഴയനിയമത്തിൽ കാണപ്പെടുന്ന, ദൈവത്തെക്കുറിച്ചുള്ള സർവസാമാന്യ ആശയംതന്നെ, ദൈവം മാനവരാശിയുടെ പൊതുരക്ഷകനാണെന്നുള്ള വസ്തുതയിലേക്കാണല്ലൊ വിരൽ ചൂണ്ടുന്നത്. അതായത്, ദൈവത്തിൻെറ പ്രവൃത്തികരം ലക്ഷ്യമാക്കുന്നത് ഇസ്രായേൽക്കാരെമാത്രമല്ല, എല്ലാ ജനതകളെയും തന്നിലേക്ക് ആനയിക്കുക എന്നതാണ്.

ഇസ്രായേലിനെ ശുദ്ധീകരിക്കാനും അനുഗ്രഹിക്കാനുമുള്ള യഹോവയുടെ ഉപകരണങ്ങളായിട്ടാണ് പ്രവാചകന്മാർ പുറജാതികളെ കണക്കാക്കിയിരുന്നത് (ഏശ. 7,20). പ്രവാസകാലത്തും പ്രവാസാനന്തരകാലത്തും യഹോവ ജനതകളെ നയിച്ചു. യഹോവയുടെ പ്രകാശം സീയോനിൽനിന്ന് വിജാതീയരുടെ ഇരുട്ടിടങ്ങളിലേക്കു പ്രസരിച്ചു (ഏശ. 25,7; 42,6; 60,2). "ദൈവ

ത്തിന്റെ പരിസേവകൻ'' ജനതകളുടെ പ്രകാശമാകുന്നു, എല്ലാ ജനതകളും അയാളെ അനുസരിക്കുന്നു. ദാനിയേലിന്റെ ദർശനം (ദാനി. അദ്ധ്യായം 7), മനുഷ്യപുത്രന്റെ പ്രാതിനിധ്യപരമായ പ്രവർത്തനത്തിലൂടെ ദൈവം പ്രകടമാക്കുന്ന, സമസ്തജനതകളുടെയുംമേലുള്ള തന്റെ കർത്തൃത്വമായി വ്യാഖ്യാനിക്കപ്പെടാവുന്നതാണു്. ദൈവത്തിന്റെ സാർവത്രിക സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും സമഗ്രചിത്രീകരണങ്ങളിൽ ഒന്നായി പരിഗണിക്കാവുന്നതാണു് യോനായുടെ ഗ്രന്ഥം.

അബ്രാഹത്തെ ദൈവം വിളിച്ചതു് (ഉൽപ. 12, 3) മനുഷ്യരാശിയോടുള്ള അവിടുത്തെ സ്നേഹത്തിന്റെയും ഔത്സുക്യത്തിന്റെയും അടയാളമായിരുന്നു. അതിനു് പ്രേഷിതാർത്ഥകമായ ഒരു സവിശേഷ സൂചനയുണ്ടു്. ദൈവം അബ്രാഹത്തെയും അദ്ദേഹത്തിന്റെ സന്തതികളെയും എല്ലാ ജനതകൾക്കും വേണ്ടിയാണു് വിളിക്കുന്നതു്. ''നീ നിന്റെ ദേശത്തെയും നിന്റെ ബന്ധുക്കളെയും നിന്റെ പിതൃഭവനത്തെയും വിട്ടു്, ഞാൻ നിനക്കു കാണിച്ചുതരുന്ന ദേശത്തേക്കു പോവുക. നിന്നെ ഞാൻ ഒരു വലിയ ജനതയാക്കും. ഞാൻ നിന്നെ അനുഗ്രഹിക്കയും നിന്റെ നാമം മഹനീയമാക്കുകയും ചെയ്യും. അങ്ങനെ നീ ഒരു അനുഗ്രഹമായിത്തീരും. നിന്നെ അനുഗ്രഹിക്കുന്നവരെ ഞാൻ അനുഗ്രഹിക്കും. നിന്നെ ശപിക്കുന്നവരെ ഞാൻ ശപിക്കും. നീ നിമിത്തം ഭൂമിയിലെ എല്ലാ കുടുംബങ്ങളും അനുഗ്രഹിക്കപ്പെടും.'' (ഉൽപ. 12, 1-3). ഇതിൽനിന്നു് ''അബ്രാഹത്തിനു ലഭിച്ച വിളി ഒരു പ്രേക്ഷിതാഹ്വാനമായിരുന്നു എന്നു പറയാം. അബ്രാഹം സ്വദേശത്തുനിന്നും സ്വജനങ്ങളിൽ

നിന്നും വിട്ടുപിരിഞ്ഞുപോയതുകൊണ്ടല്ല, പ്രത്യുത, മററുള്ളവരുടെ നന്മയ്ക്കുവേണ്ടി, കൃത്യമായി പറഞ്ഞാൽ മാനവകുടുംബത്തിൻെറ പൊതുനന്മയ്ക്കുവേണ്ടി, അദ്ദേഹം വിളിക്കപ്പെട്ടതുകൊണ്ടാണ് അതു പ്രേഷിതാഹ്വാനമായത്."[2]

അബ്രാഹത്തിൻെറ ദൈവവിളി ഈ രീതിയിൽ ഒററപ്പെട്ട ഒരു സംഭവമല്ല. അദ്ദേഹത്തിൻെറ പിൻഗാമികളായ പ്രവാചകന്മാർക്കും ഗോത്രപതികാംക്കും ഈ രീതിയിലുള്ള ദൈവവിളിയുടെ ഒരു പരമ്പരതന്നെ ആവർത്തിച്ച നൽകപ്പെട്ടിട്ടുണ്ട്.

ദൈവത്തിൻെറ രക്ഷാകരപദ്ധതിയുടെ ഒരു വിശദരൂപം മൂശയ്ക്കു ലഭിച്ച ദൈവവിളിയിൽ വ്യക്തമാക്കപ്പെട്ടിരിക്കുന്നു. പ്രവാചകന്മാരിൽ, ദൈവത്താൽ പ്രത്യേകം അയയ്ക്കപ്പെട്ടവനായി പരക്കെ അറിയപ്പെടുന്ന ആളാണ് അദ്ദേഹം. ദൈവം മൂശയെ ഈജിപ്തിലെ സ്വജനങ്ങളുടെ പക്കലേക്ക് അയച്ചതു് അവരെ ഈജിപ്തുകാരുടെ അടിമത്തത്തിൽനിന്നു വിമോചിപ്പിക്കാൻ മാത്രമായിരുന്നില്ല, പ്രത്യുത, ഏക സത്യദൈവത്തെക്കുറിച്ചുള്ള ജ്ഞാനത്തിലേക്കും ആരാധനയിലേക്കും അവരെ നയിക്കാനുംകൂടിയായിരുന്നു. ഇവിടെ മൂശയുടെ പ്രവൃത്തികളിൽ ഒരു പ്രേഷിതാഭിമുഖ്യം നാം ദർശിക്കുന്നു.

പ്രവാചകന്മാരെ വിളിക്കുന്നതിലും ദൗത്യത്തിനായി നിയോഗിച്ചയയ്ക്കുന്നതിലും പ്രേഷിതത്വത്തിൻെറ ആശയം സുതരാം പ്രകടമാണ്. "ഞാൻ നിന്നെ അയയ്ക്കുന്നു" എന്ന ശൈലീപ്രയോഗം പ്രവാചകൻെറ വിളിയുടെ കാതലാണ് (പുറ. 3, 10; ഏറെ. 1, 7; എസെ. 2, 3-4). "ഈ പ്രേഷണം നേരിട്ടു ദൈവജനത്തിൻെറ

അടുത്തേക്കായിട്ടാണ് ഉദ്ദേശിക്കപ്പെട്ടന്നതെങ്കിലും, ദൈവത്തിൻെറ സാർവലൗകിക രക്ഷാകരപദ്ധതിയോടു ബന്ധപ്പെട്ടിരിക്കുന്നു എന്ന നിലയിൽ ഇതിനു് ഒരു മിഷനറിസ്വഭാവം ഉണ്ടു്.''[3] മനുഷ്യരെ മാനസാന്തരപ്പെടുത്തുന്നതിനും അവരെ തന്നിലേക്കു് ആനയിക്കുന്നതിനുമാണു് ദൈവം പ്രവാചകരെ തിരഞ്ഞെടുത്തയച്ചതു്.

ദൈവം സകലരെയും സ്നേഹിക്കുന്നതുകൊണ്ടു് തൻെറ പ്രകാശം എല്ലാ ജനതകളെയും നയിക്കണമെന്നും അവിടുന്നു് ആഗ്രഹിക്കുന്നു. ''ഞാനല്ലാതെ വേറെ ദൈവങ്ങൾ നിനക്കു് ഉണ്ടാവരുതു്... നീ അവയെ ആരാധിക്കുകയോ സേവിക്കുകയോ ചെയ്യരുതു്'' (പുറ. 20, 3.5). ഈ ആശയം ഇസ്രായേൽക്കാരുടെ ഹൃദയങ്ങളിൽ തറച്ചുറപ്പിക്കുവാൻ ദൈവം പ്രവാചകരെ അയച്ചു. മററു മതങ്ങൾ അപ്രത്യക്ഷമാവുകയും വിജാതീയർ സത്യദൈവത്തെ ആരാധിക്കുകയും ചെയ്യുന്ന സമയംവരെ അവർ ഈ പ്രബോധനം നടത്തുവാൻ തുടങ്ങി. ''ജനപദങ്ങളുടെ തീർത്ഥയാത്ര'' (ഏശ. 2,1-5; മിക്കാ 4, 1-7; സക്ക. 8, 21-23) യെക്കുറിച്ചുള്ള ബൈബിളിലെ പരാമർശം ഇതുമായി ബന്ധപ്പെട്ടിരിക്കുന്നു. പഴയനിയമം പൊതുവെ ലോകമതങ്ങളെ നിയമവിരുദ്ധമായിട്ടാണു് പരിഗണിച്ചിരിക്കുന്നതു് (ഉൽപ. 35,2; നിയ. 32, 16.21.39). അതുകൊണ്ടുതന്നെയാണു് വിജാതീയരുടെ മാനസാന്തരത്തിൻെറ അനുപേക്ഷണീയതയെപ്പററി അതു വളരെ ഊന്നിപ്പറയുന്നതും. പുറപ്പാടു്, ലേവായർ, നിയമാവർത്തനം എന്നീ പഴയനിയമ ഗ്രന്ഥങ്ങൾ വ്യാജദേവന്മാരെ ആരാധിക്കരുതെന്നു് ഇസ്രായേൽക്കാരെ

ആവർത്തിച്ച് അനുസ്മരിപ്പിക്കുന്നുണ്ട്. ബാൽദേവന് പൂജയർപ്പിക്കുന്നതിനെതിരെ ഏലിയാ ദീർഘദർശി പോരാട്ടം നടത്തി. യഹോവതന്നെ ഏകസത്യദൈവമെന്ന് ജനങ്ങളെക്കൊണ്ട അംഗീകരിപ്പിക്കുവാൻതക്ക ഒരു അത്ഭുതവും അദ്ദേഹം പ്രവത്തിച്ചു (1 രാജാ. 18, 39). ഈ സത്യം പ്രബോധിപ്പിക്കുന്നതിൽ നിയമവും പ്രവാചകരും ഏകാഭിപ്രായത്തിലായിരുന്നു. പ്രവാചകരായ ഏശയ്യാ, ഏറെമ്യാ, എസെക്കിയേൽ, ഹോശായാ എന്നിവരുടെ സുപ്രധാന പ്രമേയങ്ങളിലൊന്ന്, ജനങ്ങളുടെ മത-ധർമ്മ-ഭ്രംശങ്ങൾക്കുള്ള ദൈവത്തിൻെറ ശിക്ഷാവിധികളെക്കുറിച്ചുള്ള വിവരണമാണ്. വിജാതീയ ജനപദങ്ങളുടെ വിശ്വാസങ്ങളും വിഗ്രഹപൂജകളും നിഷിദ്ധമായിട്ടാണ് പഴയനിയമം പരിഗണിച്ചിരിക്കുന്നതെന്നു ചുരുക്കം.[4]

പ്രവാചകരുടെ പ്രവത്തനങ്ങൾക്കും ഇസ്രായേൽ ജനതയുടെ അസ്തിത്വത്തിനുതന്നെയും പ്രേഷിതാർത്ഥകമായ ഒരു അന്തർഭാവം ഉണ്ടായിരുന്നു, അതായത് വിജാതീയ ജനപദങ്ങളുടെ രക്ഷയെച്ചൊല്ലിയുള്ള ഒരു പരിഗണന. ഇസ്രായേൽക്കാർ എല്ലാ ജനപദങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടവരായിരുന്നു എന്ന വസ്തുത ദൈവത്തിൻെറ രക്ഷാകരപദ്ധതിയിൽ അവർക്കുള്ള ദൗത്യം സ്പഷ്ടമാക്കുന്നുണ്ട്. തിരഞ്ഞെടുക്കപ്പെട്ട ഒരു ജനതയെന്ന നിലയിൽ ദൈവത്തെ സേവിക്കുവാനും (പുറ. 19, 5-6) ദൈവത്തിൻെറ അത്ഭുതകരമായ പ്രവൃത്തികളെ പ്രഖ്യാപിക്കുവാനും ഇസ്രായേൽജനത നിയോഗിച്ചയയ്ക്കപ്പെട്ടവരായിരുന്നു. യഹോവയുടെ മഹത്വത്തിനും നന്മയ്ക്കും ഇസ്രായേൽ സാക്ഷ്യംവഹിക്കേണ്ടിയിരുന്നു.

''മാനവരാശി മുഴുവന്റെയും മാർഗ്ഗദീപമാകുവാനാണ് ഇസ്രായേൽ വിളിക്കപ്പെട്ടത്. ഈ രീതിയിൽ ഇസ്രായേൽക്കാർ ദൈവത്തിന്റെ രക്ഷാകരപദ്ധതിയുടെ നടത്തിപ്പുകാരായിരിക്കുന്ന സ്ഥിതിക്ക് മറ്റു ജനതകളെയെല്ലാം ആ പദ്ധതിയിൽ പങ്കെടുപ്പിക്കേണ്ട ബാദ്ധ്യതയും അവരിൽ വന്നുചേർന്നു.''[5] പക്ഷേ, ഇസ്രായേലിനു് ഈ കർത്തവ്യം നിറവേറ്റുവാൻ കഴിഞ്ഞില്ല. യഹോവയെ ജനപദങ്ങളുടെയിടയിൽ വിളംബരംചെയ്യുകയെന്ന തങ്ങളുടെ ദൗത്യത്തെക്കുറിച്ച് അവർ വേണ്ടത്ര ബോധവാന്മാരായിരുന്നതുമില്ല, പ്രത്യേകിച്ചും ആരംഭദശയിൽ. ഇസ്രായേൽ വിളിക്കപ്പെട്ടതു് ജനതകളെ യഹോവയിലേക്ക് ആനയിക്കുന്നതിൽ നിർണ്ണായകമായ ഒരു പങ്കു വഹിക്കാനായിരുന്നുവെന്നുള്ള കാര്യം ഇസ്രായേൽക്കാർ മനസ്സിലാക്കിയില്ല. എങ്കിലും ജനപദങ്ങൾ സത്യദൈവത്തെ ആരാധിക്കുന്നതിൽ ഇസ്രായേൽക്കാരോടു ചേരുന്നപക്ഷം സംഭവിക്കാവുന്ന വമ്പിച്ച മാററങ്ങളെക്കുറിച്ച് പ്രവാചകന്മാർ മുന്നറിയിപ്പു നൽകിയിരുന്നു. ''ആ സമയം വരുമ്പോൾ ജറുസലേം യഹോവയുടെ സിംഹാസനം എന്നു വിളിക്കപ്പെടും. സർവജനപദങ്ങളും യഹോവയുടെ നാമത്തിൽ അവിടെ ഒരുമിച്ചുകൂടും. അവർ ഇനി തങ്ങളുടെ ദുഷ്ടഹൃദയങ്ങളുടെ ദുശ്ശാഠ്യങ്ങളെ പിഞ്ചെല്ലുകയില്ല'' (ഏറെ. 3, 17).

ലോകത്തിന്റെ പ്രകാശമായിരിക്കുക എന്ന തങ്ങളുടെ ദൗത്യത്തെക്കുറിച്ചുള്ള അവബോധം, ബാബിലോൺ അടിമത്തകാലം മുതൽ (ബി.സി. ആറാം ശതകം) ഇസ്രായേൽക്കാരിൽ പതുക്കെ വളർന്നുതുടങ്ങി. ഏശയ്യാ, എസെക്കിയേൽ എന്നീ പ്രവാചകർതന്നെ ഇതിനു

സാക്ഷ്യം വഹിക്കുന്നുണ്ട്. ഈ ലോകത്തിൽ തങ്ങളുടെ പാവപ്പെട്ട അയൽവാസികളോടുള്ള ഇസ്രായേൽക്കാരുടെ കടപ്പാടുകളെക്കുറിച്ചും സമസ്തലോകത്തിന്റെയും രക്ഷയ്ക്കായുള്ള ദൈവികപദ്ധതി പൂർത്തിയാക്കുവാൻ ദൈവം സ്വീകരിക്കുന്ന മാർഗ്ഗങ്ങളെക്കുറിച്ചും ശരിയായ അറിവുണ്ടാകുവാൻ ഇസ്രായേൽക്കാർ മുൻകൈ എടുക്കണമെന്ന് ഏശയ്യാ പ്രസ്താവിക്കുന്നു.[6] ഏശയ്യായുടെ വിവരണമനുസരിച്ച് ദൈവം ഇസ്രായേലിനെ തന്റെ സ്ഥാനപതിയായിട്ടാണ് ലോകത്തിലേക്ക് അയച്ചതു്. ആ നിലയിൽ ദൈവത്തെ സേവിക്കാനുള്ള തന്റെ ഉത്തരവാദിത്വത്തെപ്പററി ഇസ്രായേൽ ബോധവാനാകുയും വേണം. ഇസ്രായേൽ, ദൈവത്തിന്റെ പ്രതിനിധിയെന്നനിലയിൽ വിജാതീയർക്കു ദൈവിക സാക്ഷ്യം നൽകുകയും അവർക്കു സത്യദൈവത്തെ അനുഭവവേദ്യമാക്കുകയും അവരെക്കൊണ്ട് അതു് അംഗീകരിപ്പിക്കുകയും വേണം (ഏശ. 42,19; 43,10; 44,8). ''അന്ധരുടെ കണ്ണുകൾ തുറക്കുവാനും, തടവറയിൽനിന്നു് തടവുകാരെയും കാരാഗൃഹത്തിൽനിന്നു് അന്ധകാരത്തിൽ ഇരിക്കുന്നവരെയും മോചിക്കുവാനുംവേണ്ടി യഹോവയായ ഞാൻ നീതിന്നടത്താനായി നിന്നെ വിളിച്ചിരിക്കുന്നു. ഞാൻ നിന്നെ കൈക്കുപിടിച്ച് എടുത്തു സംരക്ഷിച്ചു. ഞാൻ നിന്നെ ജനത്തിനു് ഒരു ഉടമ്പടിയായി നൽകിയിരിക്കുന്നു; വിജാതീയർക്കു നീ പ്രകാശമായിരിക്കും'' (ഏശ. 42, 6-7). പിന്നീട് നാം ഇങ്ങനെയും വായിക്കുന്നുണ്ട്: ''യാക്കോബിന്റെ ഗോത്രങ്ങളെ ഉയർത്താനും ഇസ്രായേലിൽ ശേഷിച്ചിരിക്കുന്നവരെ തിരിച്ചുകൊണ്ടുവരാനും നീ എനിക്കു ദാസനായി

രിക്കുന്നതു നിസ്സാരമായ ഒരു കാര്യമാണ്. എന്റെ രക്ഷ ഭൂമിയുടെ അതിർത്തിവരെ എത്തേണ്ടതിന് വിജാതീയക്ക് നിന്നെ ഞാൻ പ്രകാശമാക്കിയിരിക്കയാണ്'' (ഏശ. 49,6). ''ഈ ദേശീയവിളി ഒരു മതകീയ സാർവലൗകികത്വത്തിനോളം വികസ്വരമാകുന്നുണ്ട്. പുറജാതികളെ അധീനതയിലാക്കുക (സങ്കീ. 47,4) എന്നൊരു പ്രശ്നമേയില്ല. അവരെ മാനസാന്തരപ്പെടുത്തുക മാത്രമേ കരണീയമായുള്ളു. അങ്ങനെ ദൈവജനം വിജാതീയക്കുവേണ്ടി വാതിൽ തുറന്നുകൊടുക്കുകയാണ് (ഏശ. 56, 3.6-7).''[7]

യോനായുടെ ഗ്രന്ഥം ഇസ്രായേലിന്റെ പ്രേഷിതാർത്ഥകമായ ബാദ്ധ്യതകളെ സമ്യക്കായി പ്രതിപാദിക്കുന്നുണ്ട്. ഇസ്രായേൽക്കാരുടെ ഇടുങ്ങിയ ജാതീയ കാഴ്ചപ്പാടിനെ അതു് അപലപിക്കുന്നു. അതേസമയം വിജാതിയർക്കു് ഉപകാരപ്രദമായ ഒരു പ്രവാചകദൗത്യത്തെ മുൻകൂട്ടികാണുകയും ചെയ്യുന്നു. സമസ്ത മാനവരാശിയെയും ലാക്കാക്കിയുള്ള ഈ പ്രേഷിതാഹ്വാനം സുഭാഷിതങ്ങൾ എന്ന ഗ്രന്ഥത്തിലും കാണാവുന്നതാണ്.

പിന്നീടു് അലക്സാൻഡ്രിയൻ കാലഘട്ടം ഇസ്രായേലിൽ ഒരു പുതിയ പ്രേഷിതാവബോധത്തിന് വഴി തെളിച്ചു. അതേത്തുടർന്നാണ് യൂദന്മാരുടെ ഏതാനും വിശുദ്ധഗ്രന്ഥങ്ങൾ ഹീബ്രുവിൽനിന്നു് ഗ്രീക്കിലേക്കു ഭാഷാന്തരം ചെയ്യപ്പെട്ടതു്.

ആകെക്കൂടി പഴയനിയമത്തിലെ പ്രേഷിതാത്ഥകമായ ആശയാദർശങ്ങളെ നമുക്കു് ഇങ്ങനെ സമാഹരിക്കാം: പഴയനിയമം, അതിന്റെ വിശ്വാസങ്ങളിൽ പങ്കാളികളാകാൻ വിജാതീയരെ നിർബന്ധിക്കുകയോ അവ

രോട്ട നേരിട്ട ആജ്ഞാപിക്കുകയോ ചെയ്യുന്നതായി കാണുന്നില്ല; പ്രത്യക്ഷമായ പ്രേഷിതപ്രവർത്തനങ്ങളും ഉണ്ടായിരുന്നില്ല. എന്നാൽ, ''യഹൂദമതം പ്രേഷിത സ്വഭാവമുള്ള ഒന്നായിരുന്നില്ലെങ്കിൽക്കൂടി പഴയനിയമം ഒരു പ്രേഷിതാത്മകഗ്രന്ഥമാണെന്ന പറയേണ്ടിയിരിക്കുന്നു. ഇസ്രായേലിലെ ചിന്തകന്മാരും വേദപണ്ഡിതന്മാരും നിത്യരക്ഷ യഹൂദർക്കുമാത്രമുള്ളതല്ല, പ്രത്യുത അവരിലൂടെ മാനവരാശിക്കാകമാനം ഉള്ളതാണെന്ന ധരിച്ചിരുന്നു.''[8] ചുരുക്കത്തിൽ, ഇസ്രായേലിന്റെ അസ്തിത്വം പ്രേഷിതാത്മകമായിരുന്നെന്ന നമുക്ക തീർത്തുപറയാം.

## 2. സുവിശേഷപ്രചാരണം, പുതിയനിയമത്തിൽ

പുതിയനിയമം പ്രേഷിതാദർശസംബന്ധിയായി വിശദവും സുശക്തവുമായ വിവരണങ്ങൾ നൽകുന്നുണ്ട്. എല്ലാ ജനപദങ്ങളെയും രക്ഷിക്കണമെന്നുള്ള ദൈവത്തിന്റെ ആഗ്രഹം പ്രേഷിതപ്രവർത്തനത്തെ ഉദ്ദീപിപ്പിക്കുന്ന ഒരു ഘടകമാണ്. പുതിയനിയമത്തിലുടനീളം ഈ ആശയത്തിന്ന് പ്രാധാന്യം നൽകിയിരിക്കുന്നതായി കാണാം.

നേരത്തെ പ്രസ്താവിച്ചിട്ടുള്ളതുപോലെ, സൃഷ്ടി എന്ന ആശയംതന്നെ ദൈവത്തിന്റെ രക്ഷണീയാഭിലാഷത്തോട്ട ബന്ധപ്പെട്ടതാണ്. സൃഷ്ടികർമ്മത്തിലൂടെ ദൈവം മനുഷ്യനുമായി സ്നേഹബന്ധം സ്ഥാപിച്ചു. ദൈവം ഉദാത്തമായ ഒരു ലക്ഷ്യത്തിനുവേണ്ടി, അതായത് നിത്യരക്ഷ പ്രാപിക്കാനായി, മനുഷ്യനെ സ്നേഹപൂർവം സൃഷ്ടിച്ചു. എന്നാൽ മനുഷ്യൻ ദൈവത്തിൽ

നിന്നകന്നു് വഴിതെററിപ്പോയിട്ടും ദൈവം മനുഷ്യനെ കൈവെടിഞ്ഞില്ല. അവിടുന്നു തന്റെ പുത്രനെത്തന്നെ മനുഷ്യരക്ഷക്കായി ലോകത്തിലേക്കു് അയച്ചു (യോഹ. 3,16). എല്ലാ മനുഷ്യരും സത്യം ഗ്രഹിക്കണമെന്നും രക്ഷപ്രാപിക്കണമെന്നും അവിടുന്നു് ആഗ്രഹിച്ചതുകൊണ്ടാണു് അങ്ങനെ ചെയ്തതു് (I തിമോ. 2,4). നഷ്ടപ്പെട്ടവയെ അന്വേഷിക്കുന്നതിനും വീണ്ടെടുക്കുന്നതിനുമാണു് മനുഷ്യപുത്രൻ വന്നിരിക്കുന്നതു്'' (ലൂക്കാ. 9,10).

ക്രിസ്തുവിന്റെ മനുഷ്യാവതാരം ദൈവത്തിനു് മനുഷ്യനോടുള്ള സ്നേഹത്തിന്റെ ഏററവും വലിയ പ്രകടനമാണു്; സമസ്തജനതകളെയും രക്ഷിക്കണമെന്നുള്ള ദൈവത്തിന്റെ ഉൽക്കടമായ അഭിലാഷത്തിന്റെ ഏററം മികച്ച തെളിവും. അങ്ങനെ സമയത്തിന്റെ പൂർണ്ണതയിൽ, തന്നിൽ ഭരമേല്പിക്കപ്പെട്ട ദിവ്യദൗത്യം നിർവഹിക്കുന്നതിനായി യേശുക്രിസ്തു അവതരിച്ചു. ദൈവത്തെക്കുറിച്ചുള്ള യഥാർത്ഥമായ അറിവും നിത്യജീവനും നൽകുകയായിരുന്നു ആ ദൗത്യം (യോഹ. 10,10).

യേശുക്രിസ്തു സ്വന്തം ജീവിതത്തിലുടനീളം പിതാവായ ദൈവത്തിനു് എല്ലാ മനുഷ്യരോടുമുള്ള അളവററ സ്നേഹവാത്സല്യങ്ങൾക്കു് സാക്ഷ്യം വഹിച്ചു; തന്റെ കുരിശുമരണത്തിലൂടെ പരമോന്നതമായ നിലയിലും. അവിടുത്തെ ദൗത്യം പൂർത്തിയാക്കി സ്വർഗ്ഗാരോഹിതനായശേഷം യേശു തനിക്കു സാക്ഷ്യം വഹിക്കാനും ശ്ലീഹന്മാരെ തന്റെ ദൗത്യവാഹകരാക്കാനുംവേണ്ടി പരിശുദ്ധാത്മാവിനെ ലോകത്തിലേക്കു അയച്ചു

(യോഹ. 15,26). പരിശുദ്ധാത്മാവ് സ്വന്തം അധികാരത്തിലോ പ്രാമാണികത്വത്തിലോ ഒന്നും സംസാരിക്കുന്നില്ല. ക്രിസ്തുവിന്റേതല്ലാത്ത യാതൊരു സന്ദേശവും നൽകുന്നുമില്ല (യോഹ. 16,13). അവിടുത്തെ ആഗമനം ക്രിസ്തുവിന്റെ സഭയെ ലോകത്തിൽ ഉറപ്പിക്കുന്നതിനും സുവിശേഷസന്ദേശം എങ്ങും വ്യാപിപ്പിക്കുന്നതിനുംവേണ്ടിയാണ്. പരിശുദ്ധത്രിത്വത്തിന് അന്യോന്യമുള്ള ഉപവിയുടെ പരമകാഷ്ഠയായിരുന്നു അവിടുത്തെ ദിവ്യദൗത്യം. "വെളിപാട് മുഴുവനും ദൈവത്തിന്റെ ലോകത്തിലെ ദൗത്യനിർവഹണത്തിന്റെ ചരിത്രമാണ്."[9]

പുതിയനിയമപ്രകാരം പ്രേഷിതപ്രവർത്തനത്തിന്റെ തുടക്കവും മാതൃകയും പരിശുദ്ധത്രിത്വമാണ്. "ത്രിത്വാത്മകമായ ഉപവി, ഒരുവഴിക്കു കരകവിഞ്ഞൊഴുകിയപ്പോൾ പിതാവായ ദൈവം സൃഷ്ടികർമ്മത്തിന് ഉദ്യുക്തനായി. അതുപോലെതന്നെ രക്ഷിക്കുന്നതിനും തിരുമനസ്സായി. അദമ്യമായ ഈ സ്നേഹത്തിന്റെയും വാത്സല്യത്തിന്റെയും അപ്രതിഹതപ്രവാഹമായിരുന്നു പുത്രന്റെതിരുവവതാരം. പരിശുദ്ധാത്മാവ് അയയ്ക്കപ്പെട്ടതും അക്കാരണത്താൽതന്നെ. സഭ നിയോഗിക്കപ്പെട്ടതും ആ ഒരേയൊരു ലക്ഷ്യസാക്ഷാത്കാരത്തിനായിരുന്നു. ഇതിനുവേണ്ടിത്തന്നെയാണ് മിഷനറിമാർ അയയ്ക്കപ്പെട്ടിരിക്കുന്നതും."[10] പിതാവിന്റെ സ്നേഹപാരമ്യവും പുത്രന്റെ അവതാരദൗത്യവും പരിശുദ്ധാത്മാവിന്റെ ആഗമനോദ്ദേശ്യവും എല്ലാ മിഷൻപ്രവർത്തനങ്ങളുടെയും പ്രഭവകേന്ദ്രവും പ്രചോദനസ്രോതസ്സുമാണ്. നമ്മുടെ പ്രേഷിതപ്രവർത്തനം പരിശുദ്ധത്രിത്വത്തിന്റെ

ജീവദായകമായ പ്രവർത്തനങ്ങളിലുള്ള പങ്കാളിത്തമാണെന്നു പറയാം.

യേശുക്രിസ്തുവിനെ "പ്രഥമ പ്രേഷിത"നായിട്ടാണ് പുതിയനിയമം അവതരിപ്പിക്കുന്നതു്. പാവപ്പെട്ടവർക്കു് സദ്‌വാർത്ത അറിയിക്കുവാൻ പിതാവായ ദൈവം യേശുക്രിസ്തുവിനെ നിയോഗിച്ചയച്ചു. ഏശയ്യാ പ്രവാചകൻ ദീർഘദർശനം ചെയ്തപ്രകാരമുള്ള (ഏശ. 61,1-2) ഒരു പ്രേഷിതനായിട്ടാണ് യേശുക്രിസ്തു സ്വയം വെളിപ്പെടുത്തുന്നതു് (ലൂക്കാ 4, 17-21). മുന്തിരിത്തോട്ടത്തിലെ പണിക്കാരുടെ ഉപമയിലൂടെ (മർക്കോ. 12,2-8) ക്രിസ്തുവിന്റെ സുവിശേഷദൗത്യം പഴയനിയമത്തിലെ പ്രവാചകരുടെ ദൗത്യത്തിന്റെ തുടർച്ചയാണെന്നു് അന്യാപദേശരൂപത്തിൽ വ്യഞ്ജിപ്പിച്ചിരിക്കുന്നു. അവിടത്തെ ദൗത്യത്തിന്റെ അതുല്യ മഹത്വത്തെയും ആ ഉപമ ഊന്നിപ്പറയുന്നുണ്ടു്. "ദൈവത്താൽ അയയ്ക്കപ്പെട്ട എന്ന അവബോധം അവിടുത്തെ ജീവിതത്തിന്റെയും പ്രവൃത്തിയുടെയും അന്തർധാരയായിരുന്നു."[11]

ക്രിസ്തുവിന്റെ പ്രേഷിതാവബോധം, സ്വകീയമായി എന്തെങ്കിലും അവകാശപ്പെടുന്നതിൽനിന്നു് അവിടുത്തെ സദാ നിയന്ത്രിച്ചിരുന്നു. എല്ലാ കാര്യത്തിലും പിതാവിന്റെ തിരുമനസ്സിനു് അവിടുന്നു് വിധേയനായിരുന്നു. "എന്റെ പ്രബോധനം എന്റെ സ്വന്തമല്ല, പ്രത്യുത എന്നെ അയച്ചിരിക്കുന്നവന്റേതാകുന്നു" (യോഹ. 7,16). "ഞാൻ സ്വർഗ്ഗത്തിൽനിന്നു് ഇറങ്ങിവന്നിരിക്കുന്നതു് എന്റെ ഇഷ്ടം പ്രവർത്തിക്കാനല്ല, എന്നെ അയച്ചവന്റെ ഇഷ്ടം നിർവഹിക്കാനത്രേ" (യോഹ. 6, 38). "പിതാവു ചെയ്തുകാണുന്നതല്ലാതെ

പുത്രന്ന് സ്വമേധയാ ഒന്നും ചെയ്യാൻ കഴിയുകയില്ല. പിതാവു ചെയ്യുന്നതെല്ലാം അതേവിധം പുത്രനും ചെയ്യുന്നു'' (യോഹ. 5, 19). ''എന്നെ അയച്ചവൻെറ ഹിതം നിറവേററുന്നതും അവൻെറ ജോലി പൂർത്തിയാക്കുന്നതുമാണ്ട് എൻെറ ഭക്ഷണം'' (യോഹ. 4, 34). പീലാത്തോസിനോടുള്ള ഈ പ്രഖ്യാപനത്തോടെ ക്രിസ്തു തൻെറ സേവനദൗത്യം പരിസമാപിപ്പിച്ചു: ''സത്യത്തിനു സാക്ഷ്യംവഹിക്കാനാണ്ട് ഞാൻ ജനിച്ചിരിക്കുന്നതു്. അതിനുവേണ്ടിയാണ്ട് ഞാൻ ലോകത്തിലേക്കു വന്നതു്'' (യോഹ. 18, 37).

ദൈവത്താൽ അയയ്ക്കപ്പെട്ട പ്രേഷിതനെന്നനിലയിൽ ദൈവരാജ്യത്തെപ്പററി പ്രസംഗിക്കുന്നതിനും തൻെറ സ്വർഗ്ഗീയപിതാവിന്ന് സാക്ഷ്യംവഹിക്കുന്നതിനും ക്രിസ്തു സന്നദ്ധനായി. അവിടുന്നു തൻെറ പരസ്യജീവിതം സമാരംഭിച്ചപ്പോൾ ഇങ്ങനെ പ്രഖ്യാപിച്ചു: ''സമയം പൂർത്തിയായി. ദൈവരാജ്യം സമീപസ്ഥമായിരിക്കുന്നു. മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിക്കുവിൻ'' (മർക്കോ. 1, 15). പുതിയനിയമത്തെ ആധാരമാക്കിപ്പറഞ്ഞാൽ യേശുവിൻെറ പ്രബോധനങ്ങളുടെ കേന്ദ്രബിന്ദു ''ദൈവരാജ്യം'' എന്നതായിരുന്നു (മർക്കോ. 1,15; 9,1; മത്താ. 19, 29; ലൂക്കാ 18, 29). ഈ പദം ദൈവം വാഗ്ദാനംചെയ്ത് സാക്ഷാത്കരിച്ച നിത്യരക്ഷയെ സൂചിപ്പിക്കുന്നു. ഇതാകട്ടെ, ക്രിസ്തുവിൻെറ വ്യക്തിത്വത്തോടും ജനങ്ങൾ വിശ്വസിച്ചിരുന്നതുപോലെ വരാനിരിക്കുന്ന അവിടുത്തെ രാജത്വത്തോടും ഗാഢമായി ബന്ധപ്പെട്ടിരിക്കുന്നു.[12] ദൈവരാജ്യത്തിൻെറ സാക്ഷാത്കരണം ക്രിസ്തുവിൻെറ

പ്രബോധനത്തിൻെറ അന്തസ്സത്ത ആയിരുന്നു. അതി നാൽ സുവിശേഷപ്രചാരണം എല്ലായിടത്തും അടിയന്ത രാവശ്യമായും തീർന്നു.

ക്രിസ്തു സുവിശേഷപ്രചാരകനായി പ്രത്യക്ഷ പ്പെടുന്ന അനേകം സന്ദർഭങ്ങൾ പുതിയനിയമത്തിൽ കാണാവുന്നതാണ്. വി. മത്തായിയുടെ സുവിശേഷ മനുസരിച്ച്, ''യേശു എല്ലാ നഗരങ്ങളിലും ഗ്രാമങ്ങളിലും ചുററിസ്സഞ്ചരിച്ച് ദൈവരാജ്യത്തിൻെറ സുവിശേഷം പ്രസംഗിക്കുകയും എല്ലാവിധ രോഗികളെയും വ്യാധി തരെയും സുഖപ്പെടുത്തുകയും സിനഗോഗുകളിൽ പഠി പ്പിക്കുകയും ചെയ്തിരുന്നു'' (മത്താ. 9, 35). വി. ലൂക്കാ രേഖപ്പെടുത്തുന്നു: '' അവിടുന്ന് നഗരങ്ങളിലും ഗ്രാമ ങ്ങളിലും പ്രസംഗിച്ചും ദൈവരാജ്യത്തിൻെറ സുവി ശേഷം അറിയിച്ചും സഞ്ചരിച്ചു'' (ലൂക്കാ 8, 1). വി. മക്കോസിൻെറ സുവിശേഷപ്രകാരം, ''അവിടുന്നു ഗലീലയിലെങ്ങും സഞ്ചരിച്ച് സിനഗോഗുകളിൽ പ്രസംഗിക്കുകയും പിശാചുക്കളെ പുറത്താക്കുകയും ചെയ്തു'' (മക്കോ. 1, 39). ഇതിനുംപുറമേ, ''വിജാതീയ ജനതകളോട് യേശുവിനു് അഗാധമായ അനുഭാവം ഉണ്ടായിരുന്നു. അവിടുന്ന് അവരെപ്പററി ചിന്തിച്ചു, പലപ്പോഴും അവരെപ്പററി സംസാരിച്ചു. അവരെ യഹൂദരുമായി സാനുഭാവം താരതമ്യപ്പെടുത്തുകയും ചെയ്തു. കൂടാതെ ദൈവരാജ്യത്തിലേക്കുള്ള അവരുടെ പ്രവേശനത്തെക്കുറിച്ച് അവിടുന്നു മുൻകൂട്ടി അറിയിച്ചു. അവിടുത്തെ വിമോചനപ്രക്രിയയുടെ ഗുണഫലങ്ങൾ അവർക്കു വാഗ്ദാനംചെയ്തുകൊണ്ട് അവരുടെ രാജ്യ പ്രവേശനത്തെ പ്രതീക്ഷിക്കുകയും ചെയ്തു.''[13]

മനുഷ്യരെ അനുതാപത്തിലേക്കു നയിക്കുകയും, അവരെ സത്യദൈവത്തിങ്കലേക്കു തിരികെ കൊണ്ടു വരികയുമാണ് സഭയുടെ പ്രാഥമികദൗത്യം. ജീവിത നവീകരണത്തിലൂടെയും മനഃപരിവർത്തനത്തിലൂടെയും മനുഷ്യരെ ദൈവത്തിങ്കലേക്കു നയിക്കുവാൻ യേശു ആഗ്രഹിച്ചു. വചനത്താലും പ്രവൃത്തിയാലും അവിടുന്നു ദൈവസ്നേഹത്തെപ്പററി മനുഷ്യരെ നിരന്തരം പഠിപ്പിച്ചു. സ്വന്തം സന്താനങ്ങളോട് അതീവവാത്സല്യമുള്ള സ്നേഹ നിധിയായ ഒരു പിതാവായി ദൈവത്തെ ജനങ്ങളുടെ മുമ്പിൽ അവിടുന്നു അവതരിപ്പിച്ചു. ഇതിൻെറ ഒരു പ്രത്യക്ഷചിഹ്നമായി ദീനരോടും ദരിദ്രരോടും അവിടു ന്നു ഗാഢമായ ആത്മബന്ധം പുലർത്തി. ഭൗതികവും ആത്മീയവുമായ എല്ലാ അടിമത്തത്തിൽനിന്നും മനു ഷ്യരെ വിമോചിപ്പിക്കുവാനാണ് യേശു ലോകത്തി ലേക്കു വന്നത്. വിമോചനത്തിൻെറ സന്ദേശം അവിടു ത്തെ പ്രബോധനത്തിൻെറ ഒരു സുപ്രധാന ഘടകമായി രുന്നു (ലൂക്കാ 4, 18). അതേസമയംതന്നെ രക്ഷയ്ക്കുള്ള അവശ്യോപാധിയായി വിശ്വാസത്തെയും അവരിൽ നിന്ന് അവിടുന്നു ആവശ്യപ്പെട്ടു. യേശു. ദൈവരാജ്യ ത്തെക്കുറിച്ചുള്ള തൻെറ പ്രബോധനങ്ങളിൽ, ദൈവം സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സമസ്താധികാരങ്ങളും തനി ക്കു നൽകിയിട്ടുണ്ടെന്നു വ്യക്തമാക്കി; അതായത് അവി ടുത്തെനേർക്കുള്ള ജനങ്ങളുടെ മനോഭാവത്തെ ആശ്രയിച്ചാ യിരിക്കും അവരുടെ രക്ഷയെന്ന്. "പുത്രനിൽ വിശ്വ സിക്കുന്നവനു നിത്യജീവൻ ഉണ്ട്. പുത്രനെ അനുസരി ക്കാത്തവനോ ജീവൻ കണ്ടെത്തുകയുമില്ല; പ്രത്യുത, ദൈവകോപം അവൻെറമേൽ നിപതിക്കും" (യോഹ.

3,36). രക്ഷ, തന്നെ ആശ്രയിച്ചിരിക്കുന്നതിന്റെ കാരണം എന്താണെന്നു് യേശു വ്യക്തമാക്കുന്നുണ്ടു് : ''ഞാൻ തന്നെ വഴിയും സത്യവും ജീവനും''(യോഹ.14,6). ഇതു് അനുപമമായ ഒരു അവകാശപ്രഖ്യാപനംതന്നെ. ഈ സന്ദേശത്തിന്റെ സാർവലൗകിക പ്രഖ്യാപനവും തദനുസരണമായ സ്വീകരണവുമാണു് യേശു ആവശ്യപ്പെടുന്നതു്.

ഈ രീതിയിൽ നോക്കുമ്പോരം ക്രിസ്തുവിന്റെ പ്രേഷിതവൃത്തിയും ദൈവഹിതത്തെക്കുറിച്ചുള്ള അവിടുത്തെ പ്രഖ്യാപനവും, മിഷൻപ്രവർത്തനം സഭയുടെ പരമപ്രധാനമായ ദൗത്യമാണെന്നുള്ള വസ്തുതയിലേക്കാണു് വിരൽ ചൂണ്ടുന്നതു്.

എന്നാൽ ഉത്ഥാനംചെയ്ത ക്രിസ്തുനാഥന്റെ സുവിശേഷം പ്രസംഗിക്കാനുള്ള കല്പന ഇവിടെ ഏററവും വലിയ ഒരു പ്രേരകശക്തിയാണു്. ക്രിസ്തു സ്വപിതാവിനാൽ അയയ്ക്കപ്പെട്ടതുപോലെ (യോഹ. 20,21), അവിടുന്നു സ്വശിഷ്യന്മാരെയും അതേ നിയോഗത്തോടെ ലോകമെമ്പാടും പറഞ്ഞയച്ചു: ''നിങ്ങരം ലോകമെങ്ങും പോയി സർവസൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ'' (മർക്കോ. 16,15). ''സ്വർഗ്ഗത്തിലും ഭൂമിയിലും സർവ അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. അതുകൊണ്ടു് നിങ്ങരം പോയി എല്ലാ ജനപദങ്ങളെയും ശിഷ്യപ്പെടുത്തി പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവരെ ജ്ഞാനസ്നാനപ്പെടുത്തുവിൻ'' (മത്താ. 28,18). മററു രണ്ടു സുവിശേഷഗ്രന്ഥങ്ങളിലും ഇതേ പ്രേഷിതാഹ്വാനം അടങ്ങിയിട്ടുണ്ടെന്നുള്ളതും പ്രസ്താവ്യമാണു് (ലൂക്കാ 24,46-48; യോഹ. 20,21-23).

യേശുവിന്റെ ഐഹികജീവിതകാലത്ത് അപ്പസ്തോലന്മാരെ ഭരമേല്പിച്ചിരുന്ന മിഷൻപ്രവർത്തനങ്ങൾ നിർണ്ണായകമോ ശാശ്വതഫലദായകമോ ആയിരുന്നില്ല.[14] പുനരുത്ഥാനം ചെയ്ത ക്രിസ്തുവിൽനിന്നു വ്യക്തമായ നിർദ്ദേശം കിട്ടുന്നതുവരെ അവർക്ക് അത്തരമൊരു ദൗത്യത്തെപ്പററി കൃത്യമായ ആശയങ്ങളൊന്നും ഉണ്ടായിരുന്നതായി തോന്നുന്നില്ല. ക്രിസ്തുവിന്റെ ക്രൂശീകരണത്തിനുശേഷം യഹൂദരെ പേടിച്ച് അവിടുത്തെ തള്ളിപ്പറയാൻമാത്രം നഷ്ടധൈര്യരായി കഴിയുകയായിരുന്നല്ലൊ ശിഷ്യന്മാർ (യോഹ. 18,15-17, 25-27). എമ്മാവൂസിലേക്കു പോയ ശിഷ്യന്മാരെപ്പോലെ ചിലർ വിഷാദമൂകരായി നൈരാശ്യത്തോടെ സ്വന്തം ഗ്രാമങ്ങളിലേക്കു പിൻവലിഞ്ഞുകളഞ്ഞു. എന്നാൽ പുനരുത്ഥാനംചെയ്ത ക്രിസ്തുവുമായുള്ള അവരുടെ കൂടിക്കാഴ്ചയും, അവിടുത്തെ പുതിയ കല്പനകളും അവരെ അത്യധികം ഉത്തേജിപ്പിച്ചു. തൽഫലമായി സുവിശേഷഘോഷണാർത്ഥം ഭൂമിയുടെ അതിർത്തികളോളം അവർ പോവുകയും ചെയ്തു.

സഭയുടെ പ്രേഷിതപ്രവർത്തനം മുഖ്യമായും അന്തിമമായും ദൈവഹിതത്തിൽനിന്ന് ഉദ്ഭൂതമായിട്ടുള്ളതാണ്. പുനരുത്ഥാനംചെയ്ത ക്രിസ്തുവിൽനിന്നുള്ള അനുശാസനം സുവിശേഷഘോഷണം സജീവവും അനുസ്യൂതവുമായിരിക്കണമെന്ന് നിഷ്കർഷിക്കുന്നു. "മിഷനറിമാർ ക്രിസ്തുവിന്റെ കല്പനപ്രകാരം സുവിശേഷപ്രബോധനം നടത്തുന്നു. സ്രഷ്ടാവും രക്ഷകനും വിധികർത്താവുമായ അവിടുത്തെ ആജ്ഞയെക്കാൾ വലിയ ഒരു പ്രേരകശക്തി സങ്കല്പിക്കുവാൻപോലും സാദ്ധ്യമല്ലല്ലൊ."[15]

സ്വർഗ്ഗസ്ഥനായ പിതാവ് തന്റെ അനന്തസ്നേഹത്താൽ മനുഷ്യനെ സൃഷ്ടിക്കുകയും രക്ഷിക്കുകയും ചെയ്തതുപോലെ, അവിടുന്നുതന്നെ ക്രിസ്തുവിലൂടെ രക്ഷയുടെ സന്ദേശം പ്രസംഗിക്കുവാനും കല്പിച്ചു. അതു് സ്നേഹനിധിയായ ഒരു യജമാനന്റെയോ ഗുരുവിന്റെയോ സ്നേഹം വഴിയുന്ന കല്പനയാണു്. പുനരുത്ഥാനം ചെയ്ത ക്രിസ്തുവിന്റെ വചനങ്ങൾതന്നെ, അവിടുന്നു ലോകം മുഴുവന്റെയും അധിനാഥനാണെന്നു വ്യക്തമാക്കുന്നു. കൂടാതെ ദൈവത്തിന്റെ പരലോകാധിപത്യത്തെയും അവിടുന്നു പ്രേഷിത പ്രവർത്തനങ്ങൾക്കു നൽകിയിരിക്കുന്ന പരമപ്രാധാന്യത്തെയുംകൂടി അവ വ്യഞ്ജിപ്പിക്കുന്നു. പ്രപഞ്ചകർത്താവ് എന്ന നിലയിൽ തന്റെ പ്രതിപുരുഷന്മാരെ സുവിശേഷ പ്രഘോഷണത്തിനായി ലോകമെങ്ങും അയയ്ക്കാൻ അവിടുത്തേക്കു് അധികാരമുണ്ടു്. അതിരും എതിരുമില്ലാത്ത അധികാരപാരമ്യം! ആ അധികാരത്തിന്റെ സ്വാഭാവികശക്തിയാലാണു് നാമെല്ലാം മിഷനറിമാരായിത്തീർന്നിരിക്കുന്നതു്. ''പോയി സുവിശേഷം പ്രസംഗിക്കുക''എന്ന അനുശാസനംകൊണ്ടു് പഴയനിയമത്തിലെ സാക്ഷീകരണം എന്ന ആശയത്തേക്കാൾ വളരെ വിപുലമായ ഒരു അർത്ഥമാനമാണു് ക്രിസ്തു വിവക്ഷിച്ചതു്. ''സ്വന്തം അതിർത്തികൾക്കുള്ളിൽ ദൈവത്തിനു സാക്ഷികളാകണമെന്നേ ഇസ്രായേൽക്കാർ അനുമാനിച്ചിരുന്നുള്ളു. അതുപോലെ അവരുടെ മദ്ധ്യേ വന്നുചേരുന്ന ജനതകൾക്കു സാക്ഷ്യം വഹിക്കണമെന്നും. എന്നാൽ നമ്മളാകട്ടെ, ജനങ്ങളെ തേടിച്ചെന്നു കണ്ടുപിടിക്കാൻതന്നെ മുൻകൈയെടുക്കുന്നതിനു ചുമതലപ്പെട്ടവരാണു്.''[16] ക്രിസ്തുവിന്റെ കല്പനപ്രകാരം, പ്രേഷിതപ്രവർത്തനം

അവിടുത്തെ അനുയായികളിൽ ഭരമേല്പിക്കപ്പെട്ടിരിക്കുന്ന വിശുദ്ധമായ ഒരു കടമയാകുന്നു. ക്രൈസ്തവരായ നമ്മും വാങ്മൂലമായ സാക്ഷീകരണത്തേക്കാളും സുവിശേഷ പ്രഘോഷണത്തേക്കാളും ഉപരിയായി സ്വന്തമായ എല്ലാ മാദ്ധ്യമങ്ങളും ഉപയോഗിച്ച് ക്രിസ്തുവിന്റെ യഥാർത്ഥ അനുയായികളായിത്തീരേണ്ടതാണ്. ഈ കല്പനപ്രകാരം ഒരു നവലോകസൃഷ്ടിക്ക് നാം വിളിക്കപ്പെട്ടിരിക്കുന്നു.

പുതിയനിയമം അനുസരിച്ച് യേശുവിന്റെ പ്രേഷിതാസ്തിത്വം അപ്പസ്തോലന്മാരിലൂടെ തുടർന്നു. പുനരുത്ഥാനശേഷം ക്രിസ്തു അവക്കു പരിശുദ്ധാത്മാവിനെ നൽകി (യോഹ.20.22) മിഷൻപ്രവർത്തനത്തിനു അവരെ സജ്ജരാക്കി അഭിഷേചിച്ചു. ''പരിശുദ്ധാത്മാവിനെ നൽകിയതിലൂടെ ക്രിസ്തു ശിഷ്യന്മാരെ തന്റെ ദൗത്യം ഭരമേല്പിക്കുന്ന പ്രക്രിയയാണ് നടന്നതു്. പരിശുദ്ധാത്മാവു് ശിഷ്യന്മാരെ അഭിഷേകം ചെയ്യുന്നു. ആദ്യസൃഷ്ടിയിൽ ദൈവം മനുഷ്യനിലേക്ക് ഒരു ജീവാത്മാവിനെ ഉംപ്രവേശിപ്പിച്ചതുപോലെ, ഇപ്പോഠം ക്രിസ്തു തന്റെ പരിശുദ്ധാരൂപിയെ ശിഷ്യരിലേക്കു സംക്രമിപ്പിക്കുന്നു.''[17]

ക്രിസ്തുവിന്റെ കല്പനയോടുള്ള വിധേയത്വത്തിൽ സുവിശേഷം പ്രസംഗിക്കുന്നതിൽ അപ്പസ്തോലന്മാർ അത്യധികം ഔത്സുക്യം പ്രദർശിപ്പിക്കുകയുണ്ടായി. തന്റെ ജീവിതകാലത്തുതന്നെ യേശു തനിക്കു മുൻപേ ശിഷ്യന്മാരെ സുവിശേഷപ്രഘോഷണത്തിനായും രോഗികളെ സുഖപ്പെടുത്തുന്നതിനായും നിയോഗിച്ചയച്ചു (മത്താ. 9,37-10,16; മക്കോ. 6,7-11; ലൂക്കാ9, 1-5; 10, 1-12). യഥാർത്ഥത്തിൽ വിളവുകൊയ്യാൻ വയലിലേക്കു പറഞ്ഞ

യയ്ക്കപ്പെട്ട വേലക്കാരായിരുന്നു അവർ (മത്താ. 9, 38; യോഹ. 4,38). ദിവ്യനാഥൻ വ്യക്തിപരമായി "ഇസ്രായേലിലെ നഷ്ടപ്പെട്ട ആടുകൾക്കു" (മത്താ.15,24) രക്ഷയുടെ സന്ദേശം പ്രഖ്യാപിക്കുന്ന കാര്യത്തിനാണു മുൻതൂക്കം നൽകിയതെങ്കിലും, അവിടത്തെ ശിഷ്യന്മാർ എല്ലായിടത്തും സുവിശേഷം പ്രസംഗിക്കുന്നതിനു നിയുക്തരായി (ശ്ലീഹ.1,8). "ഇവിടെ പ്രസക്തമായ ബൈബിളിലെ വിവിധ പ്രസ്താവങ്ങളനുസരിച്ച് അവിടുന്നു ശിഷ്യന്മാരെ, അവർ കണ്ടതും കേട്ടതുമായ കാര്യങ്ങൾ വെറുതെ പറഞ്ഞറിയിക്കാൻവേണ്ടി മാത്രം നിയോഗിക്കുകയല്ല ചെയ്യുന്നതു്, പ്രത്യുത ഏതൊരു പരമാധികാരത്തിലാണോ അവിടുന്നു് പ്രവൃത്തിക്കുന്നതു്,അതേ അധികാരത്തിൽ അവരെയും പങ്കാളികളാക്കുന്നു (മത്താ. 10, 7-8). അവർ അവിടത്തെ വെറും സന്ദേശവാഹകന്മാർ അല്ല; അവർ അവിടത്തെ സഹപ്രവർത്തകരത്രേ. ക്രിസ്തുവിൻെറ പ്രേഷണംപോലെതന്നെ അന്ത്യാത്മകവും സാർവലൗകികമായ വ്യാപ്തി ഉൾക്കൊള്ളുന്നതുമായിരുന്നു അവരുടേതും. കാരണം, അവർ തുടർന്ന ജോലി മറെറാന്നായിരുന്നില്ല." [18]

സുവിശേഷം പ്രസംഗിക്കുന്നതിനും വിശ്വാസത്തിൻെറ അനുസരണത്തിലേക്കു ജനതകളെ ആനയിക്കുന്നതിനും വേണ്ടി ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവനാണു് താനെന്നു് വി. പൗലോസ് തിമോത്തയോസിനുള്ള ലേഖനത്തിൽ അനുസ്മരിക്കുന്നു (2 തിമോ. 1,11). ദമാസ്ക്കസിലേക്കുള്ള യാത്രയിൽവച്ച തനിക്കു ലഭിച്ച ഈ ദൗത്യംവഴിയാണു് അദ്ദേഹം അപ്പസ്തോലപദവിക്കു് അർഹനായതെന്നു സ്വയം ന്യായീകരിക്കുകയും

ചെയ്യുന്നു (1 കോറി. 15, 8-10). സ്വന്തം മാനസാന്തരത്തിന്റെ തുടക്കംമുതലേ വിജാതീയരോടുള്ള തന്റെ സുവിശേഷദൗത്യത്തെക്കുറിച്ച് വി. പൗലോസ് ബോധവാനായിരുന്നു (ഗലാ. 1, 15-16; റോമ.1,5). ക്രിസ്തുവിലുള്ള വിശ്വാസം രക്ഷപ്രാപിക്കുന്നതിന് അപരിത്യാജ്യമാണെന്ന് അദ്ദേഹം ഗ്രഹിച്ചിരുന്നു. അക്കാരണത്താൽ സുവിശേഷഘോഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും അദ്ദേഹം ബോധവാനായിരുന്നു. "യേശു കർത്താവാണെന്ന് അധരങ്ങൾകൊണ്ട് ഏററുപറയുകയും, ദൈവം അവിടുത്തെ മരിച്ചവരിൽനിന്ന് ഉയിപ്പിച്ചു എന്ന് ഹൃദയത്തിൽ വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. കാരണം, മനുഷ്യൻ സ്വഹൃദയംകൊണ്ട് വിശ്വസിക്കുന്നു, അങ്ങനെ നീതീകരിക്കപ്പെടുന്നു; തന്റെ ചുണ്ടുകൾകൊണ്ട് ഏററുപറയുന്നു, അങ്ങനെ രക്ഷിക്കപ്പെടുന്നു.. കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും. എന്നാൽ തങ്ങൾ വിശ്വാസമർപ്പിച്ചിട്ടില്ലാത്തവന്റെ നാമം വിളിച്ച് മനുഷ്യർ എങ്ങനെ അപേക്ഷിക്കും? തങ്ങൾ കേട്ടിട്ടില്ലാത്തവനിൽ അവർ എങ്ങനെ വിശ്വസിക്കും? പ്രസംഗിക്കുന്നവൻ ഇല്ലെങ്കിൽ അവർ എങ്ങനെ കേൾക്കും? അയയ്ക്കപ്പെടാതെ എങ്ങനെ പ്രസംഗിക്കും ?" (റോമാ. 10, 9-10. 13-15). ഈ സന്ദേശത്തിന്റെ സാർവലൗകികത്വത്തെക്കുറിച്ച് വി. പൗലോസ് തികച്ചും ബോധവാനായിരുന്നു. അതുകൊണ്ട് വിജാതീയരോടു സുവിശേഷം പ്രസംഗിക്കുകയെന്ന പാവനമായ കർത്തവ്യത്തിൽനിന്ന് അദ്ദേഹം വ്യതിചലിച്ചില്ല. തനിക്ക് ദൈവത്തിൽ നിന്നു സ്നേഹവും അനുരഞ്ജനവും ലഭിച്ചുവെന്ന വസ്തുത

സുവിശേഷവേലയ്ക്കു സ്വയം അർപ്പണം ചെയ്യുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു (1 കോറി. 9, 18; 2 കോറി. 5, 14-20). വി. പൗലോസ്, തനിക്കു സംലഭ്യമായ ക്രിസ്തുവിൻെറ അക്ഷയനിധിയിൽ എല്ലാ ജനതകളെയും പങ്കാളികളാക്കണമെന്നു് ആഗ്രഹിച്ചു. അതുകൊണ്ടു് അനുകൂല സാഹചര്യങ്ങളിലും പ്രതികൂല സാഹചര്യങ്ങളിലും സുവിശേഷം പ്രസംഗിക്കേണ്ടതു് അടിയന്തരാവശ്യമായി അദ്ദേഹം കരുതി (2 തിമോ. 4, 2). ഈ ബോദ്ധ്യത്തിൽ ദൃഢചിത്തനായിരുന്ന വി. പൗലോസ്, സുവിശേഷപ്രഘോഷണത്തിൽ പരാങ്മുഖനായാൽ ദൈവകോപത്തിനു് ഇരയാകുമെന്നുപോലും ഭയപ്പെട്ടിരുന്നു. "ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എൻെറ സ്ഥിതി എത്ര ദുർഭഗം!" (1 കോറി. 9, 16). മറ്റൊരിടത്തു് അദ്ദേഹം പറയുന്നു: "എൻെറ ജീവനു് എന്തെങ്കിലും വിലയുള്ളതായോ എനിക്കുതന്നെ വിലപ്പെട്ടതായോ ഞാൻ പരിഗണിക്കുന്നില്ല. കർത്താവായ യേശുവിൽനിന്നു ഞാൻ സ്വീകരിച്ച ശുശ്രൂഷയും ദൗത്യവും പൂർത്തിയാക്കണമെന്നും ദൈവകൃപയുടെ സുവിശേഷത്തിനു് സാക്ഷ്യം വഹിക്കണമെന്നും മാത്രമേ എനിക്കാഗ്രഹമുള്ളു" (ശ്ലീഹ. 20, 24). ഈ ബോദ്ധ്യത്താൽ ബദ്ധനായിരുന്ന അദ്ദേഹത്തെ സുവിശേഷപ്രഘോഷണത്തിൽനിന്നു് യാതൊരു ശക്തിക്കും പ്രതിരോധിക്കുവാനോ പിന്തിരിപ്പിക്കുവാനോ കഴിഞ്ഞില്ല; പാർപ്പിടമില്ലായ്മയ്ക്കോ കഠിനാദ്ധ്വാനത്തിനോ പൈദാഹങ്ങൾക്കോ, ദാരിദ്ര്യത്തിനോ മർദ്ദനമുറകൾക്കോ, മരണാപായങ്ങൾക്കോ ഒന്നിനും (കോറി. 4, 11-12; 2 കോറി. 4, 8-10; 6, 4-10; 11, 23-27). സർവരെയും

ക്രിസ്തുവിൽ ഒന്നാകുന്നതിനുവേണ്ടി യഹൂദർക്കിടയിൽ ഒരു യഹൂദനായും വിജാതീയർക്കിടയിൽ ഒരു വിജാതീയനായും വർത്തിക്കുന്നതിന്നു് വി. പൗലോസ് സദാ സന്നദ്ധനായിരുന്നു (I കോറി. 9,19-23).

തങ്ങൾ വചനത്തിൻെറ ശുശ്രൂഷകരാണെന്നു് അപ്പസ്തോലന്മാർ സ്വയം കരുതിയിരുന്നു. തന്മൂലം സുവിശേഷപ്രഘോഷണമെന്ന മഹനീയ ജോലിക്കു് അവർ പരമപ്രാധാന്യം നൽകി. ''ഞങ്ങൾ ദൈവവചന പ്രഘോഷണം ഉപേക്ഷിച്ചു് ഭക്ഷണവിതരണത്തിൽ ഏർപ്പെടുന്നതു ശരിയല്ല... ഞങ്ങൾ പ്രാർത്ഥനയിലും വചനശുശ്രൂഷയിലും ശ്രദ്ധിച്ചുകൊള്ളാം'' (ശ്ലീഹ. 6, 2.4).

അപ്പസ്തോലന്മാരുടെ പ്രേഷിതപ്രവർത്തനങ്ങളുടെ പിന്നിൽ പ്രവർത്തിച്ച പ്രേരകശക്തി ക്രിസ്തുവിൻെറ കല്പനമാത്രമായിരുന്നില്ല, പ്രത്യുത, അവിടുത്തെ വ്യക്തിമാഹാത്മ്യത്തെക്കുറിച്ചുള്ള അവരുടെ ആഴമായ അറിവും അവിടുത്തെ ദൗത്യത്തിൻെറ അടിയന്തര സ്വഭാവവും കൂടിയായിരുന്നു. യേശുക്രിസ്തു ലോകത്തിൻെറ പ്രകാശമാണെന്നു് (ലൂക്കാ 2,32; യോഹ. 8,12) അപ്പസ്തോലന്മാർ മനസ്സിലാക്കിയിരുന്നു; അതുപോലെ രക്ഷയുടെ സ്രോതസ്സും കേന്ദ്രബിന്ദുവും ആണെന്നും. ''മറെറാരുവനിലും രക്ഷയില്ല. എന്തുകൊണ്ടെന്നാൽ നമ്മെ രക്ഷിക്കാൻ സാധിക്കുന്ന മറെറാരു നാമവും ആകാശത്തിൻകീഴിൽ നൽകപ്പെട്ടിട്ടില്ല'' (ശ്ലീഹ. 4, 12). മനുഷ്യരെ ദൈവത്തിൻെറ സന്തതികളാക്കാൻ (യോഹ. 1, 12) അധികാരമുള്ളവനായി, ദൈവത്തിനും മനുഷ്യർക്കുമിടയിലുള്ള

ഒരേയൊരു മദ്ധ്യസ്ഥൻ (1 തിമോ. 2,5) ക്രിസ്തു മാത്ര മാണെന്നു് അപ്പസ്തോലന്മാർ വിശ്വസിച്ചിരുന്നു. ക്രിസ്തു എല്ലാ മനുഷ്യർക്കുംവേണ്ടി സ്വയം ബലിയായി അർപ്പണം ചെയ്തു. അങ്ങനെ പാപത്തിന്റെ ബന്ധന ങ്ങളിൽനിന്നു് അവരെ മോചിപ്പിച്ചു. പരമപരി പൂർണ്ണവും അത്യനർഘവുമായ ഈ ആത്മബലിയോടു യാതൊന്നിനും താരതമ്യമില്ല, എന്തെങ്കിലും കൂടുത ലായി ചേർക്കാനും സാദ്ധ്യമല്ല. ക്രിസ്തുവിൽ സാത്മ്യം പ്രാപിച്ചുകൊണ്ടു് ഈ സ്നേഹനിർഝരിയിൽ സായൂജ്യം കണ്ടെത്താൻ മനുഷ്യരാശിയെ ഒന്നടങ്കം ദൈവം വിളി ക്കുകയാണു്.

ക്രിസ്തുവിനോടുള്ള ആത്മപരിത്യാഗപരമായ സ്നേ ഹത്തിന്റെ ചൈതന്യത്തിൽ അപ്പസ്തോലന്മാർ തങ്ങ ളിൽ നിക്ഷിപ്തമായ പ്രേഷിതവേല പൂർത്തിയാക്കി. "അവിടുന്നു് ലോകത്തിൽ തനിക്കു സ്വന്തമായുണ്ടാ യിരുന്നവരെ സ്നേഹിച്ചു; അവസാനംവരെ അവരെ സ്നേഹിച്ചു" ( യോഹ. 13,1 ) എന്ന വചനത്തിന്റെ അത്ഥം അവർ മനസ്സിലാക്കിയിരുന്നു. "അവിടുന്നു് എന്നെ സ്നേഹിച്ചു. എനിക്കുവേണ്ടി സ്വയം അർപ്പിക്കു കയും ചെയ്തു" (ഗലാ. 2, 20) എന്നു് വി. പൗലോസി നോടൊപ്പം എല്ലാ ക്രിസ്തുശിഷ്യന്മാർക്കും ഉറപ്പിച്ചു പറയുവാൻ കഴിയുമായിരുന്നു. കൂടാതെ അവിടുത്തെ വിടവാങ്ങൽ സന്ദേശവും അവർക്കു മറക്കാനായില്ല : "ഞാൻ കല്പിക്കുന്നതു നിങ്ങൾ ചെയ്യുന്നെങ്കിൽ നിങ്ങൾ എന്റെ സ്നേഹിതരാണു്" (യോഹ. 15,14). ഗുരുവി നോടുള്ള അതിരററ സ്നേഹം അവിടുത്തെ കല്പന സസ ന്തോഷം നിറവേററാൻ ശിഷ്യന്മാരെ പ്രേരിപ്പിച്ചു.

ഈ സ്നേഹാവബോധംകൊണ്ടു് "ജറുസലേമിലും യൂദയാ ദേശംമുഴവനിലും സമറിയായിലും ഭൂമിയുടെ അതിർത്തികാംവരെയും" (ശ്ലീഹ. 1, 8) അവിടുത്തേക്കു സാക്ഷ്യം വഹിക്കുന്നതുവരെ അവർ വിശ്രമരഹിതരായി പ്രവൎത്തിച്ചു. ക്രിസ്തുവിനോടുള്ള ഈ സ്നേഹവും വിധേയത്വവും വിശ്വസ്തതയും അവരെ തടവുമുറികളും കുററവിചാരണകളും സുധീരമായി നേരിടുവാൻ പ്രാപ്തരാക്കി. മാത്രമല്ല, യേശുവിൻെറ നാമത്തെച്ചൊല്ലി അപമാനം സഹിക്കാൻ അർഹരായതിൽ അവർ ആഹ്ലാദിക്കുകയും ചെയ്തു (ശ്ലീഹ. 5,41). അങ്ങനെ ക്രിസ്തുവിൻെറ കല്പനയോടു് ഹൃദയത്തിൻെറ ആത്യന്തികഭാവവും സ്നേഹത്തിൻെറ സ്വാഭാവികപ്രവാഹവും ഒത്തുചേൎന്നു.

സുവിശേഷപ്രഘോഷണം സംബന്ധിച്ചുള്ള ബൈബിളിലെ ആശയങ്ങളെ ഇങ്ങനെ സമാഹരിക്കാമെന്നു തോന്നുന്നു:

അക്രൈസ്തവമതങ്ങളെ ആകമാനം ബൈബിൾ അപലപിക്കുന്നില്ലെന്നുള്ളതു സത്യംതന്നെ. ലോകമതങ്ങളുടെ നേരെ അതു് അസഹിഷ്ണുതാമനോഭാവം മാത്രമാണു കാട്ടുന്നതെന്നും പറയാൻ വയ്യ. ബൈബിൾ ഒരുവശത്തു് അവയെ അംഗീകരിക്കുകയും, മറുവശത്തു് നിഷേധിക്കുകയും ചെയ്യുന്നതായി കാണുന്നു (മത്താ. 8, 10; 15, 27; ശ്ലീഹ. 17, 22-31; ഹെബ്രാ. 10, 25; ഏശ. 40, 18-20; 44, 9-20; വിജ്ഞാ. 13, 1-19; റോമാ. 1-3; 1 കോറി. 12,2; ഗലാ. 4,8). പക്ഷേ, വേദപുസ്തകത്തിൽ അക്രൈസ്തവമതങ്ങളെപ്പററി അംഗീകാരരൂപത്തിൽ പറയുന്ന സംഗതികളിൽനിന്നു മനസ്സിലാക്കേണ്ടതു്, ബൈബിൾ അവയെ നിത്യരക്ഷയ്ക്കുതകുന്ന

ശരിയായ മാർഗ്ഗങ്ങളായി കരുതുന്നുവെന്നോ, സുവിശേഷ വത്കരണം നമ്മുടെ അഭീഷ്ടത്തിനു വിട്ടിരിക്കുന്നു വെന്നോ അല്ല.

വേദപുസ്തകം പ്രേഷിതപ്രവർത്തനങ്ങളെ ശക്തി യുക്തം പിന്താങ്ങുകയും പ്രോത്സാഹിപ്പിക്കുകയും അതിനു വേണ്ടി വാദിക്കുകയും ചെയ്യുന്നു. മനുഷ്യരാശിയുടെ ആകമാനമുള്ള രക്ഷയും വിമോചനവും ദൈവം അഭി ലഷിക്കുന്നുവെന്ന് പഴയനിയമത്തിൽനിന്നെന്നപോലെ പുതിയനിയമത്തിൽനിന്നും പ്രസ്പഷ്ടമാകുന്നുണ്ട്. ഈ ലക്ഷ്യസാക്ഷാത്ക്കാരത്തിനായി ദൈവം ആദ്യഘട്ട ങ്ങളിൽ പ്രവാചകരെയും, അവസാനം സ്വപുത്രനെത്ത ന്നെയും ലോകത്തിലേക്ക് അയച്ചു. കൃത്യമായി പറ ഞ്ഞാൽ, ക്രിസ്തുവാണ് പ്രഥമമിഷനറി. എല്ലാ മനു ഷ്യരും ദൈവത്തിങ്കലേക്കു തിരിയുന്നതിനും ദൈവവു മായി യഥാർത്ഥ കൂട്ടായ്മ സ്ഥാപിക്കുന്നതിനുംവേണ്ടി ( യോഹ. 17,21; 1 യോഹ. 1, 1-5 ) എല്ലായിടത്തും സുവിശേഷം പ്രസംഗിക്കണമെന്ന് യേശുക്രിസ്തു തന്റെ ശിഷ്യന്മാരോടു കല്പിച്ചു. ദൈവത്തോടു സാത്മീഭവി ക്കണമെന്നുള്ള അവിടുത്തെ ആഹ്വാനത്തിന് മനുഷ്യ നിൽനിന്ന് സ്നേഹപൂർവമായ ഒരു പ്രതികരണമാണ് ദൈവം പ്രതീക്ഷിക്കുന്നത്. വിശ്വാസം കൂടാതെ നിത്യ രക്ഷ സാദ്ധ്യമല്ലെന്ന് പുതിയനിയമം വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. വിശ്വാസത്തെ ഉണർത്തുന്നതിനും, മനുഷ്യരെ ദൈവത്തെക്കുറിച്ചുള്ള സത്യവത്തായ ജ്ഞാന ത്തിലേക്കും സ്നേഹത്തിലേക്കും നയിക്കുന്നതിനും പ്രേഷിതപ്രഘോഷണം അത്യന്താപേക്ഷിതമാണ്, സംശയമില്ല.

രണ്ട്

# സുവിശേഷവത്കരണത്തിന്റെ ആവശ്യകത — സഭയുടെ പ്രബോധനങ്ങളുടെ വെളിച്ചത്തിൽ

## 1. സുവിശേഷവത്കരണത്തെക്കുറിച്ച് രണ്ടാം വത്തിക്കാൻ കൗൺസിലിനുമുമ്പുള്ള സഭയുടെ പ്രബോധനങ്ങൾ

പ്രേഷിതപ്രവർത്തനം തന്റെ ഒരു മൗലികധർമ്മമാണെന്ന് സഭ എക്കാലവും വിശ്വസിച്ചിരുന്നു. എന്നാൽ, "ആദിമനൂററാണ്ടുകളിൽ ചുരുക്കം ചില ഔദ്യോഗിക രേഖകൾമാത്രമേ സഭയുടെ പ്രേഷിതപ്രവർത്തനത്തെപ്പററി പരാമർശിച്ചിട്ടുള്ളൂ. ഇവിടെയും സഭാജീവിതത്തിന്റെ മററുതലങ്ങളിലെന്നപോലെ പ്രവൃത്തിമാർഗ്ഗം തത്ത്വത്തെ മുന്നിട്ടു."[1]

സഭയുടെ നാലാം നൂററാണ്ടിലെ വിവിധ അനുശാസനങ്ങളും, ഗ്രിഗോറിയോസ് ഒന്നാമൻ പാപ്പായുടെ തിരുവെഴുത്തുകളും ആദിമസഭയുടെ പ്രേഷിതപ്രവർത്തനത്തിലുള്ള താത്പര്യത്തിനു മതിയായ തെളിവുകളാണ്.[2] 1245-ൽ പ്രസിദ്ധീകരിക്കപ്പെട്ട, ഇന്നസെൻറ് നാലാമൻ പാപ്പായുടെ "ദേയി പാത്രിസ് ഇമ്മെൻസാ" (Dei Patris Immensa) എന്ന തിരുവെഴുത്ത്, മിഷൻ

പ്രവത്തനങ്ങളുടെനേരെയുള്ള സഭയുടെ സമീപനരീതി യെന്തെന്നു വ്യക്തമാക്കുന്ന മറെറാരു രേഖയാണ്. താത്ത രികളെ (Tatars) സംബോധനചെയ്തുകൊണ്ട്, അവരെ ക്രിസ്തുമതത്തിലേക്ക് ആനയിക്കുന്നതിനുവേണ്ടി എഴുത പ്പെട്ടതായിരുന്നു അതു്.

പതിനഞ്ചാം ഗ്രിഗോറിയോസ് മാർപ്പാപ്പ (+1623), വേദപ്രചാരണത്തിനുവേണ്ടി 1622-ൽ "പ്രൊ പ്പഗാന്ത തിരുസ്സംഘം" സ്ഥാപിച്ചുകൊണ്ട് പ്രേഷിത പ്രവത്തനത്തിൽ തനിക്കുള്ള അഭിനിവേശം വ്യക്തമാക്കു കയുണ്ടായി. "അജപാലനസംബന്ധമായ ജോലികളിൽ മുഖ്യം, ക്രൈസ്തവവിശ്വാസം പ്രചരിപ്പിച്ചുകൊണ്ട് മനുഷ്യരെ സത്യദൈവത്തെ അറിയാനും ആരാധിക്കാനും പഠിപ്പിക്കുകയാണെന്ന് അദ്ദേഹം വിശ്വസിച്ചു. അങ്ങ നെ ചെയ്യുമ്പോൾ അവർ ജീവിതത്തെ ഗൗരവമായി കണക്കിലെടുത്തുകൊണ്ട് ഭക്തിയിലും നീതിയിലും ഈ ലോകത്തിൽ ജീവിക്കുമെന്നും കരുതി"[3] അദ്ദേഹം ഈ തിരുസ്സംഘം സ്ഥാപിച്ചു. തൻെറ ഭരണാരംഭം മുതൽ വേദപ്രചരണാർത്ഥം പാടുള്ളതെല്ലാം അദ്ദേഹം ചെയ്തു. പരിശുദ്ധ സിംഹാസനത്തിൻെറ നയതന്ത്രപ്രതിനിധി കൾക്ക് അദ്ദേഹം നൽകിയ വിവിധ നിർദ്ദേശങ്ങളിൽ നിന്നു ഇക്കാര്യം വളരെ വ്യക്തമാണ്. 1621 ഏപ്രിൽ 5-ാംനു- മാർപ്പാപ്പ സ്പെയിനിലെ നൺസിയോയ്ക്കെഴു തിയ കത്തിൽ, കത്തോലിക്കാമതവും ദൈവമഹത്വവും, യൂറോപ്പിലും മദ്ധ്യപൂർവദേശങ്ങളിലും ഈസ്ററിൻ ഡീസിലും വെസ്ററിൻഡീസിലും വളർന്നുകാണണമെ ന്നുള്ളതു് തൻെറ തീവ്രാഭിലാഷമാണെന്നു അദ്ദേഹം പറ യുകയുണ്ടായി.[4]

ഗ്രിഗോറിയോസ് പതിനഞ്ചാമനെപ്പോലെ, ലിയോ പതിമൂന്നാമനും (+1903) സഭയുടെ പ്രേഷിത പ്രവർത്തനങ്ങൾക്ക് വളരെ ഉത്തേജനം നൽകി. അദ്ദേഹത്തിന്റെ ''സാങ്ക്താ ദേയി ചീവിത്താസ്'' (Sancta Dei Civitas - 1880) എന്ന ചാക്രികലേഖനം മിഷൻ പ്രവർത്തനത്തെപ്പററി സമഗ്രമായി പ്രതിപാദിക്കുന്നുണ്ട്. അതു തുടങ്ങുന്നതു് ഇപ്രകാരമാണു്: ''തിരുസ്സഭയാകുന്ന ദൈവത്തിന്റെ വിശുദ്ധ നഗരത്തിനു് പ്രാദേശികമായ അതിർത്തിവരമ്പുകളൊന്നുമില്ലാത്തതിനാൽ, അതിന്റെ കൂടാരസ്ഥലം വിസ്തൃതമാക്കുന്നതിനും അതിന്റെ പാർപ്പിടങ്ങളുടെ തിരശ്ശീലകൾ വീതികൂട്ടുന്നതിനും (ഏശ. 54,2) ഉള്ള അധികാരം അതിന്റെ സ്ഥാപകനിൽനിന്നു ലഭിച്ചിട്ടുണ്ട്".''[5] വി.പൗലോസ് റോമാക്കാർക്കെഴുതിയ ലേഖനത്തിലെ 10-ാം അദ്ധ്യായം 14 മുതലുള്ള വാക്യങ്ങൾ അനുസ്മരിച്ചുകൊണ്ടു്, സഭയുടെ വളർച്ചയ്ക്കുവേണ്ടി അദ്ധ്വാനിക്കുവാൻ മെത്രാന്മാർക്കും ദൈവജനത്തിനാകമാനവുമുള്ള കടപ്പാടിനെപ്പററി മാർപ്പാപ്പ ഓർപ്പിക്കുകയുണ്ടായി.

1919-ൽ ബനഡിക്ട് പതിനഞ്ചാമൻ മാർപ്പാപ്പ (+1912) പ്രസിദ്ധീകരിച്ച ''മാക്സിമും ഇല്ലൂദ്'' (Maximum Illud) എന്ന തിരുവെഴുത്തു് പ്രേഷിതപ്രവർത്തനങ്ങളെ സംബന്ധിച്ചിടത്തോളം സുപ്രധാനമാണ്. അതിൽ, വിശ്വാസപ്രചാരണം തന്റെ തീവ്രാഭിലാഷവും പ്രഥമകർത്തവ്യവുമാണെന്നു് പാപ്പാ പറഞ്ഞിരിക്കുന്നു.[6] പ്രേഷിതപ്രവർത്തനത്തിനു് തിരുസ്സഭയ്ക്കാകമാനമുള്ള കടമയെപ്പററി അദ്ദേഹം ഈ ചാക്രികലേഖനത്തിൽ അനുസ്മരിക്കുകയും അതേസമയം സുവിശേഷ

വേല കൂടുതൽ തീക്ഷ്ണതയോടും കാര്യക്ഷമതയോടും കൂടി നിർവഹിക്കുന്നതിന് മെത്രാന്മാരെ ആഹ്വാനം ചെയ്യുകയും ചെയ്യുന്നു. ബനഡിക്ട് പതിനഞ്ചാമന്റെ വീക്ഷണത്തിൽ, ദൈവത്തെപ്പററിയുള്ള അജ്ഞതമൂലം അക്രൈസ്തവർ അന്ധവും അനിയന്ത്രിതവുമായ ജന്മവാസനകൾക്കു വിധേയരായി തിന്മയുടെ ഭയാനകമായ ദാസ്യത്തിൽ കഴിയുന്നവരാണ്.[7] ലോകത്തെ ക്രൈസ്തവവത്കരിക്കാനുള്ള യേശുവിന്റെ കല്പനയും, അക്രൈസ്തവർ ദുർഭഗസ്ഥിതിയിൽ കഴിയുന്നുവെന്നുള്ള ചിന്തയുമാണ് മാർപ്പാപ്പായെ പ്രേഷിതപ്രവർത്തനത്തിന്റെ ആവശ്യകതയെപ്പററി ഊന്നിപ്പറയുവാൻ പ്രേരിപ്പിച്ചതെന്നു പറയാം. തന്മൂലം ലോകജനസംഖ്യയിൽബഹുഭൂരിപക്ഷമുള്ള അക്രൈസ്തവരുടെ ഇടയിൽ ക്രൈസ്തവാദർശങ്ങൾ പ്രചരിപ്പിക്കുന്നതിന് സർവ്വശക്തിയുമുപയോഗിച്ച് അക്ഷീണം യത്നിക്കുവാൻ അദ്ദേഹം മെത്രാന്മാരെ ആഹ്വാനംചെയ്തു.[8] സുവിശേഷവത്കരണം പ്രായോഗികമാക്കുന്നതിനുള്ള ഒരു മാർഗ്ഗമെന്ന നിലയിൽ, ഭാവിമിഷനറിമാരുടെ ആദ്ധ്യാത്മികവും ബൗദ്ധികവുമായ നല്ല പരിശീലനത്തിനു വളരെ പ്രാധാന്യമുണ്ടെന്നു് ഈ ചാക്രികലേഖനം ചൂണ്ടിക്കാണിക്കുന്നു.[9] നല്ല ശിക്ഷണം ലഭിച്ച, ആത്മാക്കളുടെ രക്ഷയിൽ തീക്ഷ്ണതയുള്ള ഒരു മിഷനറി പ്രയാസങ്ങളെ ധീരമായി നേരിടുമെന്നും ഒരൊററ ആത്മാവിനെപ്പോലും രക്ഷിക്കുന്നതിനുവേണ്ടി ആവശ്യമെങ്കിൽ ജീവാർപ്പണം ചെയ്യുമെന്നും മാർപ്പാപ്പ അഭിപ്രായപ്പെട്ടു. പ്രേഷിതപ്രവർത്തനത്തിന്റെ ആക്കം കൂട്ടുന്നതിന് തദ്ദേശീയവൈദികരുടെ എണ്ണം വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കണമെന്നും പ്രസ്തുത ചാക്രികലേഖനം

ഉദ്ബോധിപ്പിക്കുകയുണ്ടായി.

തന്റെ മുൻഗാമിയായ ബനഡിക്റ്റ് പതിനഞ്ചാമൻ മാപ്പാപ്പായുടെ ആശയങ്ങളെ സ്വായത്തമാക്കിക്കൊണ്ട്, പതിനൊന്നാം പീയൂസ് മാർപ്പാപ്പ (+1939) സുവിശേഷവേലക്ക് കത്തോലിക്കാവിശ്വാസികളെ ശക്തിയുക്തം ആഹ്വാനം ചെയ്യുകയുണ്ടായി. മിഷൻപ്രവർത്തനങ്ങൾക്ക പ്രോത്സാഹനം നൽകുന്നതിനുവേണ്ടി 1926-ൽ "റേരും എക്ലേസിയേ" (Rerum Ecclesiae) എന്ന ചാക്രികലേഖനം അദ്ദേഹം പ്രസിദ്ധീകരിച്ചു. പ്രസ്തുത തിരുവെഴുത്തിന്റെ ആരംഭത്തിൽതന്നെ, തിരുസ്സഭയുടെ അസ്തിത്വത്തിന്റെ ലക്ഷ്യം "ക്രിസ്തുവിന്റെ സാമ്രാജ്യം വിസ്തൃതമാക്കിക്കൊണ്ട്, അവിടുന്നു നമുക്കു പ്രദാനം ചെയ്ത നിത്യരക്ഷയിൽ എല്ലാ മനുഷ്യരെയും പങ്കാളികളാക്കുക"[10] എന്നുള്ളതാണെന്ന് അദ്ദേഹം വിശദീകരിച്ചു. ദൈവജ്ഞാനവും ദൈവാനുഗ്രഹവും നഷ്ടപ്പെട്ടു ജീവിക്കുന്ന ഭൂരിപക്ഷംവരുന്ന അവിശ്വാസികളെപ്പററിയുള്ള ചിന്ത തന്നെ പലപ്പോഴും മഥിക്കുന്നുവെന്ന് പാപ്പാ തുറന്നു പറഞ്ഞു.

മെത്രാന്മാർക്കോ വൈദികർക്കോ അല്മായർക്കോ മിഷൻപ്രവത്തനങ്ങളെ സഹായിക്കാനുള്ള കടമയിൽ നിന്നു ഒഴിഞ്ഞുമാറാവുന്നതല്ലെന്നു പതിനൊന്നാം പീയൂസ് മാർപ്പാപ്പ പഠിപ്പിച്ചു.[11] ക്രിസ്തുവിനുവേണ്ടിയും ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടിയും സ്വയം നിർദ്ധനരാകേണ്ടിവന്നാൽപ്പോലും ലജ്ജിക്കേണ്ടതില്ലെന്ന് അദ്ദേഹം മെത്രാന്മാരെ ഓർപ്പിച്ചു. മാത്രമല്ല, തങ്ങളുടെ പ്രസംഗചാതുരിയും രചനാവൈഭവവും മിഷൻപ്രവത്തനത്തിന്റെ വളർച്ചയ്ക്കുവേണ്ടി അവർ വിനിയോഗിക്ക

ണമെന്നും മാർപ്പാപ്പ ഉദ്ബോധിപ്പിക്കുകയുണ്ടായി.[12] ഈ ചാക്രികലേഖനത്തിൽ പ്രേഷിതപ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് ഉതകുന്ന പ്രത്യക്ഷ നിർദ്ദേശങ്ങളും പാപ്പാ നൽകുന്നുണ്ട്. മിഷനറി ദൈവവിളികളെ പ്രോത്സാഹിപ്പിക്കുക, പ്രത്യേക പരിശീലനം സിദ്ധിച്ച മിഷനറിമാരെ അക്രൈസ്തവരുടെ പക്കലേക്കയയ്ക്കുക, രൂപതാതലത്തിൽ "വൈദികരുടെ മിഷൻ സംഘടന" സ്ഥാപിക്കുക, മതാദ്ധ്യാപകരുടെ എണ്ണം കൂട്ടുക, സന്യാസജീവിതത്തെ പ്രോത്സാഹിപ്പിക്കുക തുടങ്ങിയ കാര്യങ്ങൾ അവയിൽപെടും. ഇതിനുപുറമേ, അക്രൈസ്തവരുടെ ഹൃദയപരിവർത്തനം സാധിച്ച് സുവിശേഷവത്കരണം വിജയപ്രദമാകുന്നതിനുവേണ്ടി വിശ്വാസികൾ ഏവരും പതിവായി പ്രാർത്ഥിക്കണമെന്നും അദ്ദേഹം നിഷ്കർഷിക്കുകയുണ്ടായി.[13]

പ്രേഷിതപ്രവർത്തനത്തെപ്പററിയുള്ള മറെറാരു സുപ്രധാന രേഖയാണ്, 1951-ൽ പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പ (+1958) പ്രസിദ്ധീകരിച്ച "എവാഞ്ചേലീ പ്രെക്കോണെസ്" (Evangelii Praecones) എന്ന ചാക്രികലേഖനം.[14] ഇത് മിഷൻപ്രവർത്തനത്തിൻെറ തത്വങ്ങളും ലക്ഷ്യങ്ങളും വിശദീകരിക്കുന്നു. പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പായുടെ അഭിപ്രായപ്രകാരം, പ്രേഷിതവൃത്തി തുടരുന്നതിന് സഭയെ പ്രേരിപ്പിക്കുന്ന ഘടകങ്ങൾ പലതാണ്: പരസ്നേഹവും മനുഷ്യന് ദൈവത്തിൻെറനേരെ ഉണ്ടായിരിക്കേണ്ട നന്ദിയും, അവിടുത്തെ അറിയാത്ത നമ്മുടെ സഹജീവികളെ നിത്യരക്ഷയിലേക്ക് ആനയിക്കുവാൻ നമ്മെ കടപ്പെടുത്തുന്നുണ്ട്. നാസ്തികൃത്തിൻെറയും ഭൗതികവാദത്തിൻെറയും ചങ്ങല

കളിൽനിന്നു മനുഷ്യരെ മോചിപ്പിക്കുന്നതിനും പ്രേഷിത പ്രവർത്തനം ആവശ്യമാണെന്നു പാപ്പാ കരുതുന്നു. മനുഷ്യരുടെ ഇടയിൽ സാഹോദര്യം വളർത്തിയെടുക്കുന്നതിനും അവക്കു ഗുണകരമായവയെ പരിപോഷിപ്പിക്കുന്നതിനും സുവിശേഷവത്കരണം അനിവാര്യമത്രേ. ''ജനപദങ്ങളുടെമേൽ മേൽക്കോയ്മ സ്ഥാപിക്കുകയോ താല്ക്കാലികാധികാരങ്ങൾ നേടുകയോ അല്ല സഭയുടെ ലക്ഷ്യം. എല്ലാ ജനതകൾക്കും വിശ്വാസത്തിന്റെ അലൗകികപ്രകാശം നൽകുകയും അവരുടെ സാംസ്കാരിക പ്രബുദ്ധതയെ വളർത്തുകയും ജനപദങ്ങൾക്കിടയിൽ സാഹോദര്യമനഃസ്ഥിതി കെട്ടിപ്പടുക്കുകയുമാണ് അവളുടെ ഉദ്ദേശ്യം.''[15]

ഈ ചാക്രികലേഖനത്തിന്റെ നല്ലൊരു ഭാഗവും മിഷൻപ്രവർത്തനത്തിന് ഉതകുന്ന പ്രായോഗിക നിർദ്ദേശങ്ങൾക്കായി മാററിവച്ചിരിക്കുന്നു. പ്രേഷിതവേലയിൽ അല്മായർക്ക് കൂടിയ പങ്കാളിത്തം നൽകണമെന്ന് പാപ്പാ ശക്തിപൂർവം ഉദ്ബോധിപ്പിക്കുന്നുണ്ട്. പന്ത്രണ്ടാം പീയൂസിന്റെ അഭിപ്രായത്തിൽ, കൂടുതൽ അല്മായർ കത്തോലിക്കാപ്രവർത്തനത്തിന്റെ വിവിധ മണ്ഡലങ്ങളിൽ സേവനത്തിനു തയ്യാറാകുകയും, സഭാധികാരികളുമായി കലവറയില്ലാതെ സഹകരിച്ച് പ്രേഷിതപ്രവർത്തനത്തെ സഹായിക്കുകയുംവേണം. പ്രാർത്ഥന വഴിയും സാമ്പത്തികസഹായം നൽകിയും സുവിശേഷ പ്രചാരണത്തെ ത്വരിതപ്പെടുത്താൻ മാർപ്പാപ്പ എല്ലാവരെയും മാടിവിളിക്കുന്നു : ''വിശ്വാസികളേവരും... മിഷനറിമാർക്കുവേണ്ടിയുള്ള സൽപ്രവൃത്തികളുടെ എണ്ണം വർദ്ധിപ്പിക്കുകയും, അവർക്കുവേണ്ടി നിസ്തന്ദ്രം തീക്ഷ്ണതയോടെ ദൈവത്തോടു പ്രാർത്ഥിക്കുകയും, കഴിവുപോലെ

അവരെ സാമ്പത്തികമായി സഹായിക്കുകയും ചെയ്തു കൊണ്ടു് മിഷൻപ്രവർത്തനങ്ങളെ ശക്തിപ്പെടുത്താനുള്ള തങ്ങളുടെ ദൃഢനിശ്ചയത്തിൽ മുമ്പോട്ടുപോകണം.''[16] പ്രേഷിതപ്രവർത്തനത്തിനു വളരെ ഗുണകരമെന്ന നിലയിൽ, മാർപ്പാപ്പ വിദ്യാഭ്യാസസ്ഥാപനങ്ങളുടെയും ആതുരാലയങ്ങളുടെയും നടത്തിപ്പു് ശക്തിമത്തായി ശിപാർശ ചെയ്യുന്നു. അതുപോലെ സുവിശേഷപ്രചാരണത്തിന്റെ കാര്യത്തിൽ മുദ്രാലയപ്രേഷിതത്വത്തിനുള്ള പ്രാധാന്യത്തെപ്പററിയും ഈ ചാക്രികലേഖനം ഊന്നിപ്പറയുന്നുണ്ടു്. മാത്രമല്ല, തദ്ദേശസംസ്കാരത്തെ വിലമതിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യണമെന്നും പാപ്പാ മിഷനറിമാരെ ഉദ്ബോധിപ്പിക്കുന്നു. മിഷൻ പ്രദേശങ്ങളിൽ സാമൂഹ്യനീതി വളർത്തുന്ന കാര്യത്തിൽ അവർക്കുള്ള കടമയെപ്പററിയും മാർപ്പാപ്പ അവരെ അനുസ്മരിപ്പിക്കുന്നുണ്ടു്.

പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പ മററു പല അവസരങ്ങളിലും സുവിശേഷവത്കരണത്തിന്റെ ആവശ്യകതയെപ്പററിയുള്ള തന്റെ അഭിപ്രായങ്ങൾ ആവർത്തിച്ചു പറഞ്ഞിട്ടുണ്ടു്. 1957 - ൽ അദ്ദേഹം പ്രസിദ്ധീകരിച്ച ''ഫീദെയി ദോനും'' (Fidei Donum) എന്ന ചാക്രികലേഖനം ഈയവസരത്തിൽ പ്രത്യേകം പ്രസ്താവ്യമത്രേ.

അവസാനമായി, ഇരുപത്തിമൂന്നാം ജോൺ മാർപ്പാപ്പ 1959-ൽ പ്രസിദ്ധീകരിച്ച ''പ്രിഞ്ചെപ്സ് പാസ്റ്റോരും'' (Princeps Pastorum) എന്ന ചാക്രികലേഖനം ഇത്തരുണത്തിൽ പ്രത്യേകം സ്മർത്തവ്യമാണു്. ബനഡിക്ടു് പതിനഞ്ചാമൻ മാർപ്പാപ്പ എഴുതിയ ''മാക്സിമും ഇല്ലൂദ്'' എന്ന തിരുവെഴുത്തിന്റെ 40-ാം

വാർഷികത്തിലാണ് ഇതു പ്രസിദ്ധീകരിക്കപ്പെട്ടതു്. ''ബനഡിക്ട് പതിനഞ്ചാമൻ മാർപ്പാപ്പായുടെയും അദ്ദേഹത്തിൻെറ പിൻഗാമികളുടെയും ആശയങ്ങളെ ഇതു വിപുലീകരിക്കുകയും, മിഷൻപ്രദേശങ്ങളിലെ പുതിയ സാഹചര്യങ്ങളുമായി അവയെ ബന്ധിക്കുകയും ചെയ്യുന്നു.''[17] സുവിശേഷപ്രഘോഷണം നടത്തുന്നവർക്കു ശരിയായ പരിശീലനം ലഭിച്ചിരിക്കേണ്ടതിൻെറ ആവശ്യകതയെപ്പററി ജോൺ ഇരുപത്തിമൂന്നാമൻ ഊന്നിപ്പറയുന്നു: ''സുവിശേഷവത്കരണത്തെക്കുറിച്ചുള്ള ദൈവശാസ്ത്രത്തിൻെറ വിവിധ ശാഖകളിൽ വേണ്ടത്ര പരിജ്ഞാനം നൽകുന്നതിനുള്ള മാർഗ്ഗങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിൽ മിഷൻരാജ്യങ്ങളിലെ സെമിനാരികൾ പരാജയപ്പെട്ടുകൂടാ; പ്രത്യേകിച്ച് ആ രാജ്യങ്ങളിലെ വൈദികരുടെ ഭാവിപ്രവർത്തനത്തിനു് നിർണ്ണായകപ്രാധാന്യമുള്ള വിഷയങ്ങളിൽ അവർക്കു പ്രത്യേകപരിശീലനം നൽകേണ്ടിയിരിക്കുന്നു. ഇത്തരത്തിലുള്ള അഭ്യസനം... വൈദികവിദ്യാർത്ഥികളുടെ മാനസികവികാസത്തെക്കൂടി ഉന്നംവച്ചുകൊണ്ടുള്ളതായിരിക്കണം. അപ്പോൾ ജന്മനാടിൻെറ സാംസ്കാരികപാരമ്പര്യങ്ങളെ, പ്രത്യേകിച്ച് തത്ത്വശാസ്ത്ര - ദൈവശാസ്ത്ര സംഹിതകളെ, ശരിക്കു വിലയിരുത്തുന്നതിനും അവയും ക്രിസ്തുമതവും തമ്മിലുള്ള പ്രത്യേക ബന്ധങ്ങൾ ഏവയെന്നു മനസ്സിലാക്കുന്നതിനും അവർക്കു സാധിക്കും.''[18]

അല്മായർ സഭയുടെ പ്രേഷിതപ്രവർത്തനങ്ങളിൽ സജീവമായി പങ്കുചേരണമെന്ന് ''എവാഞ്ചേലീ പ്രെക്കോണെസ്''എന്ന ചാക്രികലേഖനത്തിലൂടെ പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പ ഉദ്ബോധിപ്പിച്ചിരുന്നെ

ങ്കിൽ, ഇരുപത്തിമൂന്നാം ജോൺ മാർപ്പാപ്പായും ഇക്കാര്യം ഊന്നിപ്പറയുന്നുണ്ട്: ''സഭ അവളുടെ രക്ഷാകരജോലി തുടരുന്നതിന് വൈദികരിലൂടെയും അതുപോലെതന്നെ അല്മായരിലൂടെയും പ്രവർത്തിക്കേണ്ടിയിരിക്കുന്നു.''[19]

## 2. സഭയുടെ മിഷൻപ്രവർത്തനത്തെക്കുറിച്ച് രണ്ടാം വത്തിക്കാൻ കൗൺസിൽ

അക്രൈസ്തവമതങ്ങളെക്കുറിച്ച് രണ്ടാം വത്തിക്കാൻ കൗൺസിൽ പുറപ്പെടുവിച്ച വിശാലോദാരമായ പ്രസ്താവനകളും, ദൈവത്തിൻെറ രക്ഷാകരപദ്ധതിയിൽ അക്രൈസ്തവമതസമൂഹങ്ങളെയും ഉൾക്കൊള്ളിക്കുവാൻ ആധുനിക ദൈവശാസ്ത്രജ്ഞന്മാർ നടത്തുന്ന ചില ശ്രമങ്ങളും സഭയുടെ സുവിശേഷവത്കരണദൗത്യത്തിലുള്ള ഉറച്ചനിലപാടിനെ സംബന്ധിച്ച് ചില സംശയങ്ങളും തെററിദ്ധാരണകളും ഉളവാക്കിയിരിക്കുന്നതായി തോന്നുന്നു. സഭ പ്രേഷിതപ്രവർത്തനങ്ങളുടെ കാര്യത്തിൽ ഇപ്പോഴും സജീവമായ ഔത്സുക്യവും നിഷ്കർഷതയും പുലർത്തുന്നുണ്ടോ ? അതോ രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം സഭ അക്കാര്യത്തിൽ ചാഞ്ചല്യം കാട്ടുകയാണോ ? ഇതിനുള്ള ഉത്തരം കിട്ടുന്നതിന് സൂനഹദോസിൻെറ പ്രമാണരേഖകളിലേക്കുതന്നെ നമുക്കു ശ്രദ്ധതിരിക്കാം; സഭയുടെ പ്രേഷിതദൗത്യത്തെ ദുർബലപ്പെടുത്തുന്ന യാതൊരു സൂചനയും അവയിലില്ലെന്ന് അപ്പോൾ ബോദ്ധ്യമാകും.

രണ്ടാം വത്തിക്കാൻ കൗൺസിൽ മിഷൻപ്രവർത്തനത്തെ സഭയുടെ പ്രഥമവും പ്രധാനവുമായ കർത്തവ്യമാ

ട്ടാണ് ചൂണ്ടിക്കാണിച്ചിരിക്കുന്നത്. സഭാജീവിത
ിന്റെ കേന്ദ്രസ്ഥാനത്ത് അതിനെ പ്രതിഷ്ഠിക്കുകയും
ചെയ്തിരിക്കുന്നു. "രണ്ടാം വത്തിക്കാൻ കൗൺസിൽപോ
ലെ സഭയുടെ രക്ഷാകരമായ അജപാലനവൃത്തിയെ
പ്പറ്റിയും, വിശ്വവ്യാപകമായ മിഷൻപ്രവർത്തനത്തെ
പ്പറ്റിയും ഇത്രമാത്രം ഊന്നിപ്പറയുകയും ഇത്ര നിഷ്കർഷ
യോടെ പഠിപ്പിക്കുകയും ചെയ്തിട്ടുള്ള മറ്റൊരു കൗൺ
സിലും ഉണ്ടായിട്ടില്ല."[20]

സുവിശേഷവത്കരണത്തിന്റെ ആവശ്യകതയെ
പ്പറ്റി പ്രസ്താവിക്കുന്ന രണ്ടാം വത്തിക്കാൻ കൗൺസി
ലിന്റെ ഏറ്റം പ്രധാനപ്പെട്ട പ്രമാണരേഖകൾ, തിരു
സ്സഭയെക്കുറിച്ചുള്ളതും പ്രേഷിതപ്രവർത്തനത്തെ അധിക
രിച്ചുള്ളതുമാണ്. തിരുസ്സഭ എന്ന പ്രമാണരേഖയിലെ
പതിനാറും പതിനേഴും വകുപ്പുകളിൽ സഭയുടെ മിഷന
റി സ്വഭാവത്തിന്റെ സൈദ്ധാന്തികമായ ഒരു വിവരണം
തന്നെ ഉൾക്കൊള്ളിച്ചിരിക്കുന്നു; കൂടാതെ ഇതരമതങ്ങ
ളോട് പുലർത്തേണ്ട ബന്ധത്തിന്റെ സ്വഭാവവും. ഈ
വകുപ്പുകളുടെ ദൈവശാസ്ത്രപരവും പ്രായോഗികവുമായ
പരിപുലനമാണ് മിഷൻപ്രവത്തനത്തെക്കുറിച്ചുള്ള പ്രമാ
ണരേഖയിൽ നൽകിയിരിക്കുന്നത്. ഈ ഡിക്രി പ്രേഷി
തവൃത്തിയെക്കുറിച്ച് വ്യക്തമായ ഒരു വിശദീകരണം
നൽകിക്കൊണ്ട് എല്ലാവിധ ചിന്താക്കുഴപ്പവും ഒഴിവാ
ക്കുന്നു: " തിരുസ്സഭയാൽ അയയ്ക്കപ്പെടുന്ന സുവിശേഷ
പ്രബോധകർ ലോകമെങ്ങും സഞ്ചരിച്ച്, ഇനിയും
ക്രിസ്തുവിൽ വിശ്വസിക്കാത്ത ജനതകളോടും സമൂഹങ്ങ
ളോടും സുവിശേഷം പ്രസംഗിക്കുകയും അവരുടെയിട
യിൽ സഭ സ്ഥാപിക്കുകയും ചെയ്യുന്ന പ്രത്യേക പ്രസ്ഥാ

 നങ്ങളെയാണു് 'മിഷൻ' എന്ന പ്രയോഗംകൊണ്ടു് സാധാരണമായി അർത്ഥമാക്കുന്നതു്'' (പ്രേഷിതപ്രവർത്തനം, നമ്പർ 6). മിഷൻ എന്താണെന്നു നിർവചിച്ച ശേഷം സുവിശേഷവത്കരണത്തിന്റെ ലക്ഷ്യങ്ങൾ നിർണ്ണയിക്കാനാണു് കൗൺസിൽ ശ്രമിക്കുന്നതു്: ''സഭ ഇനിയും വേരുറപ്പിച്ചിട്ടില്ലാത്ത ജനതകളുടെയും സമൂഹങ്ങളുടെയും ഇടയിൽ സുവിശേഷവത്കരണവും സഭാസ്ഥാപനവും നിർവഹിക്കുക എന്നതാണു് മിഷൻപ്രവർത്തനത്തിന്റെ പ്രത്യേകമായ ദൗത്യം... സഭ നട്ടുപിടിപ്പിക്കുന്നതിനുള്ള പ്രാധാന മാർഗ്ഗം, യേശുക്രിസ്തുവിന്റെ സുവിശേഷം പ്രസംഗിക്കുകയാണു്'' (പ്രേഷിതപ്രവർത്തനം, നമ്പർ 6).

സമസ്തലോകത്തിനും സുവിശേഷം അറിയിക്കുന്നതിനുള്ള മഹത്തായ അധികാരം ക്രിസ്തുവിൽനിന്നു സഭയ്ക്കു ലഭിച്ചിട്ടുണ്ടെന്നു് കൗൺസിലിനു പൂർണ്ണബോദ്ധ്യമുണ്ടായിരുന്നു. ''രക്ഷയുടെ സാർവലൗകിക കൂദാശ'' (പ്രേഷിതപ്രവർത്തനം, നമ്പർ 1; തിരുസ്സഭ, നമ്പർ 48) യായിരിക്കാൻ സഭ ക്രിസ്തുവിനാൽ നിയുക്തയായിരിക്കെ, സുവിശേഷപ്രഘോഷണത്തിന്റെ കടമയിൽനിന്നു ഒഴിഞ്ഞുമാറുവാൻ അവൾക്കു സാദ്ധ്യമല്ല. എല്ലാ ജനപദങ്ങളുടെയും വെളിച്ചവും രക്ഷയുടെ അടയാളവുമായിരിക്കേണ്ട സഭ എല്ലാ ജനതകൾക്കിടയിലും സജീവമായി പ്രവർത്തിക്കുകയും സാത്മീഭവിക്കുകയും വേണം. ''തീർത്ഥാടക സഭ സ്വഭാവത്താലെതന്നെ പ്രേഷിത'' യാകയാൽ (പ്രേഷിതപ്രവർത്തനം, നമ്പർ 2) സഭയ്ക്കു് മിഷൻപ്രവർത്തനങ്ങളിലൂടെ മാത്രമേ അവളുടെ തനിമ നിലനിറുത്തുവാൻ കഴിയുകയുള്ളു.

പ്രേഷിതപ്രവർത്തനം എന്ന പ്രമാണരേഖയിൽ സുവിശേഷവേലയുടെ പ്രചോദനഹേതുക്കളെക്കുറിച്ചു പ്രതിപാദിക്കവെ, ദൈവത്തിനും മനുഷ്യനും ഇടയ്ക്കുള്ള മദ്ധ്യസ്ഥൻ യേശുക്രിസ്തു മാത്രമാണെന്നും മററാരിലൂടെയും രക്ഷപ്രാപിക്കാൻ സാദ്ധ്യമല്ലെന്നുമുള്ള പുതിയനിയമ പ്രബോധനം കൗൺസിൽ എടുത്തുപറയുന്നുണ്ട്. അക്രൈസ്തവസമൂഹത്തിൽ പല നല്ല മൂല്യങ്ങൾ ഉണ്ടെങ്കിലും, ദൈവത്തിൻെറ രക്ഷാകരപദ്ധതിയിൽ സുവിശേഷ പ്രബോധനവും മനുഷ്യൻെറ നിത്യരക്ഷയും അന്യോന്യം ബന്ധപ്പെട്ടാണിരിക്കുന്നതു്.

രണ്ടാം വത്തിക്കാൻ കൗൺസിൽ മിഷൻപ്രവത്തനത്തെ ദൈവത്തിൻെറ രക്ഷണീയാഭീഷ്ടത്തിൻെറ വെളിച്ചത്തിൽ വിലയിരുത്തിയിരിക്കുകയാണ്. "എല്ലാവരും രക്ഷപ്രാപിക്കണമെന്നും സത്യം അറിയണമെന്നും ഇച്ഛിക്കുന്ന ദൈവത്തിൻെറ ഇഷ്ടം മാത്രമാണ് മിഷൻ പ്രവത്തനങ്ങൾക്കുള്ള സാധൂകരണം. കാരണം, ദൈവം ഒന്നേയുള്ളു; ദൈവത്തിനും മനുഷ്യനും ഇടയിൽ മദ്ധ്യസ്ഥനായി ഒരുവൻമാത്രം - മനുഷ്യനായ ക്രിസ്തു. 'അവിടുന്ന് എല്ലാവരെയും വീണ്ടെടുക്കുന്നതിനായി സ്വയം സമപ്പിച്ചു' (1 തിമോ. 2,4-5). 'അങ്ങിലല്ലാതെ മററാരിലും രക്ഷയില്ല' (ശ്ലീഹ. 4,12). തന്മൂലം സഭയുടെ പ്രസംഗത്താൽ ദൃശ്യനാകുന്ന ക്രിസ്തുവിലേക്ക് എല്ലാവരും മനസ്സു തിരിഞ്ഞു വരണം; മാമ്മോദീസാവഴി ക്രിസ്തുവിലും അവിടുത്തെ ശരീരമായ സഭയിലും അവർ ഐക്യപ്പെടണം. ക്രിസ്തുതന്നെ 'വിശ്വാസത്തിൻെറയും മാമ്മോദീസായുടെയും ആവശ്യം വ്യക്തമായ രീതിയിൽ പ്രഖ്യാപിച്ചിട്ടുണ്ട് (മക്കോ. 16,16; യോഹ. 3,5); അങ്ങനെ ഒരു

വാതിലിലൂടെയെന്നവണ്ണം മാമ്മോദീസാവഴി മനുഷ്യരെല്ലാം പ്രവേശിക്കേണ്ട സഭ ആവശ്യമാണെന്നു് ഉറപ്പിച്ചു പറഞ്ഞിട്ടുമുണ്ടു്. അതിനാൽ ക്രിസ്തുവിൻെറ സഭയെ ഒരവശ്യഘടകമായി ദൈവം സ്ഥാപിച്ചുവെന്നറിഞ്ഞിട്ടും അതിൽ പ്രവേശിക്കുവാനും, നിലനില്ക്കുവാനും വിസമ്മതിക്കുന്നവർ രക്ഷപ്പെടുക സാദ്ധ്യമല്ല' '' (പ്രേഷിത പ്രവർത്തനം, നമ്പർ 7). മനുഷ്യഹൃദയങ്ങളിൽ പ്രസാദവരങ്ങളിലൂടെ പരിശുദ്ധാത്മാവിൻെറ പ്രവർത്തനസാദ്ധ്യത ഉള്ളതിനാൽ, സഭയുടെ പ്രത്യക്ഷാംഗത്വം ഇല്ലെങ്കിലും മനുഷ്യർക്കു് ആത്മരക്ഷ സാദ്ധ്യമാണെന്നു കൗൺസിൽ സമ്മതിക്കുന്നുണ്ടെങ്കിലും മിഷൻപ്രവർത്തനത്തിൻെറ ആവശ്യകതയിലേക്കാണു് അതു ശക്തിയുക്തം വിരൽ ചൂണ്ടുന്നതു്. ''സ്വന്ത കുററത്താലല്ലാതെ സുവിശേഷം അറിയാതിരിക്കുന്നവരെ ദൈവം നിഗൂഢമാർഗ്ഗങ്ങളിലൂടെ വിശ്വാസത്തിലേക്കു് - ദൈവത്തെ പ്രസാദിപ്പിക്കുവാൻ അത്യന്താപേക്ഷിതമായ വിശ്വാസത്തിലേക്കു് ( എബ്രാ· 11,6 ) - നയിക്കുവാൻ പാടുണ്ടെങ്കിലും സുവിശേഷം പ്രസംഗിക്കുന്നതിനുള്ള ആവശ്യകതയും (1 കോറി. 9,16), അതേസമയം അതിനുള്ള പരിശുദ്ധമായ കടമയും സഭയ്ക്കുണ്ടു്. തന്മൂലം എക്കാലത്തുമെന്നതുപോലെ ഇന്നും മിഷൻപ്രവർത്തനത്തിൻെറ ശക്തിയും പ്രസക്തിയും അഭംഗുരമായി നിലകൊള്ളുന്നു'' (പ്രേഷിത പ്രവർത്തനം, നമ്പർ 7).

മാനവരാശിയോടു് ആകമാനമുള്ള ദൈവത്തിൻെറ രക്ഷണീയാഭീഷ്ടവും പ്രസാദവും സുവിശേഷപ്രഘോഷണത്തിനുള്ള ബാദ്ധ്യത അസാധുവാക്കുന്നില്ല. കാരണം, രക്ഷയ്ക്കുള്ള മാദ്ധ്യമമായി ദൈവം അംഗീകരിച്ചുറ

പ്പിച്ചിട്ടുള്ളതു് ആ മാർഗ്ഗമാണല്ലോ. ''ദൈവത്തിനു മനുഷ്യവംശത്തോടുള്ള കാരുണ്യാതിരേകം, എല്ലാവർക്കും രക്ഷയുടെ മാർഗ്ഗം ചൂണ്ടിക്കാണിച്ചുകൊടുക്കുന്നതിൽനിന്നു സഭയെ പിന്തിരിപ്പിക്കുന്നില്ല. കാരണം, ദൈവം തന്നെയാണല്ലോ ആ മാർഗ്ഗം വെളിപ്പെടുത്തിയിട്ടുള്ളതും. പരിപൂർണ്ണമായ സത്യത്തിന്റെ സ്രോതസ്സും, ക്രിസ്തുവിനോടും പരിശുദ്ധാത്മാവിനോടുമുള്ള ഐക്യത്തിൽ വിശുദ്ധിയിലേക്കും സ്വർഗ്ഗസൗഭാഗ്യത്തിലേക്കുമുള്ള മാർഗ്ഗവും അതാണല്ലോ. കൂടാതെ നിത്യജീവൻ പ്രാപിക്കുന്നതിനു് പിതാവായ ദൈവത്തെയും പിതാവു് ഭൂമിയിലേക്കു് അയച്ച യേശുക്രിസ്തുവിനെയും അറിയേണ്ടതു് ആവശ്യമാണെങ്കിൽ, ഈ ഭൂമിയിൽവച്ചു് ക്രിസ്തുവിന്റെ സുവിശേഷം ആശ്ലേഷിക്കുന്നതോടുകൂടി മനുഷ്യർക്കു് പൂർണ്ണതയും പരിപൂർത്തിയും പരമാനന്ദവും ലഭ്യമാകുകയും ചെയ്യുന്നു. വിശ്വാസത്തെപ്രതി ആത്മബലിയർപ്പിച്ച അനേകർ ഈ വസ്തുതയാണു് സ്വയം വിളംബരം ചെയ്യുന്നതു്. ജീവിതപ്പാതയിൽ ക്രിസ്തുവിനു സാക്ഷ്യം വഹിക്കുവാനും അവിടുത്തെ തൃച്ചേവടികളെ പിഞ്ചെല്ലുവാനും ലഭിച്ച ഒരവസരവും അവർ പാഴാക്കിയില്ല.''[21]

മററുവിധത്തിൽ പറഞ്ഞാലും, സുവിശേഷവത്കരണം അവശ്യംകരണീയമായ ഒരു കർത്തവ്യമാണു്. പ്രേഷിതപ്രവർത്തനം എന്ന പ്രമാണരേഖയിൽ പറയുന്നതുപോലെ, അക്രൈസ്തവസമൂഹത്തിന്റെ മതപരമായ സിദ്ധാന്തങ്ങളും ആചാരാനുഷ്ഠാനങ്ങളും ''ദൈവത്തിന്റെ കരുണാമസൃണമായ പരിപാലനക്രമത്തിൽ ചിലപ്പോഴ് സത്യദൈവത്തിലേക്കുള്ള ഒരു കൈചൂണ്ടിയായോ സുവിശേഷസ്വീകരണത്തിനുള്ള ഒരുക്കമായോ

തീൎന്നേക്കാം. എങ്കിലും ഇത്തരം ശ്രമങ്ങൾ വ്യക്തവും ശുദ്ധവുമാകേണ്ടതുണ്ടു്'' (നമ്പർ 3). സാമൂഹ്യപ്രവൎത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിനുവേണ്ടി ചിലപ്പോഴൊക്കെ അക്രൈസ്തവരോടുള്ള സുവിശേഷപ്രഘോഷണം ഉപേക്ഷിക്കുകയോ മന്ദീഭവിപ്പിക്കുകയോ ആകാമെന്നുള്ള വാദഗതി കൗൺസിൽ പ്രമാണരേഖകളുടെ വെളിച്ചത്തിൽ തികച്ചും അസ്ഥാനത്തായിരിക്കുകയാണു്. ''സഭയുടെ ഈ പ്രേഷിതപ്രവൎത്തനത്തിലെ വിവിധ ഘട്ടങ്ങൾ ചിലപ്പോഴെല്ലാം ഇടകലൎന്നു സ്ഥിതിചെയ്യുന്നു. ഒരുവശത്തു് ആരംഭദശയിലുള്ള സഭയെങ്കിൽ മറുവശത്തു കാണുന്നതു് യുവത്വംപ്രാപിച്ച സഭയാണു്. ഈ ഘട്ടങ്ങളെല്ലാം കഴിഞ്ഞാലും സഭയുടെ മിഷൻപ്രവൎത്തനം അവസാനിക്കുന്നില്ല. മറിച്ച് ഇതിനകം സ്ഥാപിതമായ ഓരോ സഭയ്ക്കും ഈ പ്രവൎത്തനം തുടൎന്നുകൊണ്ടുപോകുന്നതിനും ഇനിയും ശേഷിച്ചിരിക്കുന്നവരോട് സുവിശേഷം പ്രസംഗിക്കുന്നതിനും കടമയുണ്ടു്''(പ്രേഷിതപ്രവർത്തനം, നമ്പർ 6). ജനതകളുടെയിടയിലുള്ള സുവിശേഷവത്കരണം ''സഭയുടെ ഏററം മഹത്തരവും ദിവ്യവുമായ പ്രവർത്തന''മായിട്ടാണു് രണ്ടാം വത്തിക്കാൻ കൗൺസിൽ പരിഗണിച്ചിരിക്കുന്നതു് (പ്രേഷിതപ്രവർത്തനം, നമ്പർ 29).

സാർവത്രികസഭ ഒന്നടങ്കം സ്വഭാവത്താൽതന്നെ പ്രേഷിതയാണെന്നു് കൺസിൽ ഊന്നിപ്പറയുന്നു (പ്രേഷിതപ്രവർത്തനം, നമ്പർ 2). സഭയുടെ ജോലി ഒരു സ്ഥാനപതിയുടേതിനു തുല്യമാണു്. പിതാവായ ദൈവത്തിൽനിന്നും പുത്രന്റെ മനുഷ്യാവതാരരഹസ്യത്തിൽനിന്നും പരിശുദ്ധാത്മാവിന്റെ അനന്ത സ്നേഹവായ്പിൽ

നിന്നും സഭ തന്റെ ദൗത്യം സ്വീകരിക്കുന്നു. ഈ ദൗത്യത്തിൽനിന്ന് സഭ മിഷൻസ്വഭാവം കൈക്കൊണ്ട് പ്രേഷിതപ്രവണയായിത്തീന്നിരിക്കുന്നു.[22] അതുകൊണ്ട് സുവിശേഷം പ്രചരിപ്പിക്കുക എന്ന തങ്ങളുടെ പവിത്രമായ കടമയെപ്പററി എല്ലാ ക്രൈസ്തവരും ബോധവാന്മാരായിരിക്കുവാൻ കൗൺസിൽ ഉദ്ബോധിപ്പിക്കുന്നു. അതേസമയം അതു് പ്രഥമവും പ്രധാനവുമായി മെത്രാന്മാരുടെ ചുമതലയാണെന്നുള്ളതു് കൗൺസിൽ ഊന്നിപ്പറയുന്നുമുണ്ട് (പ്രേഷിതപ്രവത്തനം, നമ്പർ 6; 29). കൗൺസിൽ പഠിപ്പിക്കുന്നതനുസരിച്ച്, ഓരോ ക്രൈസ്തവനും വചനത്താലും പ്രവൃത്തിയാലും വിശ്വാസം പ്രചരിപ്പിക്കുവാൻ കടമയുണ്ട്. ''സഭ ഒന്നടങ്കം പ്രേഷിതസ്വഭാവമുള്ളതായിരിക്കയും സുവിശേഷപ്രഘോഷണം ദൈവജനത്തിന്റെ അടിസ്ഥാനകർത്തവ്യമായി ഭരമേല്പിക്കപ്പെടുകയും ചെയ്തിരിക്കുന്ന സാഹചര്യത്തിൽ ഈ പരിശുദ്ധ സൂനഹദോസ് അഗാധമായ ഒരു ആന്തരികനവീകരണത്തിന്ന് സർവരെയും ആഹ്വാനം ചെയ്തുകൊള്ളുന്നു. അങ്ങനെ സുവിശേഷപ്രചാരണത്തിനുള്ള തങ്ങളുടെ ഉത്തരവാദിത്വത്തെക്കുറിച്ച് ആഴമായ അവബോധത്തോടെ എല്ലാവരും, ജനപദങ്ങൾക്കിടയിലെ പ്രേഷിതപ്രവർത്തനത്തിൽ തങ്ങളുടേതായ പങ്കു നിർവഹിക്കണം.

ജീവിക്കുന്നവനായ ക്രിസ്തുവിന്റെ അവയവങ്ങൾ എന്ന നിലയിൽ ജ്ഞാനസ്നാനത്താലും സ്ഥൈര്യലേപനത്താലും ദിവ്യകാരുണ്യത്താലും തന്നോട് ഏകീഭവിക്കുകയും തന്റെ പ്രതിരൂപമായിത്തീരുകയും തന്നെ പ്രാപിക്കുകയും ചെയ്തിട്ടുള്ള എല്ലാ വിശ്വാസികളും

അവിടുത്തെ ശരീരത്തിന്റെ വളച്ച്യും വികാസത്തിനു മായി കഴിവതും വേഗം അതിന്റെ പൂർണ്ണതയിൽ എത്തി ക്കുവാൻ പരിശ്രമിക്കുന്നതിനു് ബാദ്ധ്യസ്ഥരാണു് (എഫേ. 4,13).

അതുകൊണ്ടു് സഭാതനയരായ എല്ലാവർക്കും ലോക ത്തോടുള്ള തങ്ങളുടെ ഉത്തരവാദിത്വത്തെക്കുറിച്ചു് സജീ വമായ ബോധം ഉണ്ടായിരിക്കേണ്ടതാണു്. അവർ, ആദ്യം തങ്ങളിൽതന്നെ യഥാർത്ഥമായ ഒരു കത്തോലി ക്കാചൈതന്യം വളർത്തുവാൻ ഉത്സാഹിക്കണം. അക്കൂട്ട ത്തിൽതന്നെ സുവിശേഷവത്കരണാർത്ഥം തങ്ങളുടെ ഊർജ്ജവും ചൈതന്യവും വിനിയോഗിക്കുകയും വേണം.

വിശ്വാസപ്രചാരണത്തിൽ പ്രഥമവും പരമപ്രധാന വുമായ തങ്ങളുടെ കടമ ഉത്തമമായ ക്രൈസ്തവജീവിതം നയിക്കുകയാണെന്നു് എല്ലാവരും മനസ്സിലാക്കണം. ദൈവികസേവനത്തിലുള്ള അവരുടെ തീക്ഷ്ണതയും സഹജീവികളുടെനേരെയുള്ള അവരുടെ ഉപവിയും സാർവത്രികസഭയിലുടനീളം നവമായ ഒരാദ്ധ്യാത്മികാ വേശം ഉളവാക്കുകതന്നെ ചെയ്യും. അപ്പോൾ അവർ ജന തകളുടെമദ്ധ്യേ ഉയർത്തപ്പെട്ട ചിഹ്നവും (ഏശ. 11,12), 'ലോകത്തിന്റെ പ്രകാശ'വും (മത്താ. 5,14), 'ഭൂമിയുടെ ഉപ്പും' (മത്താ. 5,13) ആയി പ്രത്യക്ഷപ്പെടും'' (പ്രേഷി തപ്രവർത്തനം, നമ്പർ 35-36).

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ഈ പ്രഖ്യാ പനങ്ങളിൽനിന്നും, വ്യക്തിപരമായ വിശ്വാസം നില നിറുത്തിയാൽമാത്രം പോരെന്നു് നമുക്കു മനസ്സിലാക്കാം. വിശ്വാസം നിലനിറുത്തുകയെന്നതു് നമ്മുടെ ധർമ്മത്തി ന്റെ പകുതിമാത്രമേ ആകുന്നുള്ളൂ. നമുക്കു ലഭിച്ചിട്ടുള്ള

കൃപാവരദാനങ്ങളും നാം പങ്കുവയ്ക്കേണ്ടതുണ്ട്. നമുക്കു കിട്ടിയിരിക്കുന്ന മികച്ച ദൈവാനുഗ്രഹം സുവിശേഷമാണല്ലൊ. അതാണ് നാം മററുള്ളവരുമായി പങ്കുവയ്ക്കാൻ ബാദ്ധ്യസ്ഥരായിരിക്കുന്നതു്. ഒരു ക്രൈസ്തവൻ സ്വന്തം ആത്മരക്ഷയിൽമാത്രം തത്പരനായിരുന്നാൽ പോരാ. യേശുക്രിസ്തുവിനെയും നമ്മുടെ സഹജീവികളെയും, വ്യക്തിപരമായും സംഘാതമായും സേവിക്കുക കൂടി വേണം. എന്നുവച്ചാൽ, സഭയുടെ ലക്ഷ്യനിർവഹണത്തിനുവേണ്ടിയുള്ള പ്രയത്നത്തിൽ നാം സഹകരിക്കുകയും ക്രിസ്തുവിനു സാക്ഷ്യം വഹിക്കുവാനുള്ള അവളുടെ വേലയിൽ നാം പങ്കുചേരുകയും വേണമെന്നർത്ഥം. ക്രൈസ്തവർ, തങ്ങളുടെ മാതൃകവഴിയായും സുവിശേഷഘോഷണത്തിലുള്ള തീക്ഷ്ണതവഴിയായും (പ്രേഷിതപ്രവർത്തനം, നമ്പർ 5) സഭയെ അക്രൈസ്തവർക്കു പരിചയപ്പെടുത്തുകയും തദ്വാരാ അവരെക്കൂടി വിശ്വാസത്തിലേക്ക് ആനയിക്കുകയും ചെയ്യുമ്പോഴാണ് യഥാർത്ഥത്തിൽ അവരുടെ ദൗത്യം പൂർത്തിയാകുന്നതു്.

ചുരുക്കിപ്പറഞ്ഞാൽ, രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രേഷിതപ്രവർത്തനചൈതന്യത്തെ ഒരുവിധത്തിലും ദുർബലപ്പെടുത്തിയിട്ടില്ല. അതു് സംശയങ്ങൾ ദൂരീകരിക്കുകയും നമ്മുടെ കർത്തവ്യങ്ങൾ വ്യവസ്ഥപ്പെടുത്തി നിർണ്ണയിക്കുകയും പുതിയ പ്രതീക്ഷയുടെ ചക്രവാളം തുറക്കുകയുമാണ് ചെയ്തിട്ടുള്ളതു്. "കത്തോലിക്കരുടെ മനസ്സിൽ, പ്രേഷിതപ്രവർത്തനത്തിന്റെ ലക്ഷ്യങ്ങളെയും സ്വഭാവത്തെയുംപററി കൗൺസിൽ യാതൊരു സംശയവും അവശേഷിപ്പിച്ചിട്ടില്ല. അധികാരത്തോടും നിശ്ചയദാർഢ്യത്തോടും തികഞ്ഞ വ്യക്തതയോടുംകൂടിയാണ്

സഭ വസ്തുതകരം വെളിപ്പെടുത്തിയിരിക്കുന്നതു്.''[23]

## 3. സുവിശേഷവത്കരണത്തെക്കുറിച്ച് 1974-ലെ മെത്രാന്മാരുടെ സിനഡ്

1974 - ൽ റോമിൽ സമ്മേളിച്ച മെത്രാന്മാരുടെ സിനഡ് സഭയുടെ പ്രേഷിതപ്രവർത്തനങ്ങളെ സംബന്ധിച്ച് വിപ്ലവകരമായ ആശയങ്ങളൊന്നും മുന്നോട്ടു വയ്ക്കുകയുണ്ടായില്ല. മറിച്ച് പ്രേഷിതപ്രസ്ഥാനങ്ങളുടെ അടിയന്തരാവശ്യം ഒരിക്കൽക്കൂടി ആവർത്തിച്ചുറപ്പിക്കുക മാത്രമേ ചെയ്തിട്ടുള്ളു. ഈ സിനഡിന്റെ നിഗമനങ്ങൾ, ഒരു വലിയ അളവോളം, രണ്ടാം വത്തിക്കാൻ കൗൺസിൽ സുവിശേഷവത്കരണത്തെപ്പററി നടത്തിയിട്ടുള്ള പ്രാമാണിക വിചിന്തനങ്ങളുടെ പുനഃദൃഢീകരണമായിരുന്നു.

ഈ കാലഘട്ടത്തിലെ മിഷൻപ്രശ്നങ്ങളെപ്പററി സിനഡിനു് പൂർണ്ണമായ അവബോധം ഉണ്ടായിരുന്നു. സഭയുടെ പല പ്രാദേശികതലങ്ങളിലും മിഷൻചൈതന്യത്തിനു സംഭവിച്ചുകൊണ്ടിരുന്ന മാന്ദ്യം കണക്കിലെടുത്തുകൊണ്ടു് ഈ സമ്മേളനം, കൂടുതൽ അർപ്പണബോധത്തോടും വ്യക്തമായ ധാരണകളോടുംകൂടി സുവിശേഷവേല ഏറെറടുക്കുവാൻ എല്ലാ ക്രൈസ്തവരെയും ആഹ്വാനം ചെയ്യുകയുണ്ടായി. എന്തെന്നാൽ, ''സുവിശേഷവത്കരണപ്രക്രിയയിലൂടെയാണു് ദൈവം എല്ലാ മനുഷ്യരെയും ക്രിസ്തുവിൽ രക്ഷിക്കുന്നതിനുവേണ്ടി നിശ്ചയിച്ച നിത്യമായ കർമ്മസംവിധാനം സാക്ഷാത്കരിക്കുന്നതു്.''[24] ആ നിലയിൽ സുവിശേഷവത്കരണം മാനവ

സമൂഹത്തിന്റെ നിത്യരക്ഷയോടു് അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. അതുമാത്രമല്ല, ലോകസമാധാനം, സാമൂഹ്യപുരോഗതി, മാനവവിമോചനം, നീതി മുതലായ ലൗകിക പ്രശ്നങ്ങളും സുവിശേഷവത്കരണത്തോടു ബന്ധപ്പെട്ട ഘടകങ്ങൾതന്നെയാണു്.

സുവിശേഷവത്കരണത്തിൽ മെത്രാന്മാർക്കും വൈദികർക്കും സന്യാസികൾക്കും അല്മായർക്കുമുള്ള ഉത്തരവാദിത്വത്തെക്കുറിച്ചു് സിനഡ് ഊന്നിപ്പറഞ്ഞിട്ടുണ്ടു്. "ക്രിസ്തുവിന്റെ സ്നേഹവും അനുശാസനങ്ങളും എല്ലാ വിശ്വാസികളെയും, തങ്ങൾക്കു് ക്രിസ്തുവിൽനിന്നു സൗജന്യമായി ലഭിച്ച ദൈവികദാനങ്ങൾ മറ്റുള്ളവർക്കും വിതരണംചെയ്യുവാൻ നിർബന്ധിക്കുന്നു. തന്മൂലം ദൈവവചനത്തിലൂടെയും ദിവ്യകാരുണ്യത്തിലൂടെയും പരിശുദ്ധാത്മാവിനാൽ തിരുസ്സഭയിൽ ഒന്നുചേർന്നിരിക്കുന്ന ദൈവജനം മുഴുവന്റെയും കടമയാണു് സുവിശേഷഘോഷണം. ഈ കർത്തവ്യത്തിൽനിന്നു് ഒരു യഥാർത്ഥ ക്രൈസ്തവനും വിട്ടുനിന്നുകൂടാ. തന്റെ ഇടയന്മാരോടു യോജിച്ചും സ്വന്തം ജീവിതസാഹചര്യങ്ങൾക്കു് അനുരൂപമായും ഓരോരുത്തനും അതു നിർവഹിക്കണം."[25]

ഒരു ക്രൈസ്തവനും മിഷൻപ്രവർത്തനമെന്ന പരിശുദ്ധമായ കർത്തവ്യത്തിൽനിന്നു് ഒഴിഞ്ഞുനില്ക്കാൻ പാടില്ലെന്നുള്ള വസ്തുത, സുവിശേഷം പ്രസംഗിക്കണമെന്നുള്ള ക്രിസ്തുവിന്റെ കല്പനയിൽനിന്നാണു് രൂപംകൊണ്ടിരിക്കുന്നതെന്നു് സിനഡ് പിതാക്കന്മാർ വ്യക്തമാക്കിയിട്ടുണ്ടു്. കാർഡിനൽ വൊയ്റ്റിവ ഈ ആശയം ശക്തിയുക്തം പ്രതിപാദിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞു: "സുവിശേഷവത്കരണത്തിന്റെ ദൈവശാസ്ത്രംമുഴുവൻ

കേവലം സിദ്ധാന്തങ്ങളിൽനിന്നു ഉടലെടുത്തതല്ല, പ്രത്യുത, ഒരു ആജ്ഞാപനത്തിൽനിന്നു വന്നിട്ടുള്ളതാണ്. അതായത്, സകലരെയും രക്ഷിക്കാനുള്ള ദൈവതിരുമനസ്സു വെളിപ്പെടുത്തുന്ന യേശുക്രിസ്തുവിൻെറ ആജ്ഞാപനം: 'പോവുക, എല്ലാ ജനതകളെയും പഠിപ്പിക്കുക, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുക' (മത്താ. 28,19; മർക്കോ. 16,15)."[26]

രണ്ടാം വത്തിക്കാൻ കൗൺസിൽ ചെയ്തതുപോലെ മെത്രാന്മാരുടെ സിനഡും അക്രൈസ്തവമതങ്ങളിലുള്ള മാനുഷികമൂല്യങ്ങളോടും ആദ്ധ്യാത്മിക ചിന്താധാരകളോടും ആദരവും മതിപ്പും പ്രകടിപ്പിച്ചിട്ടുണ്ട്. എന്നാൽ അവ ക്രിസ്തുവിൽ വളർച്ചപ്രാപിക്കേണ്ടതു് ആവശ്യമത്രേ. തന്മൂലം മെത്രാന്മാരുടെ സിനഡ് പ്രേഷിതപ്രവർത്തനത്തിനു് യാതൊരു ഒഴിവുകഴിവും കല്പിക്കുകയുണ്ടായില്ല. ഡൽഹി മെത്രാപ്പോലീത്ത ആഞ്ചലോ ഫെർണാണ്ടസ് ആണു് ഇക്കാര്യം കൂടുതൽ വിശദമാക്കിയതു്: "അക്രൈസ്തവരുടെ വേദപുസ്തകങ്ങളും മതാചാരങ്ങളും, ഉത്ഥാനംചെയ്ത ക്രിസ്തു അവരുടെയിടയിൽ പ്രവർത്തിക്കുന്നതിനു കളമൊരുക്കുന്നുണ്ടെന്നു പറഞ്ഞാൽതന്നെ, അതു ക്രിസ്തുവിൻെറയോ അവിടത്തെ സന്ദേശത്തിൻെറയോ അദ്വിതീയതയ്ക്കു കോട്ടംവരുത്തുന്നില്ല. കാരണം, ക്രിസ്തുമതത്തിൻെറ ശ്രേഷ്ഠത അടങ്ങിയിരിക്കുന്നതു്,അതു് എല്ലാ മതങ്ങളെയും ഒരു നിശ്ചിതാർത്ഥത്തിൽ ഉൾക്കൊള്ളുന്നുണ്ടെന്നുള്ള സത്യത്തിലാണെന്നു് ദൈവശാസ്ത്രജ്ഞന്മാർ പറയുന്നു. അക്രൈസ്തവമതങ്ങളിൽ ക്രിസ്തുവിൻെറ അരൂപി പരോക്ഷമായി പ്രവർത്തിച്ചുകൊണ്ടാണിരിക്കുന്നതെങ്കിലും, ചരിത്രത്തിൻെറ അധിനാഥനായ ക്രിസ്തുവിനെ

ഏററുപറഞ്ഞുകൊണ്ട് അങ്ങിൽ പരിപൂർണ്ണത കണ്ടെത്താനായി അവ നിശ്ചയിക്കപ്പെട്ടിരിക്കുന്നു. തന്മൂലം ക്രിസ്തുരഹസ്യം അക്രൈസ്തവരെ പുറത്തുനിന്നല്ല, അകത്തുനിന്നുതന്നെ ചോദ്യംചെയ്യുന്നുണ്ട്.''[27]

സിനഡ് പിതാക്കന്മാർ, സഭയുടെ അടിസ്ഥാനഘടകമെന്നനിലയിൽ സുവിശേഷവത്കരണത്തിൻെറ ആവശ്യകത ആവർത്തിച്ചുറപ്പിച്ചു: ''നമ്മുടെ രക്ഷയ്ക്കുവേണ്ടി ജീവാർപ്പണം ചെയ്യുകയും ഉത്ഥാനംചെയ്യുകയും ചെയ്ത ക്രിസ്തുവിലുള്ള വിശ്വാസത്താൽ പ്രേരിതരായും, തിരുസ്സഭയിലെ അജപാലനപരിചയത്തിൻെറ വെളിച്ചത്തിലും, എല്ലാവരെയും സുവിശേഷം അറിയിക്കുവാനുള്ള ദൈവകല്പന നിറവേററുകയെന്നതു് സഭയുടെ സുപ്രധാന ദൗത്യമാണെന്ന് ഞങ്ങൾ വീണ്ടും ഊന്നിപ്പറയുന്നു. മതപരവും, പ്രത്യയശാസ്ത്രപരവും, സാംസ്കാരികവും, ധാർമ്മികവുമായ മണ്ഡലങ്ങളിൽ ഇക്കാലത്തു സംഭവിച്ചുകൊണ്ടിരിക്കുന്ന ആഴമേറിയതും ദൂരവ്യാപകവുമായ മാററങ്ങൾക്കനുസരിച്ച്, സുവിശേഷപ്രഘോഷണവും കൂടുതൽ ആവശ്യകമായിത്തീർന്നിരിക്കുന്നു, പ്രത്യേകിച്ച് സുവിശേഷസന്ദേശം എത്താത്തവരുടെ ഇടയിൽ. അവർ ഭൂമുഖത്തെവിടെ ആയിരുന്നാലും, എല്ലായിടത്തും എല്ലാജനപദങ്ങളുടെ ഇടയിലും സുവിശേഷവത്കരണവും സഭാസ്ഥാപനവും നടക്കേണ്ടിയിരിക്കുന്നു.''[28]

## 4. സുവിശേഷവത്കരണത്തെക്കുറിച്ച് പോൾ ആറാമൻ മാർപ്പാപ്പ

ഒരുപക്ഷേ, ആറാം പോൾ മാർപ്പാപ്പായെപ്പോലെ

സുവിശേഷവത്കരണത്തിന്റെ അനുപേക്ഷണീയത യെപ്പററി ഇത്ര ശക്തിയുക്തം ഉദ്ബോധിപ്പിച്ചിട്ടുള്ള മാർപ്പാപ്പാമാർ വേറെ കാണുകയില്ല. അദ്ദേഹത്തിന്റെ ഭരണകാലം മുഴുവൻ സുവിശേഷവത്കരണതീക്ഷ്ണ തയുടെ സാക്ഷീകരണമായിരുന്നെന്നു് ഉറപ്പിച്ചു പറയാം. വി. പൗലോസിനെപ്പോലെ അദ്ദേഹവും വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും ഒരു വലിയ പ്രേഷിതൻതന്നെയായി രുന്നു. 1975-ൽ പ്രസിദ്ധീകൃതമായ സുവിശേഷവത്ക രണത്തെക്കുറിച്ചുള്ള ''എവാഞ്ചേലീ നൺഷിയാന്തി'' (Evangelii Nuntiandi) എന്ന തിരുവെഴുത്തു് കത്തോ ലിക്കാസഭയുടെ ചരിത്രത്തിൽ മിഷൻപ്രവർത്തനങ്ങളെ ആസ്പദമാക്കിയുള്ള ഏററവും പ്രധാനപ്പെട്ട ഒരു ആധികാ രികരേഖയാണു്. [29]

ആറാം പോൾ മാർപ്പാപ്പ മിഷൻപ്രവർത്തനത്തി ന്റെ ആവശ്യകതയെയും അടിയന്തരസ്വഭാവത്തെയും കുറിച്ച് പലതവണ ഊന്നിപ്പറഞ്ഞിട്ടുണ്ടു്. അക്രൈസ്തവ മതങ്ങൾക്കു് പല നല്ല മൂല്യങ്ങളും അവകാശപ്പെടാമെ ങ്കിൽക്കൂടി, മിഷൻപ്രവർത്തനം സഭയുടെ അവശ്യംകര ണീയമായ ധർമ്മമായി മാർപ്പാപ്പ ചൂണ്ടിക്കാണിച്ചിരി ക്കുന്നു.

സമൂഹത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന വലിയ മാററങ്ങളുടെ മദ്ധ്യത്തിൽ, സുവിശേഷബോധനം ഏററ വും അടിയന്തരമായ ഒരു ചുമതലയായി തീർന്നിരിക്കുക യാണെന്നു് മാർപ്പാപ്പ പഠിപ്പിക്കുന്നു. പൊന്തിഫിക്കൽ മിഷൻസഹായസംഘങ്ങളുടെ നാഷണൽ ഡയറക്ടർ മാരെ അഭിസംബോധന ചെയ്തുകൊണ്ടു് 1965 മേയ് 14-ാം തീയതി പരിശുദ്ധ പിതാവു് ഇപ്രകാരം

പ്രസ്താവിച്ചു: "മിഷൻപ്രവത്തനം, അതായത്തു് എല്ലാ ജാതിയിലുംപെട്ട എല്ലാ മനുഷ്യർക്കും സുവിശേഷത്തിന്റെ പ്രകാശം എത്തിച്ചുകൊടുക്കുന്നതിനുള്ള അപ്പസ്തോലികയത്നം, ഇന്നലെയെന്നപോലെ ഇന്നും അത്യാവശ്യമാണു്. ഒരുവിധത്തിൽ പറഞ്ഞാൽ, ഇന്നലെയെക്കാൾ ആവശ്യം ഇന്നാണു്. കാരണം, മനുഷ്യബന്ധങ്ങൾ ഇന്നു പലപ്രകാരത്തിലും വളർന്നു വികസിച്ചിട്ടുണ്ടു്. അക്കൂട്ടത്തിൽ മാനവമനസ്സാക്ഷിയിൽ സംഘർഷവും സങ്കീർണ്ണതകളും വദ്ധിച്ചിട്ടുമുണ്ടു്. ജീവിതത്തിന്റെ കാതലായ അത്ഥവും ലക്ഷ്യവും കണ്ടുപിടിക്കേണ്ടതിന്റെ ആവശ്യകതയും വദ്ധമാനമായിട്ടുണ്ടു്. വിമോചനത്തിന്റെയും രക്ഷയുടെയും സന്ദേശം സംവഹിക്കുന്നവർക്കാകട്ടെ, അതു് മററുള്ളവരിലേക്കു പകർന്നു കൊടുക്കുവാനുള്ള ധാർമ്മികബാദ്ധ്യതയും അതുപോലെ കൂടിയിട്ടുണ്ടു്. ക്രിസ്തീയസത്യങ്ങളുടെ ഈ പ്രബോധനം, നിത്യരക്ഷയുടെ ഈ ശുശ്രൂഷ, ക്രിസ്തു അപ്പസ്തോലന്മാരെയും അവർ വഴിയായി ദൈവജനത്തെയും ചുമതലപ്പെടുത്തിയിട്ടുള്ളതാണു്. അതു് അടിയന്തരമായി നിർവഹിക്കപ്പെടണം. തന്റെ തിരഞ്ഞെടുക്കപ്പെട്ടവരായ മെത്രാന്മാരും മിഷനറിമാരുംവഴിയായി തന്റെ രക്ഷാകരപദ്ധതി പ്രാവത്തികമാക്കണമെന്നു് ദൈവം തിരുമനസ്സായി. തിരുസ്സഭയിൽ മാത്രമേ രക്ഷയുള്ളു എന്ന പഴയധാരണ അതിന്റെ നാടകീയമായ അത്ഥത്തിൽ ഇന്നും നിലകൊള്ളുന്നു."[30]

ആറാം പോൾ മാർപ്പാപ്പ അക്രൈസ്തവമതങ്ങളോടു് ആദരവും സ്നേഹവും പ്രദർശിപ്പിക്കണമെന്നു് പലപ്പോഴും വിശ്വാസികളെ ഉപദേശിച്ചിട്ടുണ്ടു്. സഹസ്രാബ്ദദീഘ

മായ ഈശ്വരാന്വേഷണത്തിൻെറ അനുരണനം അവരിൽ ഉൾച്ചേർന്നിട്ടുണ്ടെന്നും, ദൈവവചനത്തിൻെറ നിരവധി വിത്തുകൾ[31] അവരിൽ അന്തർഹിതമായിട്ടുണ്ടെന്നും മാർപ്പാപ്പ പ്രശംസാപൂർവം പ്രസ്താവിക്കുന്നുണ്ടെങ്കിലും, എല്ലാ മതങ്ങളും സമാനമൂല്യങ്ങൾ ഉൾക്കൊള്ളുന്നവയാണെന്നും അതുകൊണ്ട് സുവിശേഷവത്കരണം എന്ന പാവനമായ കർത്തവ്യത്തിൽനിന്നു ക്രൈസ്തവർക്കു ഒഴിഞ്ഞുമാറാമെന്നുമുള്ള ആശയത്തെ അദ്ദേഹം ശക്തിയുക്തം തള്ളിക്കളഞ്ഞിരിക്കുന്നു. ''എവാഞ്ചേലീ നൺഷിയാന്തി'' എന്ന തിരുവെഴുത്തിൽ, അക്രൈസ്തവമതങ്ങളോട് അദ്ദേഹം ആദരവു പ്രകടിപ്പിച്ചിട്ടുണ്ടെന്നുള്ളതു വാസ്തവംതന്നെ. പക്ഷേ, നിത്യരക്ഷയുളവാക്കുന്ന ഉപാധികളായിട്ടല്ല, പ്രത്യുത, മനുഷ്യൻെറ ഈശ്വരോന്മുഖമായ മതാത്മകവീക്ഷണത്തിൻെറയും അന്വേഷണത്തിൻെറയും അടയാളങ്ങളായിട്ടാണ് അദ്ദേഹം അവയെ പരിഗണിച്ചിരിക്കുന്നത്.[32] ഈ ഈശ്വരാന്വേഷണം ആ മതങ്ങളിലൂടെ സഫലമാകയില്ലെന്നും മാർപ്പാപ്പ ചൂണ്ടിക്കാണിച്ചിട്ടുണ്ട് (എവാ. നൺ., നമ്പർ 53). അക്രൈസ്തവരിൽ കുടികൊള്ളുന്ന ദൈവവചനത്തിൻെറ വിത്ത് സുവിശേഷബോധനംകൊണ്ടാണ് ഫലമണിയേണ്ടതെന്നും അദ്ദേഹം തുടർന്നു പറയുന്നു. അതു വളർന്ന് ഫലദായകമായ ഒരു വൃക്ഷമാകുന്നത്, നമ്മെ ആശ്രയിച്ചാണിരിക്കുന്നതെന്നും പരിശുദ്ധ പിതാവ് വ്യക്തമാക്കിയിട്ടുണ്ട് (എവാ. നൺ., നമ്പർ 80).

1964 - ൽ ആറാം പോൾ മാർപ്പാപ്പ പ്രസിദ്ധീകരിച്ച ''എക്ലേസിയാം സുവാം'' (Ecclesiam Suam) എന്ന ചാക്രികലേഖനത്തിലും, ക്രിസ്തുമതം മാത്രമേ

യഥാൎത്ഥ സത്യമതമായുള്ള എന്നു പ്രസ്താവിച്ചിരിക്കുന്നു. മാർപ്പാപ്പായുടെ അഭിപ്രായത്തിൽ, ''അക്രൈസ്തവമതങ്ങളിൽ ക്രിസ്തുവിന്റെ വെളിപാടിലേക്കു വഴിതെളിക്കുന്ന ആത്മീയവും മാനുഷികവുമായ പല നല്ല മൂല്യങ്ങളും ഉണ്ടായിരുന്നാൽതന്നെ, സഭയുടെ അപ്പസ്തോലിക പ്രവൎത്തനങ്ങളെ മന്ദഗതിയിലാക്കാൻ പാടുള്ളതല്ല. മറിച്ച്, അവയെ ഊജ്ജിതപ്പെടുത്തുകയും വിപുലീകരിക്കുകയുമാണു വേണ്ടതു്. ദൈവത്തിനു് രക്ഷയുടെ വെളിപാടിൽനിന്നു് അന്യമായ വഴികളിലൂടെ ആത്മാക്കളെ രക്ഷിക്കാൻ കഴിഞ്ഞേക്കാം. പക്ഷേ, രക്ഷയുടെ സുവിശേഷവും സത്യത്തിന്റെ പ്രകാശവും പ്രചരിപ്പിക്കുക എന്ന പരിശുദ്ധമായ കൎത്തവ്യത്തിൽനിന്നു് ഒഴിഞ്ഞുമാറി എല്ലാം ദൈവത്തിങ്കൽത്തന്നെ ഭരമേല്പിക്കാൻ അതു് ആരെയും അധികാരപ്പെടുത്തുന്നില്ല.''[33] മറ്റൊരവസരത്തിലും പരിശുദ്ധ പിതാവു് അക്രൈസ്തവർക്കു് നിരുപാധികമായി നിത്യരക്ഷ പ്രാപിക്കാമെന്നുള്ള ആശയം പ്രചരിപ്പിക്കുന്നവർക്കെതിരെ വിരൽചൂണ്ടുകയുണ്ടായി. അക്കൂട്ടത്തിൽതന്നെ സുവിശേഷവത്കരണത്തിന്റെ അനുപേക്ഷണീയത അദ്ദേഹം ഊന്നിപ്പറയുകയും ചെയ്തു: ''സുവിശേഷവത്കരണത്തിന്റെ സദ്ഫലങ്ങൾ ഇനിയും കൈവരിച്ചിട്ടില്ലാത്ത മാനവരാശിയുടെ വലിയൊരു പങ്കു് ദൈവത്തിന്റെ അനന്ത കാരുണ്യത്തിൽ സുരക്ഷിതരായിരിക്കുമെന്നു് അവകാശപ്പെടുന്നവരുണ്ടു്. നാം ഹൃദയപൂർവം അങ്ങനെതന്നെ പ്രതീക്ഷിക്കുന്നു. പക്ഷേ നിത്യരക്ഷയ്ക്കുള്ള ഉപാധിയായി കത്തോലിക്കാവിശ്വാസത്തെ നിർദ്ദേശിച്ചതന്നിരിക്കുന്നതും ദൈവംതന്നെയാണെന്നുള്ളതു് വിസ്മരിക്കാവുന്ന

തല്ല.''[34] അക്രൈസ്തവമതങ്ങളിൽ കാണപ്പെടുന്ന സത്യവും ധാർമ്മികമൂല്യങ്ങളും നമ്മുടെ മിഷൻപ്രവർത്തനത്തെ ഒരുവിധത്തിലും തളർത്തിക്കൂടാ. മാർപ്പാപ്പ വീണ്ടും തുടർന്നുപറയുന്നു:

''അക്രൈസ്തവമതങ്ങളോടുള്ള ബഹുമാനമോ മതിപ്പോ പ്രശ്നത്തിൻെറ സങ്കീർണ്ണതയോ അവരോടു ക്രിസ്തുവിനെ പ്രഘോഷിക്കുന്നതിൽനിന്നു നമ്മെ പ്രതിനിവർത്തിപ്പിക്കാൻ പാടില്ലെന്നു ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു, പ്രത്യേകിച്ചും ഈ കാലസന്ധിയിൽ. മറിച്ച്, ഈ സമൂഹങ്ങൾക്കും ക്രിസ്തുവിൻെറ അപരിമേയസമ്പന്നതയിൽ (എഫേ. 3,8) പങ്കാളികളാകാൻ അവകാശമുണ്ടെന്നു സഭ വിശ്വസിക്കുന്നു. ആ സമ്പത്താകട്ടെ, സമസ്തമാനവരാശിക്കും പൂർണ്ണമായി അവകാശപ്പെട്ടതും ദൈവത്തെക്കുറിച്ചു മനുഷ്യൻ അന്വേഷിക്കുന്നതും അറിയാൻ ആഗ്രഹിക്കുന്നതുമായ എല്ലാ വസ്തുതകളും ഉൾക്കൊള്ളുന്നതും മനുഷ്യൻെറ മരണത്തെയും നിത്യവിധിയേയും കുറിച്ചുള്ള സത്യങ്ങളെല്ലാം അടങ്ങിയിരിക്കുന്നതുമാകുന്നു... നമ്മുടെ മതം ദൈവവുമായി സജീവവും സാക്ഷാത്തായതുമായ ഒരു ബന്ധമാണ് സ്ഥാപിച്ചുറപ്പിക്കുന്നത്. മററു മതങ്ങളും സ്വർഗ്ഗോന്മുഖമാണെങ്കിൽക്കൂടി അവയ്ക്കൊന്നും ഇങ്ങനെയൊരുബന്ധം കെട്ടിപ്പടുക്കുവാൻ കഴിയുന്നില്ല'' (എവാ. നൺ. നമ്പർ 53).

പോൾ ആറാമൻ മാർപ്പാപ്പായുടെ അഭിപ്രായത്തിൽ, സുവിശേഷവത്കരണം ക്രിസ്തു ആജ്ഞാപിച്ചതനുസരിച്ച് സഭയെ ഭരമേല്പിച്ചിരിക്കുന്ന ഒരു അവശ്യകർത്തവ്യമാണ്. ക്രിസ്തുവിൻെറ രക്ഷാകരവേല തുടർന്നുകൊണ്ടുപോകുന്നതിനും സഭയുടെ വ്യക്തിത്വം നിലനിറുത്തുന്ന

തിനുംവേണ്ടി അവരം പ്രേഷിതപ്രവർത്തനം തുടരണം. ''സുവിശേഷവത്കരണമെന്നതു് യഥാർത്ഥത്തിൽ സഭയ്ക്കുചേർന്ന ദൈവികദൗത്യവും അവർക്ക ലഭിച്ചിരിക്കുന്ന അനുഗ്രഹവുമാണു്. അതായതു്, സഭയുടെ തനതായ വ്യക്തിത്വംതന്നെ. സുവിശേഷവത്കരണത്തിനുവേണ്ടിയാണു് സഭ നിലകൊള്ളുന്നതു്. മററുവാക്കുകളിൽ പറഞ്ഞാൽ, പഠിപ്പിക്കുന്നതിനും പ്രസംഗിക്കുന്നതിനും പാപികളെ ദൈവവുമായി രഞ്ജിപ്പിക്കുന്നതിനുള്ള പ്രസാദവരത്തിൻെറ സ്രോതസ്സാകുന്നതിനും വേണ്ടിത്തന്നെ'' (എവാ. നുൺ., നമ്പർ 14). സഭയുടെ ഈ പ്രേഷിതവൃത്തിയിൽനിന്നു് ഒരു ക്രിസ്ത്യാനിക്കും ഒഴിഞ്ഞുനില്ക്കാനാവില്ലെന്നുള്ള കാര്യം മാർപ്പാപ്പ ഊന്നിപ്പറയുന്നുണ്ടു്: ''ലോകമെങ്ങും പോയി സുവിശേഷം പ്രഘോഷിക്കണമെന്നു് പന്ത്രണ്ടു് അപ്പസ്തോലന്മാരോടുള്ള കല്പന, വ്യത്യസ്തമായ വിധത്തിലും സാഹചര്യത്തിലുമാണെങ്കിലും എല്ലാ ക്രിസ്ത്യാനികളെ സംബന്ധിച്ചും പ്രസക്തമായിട്ടുള്ളതാണു്... സുവിശേഷം സ്വീകരിച്ചിട്ടുള്ളവരും അതുവഴി രക്ഷയുടെ സമൂഹത്തിലേക്ക കൂട്ടിച്ചേർക്കപ്പെട്ടവരുമായ ഏവരും അതു പ്രചരിപ്പിക്കുവാനും മററുള്ളവരിലേക്ക പകർന്നുകൊടുക്കുവാനും ബാദ്ധ്യസ്ഥരാണു്, അതിനു കഴിവുററവരുമാണു്'' (എവാ. നുൺ., നമ്പർ 13).

പ്രേഷിതപ്രവർത്തനം മാനവരാശിയുടെ നവീകരണത്തിനുകൂടിയും ആവശ്യമാണെന്നു് ആറാം പോരം മാർപ്പാപ്പ പ്രസ്താവിച്ചിട്ടുണ്ടു്. അസ്വസ്ഥതയുടെയും കാലുഷ്യത്തിൻേറതുമായ ഈ കാലഘട്ടത്തിൽ ശാന്തിയും സൗഹാർദ്ദവും നിലനിറുത്തുന്നതിനു് സുവിശേഷപ്രബോധനം കൂടുതൽ ആവശ്യമത്രേ. ക്രിസ്തുവിൽ യഥാർത്ഥമായ

അനുരൂപണത്തിനും അനുയോജനത്തിനുമുള്ള അവിഭാജ്യ ഘടകമാണതു്. മാനവരാശിയുടെ ഈ നവീകരണ പ്രക്രിയ മനുഷ്യസമൂഹത്തിനാകമാനം പ്രതീക്ഷയുടെയും സാഹോദര്യത്തിൻെറയും ഒരു പുതിയ മാനംതന്നെ നൽകുന്നുണ്ടു്. ''സുവിശേഷവത്കരണത്തിൽ, യേശുക്രിസ്തുവിലുള്ള പുതിയ ഉടമ്പടിവഴി ദൈവം വാഗ്ദാനംചെയ്തിരിക്കുന്ന ശുഭപ്രതീക്ഷയെക്കുറിച്ചുള്ള പ്രബോധനവും ഉൾക്കൊള്ളുന്നുണ്ടു്. മാത്രമല്ല, നമ്മോടുള്ള ദൈവത്തിൻെറ സ്നേഹവും ദൈവത്തോടുള്ള നമ്മുടെ സ്നേഹവും, സമസ്ത മനുഷ്യരോടുമുള്ള സഹോദരസ്നേഹവും, കൊടുക്കുന്നതിനും ക്ഷമിക്കുന്നതിനും ആത്മത്യാഗം ചെയ്യുന്നതിനുമുള്ള സന്നദ്ധതയും, ദൈവസ്നേഹത്തിൽനിന്നു് ഉരുത്തിരിഞ്ഞുവരുന്ന സഹോദരസേവനത്തിനുള്ള അർപ്പണമനോഭാവവുമെല്ലാം സുവിശേഷസന്ദേശത്തിൻെറ അന്തസ്സത്തയാകുന്നു'' (എവാ. നുൺ., നമ്പർ 28). അങ്ങനെ സുവിശേഷവത്കരണം പാപത്തിൻെറ അടിമത്തത്തിൽനിന്നും സ്വാർത്ഥതയുടെയും സങ്കുചിതമനോഭാവത്തിൻെറയും താദൃശതിന്മകളുടെയും പിടിയിൽനിന്നും മനുഷ്യനെ മോചിപ്പിക്കുവാൻ സഹായിക്കുന്ന വിമോചനത്തിൻെറ ഒരു സന്ദേശകാഹളമായും ഭവിക്കുന്നു. ആത്മീയമണ്ഡലത്തിൽ ഈ വിമോചനപ്രക്രിയ വളരെ ദൃശ്യമാനമാണു്. മിക്കപ്പോഴും ഇതു് ഭൗതികവും പ്രാപഞ്ചികവുമായ മണ്ഡലത്തിലും പ്രത്യക്ഷരൂപം കൈക്കൊള്ളാറുണ്ടു്. സഭയുടെ പ്രേഷിതപ്രവർത്തനം മനുഷ്യൻെറ സമഗ്രവികസനവും പുരോഗതിയും വളർച്ചയുമാണു് ലക്ഷ്യമാക്കുന്നതു്. അതുകൊണ്ടു് മനുഷ്യൻെറ ഭൗതികപ്രശ്നങ്ങളെയോ നീതി, മാനവപുരോഗതി, ലോകസമാധാനം എന്നിവയോടു

ബന്ധപ്പെട്ട കാര്യങ്ങളെയോ സഭയ്ക്ക് അവഗണിക്കാവുന്നതല്ല.[35] അങ്ങനെ നോക്കുമ്പോൾ ആധുനിക കാലഘട്ടത്തിന്റെ സജീവപ്രശ്നമായ സമഗ്രമാനവവിമോചനം തന്നെയാണ് സുവിശേഷവത്കരണം ലക്ഷ്യമാക്കുന്നതും.

സഭയുടെ പ്രേഷിതപ്രവർത്തനത്തിന്റെ അടിയന്തര സ്വഭാവത്തെക്കുറിച്ച് നേരിയൊരു സംശയംപോലും അവശേഷിപ്പിക്കാതെയാണ് ആറാം പോൾ മാർപ്പാപ്പ ആ വിഷയം കൈകാര്യം ചെയ്തിട്ടുള്ളത്. സുവിശേഷവത്കരണത്തിന്റെ ''യാഥാർത്ഥ്യത്തെയും ധന്യതയെയും സങ്കീർണ്ണതയെയും ഊർജ്ജസ്വലതയെയും'' (എവാ. നൺ., നമ്പർ 17) ദുർബലപ്പെടുത്തുകയോ ദുർവ്യാഖ്യാനിക്കുകയോ ചെയ്യുന്ന എല്ലാ ശ്രമങ്ങളെയും മാർപ്പാപ്പ ശക്തമായി അപലപിച്ചിട്ടുണ്ട്. മതനിഷ്പക്ഷതയുടെ ഈ യുഗത്തിൽ അതിന്റെ മറപിടിച്ച് സഭയുടെ പ്രേഷിതപ്രവർത്തനങ്ങളിൽ ഉദാസീനത കാണിക്കുന്ന ക്രൈസ്തവർക്കെതിരേയും മാർപ്പാപ്പ പ്രതിഷേധസ്വരം ഉയർത്തിയിട്ടുണ്ട്. സുവിശേഷപ്രചാരണത്തിന്റെ കാര്യത്തിൽ മാർപ്പാപ്പ ഹിതാഹിതസ്വാതന്ത്ര്യം കാണുന്നില്ല. ''സുവിശേഷവത്കരണമെന്നത് സോപാധികവും ഐച്ഛികവുമായ ഒരു ആഹ്വാനമല്ല. മറിച്ച്, നമ്മുടെ നിർബന്ധിതമായ ബാദ്ധ്യതതന്നെയാണ്. വിജാതീയരുടെ അപ്പസ്തോലനും തീക്ഷ്ണമതിയായ പ്രബോധകനും സുവിശേഷവത്കരണത്തിന്റെ ശുശ്രൂഷകനുമായി അറിയപ്പെടുന്ന വി. പൗലോസ് ഭീതിദമായ ആത്മനിന്ദയോടെ പറഞ്ഞിരിക്കുന്നതും അതുതന്നെയാണ് : 'സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം' (1 കോറി.

9,16). ആ വിധത്തിൽ നോക്കിയാൽ സുവിശേഷവത്കരണമെന്നതു്, താത്കാലികമോ ആനുകാലികമോ ആയ ഒരു പ്രവർത്തനമല്ല, മറിച്ച് സഭയുടെ സ്ഥായിഭാവമുള്ളതും അനുസ്യൂതവുമായ ഒരാവശ്യംതന്നെയാണു്. 'ലോകമെങ്ങും പോയി സകല ജാതികളെയും പഠിപ്പിക്കുക' (മത്താ. 28,18-20; മർക്കോ. 16,15) എന്നുള്ള സഭാസ്ഥാപകൻെറ കല്പനയും, പൗലോസ് ശ്ലീഹായുടെ പ്രചോദനാത്മകമായ വാക്യവും, 'ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്ത കാര്യങ്ങളെക്കുറിച്ച്, മൗനമവലംബിക്കുവാൻ ഞങ്ങൾക്കു സാദ്ധ്യമല്ല' (ശ്ലീഹ. 4,20) എന്നുള്ള പത്രോസിൻെറയും യോഹന്നാൻെറയും പ്രഖ്യാപനങ്ങളും ഈ ആവശ്യകതയിലേക്കാണു് വിരൽചൂണ്ടുന്നതു്.''[36]

രണ്ടാം വത്തിക്കാൻ കൗൺസിൽ സുവിശേഷവത്കരണത്തെ സഭയുടെ സ്വാത്മപ്രകാശനമായിട്ടാണു് വിവക്ഷിച്ചിരിക്കുന്നതു്. അതുപോലെ അക്രൈസ്തവസമൂഹത്തോടുള്ള സുവിശേഷഘോഷണത്തിനു് പരമപ്രാധാന്യവും കല്പിച്ചിട്ടുണ്ടു്. അതേസമയം എവാഞ്ചേലീ നുൺഷിയാന്തി എന്ന തിരുവെഴുത്തിൽ, ഒരുപടികൂടി കടന്നു് ക്രൈസ്തവരുടെയും അക്രൈസ്തവരുടെയും ഇടയിലുള്ള പ്രേഷിതപ്രവർത്തനങ്ങളുടെ ആവശ്യകതയാണു് ഊന്നിപ്രസ്താവിച്ചിരിക്കുന്നതു്: ''സമൂഹത്തിൻെറ എല്ലാ തലങ്ങൾ വഴിയായും ലോകത്തെ പരിവർത്തിപ്പിക്കുകയും നവീകരിക്കുകയും ചെയ്യുന്ന ദൈവത്തിൻെറ തിരുവചനം പ്രഘോഷിക്കുവാനുള്ള കടമ സഭയുടെ പൊതുവായ ഉത്തരവാദിത്വത്തോടു ബന്ധിച്ചിരിക്കുന്നു. സുവിശേഷം എല്ലാ മനുഷ്യരെയും മനുഷ്യത്വത്തെ സാകല്യേനയും

അഭിസംബോധന ചെയ്യുന്നു. ദൈവത്തിന്റെ രചനാത്മകശക്തിയിലും അവിടുത്തെ പരിശുദ്ധാത്മപരിയിലും വിശ്വാസമർപ്പിച്ചുകൊണ്ട് ആ സുവിശേഷം ക്രൈസ്തവരുടെയും അക്രൈസ്തവരുടെയും ഇടയ്ക്ക് പ്രഖ്യാപിക്കുവാനും അതു് സാക്ഷാത്കരിക്കുവാനും സഭയ്ക്കു കടമയുണ്ട്.''37

## 5. സുവിശേഷവത്കരണത്തെക്കുറിച്ച് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ

സഭയിലെ മിഷൻപ്രവർത്തനങ്ങളുടെ പ്രാധാന്യത്തെ ചൂണ്ടിക്കാണിച്ചുകൊണ്ട് രണ്ടാം ജോൺ പോൾ മാർപ്പാപ്പ നടത്തിയിട്ടുള്ള പ്രഖ്യാപനങ്ങളിൽ ഏററവും ശ്രദ്ധേയമായിട്ടുള്ളവ, 1979-ൽ ലാററിൻ അമേരിക്കൻ മെത്രാന്മാരുടെ പൊതുസമ്മേളനത്തിൽ നടത്തിയ പ്രസംഗവും, അക്കൊല്ലംതന്നെ പ്രസിദ്ധീകൃതമായ ''റെദെംപ്തോർ ഹോമിനിസ്'' (Redemptor Hominis) എന്ന ചാക്രികലേഖനവും, മിഷൻഞായറാഴ്ചകൾക്കുവേണ്ടിയുള്ള പേപ്പൽ സന്ദേശങ്ങളുമാണ്. ഇവയെല്ലാം സുവിശേഷവത്കരണത്തിന്റെ ആവശ്യകതയെപ്പററി എടുത്തുപറയുന്നുണ്ട്.

രണ്ടാം ജോൺ പോൾ മാർപ്പാപ്പ തന്റെ ഭരണാരംഭംമുതലേ നമ്മുടെ കാലഘട്ടത്തിന്റെ സങ്കീർണ്ണപ്രശ്നങ്ങളെ ഫലപ്രദമായി നേരിടുന്നതിന് ആവശ്യമായ ഉപാധികൾ സ്വീകരിച്ചു നടപ്പാക്കുന്നതിൽ അതീവ ശ്രദ്ധാലുവായി കാണപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ വീക്ഷണത്തിൽ, ജനങ്ങളെ അലട്ടിക്കൊണ്ടിരിക്കുന്ന

ബഹുമുഖങ്ങളായ പ്രശ്നങ്ങൾക്ക പരിഹാരം കണ്ടെത്തുന്ന തിനുള്ള ഏററവും നല്ല ഒരു പോംവഴി, ക്രിസ്തുവുമായുള്ള അവരുടെ ആത്മബന്ധത്തെക്കുറിച്ച് അവരെ ബോധവാന്മാരാക്കുക എന്നുള്ളതാണ്. ഇതിന് അക്രൈസ്തവരുടെ ഇടയിലെ സുവിശേഷവത്കരണവും, മതതീക്ഷ്ണത നഷ്ടപ്പെട്ട ക്രൈസ്തവസമൂഹങ്ങളുടെ ബോധവത്കരണവും അതിപ്രധാനമത്രേ. അതിനായി സാർവത്രികമായ ഒരു പ്രേഷിതമനോഭാവം പുനരുജ്ജീവിപ്പിക്കണമെന്ന് മാർപ്പാപ്പ ഊന്നിപ്പറഞ്ഞിരിക്കുന്നു.

പ്രേഷിതപ്രവർത്തനം എന്തുകൊണ്ടാണ് അപരിത്യാജ്യമായിരിക്കുന്നത് എന്നതിനെക്കുറിച്ച് മാർപ്പാപ്പ പല സന്ദർഭങ്ങളിലും വ്യക്തമായ വിശദീകരണം നൽകിയിട്ടുണ്ട്. അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ, സുവിശേഷവത്കരണം സഭയുടെ പ്രഥമവും പ്രധാനവുമായ കർത്തവ്യമാണ്. അതിന് വേദപുസ്തകപരവും ദൈവശാസ്ത്രപരവുമായ ഉറച്ച അടിത്തറയുണ്ടെന്നും മാർപ്പാപ്പ സമർത്ഥിച്ചിരിക്കുന്നു. ലോകമെങ്ങുംപോയി സമസ്തജനതകളോടും സുവിശേഷം പ്രസംഗിക്കണമെന്ന് ക്രിസ്തു സ്വശിഷ്യന്മാർക്ക നൽകിയ കല്പനയിൽ പ്രകടിതമായിരിക്കുന്ന അവിടുത്തെ മനുഷ്യരക്ഷയിലുള്ള തീവ്രാഭിലാഷത്തിൽനിന്നാണ് സഭയുടെ പ്രേഷിതപ്രവർത്തനങ്ങൾക്കുള്ള പ്രചോദനവും പ്രേരകശക്തിയും മുഖ്യമായി പൊട്ടിപ്പുറപ്പെടുന്നതെന്നാണ് മാർപ്പാപ്പായുടെ അഭിപ്രായം. ''ദൈവത്തിൻെറ തിരുച്ചിത്തവും പരിശുദ്ധ ത്രിത്വത്തിൻെറ മഹത്വവും മർമ്മപ്രധാനമാകയാൽ സഭയ്ക്കു് സുവിശേഷവത്കരണം നടത്താതെ വയ്യ. ക്രിസ്തു മഹത്വപൂർണ്ണനായി പുനരാഗമിക്കുന്നതുവരെ സഭ

സ്സു് തന്റെ പ്രേഷിതചൈതന്യം നിലനിറുത്തിയേ പററൂ.''[38] ക്രിസ്തുവിന്റെ കല്പനയാകട്ടെ, ദൈവജന ത്തിന്റെ രൂപഭാവങ്ങളും കർമ്മപരിപാടികളും നിർണ്ണ യിക്കുന്നു. അവിടുത്തെ വചനത്തിലും പ്രവർത്തനത്തിലും നിന്നു പ്രവഹിക്കുന്ന ജീവജലത്തിന്റെ സ്രോതസ്സ് ജന തകൾക്കു കാണിച്ചുകൊടുക്കുവാൻ അനവരതം അയയ്ക്ക പ്പെടുന്നവളാണു് സഭ.[39] ആ നിലയിൽ സുവിശേഷ പ്രഘോഷണത്തിനു നിയുക്തനായിരിക്കുന്ന ഒരു മിഷ നറി ക്രിസ്തുവിന്റെ സന്ദേശവാഹകനാണു്. ഒരു വലി യ രഹസ്യമാണു് അയാളിൽ അർപ്പിതമായിരിക്കുന്നതു്. സന്ദേശവാഹകനെന്ന നിലയിൽ അയാൾക്കു സുവിശേ ഷം പ്രചരിപ്പിക്കേണ്ടതുണ്ടു്. അങ്ങനെ സഭയുടെ ആന്ത രികസ്വഭാവം മിഷൻപ്രവർത്തനത്തെ അനുപേക്ഷണീയ മാക്കിത്തീർക്കുന്നു.

സുവിശേഷം പ്രസംഗിക്കണമെന്നുള്ള യേശുക്രിസ്തു വിന്റെ കല്പന, അവിടുത്തെ സാർവത്രിക രക്ഷണീയാ ഭിലാഷത്തിന്റെ അടയാളമായും രക്ഷാകരസ്നേഹത്തി ന്റെ ചിഹ്നമായും നാം മനസ്സിലാക്കുന്നപക്ഷം, ആ സുവിശേഷസന്ദേശം മററുള്ളവരുമായി പങ്കുവയ്ക്കുവാൻ ആന്തരികവും അദമ്യവുമായ ഒരാവേശം നമ്മിൽ ഉണ്ടാ കാതിരിക്കുകയില്ല. ''ക്രിസ്തുവിനെപ്രതിയുള്ള സ്നേഹം, എല്ലാ പ്രതിബന്ധങ്ങളെയും തരണംചെയ്തുകൊണ്ടു സുവി ശേഷത്തിനു സാക്ഷ്യം വഹിക്കുന്നതിനും, എല്ലായിടത്തും എല്ലാവരോടും അതു പ്രഖ്യാപിക്കുന്നതിനും വിളംബരം ചെയ്യുന്നതിനും നമ്മെ പ്രേരിപ്പിക്കുന്നു.''[40]

സഭ ക്രിസ്തുവിന്റെ രക്ഷാകരജോലി തുടർന്നു നട ത്തുന്നതിനു് അയയ്ക്കപ്പെട്ടിരിക്കുന്നതുകൊണ്ടു് അവൾ

''എപ്പോഴും പ്രേഷിതാവസ്ഥയിലും അതിൻേറതായ പാതയിലുമാണു്.''[41] സഭ സ്വഭാവത്താലെ പ്രേഷിത പ്രവണയാണെന്നുള്ള രണ്ടാം വത്തിക്കാൻ കൗൺസിലിൻെറ പ്രബോധനംതന്നെ ജോൺ പോൾ രണ്ടാമനും ആവർത്തിച്ചുറപ്പിച്ചിട്ടുണ്ടു്. സഭ പ്രേഷിതപ്രവണയായിരിക്കുന്നതു് യേശുക്രിസ്തുവിൻെറ അഭിലാഷമനുസരിച്ചാകയാൽ, സുവിശേഷവത്കരണം അവളുടെ പ്രത്യേക ദൗത്യമത്രേ. പ്രഥമവും പ്രമുഖവുമായ ഈ കർത്തവ്യത്തിൽനിന്നു വിട്ടുനില്ക്കുവാൻ സഭയ്ക്കാവില്ല. രണ്ടാം വത്തിക്കാൻ കൗൺസിലിൻെറ പ്രബോധനങ്ങളെ ആവർത്തിച്ചുറപ്പിച്ചുകൊണ്ടു്, ലോകത്തെ സുവിശേഷവത്കരിക്കുന്നതിൽ ഓരോ ക്രൈസ്തവനും സജീവമായ പങ്കു് വഹിക്കാനുണ്ടെന്നു് മാർപ്പാപ്പ പ്രബോധിപ്പിക്കുന്നു. ക്രൈസ്തവസന്ദേശം പ്രചരിപ്പിക്കുന്നതിൽ അല്മായ സമൂഹത്തിനുള്ള പ്രത്യേകമായ കടമയെക്കുറിച്ചും മാർപ്പാപ്പ ഊന്നിപ്പറഞ്ഞിട്ടുണ്ടു്. ''അവരാണു്, അവരുടെ നിയമാനുസരണമുള്ള ഇടയന്മാരോടു യോജിച്ചും സഹകരിച്ചുംകൊണ്ടു് അവരുടെ അനുദിനവ്യാപാരങ്ങൾക്കിടയ്ക്കും കുടുംബസംബന്ധവും തൊഴിൽപരവുമായ പ്രാരബ്ധങ്ങളുടെ കൂട്ടത്തിൽ ലോകത്തെ ക്രിസ്തുവിനായി പ്രതിഷ്ഠിക്കുകയും നേടിയെടുക്കുകയും ചെയ്യേണ്ടവർ.''[42]

രണ്ടാം ജോൺ പോൾ മാർപ്പാപ്പായുടെ ആശയത്തിൽ, ആത്മാക്കളെ രക്ഷിക്കുന്നതുകൊണ്ടുമാത്രം സഭയുടെ സുവിശേഷവത്കരണദൗത്യം പൂർത്തിയാകുന്നില്ല. സമൂഹത്തിൻെറയും വ്യക്തിയുടെയും സമഗ്രനന്മയും മേന്മയുംകൂടി അതുവഴി സാദ്ധ്യമാകണം. സഭയുടെ ദൗത്യം സാമൂഹികമോ സാമ്പത്തികമോ രാഷ്ട്രീയമോ

അല്ലെങ്കിലും മനുഷ്യന്റെ ഭൗതികാവശ്യങ്ങളെ അവക്ക അവഗണിക്കാനാവില്ല. സഭയുടെ പ്രേഷിതപ്രവത്തനങ്ങൾ മനുഷ്യന്റെ പ്രത്യേക ജീവിതാവസ്ഥയെ, അവന്റെ സമ്പൂർണ്ണാസ്തിത്വത്തെയാണ് കണക്കിലെടുക്കുന്നതു്. ക്രൈസ്തവവിശ്വാസം, സമകാലീനസമൂഹത്തിലെ കുഴഞ്ഞുമറിഞ്ഞ പ്രശ്നങ്ങൾക്കെല്ലാം ഒററമൂലിയെന്നോണമുള്ള പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നില്ലെങ്കിലും, മനുഷ്യന്റെയും അവന്റെ ആവശ്യങ്ങളുടെയും നേർക്ക് ആഴമായ ഒരു ഉൾക്കാഴ്ച നൽകുവാൻ സഭ എപ്പോഴും ജാഗരൂകയാണെന്ന് ഓർക്കണം. യഥാർത്ഥത്തിൽ സുവിശേഷവത്കരണം നമ്മെ പ്രേരിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുന്നതു്, മാനവജീവിതത്തെക്കുറിച്ചുള്ള ക്രൈസ്തവവീക്ഷണങ്ങളിൽ അടിയുറച്ച മാനുഷികമൂല്യങ്ങൾ പുലരുന്ന ഒരു സമൂഹം കെട്ടിപ്പടുക്കാൻ സന്നദ്ധരായ നല്ല പൗരന്മാരായിത്തീരുന്നതിനാണ്.[43] സുവിശേഷവത്കരണം യഥാത്ഥ സാംസ്കാരികവളച്ച്യെ സഹായിക്കുന്നു. ''ഒരു ക്രിസ്ത്യാനി യഥാർത്ഥമായ സംസ്കാരത്തിന്റെ വളച്ച്യുവേണ്ടി സസന്തോഷം സഹകരിക്കുന്നു. കാരണം, ചരിത്രത്തിന്റെ ഏതു കാലഘട്ടത്തിലും സംസ്കാരത്തിന്റെ സാരസർവസ്വമായിരുന്നിട്ടുള്ള ആദ്ധ്യാത്മികമൂല്യങ്ങൾ മനുഷ്യനിൽ ദൃഢമൂലമാകുവാൻ പ്രേരിപ്പിക്കുന്നതാണ് ക്രിസ്തുവിന്റെ സുവിശേഷമെന്ന് അയാൾക്കറിയാം.''[44] പ്രേഷിതരംഗങ്ങൾ പ്രബുദ്ധതയുടെയും പ്രകാശത്തിന്റെയും കേന്ദ്രങ്ങളാണ്. ആ നിലയിൽ, ''സുവിശേഷവത്കരണം മഹത്തരമായ മാനുഷിക സേവനവുമാണ്. താൻ ദൈവത്തിന്റെ ഒരു പുത്രനാണെന്ന് സ്വയം മനസ്സിലാക്കാൻ അതു്

മനുഷ്യനെ പ്രാപ്തനാക്കുന്നു. കൂടാതെ എല്ലാ അനീതിക ളിൽനിന്നും അതു് അവനു സംരക്ഷണം നൽകുന്നു. മനു ഷ്യൻെറ ഭൗതികവും സാംസ്കാരികവുമായ പുരോഗ തിക്കു് വഴിതെളിക്കുകയും ചെയ്യുന്നു.''[45]

സുവിശേഷപ്രഘോഷണത്തിലൂടെ സഭ മനുഷ്യ ൻെറ പരമമായ സ്വാതന്ത്ര്യവും അന്തസ്സും കാത്തുസൂക്ഷി ക്കുന്നു.[46] ജനങ്ങളെ നിർമ്മാണോത്സുകരും സേവനമന സ്കരും സാമൂഹ്യമായി പ്രബുദ്ധരുമാകാൻ സഭ ഉത്തേ ജിപ്പിക്കുന്നു. സുവിശേഷവത്കരണത്തിൽനിന്നുളവാ കുന്ന വൈയക്തികവും സാമൂഹികവുമായ ചില നന്മക ളാണിവ. ജോൺ പോൾ രണ്ടാമൻെറ വാക്കുകളിൽ പറഞ്ഞാൽ, പ്രേഷിതപ്രവർത്തനം വ്യക്തികളെയും സമൂ ഹത്തെയും ആസകലം രൂപാന്തരപ്പെടുത്തുന്നു. അങ്ങനെ ലോകത്തിൽ നീതിയും സമാധാനവും നിലനിറുത്തു വാൻ കഴിയുന്ന ഒരു ''പുത്തൻ സംസ്കാരം'' ഉടലെടുക്കുക യും ചെയ്യുന്നു.

ആറാം പോൾ മാർപ്പാപ്പായെപ്പോലെതന്നെ രണ്ടാം ജോൺ പോൾ മാർപ്പാപ്പായും സുവിശേഷവത്കരണ ത്തിൽ അക്രൈസ്തവമതങ്ങളുടെ മൂല്യങ്ങളോടു് അർഹി ക്കുന്ന ബഹുമാനം കാണിക്കണമെന്നു് പ്രത്യേകം എടുത്തു പറയുന്നുണ്ടു്. ''മനുഷ്യസത്തയോടു് ആഴമായ ആദരവു കാണിച്ചുകൊണ്ടായിരിക്കണം മിഷനറിമനോഭാവം വളർത്തിയെടുക്കേണ്ടതു്... പ്രേഷിതപ്രവർത്തനം ഒരി ക്കലും സംഹാരപരമല്ല; ക്രിയാത്മകമാണു്. ഉദ്ധാരണ വും പുതിയ നിർമ്മിതിയുമാണതു്. ഈ ആദർശം പൂർണ്ണ മായും പ്രായോഗികമാക്കാൻ എപ്പോഴും കഴിയുന്നില്ലെ ങ്കിലും അതിലേക്കാണു് നാം ദൃഷ്ടിപതിക്കേണ്ടതു്.''[47]

അക്രൈസ്തവസമൂഹത്തിൽ കാണപ്പെടുന്ന നന്മയുടെ നാമ്പുകളെ അവയുടെ സ്വാഭാവിക പരിണാമത്തിനു വിട്ടുകൊടുക്കുന്നതിൽ മാർപ്പാപ്പ തൃപ്തനല്ല. "ജനപദങ്ങളുടെ ആദ്ധ്യാത്മികസമ്പത്തിനു് അടിസ്ഥാനമായ ആചാരാനുഷ്ഠാനങ്ങൾ ക്രിസ്തുവിന്റെ വചനത്താൽ ഉപര്യുപരി പ്രകാശമാനമാകണം"[48] എന്നു മാർപ്പാപ്പ പ്രത്യേകം ഉദ്ബോധിപ്പിക്കുന്നു. പ്രേഷിതപ്രവർത്തനത്തിന്റെ ആവശ്യകതയെപ്പററിയുള്ള രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രബോധനങ്ങളും ഇതേ ആശയത്തിലേക്കാണു് വിരൽചൂണ്ടുന്നതു്.

ചുരുക്കിപ്പറഞ്ഞാൽ, രണ്ടാം ജോൺ പോൾ മാർപ്പാപ്പായുടെ ഉദ്ബോധനങ്ങൾ ആറാം പോൾ മാർപ്പാപ്പായുടെയും രണ്ടാം വത്തിക്കാൻ കൗൺസിലിന്റെയും ആഹ്വാനങ്ങളോടു് വളരെ സാമ്യമുള്ളവയാണു്. എങ്കിലും മിഷൻപ്രവർത്തനത്തിന്റെ ചില വശങ്ങൾ രണ്ടാം ജോൺ പോൾ മാർപ്പാപ്പ കൂടുതൽ ഊന്നിപ്പറയുകയും വിശദീകരിക്കുകയും ചെയ്തിട്ടുണ്ടെന്നു പറയാം.

മൂന്നു്

# സുവിശേഷവത്കരണത്തിൻെറ ആവശ്യകത – പുരാതന ക്രൈസ്തവപാരമ്പര്യത്തിൻെറ വെളിച്ചത്തിൽ

സഭാപിതാക്കന്മാരുടെ പ്രബോധനങ്ങളിൽ സുവിശേഷവത്കരണത്തിൻെറ താത്ത്വികവശങ്ങളെപ്പററി സമഗ്രമായി പ്രതിപാദിക്കുന്ന ഭാഗങ്ങളൊന്നുമില്ലെങ്കിലും[1] പ്രേഷിതപ്രവർത്തനത്തെക്കുറിച്ചുള്ള പല വിചിന്തനങ്ങളും അവിടെ കാണുന്നുണ്ടു്. അക്രൈസ്തവരുടെ ഇടയിൽ സത്യവിശ്വാസം പ്രചരിപ്പിക്കേണ്ടതിൻെറ ആവശ്യകത ഊന്നിപ്പറയുന്നതിൽ ചില സഭാപിതാക്കന്മാർ മൗനംദീക്ഷിക്കുന്നതുപോലെതന്നെ തോന്നും. പക്ഷേ അതിനു പല കാരണങ്ങളുമുണ്ടു്. ഒന്നാമതായി, ശ്ലീഹന്മാർ ലോകമെങ്ങും സുവിശേഷപ്രഘോഷണം നടത്തിക്കഴിഞ്ഞിട്ടുണ്ടെന്നു് അവർ ധരിച്ചു. രണ്ടാമതായി, ആദിമ നൂററാണ്ടുകളിലെ ക്രിസ്തുമതത്തിൻെറ പെട്ടെന്നുള്ള വളർച്ച കണ്ടപ്പോൾ, അതിൻെറ വികാസത്തിനായി മിഷൻപ്രവർത്തനം അത്ര ആവശ്യകമായി അവർക്കു തോന്നിയുമില്ല. തന്മൂലം മററു വിശ്വാസസത്യങ്ങളുടെ താത്ത്വികമായ ന്യായീകരണത്തിലായിരുന്നു അവരുടെ മുഖ്യശ്രദ്ധ. എങ്കിലും എല്ലാ മനുഷ്യരും മാനസാന്തരപ്പെട്ടു്

ക്രിസ്തുവിലൂടെ രക്ഷപ്രാപിക്കുന്നതിനായി വിളിക്കപ്പെട്ട വരാണെന്നു് സഭാപിതാക്കന്മാർക്കു ബോദ്ധ്യമുണ്ടായിരുന്നു. "ബൈബിളിൽ കാണുന്ന പ്രേഷിതാശയങ്ങളെ സഭ ശ്ലൈഹികകാലംമുതൽ ഇന്നുവരെ മുറുകെപ്പിടിച്ചിട്ടുണ്ട്. ലോകജനതകളെ മുഴുവൻ മാനസാന്തരപ്പെടുത്താനുള്ള ദൗത്യം ദൈവം തന്നെ ഭരമേല്പിച്ചിരിക്കുന്നതായും സഭ എക്കാലവും ഉറച്ചുവിശ്വസിച്ചിരുന്നു."[2]

സഭയ്ക്കു് സാർവജനീനമായ ഒരു ദൗത്യമുണ്ടെന്നു തെളിയിക്കുവാൻവേണ്ടി സഭാപിതാക്കന്മാർ പലപ്പോഴും ബൈബിൾ ഉദ്ധരിച്ചിരിക്കുന്നതുതന്നെ, അവരുടെ പ്രേഷിതോന്മുഖമായ ചിന്തയ്ക്കു് ഒരു നല്ല തെളിവാണു്.[3]

ഏ.ഡി. 100 - നും 150 - നമിടയ്ക്കു് എഴുതപ്പെട്ട ഒരു പുരാതന ക്രൈസ്തവരേഖയാണു് ഡിഡാക്കെ. അതിൽ സഭയെപ്പററി സുന്ദരമായ ഒരു പരാമർശമുണ്ട്. വിശുദ്ധ കുർബ്ബാനക്കുപയോഗിക്കുന്ന അപ്പം, ഒരുനാൾ മലമുകളിൽ ചിതറപ്പെട്ടു കിടക്കുകയും ശേഖരിക്കപ്പെട്ടു കഴിയുമ്പോൾ ഒന്നായിത്തീരുകയും ചെയ്യുന്നതുപോലെ, സഭയും ഭൂമിയുടെ അതിർത്തികളിൽനിന്നു ശേഖരിക്കപ്പെടേണ്ടിയിരിക്കുന്നുവെന്നു് അതിൽ കാണുന്നു (ഡിഡാക്കെ 9,4). ഡിഡാക്കെ മിഷൻപ്രവർത്തനത്തിനുതകുന്ന ചില മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നുണ്ട് (ഡിഡാക്കെ 7,1-4;11,3-6).

ഉദ്ദേശം ഏ. ഡി. 70-നും 138-നമിടയ്ക്കു് വിരചിതമായ ബർണബാസിൻെറ ലേഖനത്തിൽ, സഭയുടെ സാർവത്രികദൗത്യത്തെപ്പററി സൂചനയുണ്ട്. അതിലെ 14-ാം അദ്ധ്യായത്തിൽ ഈ ആശയം വളരെ പ്രകടമാണു്.

ഏശയ്യാ 49,6-നെ ആസ്പദമാക്കിക്കൊണ്ടു്, പിതാവായ ദൈവം തന്റെ തിരുക്കുമാരനോടു പറയുന്ന ഭാഗം ലേഖിതാവു് ഇങ്ങനെ അവതരിപ്പിച്ചിരിക്കുന്നു: "നിന്റെ ദൈവവും കർത്താവുമായ ഞാൻ നിന്നെ നീതിയിൽ വിളിക്കുകയും, കൈകളിലെടുക്കുകയും, സംരക്ഷിക്കുകയും ചെയ്തു. പുറജാതികൾക്കു് പ്രകാശമായും, ജനങ്ങൾക്കു് ഉടമ്പടിയായും ഞാൻ നിന്നെ നൽകിയിരിക്കുന്നു" (ബർണബാസിന്റെ ലേഖനം 14,7). സുവിശേഷത്തിന്റെ സാർവലൗകികതയെ സംബന്ധിച്ചിടത്തോളം, ഇതിനു് ഡിഡാക്കെയിലെ ആശയങ്ങളോടു് സാദൃശ്യമുണ്ടു്.

റോമിലെ വി. ക്ലെമെന്റ് (+101), സുവിശേഷം പ്രസംഗിക്കുന്നതിനുവേണ്ടി ശ്ലീഹന്മാർ അയയ്ക്കപ്പെട്ട വസ്തുത അനുസ്മരിച്ചുകൊണ്ടു് പ്രേഷിതപ്രവർത്തനത്തിന്റെ ആവശ്യകതയെപ്പററി ഇങ്ങനെ പറയുന്നു: "നീ മാത്രം ദൈവമാണെന്നും, യേശുക്രിസ്തു നിന്റെ പുത്രനാണെന്നും, ഞങ്ങൾ നിന്റെ ജനവും നിന്റെ പുൽമേട്ടിലെ ആടുകളും ആണെന്നും എല്ലാ ജനതകളും അറിയട്ടെ" (കോറിന്തോസുകാർക്കെഴുതിയ ഒന്നാമത്തെ ലേഖനം 59,4). വി. ക്ലെമെന്റിന്റെ അഭിപ്രായമനുസരിച്ചു്, തങ്ങളുടെ നല്ല ജീവിതമാതൃകകൾവഴി പ്രേഷിതപ്രവർത്തനത്തെ സഹായിക്കാൻ സകല ക്രൈസ്തവർക്കും കടമയുണ്ടു് (കോറിന്തോസുകാർക്കെഴുതിയ രണ്ടാമത്തെ ലേഖനം 13).

ഏ.ഡി. 150-നോടടുത്തു് എഴുതപ്പെട്ട "ഹെർമാസിന്റെ ഇടയൻ" എന്ന രേഖ, തിരുസ്സഭയെ ഒരു ഗോപുരത്തോടു താരതമ്യപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത

ഗോപുരമാകട്ടെ, എല്ലാ ദിക്കുകളിലുംനിന്നു ശേഖരിക്കപ്പെട്ട കല്ലുകൾകൊണ്ടാണ് പടുത്തുയർത്തപ്പെട്ടിരിക്കുന്നതു് (ദർശനങ്ങൾ 3). ഗ്രന്ഥകാരൻ മറ്റൊരിടത്തു് തിരുസ്സഭയെ അരളിമരത്തോടു തുലനം ചെയ്തിരിക്കുന്നു. അപ്പസ്തോലന്മാരുടെ സുവിശേഷപ്രഘോഷണം വഴി ക്രിസ്തു ലോകത്തിലെങ്ങും അറിയപ്പെടുന്നതനുസരിച്ച് ആ മരം ഭൂമിയുടെ അതിർത്തികൾവരെ തണൽ പരത്തുന്നതായും വിശ്വാസം സ്വീകരിച്ച ജനപദങ്ങളെ ആ തണലിൽ നിറുത്തുന്നതായും ഇവിടെ ചിത്രീകരിക്കപ്പെട്ടിരിക്കുന്നു (ഉപമാനങ്ങൾ 8). ഇതിനുപുറമേ, തിരുസ്സഭയെ പന്ത്രണ്ടു് പർവതങ്ങളോടും ഇവിടെ ഉപമിച്ചിട്ടുണ്ടു്. അവ അപ്പസ്തോലന്മാരുടെ സുവിശേഷപ്രഘോഷണം ശ്രവിച്ച ചിന്നിച്ചിതറി ജീവിക്കുന്ന ലോകജനതകളുടെ സാദൃശ്യമത്രേ (ഉപമാനങ്ങൾ 9).

3-ാം നൂററാണ്ടിൽ ജീവിച്ചിരുന്ന ലത്തീൻഭാഷയിലെ ആദ്യത്തെ ക്രൈസ്തവകവിയായി അറിയപ്പെടുന്ന കൊമ്മോഡിയൻ, തൻെറ കൃതികളിൽ പ്രേഷിതപ്രവർത്തനത്തെപ്പററി വ്യക്തമായി സൂചിപ്പിച്ചിട്ടുണ്ടു്. ക്രിസ്തുമതം സ്വീകരിച്ചശേഷം അദ്ദേഹം തൻെറ സാഹിത്യസപര്യയിലൂടെ അന്യമതസ്ഥരെ സത്യദൈവത്തിങ്കലേക്കു് അടുപ്പിക്കുവാൻ ആവുന്നത്ര ശ്രമിക്കുകയുണ്ടായി. അദ്ദേഹത്തിൻെറ കൃതികളിൽ "ഇൻസ്ത്രുക്സിയോണെസ്" (Instructiones), "കാർമ്മെൻ അപ്പൊളൊജെററിക്കം" (Carmen Apologeticum) എന്നിവ ഇവിടെ പ്രത്യേകം സ്മർത്തവ്യമത്രേ. അവയിലൂടെ അദ്ദേഹം അക്രൈസ്തവരെ ക്രിസ്തുമതത്തിലേക്കു മാടിവിളിക്കുന്നു.

ഒരിജിൻെറ (+253) കൃതികളും പ്രേഷിതപ്രസക്തി

ഏടുത്തുകാണിക്കുന്നുണ്ട്. ക്രിസ്തുമതത്തിൻെറ നേരെയുള്ള അക്രൈസ്തവരുടെ എതിർപ്പിൻെറ വെളിച്ചത്തിൽ സ്വന്തം മതത്തെ ന്യായീകരിക്കുവാൻ വേണ്ടിയുള്ള പരിശ്രമത്തിൽ അദ്ദേഹം സുവിശേഷവത്കരണസംബന്ധമായ വിഷയത്തിൽ തത്പരനായി. അങ്ങനെ, അക്രൈസ്തവരുടെ ഇടയിലുള്ള വേദപ്രചാരണത്തിൻെറ അടിസ്ഥാനമെന്താണെന്ന് അദ്ദേഹത്തിനു വിശദീകരിക്കേണ്ടതായും വന്നു.[4] ഒരിജിൻ ക്രിസ്തുമതത്തിൻെറ ദൈവികസ്വഭാവത്തെ കണക്കിലെടുത്തുകൊണ്ട്, അതിനു് ഒരു പ്രത്യേക ദൈവപരിപാലന ലഭിച്ചുവരുന്നതായി സമർത്ഥിക്കുന്നു. അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ, തിരുസ്സഭ സ്ഥാപിക്കപ്പെട്ടിരിക്കുന്നതു് എല്ലാവർക്കും വേണ്ടിയാണു്; തന്മൂലം അവൾക്കു് ഒരു സാർവത്രികദൗത്യമാണുള്ളതു്. സാബായിലെ രാജ്ഞിയുടെ പരിവാരസമേതമുള്ള സന്ദർശനത്തോടു (1 രാജാ. 10,1-10) താരതമ്യപ്പെടുത്തിക്കൊണ്ടു്, തിരുസ്സഭ സർവജനപദങ്ങളുമൊത്തു് സമാഗതമാകുന്നതു് ഒരിജിൻ വിഭാവനം ചെയ്യുന്നു.[5] തിരുസ്സഭയ്ക്കുപുറമേ ആർക്കും നിത്യരക്ഷയില്ലെന്നു് അദ്ദേഹം ഖണ്ഡിതമായി പഠിപ്പിച്ചു.[6] ലോകാവസാനത്തിനുമുമ്പായി ലോകമെങ്ങും സുവിശേഷം പ്രസംഗിക്കപ്പെടേണ്ടതു് അത്യാവശ്യമാണെന്നു് ഒരിജിൻ കരുതി.[7] അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ, ക്രൈസ്തവാദർശങ്ങൾ പ്രചരിപ്പിച്ചും ഉത്തമജീവിതം നയിച്ചും സുവിശേഷം പ്രചരിപ്പിക്കുവാൻ ഓരോ ക്രൈസ്തവനും കടമയുണ്ടു്.[8]

വി. സിപ്രിയാൻെറ (+258) അഭിപ്രായത്തിൽ, തിരുസ്സഭയ്ക്കു പുറത്തുള്ളവർക്കാർക്കും നിത്യരക്ഷ പ്രാപി

ക്കുക സാദ്ധ്യമല്ല.[9] "സ്വന്ത കുററംകൊണ്ടു് ക്രിസ്തുവിന്റെ സഭയ്ക്കു വെളിയിലായിരുന്നവരെപ്പററിയാണു് സിപ്രിയാൻ മുഖ്യമായും ചിന്തിച്ചിരുന്നതെന്നു പറയാൻ വയ്യ. അങ്ങനെയുള്ളവർക്കു് രക്ഷപ്രാപിക്കുവാൻ സാധിക്കുകയില്ലെന്നുള്ളതു് അദ്ദേഹത്തിനു വളരെ സ്പഷ്ടമായിരുന്നു. എന്നാൽ, 'സഭയ്ക്കുപുറമേ രക്ഷയില്ല' എന്നുള്ള പ്രമാണം സിപ്രിയാൻ വാച്യാത്ഥത്തിൽത്തന്നെയാണു് മനസ്സിലാക്കിയിരുന്നതെന്നു വിശ്വസിക്കാൻ ന്യായമുണ്ടു്."[10] അപ്രകാരമുള്ള ഒരു ചിന്താഗതി സുവിശേഷവത്കരണത്തിന്റെ ആവശ്യകതയിലേക്കു വിരൽ ചൂണ്ടുന്നുണ്ടെന്നുള്ളതു് സ്പഷ്ടമാണല്ലൊ. സിപ്രിയാന്റെ ദൃഷ്ടിയിൽ, സുവിശേഷപ്രചാരണത്തിനുള്ള പൊതുവായ കടമയിൽനിന്നു യാതൊരു ക്രൈസ്തവനും ഒഴിഞ്ഞുമാറാവുന്നതല്ല. പ്രേഷിതപ്രവർത്തനത്തിനു നൽകാവുന്ന ഒരു സഹായമായി അദ്ദേഹം പ്രാർത്ഥന ശിപാർശ ചെയ്യുന്നു.[11]

നിഖ്യാസൂനഹദോസിനുശേഷമുള്ള സഭാപിതാക്കന്മാരുടെ പ്രബോധനങ്ങളിൽ മിഷൻപ്രവർത്തനത്തിന്റെ താത്ത്വികവശങ്ങളെക്കുറിച്ചു് കൂടുതൽ അവഗാഹമായ പരിചിന്തനങ്ങൾ കാണുന്നുണ്ടു്. "ഈ കാലഘട്ടത്തിൽ, പ്രേഷിതപ്രവത്തനത്തിലുള്ള ക്രിസ്തുമതത്തിന്റെ തീക്ഷ്ണത കുറയാൻ തുടങ്ങിയിരുന്നെങ്കിലും ആ മതത്തെപ്പററിയും അതിന്റെ ആരംഭത്തെപ്പററിയുമുള്ള വിചിന്തനത്തിന്റെ ഒരു കാലഘട്ടമായിരുന്നു അതു്. തന്മൂലം അക്കാലത്തെ സഭാപിതാക്കന്മാരുടെ കൃതികളെല്ലാം പ്രേഷിതപ്രവർത്തനത്തെപ്പററിയുള്ള ചിന്തകളാൽ നിബിഡമാണു്."[12] കേസറിയായിലെ എവു

സേബിയസ് (ഉദ്ദേശം + 340), വി. അത്തനേഷ്യസ് (ഉദ്ദേശം + 373), അലക്സാൻഡ്രിയായിലെ വി. സിറിൽ (+444), ജറുസലേമിലെ വി. സിറിൽ (+386), വി. ബാസിൽ (+379), വി. ഗ്രിഗറി നസിയാൻസൻ (+390), നീസായിലെ വി. ഗ്രിഗറി (ഉദ്ദേശം + 394), വി. അംബ്രോസ് (+397), വി. ജറോം (+420), പ്രുദേൻസിയൂസ് (+405), നോളായിലെ വി. പൗളിനൂസ് (+431), വി. ജോൺ ക്രിസോസ്ററം (+407), വി. ആഗസ്റ്റീനോസ് (+430), വി. ഗ്രിഗറി മാർപ്പാപ്പ (+604) തുടങ്ങി ഈ കാലഘട്ടത്തിലെ സഭാപിതാക്കന്മാർ എല്ലാവരുംതന്നെ സുവിശേഷവത്കരണചിന്തയിൽ നിർല്ലീനരായി കാണുന്നു.[13] വിസ്തരഭയത്താൽ, ഒടുവിൽപ്പറഞ്ഞ മൂന്നുപേരെപ്പററിമാത്രം താഴെ പരിചിന്തനം ചെയ്യാം.

വി. ജോൺ ക്രിസോസ്ററം പ്രേഷിതപ്രവൃത്തിയെക്കുറിച്ച് ഗഹനമായി ചിന്തിച്ചിരുന്ന ഒരാളാണ്. "തൻെറ പ്രസംഗങ്ങളിലും സംഭാഷണങ്ങളിലും എഴുത്തുകളിലും ഗ്രന്ഥങ്ങളിലും അദ്ദേഹം പ്രേഷിതപ്രവർത്തനത്തിലുള്ള അതീവതാത്പര്യം പ്രകടമാക്കിയിട്ടുണ്ട്. മാത്രമല്ല, മിഷൻപ്രവർത്തനങ്ങൾക്ക് അദ്ദേഹം പ്രായോഗിക സഹായം നൽകുകയും ചെയ്തു. തൻെറ കൃതികളിൽ സുവിശേഷവത്കരണത്തിനുള്ള കടമ തെളിയിക്കുന്നതിനുമാത്രമല്ല അദ്ദേഹം ശ്രമിച്ചിട്ടുള്ളത്, പ്രത്യുത അതിനായി സ്വീകരിക്കേണ്ട പ്രവർത്തനപഥങ്ങളെപ്പററിയും പ്രസ്താവിച്ചിരിക്കുന്നു. ഒടുവിൽപ്പറഞ്ഞ കാര്യസാദ്ധ്യത്തിന് അദ്ദേഹം നിർദ്ദേശിക്കുന്നത്, ക്രൂശിതനായ രക്ഷകനെ പ്രസംഗിക്കാനും ക്രൈസ്തവർ മാതൃകായോഗ്യമായ

ജീവിതം നയിക്കാനുമത്രേ. എന്നാൽ മറുവശത്തു് ബാഹ്യമായ സമ്മർദ്ദം ചെലുത്തുന്നതിനെ അദ്ദേഹം കുററപ്പെടുത്തുകയും ചെയ്യുന്നു.''[14] വി. ക്രിസോസ്റ്റമിൻെറ അഭിപ്രായത്തിൽ, സുവിശേഷവത്കരണം അത്യാവശ്യമായിരിക്കുന്നതിനു് വിവിധ കാരണങ്ങളുണ്ടു്. അക്രൈസ്തവലോകത്തിൻെറ ദുർഭഗസ്ഥിതിതന്നെ പ്രേഷിതപ്രവർത്തനത്തിനു പരോക്ഷമായി നമ്മെ കടപ്പെടുത്തുന്നു. മനുജകുലത്തെ അതിൻെറ ''മൃഗീയവാസന''യിൽനിന്നു രക്ഷിക്കാൻ സുവിശേഷപ്രഘോഷണം അനിവാര്യമത്രേ.[15] എല്ലാ ജനപദങ്ങളും നിത്യരക്ഷ പ്രാപിക്കണമെന്നുള്ള ദൈവതിരുമനസ്സു് ഈ വസ്തുതയെ പ്രത്യക്ഷമായി സ്ഥിരീകരിക്കുന്നു.[16] ഇതിനുപരിയായി, സുവിശേഷവത്കരണത്തെ വിശ്വസാഹോദര്യത്തിൻെറ ഒരു ഭാഗമായിട്ടാണു് അദ്ദേഹം കാണുക. മനുഷ്യർ അന്യോന്യം സ്നേഹിക്കണമെന്നുള്ള ദൈവകല്പനയനുസരിച്ചു്, ദൈവത്തെക്കുറിച്ചുള്ള നമ്മുടെ ജ്ഞാനവും നമ്മുടെ ആത്മീയ സമ്പത്തും സത്യദൈവത്തെ അറിയാത്തവരുമായി പങ്കുവയ്ക്കാൻ നമുക്കു കടമയുണ്ടു്.

സുവിശേഷവത്കരണത്തെപ്പററിയുള്ള വി. ആഗസ്തീനോസിൻെറ അഭിപ്രായങ്ങൾ വിലയിരുത്തുന്നതിനു്, ആദ്യമായി അക്രൈസ്തവമതങ്ങളെക്കുറിച്ചുള്ള അദ്ദേഹത്തിൻെറ ധാരണയെന്തെന്നു സൂചിപ്പിക്കേണ്ടിയിരിക്കുന്നു. പൊതുവിൽ പറഞ്ഞാൽ, അദ്ദേഹത്തിനു് അവയെപ്പററി പ്രതികൂലാഭിപ്രായമാണു് ഉള്ളതു്. ക്രിസ്തുവിൻെറ മനുഷ്യാവതാരത്തിനു മുമ്പുതന്നെ അവിടുത്തെ സാന്നിദ്ധ്യവും സ്വാധീനവും വിശ്വവ്യാപകമായിരുന്നെ

ന്നുള്ള സത്യവും, ഒരു നിശ്ചിതാത്ഥത്തിൽ ആബേലിന്റെ കാലംമുതല്ക്കേ തിരുസ്സഭ നിലനിന്നിരുന്നെന്നുള്ള വസ്തുതയും അദ്ദേഹം അംഗീകരിച്ചെങ്കിലും, അക്രൈസ്തവ മതങ്ങൾക്ക് രക്ഷാകരമൂല്യം ഉള്ളതായി അദ്ദേഹം കരുതിയില്ല. ''കത്തോലിക്കാസഭയ്ക്കുപുറത്ത് മനുഷ്യന് നിത്യരക്ഷയൊഴികെ എല്ലാം സാദ്ധ്യമാണ്. അയാൾക്ക് ബഹുമാനം ലഭ്യമാണ്, അയാൾക്ക് കൂദാശ ലഭ്യമാണ്, അയാൾക്ക് ഹല്ലേലൂയ്യ പാടാൻ സാധിക്കും, അയാൾക്ക് ആമ്മേൻ എന്നു പ്രതിവചിക്കാൻ സാധിക്കും, അയാൾക്ക് സുവിശേഷഗ്രന്ഥം പിടിച്ചുകൊണ്ടിരിക്കാൻ പററും, അയാൾക്ക് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ വിശ്വാസമുണ്ടായിരിക്കാനും അതു പ്രസംഗിക്കാനും സാധിക്കും. പക്ഷേ, കത്തോലിക്കാസഭയിലല്ലാതെ മററൊരിടത്തും അയാൾക്ക നിത്യരക്ഷ കണ്ടെത്തുവാൻ കഴിയുകയില്ല.''[17] ഈ ബോദ്ധ്യത്തിൽ, ക്രൈസ്തവ സന്ദേശത്തിന്റെനേരെ ഹൃദയകവാടങ്ങൾ തുറക്കാതിരുന്ന പ്ലൊട്ടീനിയൻതത്ത്വചിന്തകരെ അദ്ദേഹം നിശിതതമായി വിമർശിച്ചു. മനുഷ്യന് തിരുസ്സഭയ്ക്കുപുറമേ നിത്യരക്ഷ അസാദ്ധ്യമാണെന്ന് അദ്ദേഹം ഉറച്ചുവിശ്വസിച്ചു, പ്രത്യേകിച്ചും ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിനുശേഷമുള്ള ഈ കാലഘട്ടത്തിൽ. സഭാപിതാക്കന്മാരിൽ പലരും ഇതേ അഭിപ്രായക്കാരാണ്. ''സഭാപിതാക്കന്മാരുടെ പ്രഃബോധനങ്ങളെപ്പററി അടുത്തകാലത്തു നടത്തിയിട്ടുള്ള പഠനങ്ങൾ ഒരു കാര്യം വ്യക്തമാക്കുന്നുണ്ട്: നിത്യരക്ഷയുടെ സാദ്ധ്യതയെ സംബന്ധിച്ചിടത്തോളം, പിതാക്കന്മാർ ക്രിസ്തുവിന്റെ ആഗമനത്തിനു

മുമ്പുള്ള സമയവും ക്രിസ്തുവിൻെറ ആഗമനത്തിനുശേഷമുള്ള സമയവും തമ്മിൽ വ്യക്തമായി വേർതിരിക്കുന്നുണ്ട്. ക്രിസ്തുവിൻെറ ആഗമനത്തിനുമുമ്പുള്ള സമയത്തെ സംബന്ധിച്ചിടത്തോളം, എല്ലാവർക്കും രക്ഷപ്രാപിക്കാനുള്ള സാദ്ധ്യത അവർ അംഗീകരിക്കുന്നുണ്ട്. എന്നാൽ ക്രിസ്തുവിൻെറ ആഗമനത്തിനുശേഷമുള്ള കാലഘട്ടത്തെ സംബന്ധിച്ചിടത്തോളം, തിരുസ്സഭയ്ക്കുപുറമേ രക്ഷപ്രാപിക്കാനുള്ള സാദ്ധ്യത അംഗീകരിക്കുന്നതിൽ അവർ പരാങ്മുഖരാണ്.''[18]

സഭയ്ക്കുപുറമേയുള്ളവർ രക്ഷപ്രാപിക്കുക അസാദ്ധ്യമാണെന്നുള്ള ചിന്തയും, മറുവശത്ത് സഭയ്ക്ക് സാർവത്രികമായ ഒരു രക്ഷാകരദൗത്യം നിറവേററാനുണ്ടെന്നുള്ള ബോദ്ധ്യവുമാണ് വി. ആഗസ്തീനോസിൻെറ പ്രേഷിത ചിന്തകൾക്കു രൂപം നൽകിയിട്ടുള്ളതെന്നു പറയാം.[19] അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ, അക്രൈസ്തവരുടെ ദയനീയസ്ഥിതിതന്നെ പ്രേഷിതപ്രവർത്തനത്തിനുള്ള ഒരു മതിയായ കാരണമാണ്. ദൈവത്തെപ്പററി വേണ്ടത്ര ജ്ഞാനമില്ലാത്തതിനാൽ അവർ വിഗ്രഹാരാധന നടത്തി ജീവിക്കുന്നു. അവരെ ഈ സ്ഥിതിയിൽനിന്നു രക്ഷിച്ച് ക്രിസ്തുവിലേക്കാനയിക്കുവാൻ പരസ്നേഹം നമ്മോടാവശ്യപ്പെടുന്നുണ്ട്. മാത്രമല്ല, സഭയുടെ സാർവത്രികതയും ലോകമെങ്ങുംപോയി സുവിശേഷസന്ദേശം പ്രചരിപ്പിക്കുവാൻ നമ്മെ നിർബന്ധിക്കുന്നു. മിഷൻപ്രവർത്തനത്തിനുള്ള കടമ, അതിൻെറ ലക്ഷ്യം, അതിനു സ്വീകരിക്കേണ്ട മാർഗ്ഗങ്ങൾ മുതലായ കാര്യങ്ങളെ ഉൾക്കൊള്ളിച്ചുള്ള പല വസ്തുതകളും വി. ആഗസ്തീനോസിൻെറ കൃതികളിൽ ചിതറിക്കിടപ്പുണ്ട്.[20] ''മിഷൻപ്രവ

ത്തനത്തിന്റെ ലക്ഷ്യത്തെ സംബന്ധിച്ചിടത്തോളം, ഓരോ വ്യക്തിയുടെയും മനഃപരിവർത്തനവും, ജനങ്ങൾക്ക് ക്രൈസ്തവചൈതന്യം പകരുന്നതുമാണ് അദ്ദേഹം മുഖ്യമായി പരിഗണിക്കുന്നത്. മിഷൻപ്രവർത്തനത്തിനാവശ്യമായ പ്രത്യക്ഷോപാധികളോടൊപ്പം (ദൈവാനുഗ്രഹം, ദൈവവചനപ്രഘോഷണം, മിഷനറിയുടെ യോഗ്യതകളും ജീവിതമാതൃകയും), ദീർഘവീക്ഷണമുള്ള ഈ സഭാപിതാവ് സാമൂഹ്യക്ഷേമപ്രവർത്തനം, ജീവകാരുണ്യപ്രവർത്തനം, സ്കൂളുകൾ എന്നിവയിലൂടെ വളർത്തിയെടുക്കാവുന്ന മതാത്മകജീവിതവും പരോക്ഷമായ ഒരുപാധിയെന്ന നിലയിൽ ശിപാർശ ചെയ്യുന്നു.''[21]

ഈ അദ്ധ്യായം ഉപസംഹരിക്കുന്നതിനുമുമ്പ് വി. ഗ്രിഗറി പാപ്പായുടെ നാമംകൂടി ഇവിടെ സൂചിപ്പിക്കേണ്ടിയിരിക്കുന്നു. സഭാപിതാക്കന്മാരുടെ കാലഘട്ടത്തിന്റെ അവസാനം ജീവിച്ചിരുന്ന അദ്ദേഹം, ''സഭയുടെ പ്രേഷിതാഭിമുഖ്യത്തിന്റെയും സുവിശേഷവത്കരണത്തിന്റെ ആവശ്യകതയുടെയും വാചാലമായ സാക്ഷിയാണ്. മാത്രമല്ല, മിഷൻപ്രവർത്തനത്തിനുള്ള പ്രായോഗിക മാർഗ്ഗങ്ങൾ പഠിപ്പിച്ചയാളെന്ന നിലയിലും അദ്ദേഹം ശ്രദ്ധേയനത്രേ''.[22]

പ്രേഷിതപ്രവർത്തനങ്ങളുടെ വലിയൊരു പ്രായോഗിക വക്താവായിരുന്ന അദ്ദേഹം, മിഷനറിമാർക്ക് വളരെ സഹായകരമായ ഒട്ടനവധി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ''മിഷൻപ്രവർത്തനത്തിന്റെ മാർഗ്ഗങ്ങളെപ്പററിയുള്ള വിശകലനങ്ങളിലും അതുവരെ നൽകപ്പെട്ടിരുന്ന സഭാധികാരികളുടെ പ്രേഷിതപ്രവർത്തനസംബ

ന്ധിയായ കല്പനകളിലുംവച്ച് പ്രഥമസ്ഥാനം ഗ്രിഗറി ഒന്നാമൻെറ തിരുവെഴുത്തുകാംക്കും നിർദ്ദേശങ്ങാംക്കു മാണ് കൊടുക്കേണ്ടതെന്ന് നിസ്സംശയം പറയാം.''[23] ഇററലിയിലെ ലൊംബാർഡികാം, സ്പെയിനിലെ ഗോത്തിക്ക് വർഗ്ഗക്കാർ, പുരാതന ഫ്രഞ്ചുകാർ മുതലായ വിവിധ ജനപദങ്ങളുടെ മാനസാന്തരത്തിനുവേണ്ടി അദ്ദേഹം അതീവതീക്ഷ്ണതയോടെ പരിശ്രമിച്ചു. ഇംഗ്ലീഷുകാരെ മാനസാന്തരപ്പെടുത്തുന്നതിനായി അദ്ദേഹം പ്രത്യേക നിർദ്ദേശങ്ങാം നൽകി ഒരു മിഷനറി സംഘത്തെ ഇംഗ്ലണ്ടിലേക്ക് അയച്ചു. ഇങ്ങനെ, താൻ പരിപോഷിപ്പിച്ചിരുന്ന പ്രേഷിതാദർശങ്ങളെ പ്രായോഗികതലത്തിലേക്കു പകത്തുവാൻ അദ്ദേഹം സർവഥാ യത്നിച്ചു.

സഭാപിതാക്കന്മാരുടെ വീക്ഷണങ്ങളെക്കുറിച്ചുള്ള ഈ ലഘുപഠനത്തിൽനിന്ന്, സുവിശേഷവത്കരണത്തിൻെറ ആവശ്യകതയെപ്പററി അവർ തികച്ചും ബോധവാന്മാരായിരുന്നെന്നു മനസ്സിലാക്കാം. എന്നാൽ, സുവിശേഷപ്രഘോഷണം പൂർത്തിയായതായി അവരിൽ പലരും ധരിച്ചിരുന്നതുകൊണ്ട് പ്രസ്തുത ആശയങ്ങളെ വേണ്ടത്ര വിപുലീകരിക്കാൻ അവർ ശ്രമിച്ചിട്ടില്ലെന്നുള്ളതും വാസ്തവമാണ്.

നാല്

# രക്ഷപ്രാപിക്കുവാൻ സഭ ആവശ്യമോ ?

പ്രേഷിതത്വത്തിന്റെ ആവശ്യകതയെപ്പററി ചർച്ച ചെയ്യുമ്പോറം സ്വാഭാവികമായും ഒരു ചോദ്യം ഉദിക്കുന്നു; അതായതു് രക്ഷപ്രാപിക്കുവാൻ സഭയുടെ ആവശ്യമുണ്ടോയെന്നു്. ഈ പ്രശ്നം വിശദമായി പരിശോധിക്കേണ്ടതുതന്നെ.

സഭയുടെ ദൃശ്യമാനമായ അംഗത്വം കൂടാതെതന്നെ മനുഷ്യനു് രക്ഷപ്രാപിക്കുക അസാദ്ധ്യമല്ലെങ്കിൽക്കൂടി (തിരുസ്സഭ, നമ്പർ 16; പ്രേഷിതപ്രവത്തനം, നമ്പർ 7), നിത്യരക്ഷയ്ക്കു് സഭയുടെ പൊതുവായ ആവശ്യകത നിഷേധിക്കാവുന്നതല്ല. മാർപ്പാപ്പാമാരുടെയും സാർവത്രികസൂനഹദോസുകളുടെയും സഭാപിതാക്കന്മാരുടെയും നിരവധി പ്രസ്താവനകറം ഈ വസ്തുത സ്ഥിരീകരിക്കുന്നു.[1] രണ്ടാം വത്തിക്കാൻ കൗൺസിലും ഇക്കാര്യം ആവത്തിച്ചുറപ്പിച്ചിട്ടുണ്ടു് (തിരുസ്സഭ, നമ്പർ 14). രക്ഷയുടെ സമൂത്തരൂപമായിട്ടാണു് ക്രിസ്തു സഭയെ സ്ഥാപിച്ചിരിക്കുന്നതു്. മനുഷ്യരെ ജ്ഞാനസ്നാനപ്പെടുത്തുതിനും പഠിപ്പിക്കുന്നതിനും പവിത്രീകരിക്കുന്നതിനും അവിടുന്നു് തന്റെ ശിഷ്യന്മാരെ അധികാരപ്പെടുത്തി. അങ്ങനെ, മനുഷ്യർ രക്ഷപ്രാപിക്കുന്നതു് അവിടുത്തെ സുവിശേഷം സ്വീകരിക്കുന്നതിനെയും ജ്ഞാനസ്നാനം കൈക്കൊള്ള

ന്നതിനെയും ആശ്രയിച്ചാണിരിക്കുന്നതെന്ന് ക്രിസ്തു വ്യക്തമാക്കി.

നമ്മുടെ രക്ഷയുടെ കാര്യത്തിൽ സഭയ്ക്കുള്ള പങ്ക് എന്താണെന്നു മനസ്സിലാക്കുന്നതിന് സഭാരഹസ്യത്തെ പ്പററി നമുക്ക് അല്പം ചിന്തിക്കാം.

## 1. സഭയുടെ അന്തസ്സത്ത

സഭ യുഗാന്തകാലത്തെ ദൈവജനത്തിന്റെ ഒരു സമൂഹമാണ്. ക്രിസ്തുവിൽ വിശ്വസിക്കുന്നവരുടെ സമൂഹമെന്നിലയിൽ സഭ ക്രിസ്തുവിന്റെ ജീവിതത്തിൽ പങ്കാളിയാകുന്നു. ഹയരാർക്കിപരമായ ബാഹ്യഘടനയോടുകൂടിയ, വിശ്വാസികളുടെ സമൂഹമായ സഭയ്ക്ക് ചരിത്രപരവും ദൃശ്യമാനവുമായ ഒരു രൂപസംവിധാനവുമുണ്ട്. സഭ ഒരു ദൃശ്യയാഥാർത്ഥ്യമാണെന്നു്, അവളുടെ പ്രബോധനാദ്ധ്യാപനങ്ങളും പ്രാർത്ഥനകളും കൂദാശാപരികർമ്മങ്ങളും ഉപവിപ്രവർത്തനങ്ങളും മററു നിരവധി പ്രായോഗിക കർമ്മമാർഗ്ഗങ്ങളുംവഴി സുതരാം സ്പഷ്ടമാകുന്നു.

എന്നാൽ സഭ മാനുഷികവും ചരിത്രപരവും ദൃശ്യമാനവുമായ ഒരു ഭൗതികസത്ത മാത്രമല്ല, പ്രത്യുത ക്രിസ്തുവിന്റെ പൂർണ്ണത (എഫേ. 1,23) ഉൾക്കൊണ്ടിരിക്കുന്ന ഒരു ആദ്ധ്യാത്മിക യാഥാർത്ഥ്യം കൂടിയാണ്. "സഭയുടെ ദൃശ്യമാനമായ ഘടകങ്ങൾ അദൃശ്യമായ ഘടകങ്ങളിലൂടെയാണ് രൂപീകരിക്കപ്പെടുകയും ഭരിപ്പിക്കപ്പെടുകയും നിയന്ത്രിക്കപ്പെടുകയും ചെയ്യുന്നതു്. അതായതു്, സഭ എന്തായി കാണപ്പെടുന്നുവോ അതിനേക്കാൾ അടിസ്ഥാ

നപരമായി മികവുററതാണ്. അത് വെറും ആൾക്കൂട്ടമോ സാധാരണ ജനസമൂഹമോ അല്ല. മറിച്ച് തിരഞ്ഞെടുക്കപ്പെട്ട ഒരു ജനതയാണ്. അത് കേവലസാധാരണമായ ഒരു ഗാത്രരൂപമല്ല; പ്രത്യുത, ക്രിസ്തുവിൻെറ മൗതികശരീരമാണ്. അത് ഒരു സാധാരണ സ്ഥാപനമല്ല, മറിച്ച് ഒരു ആത്മീയ സൗധമത്രേ.''[2]

ഇതിൽനിന്ന് സഭ കേവലം ഒരു ഭൗതികയാഥാർത്ഥ്യമോ, മനുഷ്യൻെറ ഭൗതികാവശ്യങ്ങൾ നിറവേററാനുള്ള ഒരു മാനുഷിക പ്രസ്ഥാനമോ അല്ലെന്ന് മനസ്സിലാക്കാം. ക്രിസ്തുവിൻെറ രഹസ്യത്തോട് അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നതുകൊണ്ട് സഭയുടെ രഹസ്യസ്വഭാവവും അതീവഗഹനമായിരിക്കുന്നു. പരിശുദ്ധ ത്രിത്വത്തിൽനിന്നാണ് സഭയുടെ തുടക്കം. സഭ ''ദൈവികവും അതേസമയം മാനുഷികവും, ദൃശ്യവും ഒപ്പം അദൃശ്യവും, ദൈവകുടുംബവും ഈ ലോകത്തിൻെറ കാലികപ്രാധാന്യമുള്ള കാര്യങ്ങളിൽ ആഴമായി മുഴുകിയിരിക്കുന്ന ഒരു സാമൂഹികസ്ഥാപനവും അതോടൊപ്പംതന്നെ ദൈവത്തിൻെറ നിത്യനഗരത്തിലേക്ക് ഉന്മുഖമായിരിക്കുന്ന ഒരു ആത്മീയസ്ഥാപനവുമാണ്.''[3] എന്നാൽ ദൃശ്യസഭയെന്നും അദൃശ്യസഭയെന്നും പറയുന്നത് വ്യത്യസ്തവ്യക്തിത്വമുള്ള രണ്ടു സത്തകളല്ല. പ്രത്യുത, അന്യോന്യാശ്ലിഷ്ടമായ ഏക യഥാർത്ഥ്യമായി അതു നിലകൊള്ളുന്നു (തിരുസ്സഭ, നമ്പർ 8). ക്രിസ്തുവാണ് സഭയുടെ ശിരസ്സ്. അവിടത്തെ അരൂപി സഭയെ ഉത്തേജിപ്പിക്കുകയും പവിത്രീകരിക്കുകയും നവോന്മേഷഭരിതയാക്കുകയും ചെയ്യുന്നു. പന്തക്കുസ്താദിനത്തിൽ ക്രിസ്തു പരിശുദ്ധാത്മാവിനെ സഭയിലേക്ക് അയച്ചു. ആ നിമിഷംമുതൽ സഭ, ലോക

ത്തിന്റെ രക്ഷാകരദൗത്യം പൂർത്തിയാക്കുവാൻ "ഉന്നതങ്ങളിൽനിന്ന് അധികാരപ്പെടുത്തപ്പെട്ട" ഒരു അനുഗൃഹീതസമൂഹമായി രൂപാന്തരപ്പെട്ടു.[4] അങ്ങനെ പരിശുദ്ധാത്മാവ് സഭയിലെ, സാകല്യേനയുള്ള ലൗകികാതീത ജീവിതത്തിന്റെ ആത്മാവും ഉത്തേജകഹേതുവുമായി നിലകൊള്ളുന്നു.

അവതീർണ്ണമായ വചനമാണ് മനുഷ്യരക്ഷയുടെ ആകെത്തുകയെങ്കിൽ, അവിടുത്തെ രക്ഷാകരസാന്നിദ്ധ്യം യഥാവസരം സഭയിലൂടെയാണ് വ്യക്തികളിൽ ചെന്നെത്തുന്നത്. യേശുക്രിസ്തു ദൈവത്തിന്റെ ദൃശ്യമായ അടയാളവും സമൂർത്തരൂപവുമായിരിക്കുന്നതുപോലെ, സഭ യേശുക്രിസ്തുവിന്റെ ലോകത്തിലെ സാന്നിദ്ധ്യത്തിന്റെ ഫലപ്രദമായ അടയാളമാകുന്നു. യേശുക്രിസ്തു പിതാവിന്റെ മാനവോന്മുഖഭാവമായിരിക്കുന്നതുപോലെ, സഭ ഉത്ഥാനംചെയ്ത ക്രിസ്തുവിന്റെ ചരിത്രോന്മുഖഭാവമാണ്. "സഭ നമ്മെ സംബന്ധിച്ചിടത്തോളം ക്രിസ്തുവിനെ പ്രതിഫലിപ്പിക്കുകയും അവിടുത്തെ നമുക്ക് പ്രദാനംചെയ്യുകയും ചെയ്യുന്ന വിശുദ്ധമായ ഒരു അടയാളമാകുന്നു. സഭയെ നോക്കിക്കൊണ്ട് നമുക്ക് ക്രിസ്തുവിനെ കാണാൻ കഴിയണം. സഭയുടെ ഭൗതികവും കാലികവുമായ ദൃശ്യമാനത ക്രിസ്തുവിന്റെ ആത്മീയവും അലൗകികവുമായ ഒരു ദർശനത്തെയാണ് ഉന്നംവയ്ക്കുന്നത്. സഭ മങ്ങിയ ഒരു മറയല്ല. അത് സുതാര്യമായ ഒരു ഫലകമാണ്. അതിലൂടെ നോക്കിയാൽ ക്രിസ്തുവിനെ കാണാം; അതുവഴി ക്രിസ്തുവുമായി ബന്ധപ്പെടുകയും ചെയ്യാം."[5] "സഭ പ്രസാദവരത്തിന്റെ പ്രകടവും ചരിത്രപരവുമായ ഒരു സാക്ഷാത്കാരമാണ്. ആ പ്രസാദവരത്തിലൂടെ

ത്തദൈവം സ്വയം വെളിപ്പെടുത്തുകയും പൂർണ്ണമായി സന്നി ഹിതനാകുകയും മാപ്പരുളുകയും ചെയ്യുന്നു."[6] "മനുഷ്യ രാശിയെ രക്ഷിക്കുന്നതിനുള്ള ദൈവികപദ്ധതിയുടെ സമൂർത്തരൂപമാണ് സഭ. രക്ഷയ്ക്കുള്ള ദൃശ്യമാനമായ സ്ഥാപനമെന്ന നിലയിൽ, സഭ ദൈവത്തിനു മനുഷ്യ രോടുള്ള ദയാവായ്പിന്റെ പ്രത്യക്ഷീകരണമാണ്."[7] മറ്റു വാക്കുകളിൽ പറഞ്ഞാൽ, സഭ പുനരുത്ഥാനംചെയ്ത ക്രിസ്തുവിന്റെ ഭൗമികാനുബന്ധമത്രേ. ആ നിലയിൽ ദൃശ്യസഭ, നമ്മുടെ രക്ഷയ്ക്കുവേണ്ടി സ്ഥലകാലാനുസൃതം അദൃശ്യമായി പ്രവർത്തിക്കുന്ന ക്രിസ്തുതന്നെയാണ്. ആകയാൽ, പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പ വ്യക്തമായി പ്രഖ്യാപിച്ചിട്ടുള്ളതുപോലെ, സഭ ക്രിസ്തുവിന്റെ മൗതി കശരീരമാകുന്നു (എഫേ. 1,23; 1 കോറി. 10,17; 12; 12.27; കൊളോ. 1,24). അതേസമയംതന്നെ സകല മനുഷ്യരോടുമുള്ള ദൈവത്തിന്റെ സ്നേഹദാനവുമാണ് സഭ.

"ക്രിസ്തുവിന്റെ ശരീരം" എന്ന പദംകൊണ്ട് ഇവിടെ വിവക്ഷിക്കുന്നതു് സഭയുടെ ആത്മീയമായ തനിമയും യാഥാർത്ഥ്യവുമാണ്. സെമിററിക്ക് ഭാഷാ നിരുക്തപ്രകാരം, ശരീരം എന്ന പദം ആത്മാവിൽനിന്നു ഭിന്നമായ ഒരു അസ്തിത്വത്തെയല്ല പ്രതിനിധാനം ചെയ്യു ന്നതു്. ഒരു വ്യക്തിയെ മുഴുവനായിട്ടാണ് അതുകൊണ്ട് അർത്ഥമാക്കുന്നതു്. അതനുസരിച്ച്, വി. പൗലോസ് വ്യാഖ്യാനിച്ചിരിക്കുന്നതുപോലെ, സഭ ക്രിസ്തുവിനെ മുഴുവനായിട്ടാണ് പ്രതിനിധാനം ചെയ്യുന്നതു്. ക്രിസ്തു വിന്റെ പൂർണ്ണമായ യാഥാർത്ഥ്യവും തനിമയും സഭ പ്രതി ബിംബിപ്പിക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ

പറയുന്നു: ''ക്രിസ്തുവുമായി സഗാഢം ബന്ധിതയായ സഭ ദൈവവുമായുള്ള ഉററ ഐക്യത്തിന്റെയും മനുഷ്യവർഗ്ഗത്തിന്റെ മുഴവൻ യോജിപ്പിന്റെയും കൂദാശയാണെന്നു പറയാം'' (തിരുസ്സഭ, നമ്പർ, 1). സഭ ''രക്ഷയുടെ സാർവത്രിക കൂദാശ'' (തിരുസ്സഭ നമ്പർ 48) ആണു്.

## 2. സഭയും മാനവരക്ഷയും

''രക്ഷയ്ക്കു് ആവശ്യമായിട്ടുള്ള ഒരു ഉപാധിയാണു് സഭ. ലോകം മുഴവനും ക്രിസ്തുവിന്റെ ഭരണം വ്യാപിപ്പിച്ചുകൊണ്ടു് രക്ഷയുടെ പ്രസാദവരത്തിൽ സകല മനുഷ്യരെയും പങ്കാളികളാക്കുകയാണു് അവളുടെ ലക്ഷ്യം (പതിനൊന്നാം പീയൂസ് മാർപ്പാപ്പ). സഭ, ക്രിസ്തുവുമായുള്ള മനുഷ്യരുടെ ഐക്യം പ്രാവർത്തികമാക്കുന്നതിനനുസരിച്ചു് രക്ഷ സാക്ഷാത്കരിക്കുകയും ചെയ്യുന്നു.''[8] ക്രിസ്തുവുമായുള്ള നമ്മുടെ സാത്മീഭാവവുമായി സഭ അഭേദ്യമായും സ്വഭാവേനയും ബന്ധപ്പെട്ടിരിക്കുന്നതുകൊണ്ടു് രക്ഷപ്രാപിക്കുന്നതിനു് സഭയുടെ അപരിത്യാജ്യത കൂടുതൽ സ്പഷ്ടമാകുന്നു. അതായതു് ക്രിസ്തുവിലൂടെയും ക്രിസ്തുവഴിയുമല്ലാതെ രക്ഷ അപ്രാപ്യമായിരിക്കുന്നതുകൊണ്ടു് (ശ്ലീഹ. 4,12) അവിടത്തെ മൗതികശരീരമായ സഭയോടുള്ള ബന്ധം വിച്ഛേദിക്കുന്നതോ വികലപ്പെടുത്തുന്നതോ രക്ഷയെ അപകടപ്പെടുത്തുകയേയുള്ളു. മററു വീക്ഷണകോണുകളിൽക്കൂടിയും, രക്ഷപ്രാപിക്കുന്നതിനു് സഭ ആവശ്യമാണെന്നു നമുക്കു സമർത്ഥിക്കാവുന്നതാണു്.

മാനവഭാഗധേയം സമ്പ്രാപ്തമാകുന്നതു് കൂട്ടായ ഒരു

പ്രക്രിയയിലൂടെ ആണല്ലൊ. നാം ജീവിക്കുന്നതും നമ്മുടെ വ്യക്തിത്വം വികാസം പ്രാപിക്കുന്നതും ഒരു സമൂഹത്തിലാണ്. നമ്മുടെ ആത്മീയാസ്ഥിത്വത്തിന്റെ കാര്യത്തിലും ഇതു തികച്ചും പ്രസക്തമത്രേ. രക്ഷയെന്നതു് പൂർണ്ണമായും വ്യക്തിപരമായ പ്രവർത്തനംകൊണ്ടു സാധിക്കാവുന്ന ഒരു നേട്ടമല്ല. അതായതു്, സഭയോടു ബന്ധപ്പെടാതെ ഒററയ്ക്കുള്ള പരിശ്രമംകൊണ്ടു് അതു നമുക്കു പ്രാപിക്കാവുന്നതല്ലെന്നു സാരം. ദൈവം മനുഷ്യരെ പരിരക്ഷിക്കുന്നതു് കേവലം വ്യക്തികളെന്ന പരിഗണനയിലല്ല, മറിച്ചു് ഒരു സമൂഹത്തിലെ അംഗങ്ങളെന്ന നിലയിലാണ്. ദൈവികജീവനിൽ പങ്കാളികളാകുവാൻ ദൈവം മനുഷ്യരെ ഒററയ്ക്കൊററയ്ക്കല്ല വിളിക്കുന്നതെന്നു് രണ്ടാം വത്തിക്കാൻ കൗൺസിൽ ഊന്നിപ്പറഞ്ഞിട്ടുണ്ടു് (പ്രേഷിതപ്രവർത്തനം, നമ്പർ 2). അവരെ ദൈവജനമായി സഭാസമൂഹത്തിൽ ഒരുമിച്ചുചേർത്തു് കൂട്ടായി രക്ഷിക്കുവാനാണ് ദൈവം അഭിലഷിക്കുന്നതു്. അതുകൊണ്ടാണ് യേശുക്രിസ്തു എല്ലാ ജനതയിലും നിന്നു ശിഷ്യന്മാരെയും അനുയായികളെയും സ്വീകരിച്ചു് സഭയിലേക്കു് ആനയിക്കുന്നതിനു് അപ്പസ്തോലന്മാരെ നിയോഗിച്ചയച്ചതു്. ഈ സമൂഹത്തിലൂടെ മാത്രമേ രക്ഷ സുസാദ്ധ്യമാവുകയുള്ളുവെന്നു് അവിടുന്നു വ്യക്തമാക്കി (മർക്കോ. 16,16). വി. പൗലോസിന്റെ ലേഖനങ്ങളിലും ഇതേ ആശയം കാണാവുന്നതാണ് (1 തിമോ. 2,1-5). ഈ ഐക്യം ജ്ഞാനസ്നാനത്തിലൂടെ മാത്രമേ പൂർണ്ണമായ അളവിൽ പ്രാപിക്കാനാവുകയുള്ളു. ജ്ഞാനസ്നാനംവഴി, സ്നാപിതരെല്ലാം ഒരേ സഭയായി തീരുന്നു (എഫേ. 4,5). ‘‘ദൈവജനമെന്നനിലയിൽ

സഭയ്ക്കുപകരമായി മററൊന്നില്ല. പുതിയനിയമത്തിൽ ദൈവജനത്തിനു പകരമായി പിശാചിൻെറ ജനമെന്നോ ലോകത്തിൻെറ ജനമെന്നോ പ്രയോഗം കാണുന്നില്ല. പ്രത്യുത, ദൈവത്തിൻെറ ജനത്തോടു്, അതായതു് സഭയോടു ബന്ധമില്ലാത്തവരെ ജനതയല്ലാത്തവരായി ചിത്രീകരിച്ചിരിക്കുന്നു (1 പത്രോ. 2,10). ഒന്നുകിൽ ഒരാൾ തിരുസ്സഭയാകുന്ന ദൈവജനത്തിൽപെടും, അല്ലെങ്കിൽ ദൈവത്തിൻെറ ദൃഷ്ടിയിൽ രക്ഷാകരമായ അർത്ഥവ്യാപ്തിയുള്ള, ജനമെന്നു വിളിക്കപ്പെടുവാൻ അർഹമായ ഒരു ഗണത്തിൽ പെടുന്നില്ല. സഭയ്ക്കു് ക്രിസ്തുവിൻെറ വധുവെന്നും ശരീരമെന്നുമുള്ള പ്രത്യേക പ്രാധാന്യമുണ്ടു്. ക്രിസ്തുവിനു് ഒരേയൊരു മണവാട്ടിയേ ഉള്ളു. അവൾ മാത്രമേ ഏക ശരീരമായി അവിടുത്തോടു് സംയോജിച്ചിരിക്കുന്നുമുള്ളു. പരിശുദ്ധാത്മാവിൻെറ ആലയമെന്ന നിലയിൽ സഭ അവിടുത്തെ രക്ഷാകര സാന്നിദ്ധ്യത്തിൻെറ ഏക വാഗ്ദാനവുമാണു്.''[9] ഇതിൽ നിന്നുള്ള നിഗമനം, രക്ഷപ്രാപിക്കുന്നതിനു് സഭയുടെ അംഗമാകുകയെന്നുള്ളതു് നിർണ്ണായകമായ ഒരു വ്യവസ്ഥയാണെന്നുതന്നെ. മിഷൻപ്രവർത്തനത്തിൻെറ ഒരു ലക്ഷ്യം ജനങ്ങളെ സഭാംഗങ്ങളാകുവാൻ സഹായിക്കുകയെന്നുള്ളതും തദ്വാരാ രക്ഷപ്രാപിക്കുന്നതിനു് യോഗ്യരാക്കുകയെന്നുള്ളതുമാണല്ലോ.

ദൈവവും മനുഷ്യനും പരസ്പരം സ്നേഹഭാഷണം നടത്തുന്ന ഒരു അവസ്ഥാവിശേഷത്തിനു് രക്ഷാകര ചരിത്രം സാക്ഷ്യം വഹിക്കുന്നു. പഴയനിയമത്തിലെ യഹൂദജനതയ്ക്കു്, തൻെറ സന്താനങ്ങളെ സ്നേഹിക്കുന്ന ഒരു പിതാവായിട്ടാണു് ദൈവം സ്വയം വെളിപ്പെടുത്തി

ദത്തു്. വിശുദ്ധ ഉടമ്പടിയിൽ പ്രകടിതമായിരിക്കുന്ന; ദൈവവും മനുഷ്യനുമായുള്ള സ്നേഹഭാഷണം (പുറ. 19, 8; 34,10) രക്ഷാകരചരിത്രത്തിലുടനീളം ദൈവം തന്റെ ജനത്തെ അനുകമ്പാപൂർവം പരിഗണിച്ചിരുന്നതിന്റെ പ്രത്യക്ഷരൂപമത്രേ. ''ഞാൻ നിങ്ങളുടെ ദൈവവും നിങ്ങൾ എന്റെ ജനവുമായിരിക്കും'' (പുറ. 19,5; ഏറെ. 7,23). പഴയനിയമകാലം മുഴുവൻ ദൈവം അവിടുത്തെ ജനത്തോടു നിരന്തരം സംഭാഷിച്ചുകൊണ്ടും സവിശേഷവാത്സല്യത്തോടെ അവരെ കാത്തുസൂക്ഷിച്ചുകൊണ്ടും അവരുടെയിടയിൽതന്നെ വസിക്കുകയായിരുന്നു. ഈ അവസ്ഥ അതിന്റെ അത്യുച്ചസ്ഥിതിയിലെത്തിയതു് ''വചനം മാംസമായി'' നമ്മുടെയിടയിൽ വസിച്ചപ്പോഴാണു് (യോഹ. 1,14). ഇനിയും മനുഷ്യനുമായുള്ള ഈ സ്നേഹഭാഷണം തുടർന്നുകൊണ്ടുപോകാനാണു് ദൈവം അഭിലഷിക്കുന്നതു്. ദൈവത്തിന്റെ രക്ഷണീയാഭിലാഷത്തിന്റെ പ്രത്യക്ഷലക്ഷണമായി അവിടുന്നു സഭയെ സ്ഥാപിച്ചു. ''ഒരു വ്യക്തിക്കു് മററാരോടെങ്കിലും സ്നേഹവും പരിഗണനയുമുണ്ടെങ്കിൽ സ്വാഭാവികമായും അതു മറച്ചുവയ്ക്കാറില്ല. മറിച്ചു്, വാക്കുകളിലും പ്രവൃത്തികളിലുംകൂടി അതു പ്രകടമാക്കാറേയുള്ളൂ. അതുപോലെതന്നെ ദൈവവും, മനുഷ്യരക്ഷയിലുള്ള അവിടുത്തെ ഉൽക്കടമായ താത്പര്യം ഒട്ടും മറച്ചുവച്ചില്ല. പിന്നെയോ, സഭാസ്ഥാപനത്തിലൂടെ എന്നെന്നും നിലനില്ക്കുന്ന ഒരു പ്രകാശനം നൽകുകയാണു് ദൈവം ചെയ്തതു്.''[10] അങ്ങനെ പുതിയനിയമത്തിൽ ദൈവം, അവിടുത്തേക്കു മനുഷ്യരോടുള്ള സഹവാസസമ്പർക്കങ്ങൾക്കായി സഭയെ സ്ഥാപിച്ചു. ''ദൈവം

നമ്മോടുള്ള സമ്പക്ത്തിനായി ഒരു സംവിധാനം ഉണ്ടാക്കി, ക്രിസ്തുവിന്റെ രൂപത്തിലും മൗതികശരീരത്തിലും അതു പ്രാവത്തികമാക്കി - അതാണ് സഭ. തന്മൂലം മനുഷ്യന്, ദൈവം സംവിധാനംചെയ്ത ആ പ്രകാശനമാഗ്ഗത്തിലൂടെ മാത്രമേ, അതായതു്, സഭയുടെ ഒരംഗമെന്ന നിലയിലേ, ദൈവവുമായി വേണ്ടവണ്ണം പ്രതികരിക്കാനാവൂ... ക്രിസ്തുവിൽ ദൈവവും മനുഷ്യനുമായി സമ്പക്കം പുലത്തുന്നതിനുള്ള, ആധികാരികവും പ്രാമാണികവുമായ ഒരേയൊരു ഉപാധി സഭയാകുന്നു.''[11]

രക്ഷപ്രാപിക്കുന്നതിനു് മാമ്മോദീസാ ആവശ്യമാണെന്നു് പുതിയനിയമം ഊന്നിപ്പറഞ്ഞിട്ടുണ്ട്. അതിൽനിന്നുതന്നെ സഭ മനുഷ്യരക്ഷയ്ക്കു് വളരെ ആവശ്യമാണെന്നു സിദ്ധിക്കുന്നു. മിഷൻപ്രവത്തനത്തിന്റെ ആവശ്യകതയെയും അതു സ്പഷ്ടമാക്കുന്നുണ്ട്. പുതിയ നിയമത്തിലെ പഠനങ്ങളനുസരിച്ച് വിശ്വാസവും മാമ്മോദീസായും രക്ഷയുടെ രണ്ടു് അവശ്യഘടകങ്ങളാണ് (എബ്രാ. 11,6; റോമാ. 10,14-17). ഈ വസ്തുത നിക്കദേമോസിനോടു് ക്രിസ്തു വളരെ വ്യക്തമായി പറയുകയുണ്ടായി: ''ജലത്താലും പരിശുദ്ധാത്മാവിനാലും വീണ്ടും ജനിക്കുന്നില്ലെങ്കിൽ ഒരുവനും ദൈവരാജ്യത്തിൽ പ്രവേശിക്കുക സാദ്ധ്യമല്ല'' (യോഹ. 3,5). മററു വാക്കുകളിൽ പറഞ്ഞാൽ, ഒരു പുതിയ, അലൗകികജീവൻ പ്രാപിക്കാത്തപക്ഷം നിത്യരക്ഷയ്ക്കു മാഗ്ഗമില്ല. ഈ പുനർജനനമാകട്ടെ, സഭയിലാണ് സംഭവിക്കുന്നതു്. മാമ്മോദീസാ രക്ഷപ്രാപിക്കാൻ കൂടിയേ കഴിയൂ എന്നതും അതുവഴിയാണ് നാം സഭയിൽ അംഗങ്ങളാകുന്നതു് എന്നതും രക്ഷപ്രാപിക്കാൻ സഭാംഗത്വം ആവശ്യമാണ്

എന്നതും വി. പത്രോസിൻെറ ലേഖനത്തിൽ സ്പഷ്ടമാക്കിയിട്ടുണ്ട് (1 പത്രോ. 3,20). വി. പത്രോസ് മാമ്മോദീസായെ മഹാപ്രളയത്തിൽനിന്നു രക്ഷിച്ച പെട്ടകത്തോടാണ് സാദൃശ്യപ്പെടുത്തിയിരിക്കുന്നത്.

ജനങ്ങൾ പ്രാർത്ഥനവഴിയും മനഃസാക്ഷിയുടെ വിളിയനുസരിച്ചുകൊണ്ടു ജീവിച്ചും ദൈവവുമായി സമ്പർക്കപ്പെടുവാൻ ആന്തരികമായി സന്നദ്ധരായിരുന്നാൽ രക്ഷപ്രാപിക്കാൻ സാധിക്കുമെന്നുള്ള ആശയസങ്കല്പം, രക്ഷയുടെ കാര്യത്തിൽ സഭയ്ക്കുള്ള പ്രധാന്യം കുറയ്ക്കുന്നില്ല. യഥാർത്ഥത്തിൽ സഭയ്ക്കുപുറത്തുള്ളവർ രക്ഷിക്കപ്പെടുന്നുണ്ടെങ്കിൽ, അവർ ഏതെങ്കിലും വിധത്തിൽ സഭയോടു ബന്ധപ്പെട്ടിരിക്കുന്നതുകൊണ്ടാണ്. ഈ വസ്തുത അവർക്കുതന്നെ അജ്ഞാതമായിരിക്കാം. ഏതായാലും സഭയുടെ ഭാഗഭാഗിത്വമോ ആനുഷികബന്ധമോ കൂടാതെ സഭയ്ക്കുപുറത്തുള്ളവർ രക്ഷപ്രാപിക്കുന്നുണ്ടെന്നുള്ള പ്രസ്താവം സത്യത്തിനു നിരക്കുന്നതല്ല. ‘‘അവരും സഭയ്ക്കുവേണ്ടി നിയോഗിക്കപ്പെട്ടവരും സൂക്ഷ്മവിശകലനത്തിൽ സഭയിൽ ഉൾപ്പെടേണ്ടവരുമാണ്. അവർ ദൈവത്തിൽനിന്നുള്ള രക്ഷപ്രാപിക്കുന്നുണ്ടെങ്കിൽ, സഭയുടെ പേരിലാണ് അതു് അവർക്കു ലഭിക്കുന്നത്. കാരണം, അവർ ജീവിക്കുന്നത് സഭാംഗങ്ങൾ ജീവിക്കുന്ന രീതിയിൽതന്നെയായിരിക്കും. അതായതു്, സഭയിൽനിന്നു ലഭിക്കുന്ന പ്രചോദനം അവരുടെ ജീവിതത്തെയും കർമ്മപരിപാടികളെയും ഫലപ്രദമായും സഭോചിതമായും നയിച്ചുകൊണ്ടിരിക്കും. ചുരുക്കത്തിൽ, സഭയ്ക്കുള്ളിൽപെട്ടവർ എങ്ങനെ ജീവിക്കുന്നുവോ ഏറെക്കുറെ അതേ രീതിയിലായിരിക്കും അറിഞ്ഞോ അറിയാതെയോ അവരും ജീവിക്കുക. ആ നില

പാട്ട് അവരെ അനുക്രമമായി സഭയിലേക്കു നയിക്കുക യും ചെയ്യും. അപ്പോൾ ഏതുനിലയിലും മനുഷ്യരക്ഷ യ്ക്കു് സഭ ഒരു അവശ്യോപാധിയാണെന്നു സിദ്ധിക്കുന്നു. മറെറാരു മാർഗ്ഗവും ഇക്കാര്യത്തിനു് സ്വേച്ഛാനുസരണം തിരഞ്ഞെടുക്കുവാൻ മനുഷ്യനു് നൽകപ്പെട്ടിട്ടില്ല. ദൈ വികാഭിമുഖ്യത്തിനുള്ള ഈ പ്രകാശനമാർഗ്ഗം ദൈവം തന്നെ മനുഷ്യരാശിക്കുവേണ്ടി സ്ഥാപിച്ചതാണു്. അതും അവിടുത്തെ സ്വകീയമായ ഇച്ഛയാലും നിശ്ചയത്താലും തന്നെ. തന്മൂലം മനുഷ്യർ ഈ പ്രകാശനമാർഗ്ഗത്തെ പിന്തു ടരുവാൻ ബാദ്ധ്യസ്ഥരുമാണു്."[12]

ഇതോടനുബന്ധിച്ചു പറയപ്പെടാറുള്ള മറെറാരു വാദഗതിയും യുക്തിപരമോ സ്വീകാര്യയോഗ്യമോ അല്ലതന്നെ. അതായതു്, ദൈവകാരുണ്യവും പ്രസാദ വരവും എല്ലാ മനുഷ്യരിലും പ്രവർത്തിക്കുന്നതുകൊണ്ടു് അവരെല്ലാം രക്ഷപ്രാപിക്കുമെന്നുള്ള വാദം. സഭയോടു ള്ള സംയോജനമോ കൂദാശാനുഷ്ഠാനമോ ഒന്നും കൂടാതെ നിഷ്പ്രയാസം രക്ഷപ്രാപിക്കാമെന്നുള്ള അഭിപ്രായം ദൈവികപ്രബോധനങ്ങൾക്കു് അനുസൃതമല്ല. ദൈവ ത്തിൻെറ ചൈതന്യം സഹൃദയരായ എല്ലാ മനുഷ്യരിലും സജീവവും കർമ്മനിരതവുമാണെന്നുള്ളതു നേരുതന്നെ. പക്ഷേ, അതുകൊണ്ടു് സഭയുടെ അസ്തിത്വവും അതിലുള്ള നമ്മുടെ അംഗത്വവും അനാവശ്യമാണെന്നു വരുന്നില്ല. "ദൈവവുമായി ഐക്യപ്പെട്ടുകൊണ്ടുള്ള ഒരു ജീവിതം മനുഷ്യനെ എങ്ങനെയെങ്കിലും തിരുസ്സഭയുമായി ബന്ധ പ്പെടുത്താതിരിക്കുകയില്ല... നീതിയുക്തവും സമാധാന പൂർണ്ണവുമായ ഒരു സമൂഹത്തിൻെറ പിറവിക്കുവേണ്ടി പ്രവർത്തിക്കുന്നവരെല്ലാം യഥാർത്ഥത്തിൽ സഭയെ വ്യഞ്ജി

പ്പിക്കുന്നുണ്ട്.[13]

മററു മതങ്ങളിൽ ഉണ്ടെന്നു പറയുന്ന ദൈവിക സാന്നിദ്ധ്യവും അവയുടെ പരിത്രാണകമൂല്യവും പരിഗണിക്കുമ്പോൾ, സഭ രക്ഷയ്ക്കു് അത്യാവശ്യമാണെന്നു നമുക്കു പറയുവാൻ സാധിക്കുമോ ? തീർച്ചയായും. ദൈവശാസ്ത്രപണ്ഡിതനായ സി. ബി. പപ്പാളി ഈ വിഷയം വിശകലനം ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായമനുസരിച്ച്, ദൈവികപ്രസാദവരം എല്ലാ മനുഷ്യരിലും എത്തുന്നുണ്ട് എന്ന വസ്തുത സഭ രക്ഷയ്ക്കു് അത്യാവശ്യമാണെന്നുള്ളതിനെ ചോദ്യംചെയ്യുന്നില്ല. അദ്ദേഹം പറയുന്നു: "കപ്പലിൽ സൂക്ഷിച്ചിട്ടുള്ള ലൈഫ്ബെൽററ്, ചിലപ്പോൾ ചില യാത്രക്കാരെ വെള്ളത്തിൽ മുങ്ങിമരിക്കാതെ രക്ഷിക്കുന്നുവെന്നുള്ളതുകൊണ്ട് കപ്പൽതന്നെ വേണ്ടെന്നുവയ്ക്കുന്നതിനു തുല്യമാണു് ആ ചിന്താഗതി. നമ്മൾ ഒന്നു മനസ്സിലാക്കണം : കപ്പലിൽനിന്നാണു് ഈ ലൈഫ്ബെൽററുകൾ മുങ്ങിമരിക്കാൻ പോകുന്ന യാത്രക്കാരുടെ പക്കലേക്കു് എറിഞ്ഞുകൊടുക്കുന്നതു്. മററു കപ്പലുകൾ വന്നു് അവരെ രക്ഷപ്പെടുത്തുന്നതുവരെ വെള്ളത്തിൽ പൊങ്ങിക്കിടക്കാൻ മാത്രമേ അവ സഹായിക്കുന്നുള്ളു എന്ന സംഗതിയും നാം വിസ്മരിച്ചുകൂടാ. അഥവാ ഒരുവേള, മറെറാരു കപ്പൽ സഹായത്തിനു് എത്തുന്നതിനു് മുമ്പുതന്നെ അവർ കരപററിയെന്നും വരാം. എന്നിരുന്നാലും ആ കപ്പലിനോടു് അവർ നന്ദിയുള്ളവരായിരിക്കേണ്ടതാണു്. അതുണ്ടായിരുന്നതുകൊണ്ടാണല്ലൊ അവർക്കു ലൈഫ്ബെൽററുകൾ കിട്ടിയതു്. കൂടാതെ, അവരെ തേടിവരുന്ന കപ്പലിനോടും അവർ കൃതജ്ഞരായിരിക്കേണ്ടതുണ്ട്. കാരണം, ലൈഫ്ബെൽ

ST. ANTONY'S MONASTERY LIBRARY ALWAYE

ററിൽ പിടിച്ച വെള്ളത്തിൽക്കൂടി ഒഴുകിയലയുന്നവർ കരയ്ക്കണയാൻ പററിയില്ലെങ്കിൽ മററൊരു കപ്പൽ വന്നു അവരെ രക്ഷിക്കുന്നതുവരെ മരണകരമായ അപകടത്തിൻെറ വായിൽത്തന്നെയാണല്ലോ.''[14] ഇതുതന്നെയാണു് ആത്മീയരക്ഷയുടെ കാര്യത്തിൽ സഭയെ സംബന്ധിച്ചും പ്രസക്തമായിട്ടുള്ളതു്. രക്ഷയുടെ കാര്യത്തിൽ സഭ എല്ലാ വരപ്രസാദങ്ങളുടെയും ഭണ്ഡാഗാരമാണു്. ക്രിസ്തുവിൻെറ സ്ഥാപനമെന്ന നിലയിൽ സഭ, സനാതനവും ആത്യന്തികവുമായ സത്യത്തിൻെറ സംരക്ഷകയും അദ്ധ്യാപികയുമാണു്, പരിശുദ്ധാത്മാവിൻെറ സഹായത്തിൽ നിന്നുള്ള അധികാരശക്തിയും അവൾക്കുണ്ടു് (റെദെംപ്റ്റോർ ഹോമിനിസ്, നമ്പർ 12). മനുഷ്യൻ ഏതെങ്കിലുംതരത്തിൽ സഭയോടു ബന്ധപ്പെട്ടിട്ടില്ലെങ്കിൽ, അവൻെറ നിത്യരക്ഷ അപകടത്തിൽതന്നെ. രക്ഷയുടെ സാധാരണ മാർഗ്ഗം, അതായതു് നേരായതും ഫലപ്രദവുമായ വഴി, പുതിയനിയമമനുസരിച്ചു് സഭതന്നെയാണു്..

ഇത്തരുണത്തിൽ ചില സംശയങ്ങൾ ഉന്നയിക്കപ്പെടാവുന്നതാണു്: സഭ നമ്മുടെ നിത്യരക്ഷയ്ക്കു് ഇത്രത്തോളം അപരിത്യാജ്യമാണെങ്കിൽ, സഭയ്ക്കുപുറമേ രക്ഷയില്ല എന്നുള്ള സിദ്ധാന്തത്തെ നമുക്കു മുറുകെപിടിക്കാമോ? അതു വത്തിക്കാൻ കൗൺസിലിൻെറ പ്രഖ്യാപിത പഠനങ്ങൾക്കു് വിരുദ്ധമാവില്ലേ?

വിഷയനിഷ്ഠമായി പറയുകയാണെങ്കിൽ, സഭയ്ക്കു പുറമേ രക്ഷയില്ല എന്നുള്ള ആശയസങ്കല്പം അർത്ഥവത്താണു്. ഈ സ്വാഭാവികസിദ്ധാന്തം അനുശാസിക്കുന്നതു് രക്ഷപ്പെടുന്നവരെല്ലാം അതു കണ്ടെത്തുന്നതു് ക്രിസ്തു

വിലും അവിടുത്തെ സഭയിലുംകൂടിയാണെന്നാണ്. സഭ യ്ക്കുപുറമേ രക്ഷയില്ല എന്നുള്ള ആശയം, സഭയെക്കൂടാതെ രക്ഷയില്ല എന്ന അർത്ഥത്തിൽ വ്യാഖ്യാനിക്കപ്പെടേണ്ടതാണ്. അതായത്, രക്ഷാകരമായ എല്ലാ പ്രസാദവരങ്ങളും യേശുക്രിസ്തുവിൽനിന്നാണ് പ്രസരിക്കുന്നതെന്ന് ഈ സിദ്ധാന്തത്തെ നമുക്ക് ആധുനികവത്കരിക്കാം. അതു പോലെതന്നെ ക്രിസ്തുവിൻെറ പ്രസാദവരങ്ങളുടെയെല്ലാം ഏക കലവറയാണ് സഭയെന്നും അവിടുത്തെ വിമോചനപ്രക്രിയ വ്യക്തികളിലേക്കു സംക്രമിപ്പിക്കുന്ന ഏക സ്ഥാപനവും അതുതന്നെയെന്നും നാം മനസ്സിലാക്കണം.''[15] ആ സ്ഥിതിക്ക് സഭയെന്ന സമൂഹമില്ലാതെ ആർക്കും രക്ഷപ്പെടാനാവില്ലെന്നു വരുന്നു. സഭയ്ക്കു പുറമേ രക്ഷയില്ല എന്നുള്ള സിദ്ധാന്തത്തിൽ, ആരൊക്കെയാണ് സഭാബാഹ്യരായിട്ടുള്ളവർ, ആരെയൊക്കെയാണ് സഭയുമായി ബന്ധമില്ലാത്തവരായി കണക്കാക്കേണ്ടതു് എന്നൊന്നും പറയുന്നുമില്ല. രണ്ടാം വത്തിക്കാൻ കൗൺസിൽ അക്ഷരാർത്ഥത്തിൽ ഈ സിദ്ധാന്തം മുമ്പോട്ടുവച്ചിട്ടില്ലെങ്കിലും, സഭയെ രക്ഷയുടെ സാർവത്രിക കൂദാശയായി വ്യവഹരിക്കുന്ന ഘട്ടത്തിൽ (തിരുസ്സഭ, നമ്പർ 48) ഈ ആശയം വ്യഞ്ജിപ്പിച്ചിട്ടുണ്ട്. വാസ്തവത്തിൽ അക്രൈസ്തവരും പലവിധത്തിൽ സഭയോടു ബന്ധപ്പെട്ടിട്ടുള്ളവരും ആ നിലയിൽ രക്ഷപ്രാപിക്കാൻ സാദ്ധ്യതയുള്ളവരുമാണ്. എന്നാൽ സ്വന്തം തെററിൻെറയും ബോധപൂർവമായ തിരസ്കാരത്തിൻെറയും പേരിൽ ഒരാറം സഭയോടു ബന്ധപ്പെടുവാൻ കൂട്ടാക്കുന്നില്ലെങ്കിൽ അയാറം രക്ഷപ്രാപിക്കുകയില്ലെന്നു പറയാം. അതേസമയം സ്വന്തകുററത്താലോ ഉപേക്ഷയാലോ അല്ലാതെ,

തൻേറതല്ലാത്ത കാരണങ്ങളാൽ ഒരാൾക്കു് സഭയോടു ബന്ധപ്പെടുവാനും സഭയുടെ അംഗമായിരിക്കുവാനും തരപ്പെടുന്നില്ലെങ്കിൽപോലും അയാൾക്കു രക്ഷ പ്രാപ്യവുമാണു് (തിരുസ്സഭ, നമ്പർ 16).

സഭ കൂദാശാപരമാണെന്നും അതിനാൽതന്നെ ഒരു രക്ഷാകരയാഥാർത്ഥ്യമാണെന്നും പ്രോട്ടസ്റ്റൻറു് ദൈവശാസ്ത്രജ്ഞന്മാരും സമ്മതിക്കുന്നുണ്ടു്. കാറൽ ബാർത്ത് പറയുന്നു: "സഭയെ വസ്തുനിഷ്ഠമായി നിരീക്ഷിക്കുന്നപക്ഷം അവൾ കൗദാശികമാണു്. അതായതു്, മാമ്മോദീസായും തിരുവത്താഴവും തമ്മിലുള്ള ആനുരൂപ്യത്തിൻെറ അടിസ്ഥാനത്തിലാണു് അതു മനസ്സിലാക്കേണ്ടതു്." [16]

രക്ഷപ്രാപിക്കുവാൻ സഭ അത്യന്താപേക്ഷിതമാണെന്നു് രണ്ടാം വത്തിക്കാൻ കൗൺസിൽ സംശയലേശമെന്യേ പ്രഖ്യാപിച്ചിട്ടുണ്ടു്. വേദപുസ്തകത്തെ ഉദ്ധരിച്ചുകൊണ്ടു്, രക്ഷപ്രാപിക്കാൻ സഭയുടെ ആവശ്യകതയെ കുറിച്ചുള്ള പാരമ്പര്യപഠനങ്ങളെ കൗൺസിൽ ആവർത്തിച്ചുറപ്പിച്ചിരിക്കുന്നു: " ഈ തീർത്ഥാടകസഭ നിത്യരക്ഷയ്ക്കു് അനുപേക്ഷണീയമാണു്. കാരണം, ഒരു മദ്ധ്യസ്ഥനേയുള്ളു; രക്ഷയുടെ വഴിയും ഒന്നുമാത്രം; അതാണു് ക്രിസ്തു. അവിടുന്നു് സഭയാകുന്ന തൻെറ ശരീരത്തിലൂടെ നമ്മുടെ ഇടയിൽ സന്നിഹിതനാകുന്നു. അവിടുന്നുതന്നെ സ്പഷ്ടമായ വാക്കുകളിൽ വിശ്വാസത്തിൻെറയും ജ്ഞാനസ്നാനത്തിൻെറയും ആവശ്യകത വ്യക്തമാക്കിയതോടുകൂടിത്തന്നെ (മർക്കോ. 16,16; യോഹ. 3,5) തിരുസ്സഭയുടെ ആവശ്യകതയും സ്ഥിരീകരിച്ചിട്ടുണ്ടു്." (തിരുസ്സഭ, നമ്പർ 14).

ഈ പ്രഖ്യാപനത്തിൽനിന്നു്, കൗൺസിലിൻെറ

കാഴ്ചപ്പാട്ട് രക്ഷയ്ക്കുള്ള പൂർണ്ണവും സ്വാഭാവികവുമായ മാർഗ്ഗം ക്രിസ്തുവിനെ അറിയുന്നതും വിശ്വാസത്തിലും മാമ്മോദീസായിലുംകൂടി സഭയിലുള്ള നിരവധിയായ പ്രസാദവരത്തിൽ പങ്കുചേരുന്നതുമാണെന്നു നമുക്കു ഗ്രഹിക്കാം.[17]

ഒരാൾ സഭയിൽ അംഗമാകുന്നതോടെ, കൂദാശകൾ വഴിയായും ഇതര സഭാപരികർമ്മങ്ങളിലൂടെയും ക്രിസ്തുവുമായി കൂടുതൽ അടുക്കുകയാണ് ചെയ്യുന്നത്. ഈ സമൂഹത്തിൽനിന്നു വേറിട്ടുനില്ക്കുക എന്നുവച്ചാൽ, ഈ അനുഗ്രഹങ്ങളും നന്മകളും നഷ്ടപ്പെടുത്തി സ്വന്തം ആത്മരക്ഷ അപകടത്തിലാക്കുക എന്നുതന്നെയാണ് അർത്ഥം. സഭയ്ക്കുള്ളിലായാൽ നാമെല്ലാം രക്ഷയ്ക്കുള്ള സംശയാതീതമായ ഉറപ്പോടെയും സാദ്ധ്യതയോടെയും ക്രിസ്തുവിന്റെ മൗതികശരീരത്തിലെ അവയവങ്ങളായിത്തീരുകയാണ്. മറെറാരു മതവും താദൃശമായ ഒരുറപ്പു തദനുയായികൾക്കു നൽകുന്നതായി അറിവില്ല. സഭയിലാകട്ടെ, ദൈവത്തിന്റെ മക്കളാകണമെന്നുള്ള നമ്മുടെ ആഗ്രഹം സഫലീകരിക്കപ്പെടുന്നു. അങ്ങനെ സഭമാത്രമാണ് രക്ഷയ്ക്കുള്ള ആധികാരികമാർഗ്ഗമെന്ന് പറയാവുന്നതാണ്.[18]

ദൃശ്യസഭയ്ക്കുവെളിയിൽ രക്ഷ സാദ്ധ്യമാകണമെങ്കിൽകൂടി, ചുരുങ്ങിയപക്ഷം ആഗ്രഹത്താലെങ്കിലും മനുഷ്യർ സഭയുടെ അംഗങ്ങളായിത്തീരണം, സഭയോട്ട് ആഭിമുഖ്യം പുലർത്തണം. പുതിയനിയമപ്രകാരം, ദൈവം സഭയിൽ രക്ഷാകരപദ്ധതിയുടെ രൂപരേഖ നൽകി തന്റെ അഭീഷ്ടം വ്യക്തമാക്കിയിട്ടുണ്ട്. ദൈവത്തിന്റെ ആഗ്രഹം കർമ്മരൂപം പൂണ്ടപ്പോൾ ലോകവും,

മനുഷ്യരെ രക്ഷിക്കണമെന്നുള്ള അവിടുത്തെ നിയോഗം സാക്ഷാത്കൃതമായപ്പോൾ സഭയും സംസൃഷ്ടമായി.[19]

നമ്മുടെ രക്ഷയ്ക്ക് ക്രിസ്തു എത്രത്തോളം ആവശ്യമാണെന്ന വസ്തുതയിലാണ് പ്രേഷിതപ്രവർത്തനങ്ങളുടെയും സഭയുടെയും ആവശ്യകത അടിയുറച്ചിരിക്കുന്നത്. അതായത് രക്ഷാകരമായ ഏതു വരപ്രസാദവും സദാ വന്നുചേരുന്നത് ക്രിസ്തുവിൽനിന്നാണ്. മററുവാക്കുകളിൽ പറഞ്ഞാൽ, മനുഷ്യരാശി ദൈവത്തിൻെറ വരദാനങ്ങൾ സ്വീകരിക്കുന്നത് ദൈവപുത്രനും മാനവരാശിയുടെ ശിരസ്സുമായ ക്രിസ്തുവിൽനിന്നത്രേ. തൻെറ സഹജീവികളായ ഇതര മാനവർക്കു പ്രാതിനിധ്യം വഹിക്കുന്ന അവിടുന്ന് അങ്ങനെ സൃഷ്ടികർമ്മത്തിൻെറ മഹത്തായ ലക്ഷ്യം പരിപൂർത്തിയിലെത്തിക്കുന്നു. "ക്രിസ്തു ഏതൊരു മാനവസമൂഹത്തിൻെറ ശിരസ്സും അനുരഞ്ജനത്തിൻെറ പ്രതിനിധിയുമായിരിക്കുന്നുവോ, അതിനോടു ബന്ധപ്പെട്ടിരിക്കുന്നതിനനുസരിച്ചാണ് ഏതൊരു മനുഷ്യനും രക്ഷാകരമായ ആ വരദാനത്തിൽ പങ്കാളിയാകുന്നത്."[20] വേദപുസ്തകം ആവർത്തിച്ചുപ്രഖ്യാപിക്കുന്നത് രക്ഷയ്ക്കുള്ള ഏകമാർഗ്ഗം യേശുക്രിസ്തുവാണെന്നത്രേ. അവിടുത്തെ രക്ഷാകരസാന്നിദ്ധ്യം സഭയിൽ നമുക്കു ദർശനീയവും സ്പർശനീയവുമായിത്തീരുന്നു. അങ്ങനെ അവിടുന്നു നമ്മുടെമേലുള്ള തൻെറ രക്ഷാകരസ്വാധീനം വിപുലമാക്കിക്കൊണ്ടു് സഭയിലൂടെ നമ്മുടെ രക്ഷ സുരക്ഷിതമാക്കാൻ അഭിലഷിക്കുകയും ചെയ്യുന്നുണ്ടു്. തന്മൂലം രക്ഷയ്ക്കുള്ള ഋജുവും അപരിത്യാജ്യവുമായ മാർഗ്ഗം, ദൈവസ്ഥാപിതമായ സഭ ഒന്നുമാത്രമാണെന്നു് നിസ്സംശയം പറയാം.

അഞ്ച്

# സുവിശേഷവത്കരണത്തിന്റെ ആവശ്യകത – വിഭിന്ന വീക്ഷണകോണുകളിൽനിന്നു്

പ്രേഷിതപ്രവർത്തനം സഭയെ സംബന്ധിച്ചിടത്തോളം ജീവൽപ്രധാനമാണെന്ന നാം കണ്ടുകഴിഞ്ഞു. വിശുദ്ധ ഗ്രന്ഥവും സഭാനേതൃത്വവും ക്രൈസ്തവപാരമ്പര്യവും ഈ ആശയം ശക്തിയുക്തം സ്ഥിരീകരിക്കുന്നതായി നാം മനസ്സിലാക്കി. ഈ അദ്ധ്യായത്തിൽ, മിഷൻ പ്രവത്തനം എന്തുകൊണ്ടു് അനുപേക്ഷണീയമാണെന്നു് മററുചില സമത്ഥനങ്ങളിലൂടെ വ്യക്തമാക്കാൻ ശ്രമിക്കുകയാണു്.

അക്രൈസ്തവരുടെയിടയിൽ പ്രേഷിതപ്രവത്തനം നടത്തേണ്ടതു് ആവശ്യമാണെന്നു് സഭ അനുശാസിക്കുന്നതിന്റെ മുഖ്യകാരണം, അവരെല്ലാം അന്ധകാരത്തിലും മരണത്തിന്റെ നിഴലിലും കഴിയുകയാണെന്നുള്ള ഭയമല്ല. കഴിഞ്ഞ കാലഘട്ടങ്ങളിൽ ചില വേദപണ്ഡിതന്മാർ ആ രീതിയിൽ ചിന്തിക്കുകയും അഭിപ്രായപ്രകടനം നടത്തുകയും ചെയ്തിരുന്നുവെന്നുള്ളതു് വാസ്തവംതന്നെ. അക്രൈസ്തവമതങ്ങൾ പിശാചിന്റെ സൃഷ്ടികളോ മനുഷ്യബുദ്ധിയുടെ വെറും ഭാവനകളോ ആണെന്നും ആ മതങ്ങളെ പിഞ്ചെല്ലുന്നവർ രക്ഷപ്പെടുകയില്ലെന്നും തീർത്തുപറഞ്ഞി

രുന്നവരുമുണ്ട്.[1] എന്നാൽ സഭ ഔദ്യോഗികമായി ഈ വാദഗതി അംഗീകരിച്ചിട്ടില്ലെന്നോർക്കണം. ക്രിസ്തീയ വിശ്വാസം പ്രബോധിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നതിൽ നാം അനല്പമായ താത്പര്യം കാണിക്കുന്നതു് എല്ലാ മതവിജ്ഞാനീയത്തിന്റെയും ദൈവവിജ്ഞാനീയത്തിന്റെയും കുത്തക നമുക്കു് ഉണ്ടെന്നുള്ള ധാരണകൊണ്ടൊന്നുമല്ല. ''അക്രൈസ്തവമതങ്ങൾ നമ്മുടെ വെറും ഊഷരഭൂമിയോ കന്യാഭൂമിയോ ആണെന്നും നാമാണു് അവിടെ ആദ്യം ആത്മീയതയുടെ വിത്തിറക്കുന്നതെന്നും അവകാശപ്പെട്ടുകൂടാ. നാം അവരെ വെറും ആത്മീയ പാമരന്മാരായി ഗണിച്ചുകൊണ്ടു് എല്ലാം പൂജ്യംതൊട്ടു തുടങ്ങുകയാണെന്നും ഭാവിക്കരുതു്. മററുള്ളവരും ആത്മനാ ജാഗരൂകരായിരിക്കുന്ന, ദൈവത്താൽ പ്രചോദിതരായി വേലചെയ്തിട്ടുള്ള ഒരു രംഗത്താണു് നാം കാലുകുത്തുന്നതെന്ന കാര്യവും സദാ ഓർത്തിരിക്കണം.''[2] ഇന്ത്യയിലെ സഭയെപ്പററി പരാമർശിക്കുമ്പോൾ ഈ പ്രസ്താവം കൂടുതൽ പ്രസക്തമായി തോന്നുന്നു.

ഇതിനുംപുറമേ, നാം സുവിശേഷം പ്രഘോഷിക്കുന്നതു് അക്രൈസ്തവർ ക്രൈസ്തവസമൂഹത്തിന്റെ ശത്രുക്കളോ എതിരാളികളോ ആണെന്നുള്ള മനോഭാവത്തോടെയുമല്ല. നമ്മോടുകൂടിയല്ലാത്തവരോടു് ഒട്ടും ആദരവു പ്രകടിപ്പിക്കാത്ത ഒരവസ്ഥ പ്രേഷിതപ്രവർത്തനം വിഭാവനം ചെയ്യുന്നില്ല. വിവിധ അക്രൈസ്തവമതങ്ങൾ ഉൾക്കൊള്ളുന്ന മതാത്മകസമ്പത്തിനെക്കുറിച്ചു് ക്രിസ്തീയ സഭയ്ക്കു് ശരിയായ അവബോധനമുണ്ടു്. വളരെ ബഹുമാനത്തോടും അർഹിക്കുന്ന പരിഗണനയോടുംകൂടി സഭ അതിനെ വിലമതിക്കുകയും ചെയ്യുന്നു.

## 1. സുവിശേഷവത്കരണവും യഥാത്ഥ ദൈവാനുഭൂതിയും

സഭ അക്രൈസ്തവരുടെയിടയിൽ സുവിശേഷഘോഷണം നടത്തുന്നതു്, അവരുടെ മതങ്ങളിൽ കാണപ്പെടുന്ന മതാത്മക മൂല്യങ്ങളെ പരിരക്ഷിക്കുന്നതിനും പരിപൂത്തിയിലെത്തിക്കുന്നതിനും മഹത്വീകരിക്കുന്നതിനും വേണ്ടിക്കൂടിയാണു് (തിരുസ്സഭ, നമ്പർ 17; പ്രേഷിതപ്രവത്തനം, നമ്പർ 9). വിവിധങ്ങളായ മതാഭ്യാസാനുഷ്ഠാനങ്ങളെല്ലാം ഒരത്ഥത്തിൽ സുവിശേഷത്തിനു വേണ്ടിയുള്ള തയ്യാറെടുപ്പാണു്. എങ്കിലും അവയെയെല്ലാം സമാഹരിക്കുകയും പ്രബുദ്ധമാക്കുകയും ശുദ്ധീകരിക്കുകയും ചെയ്യേണ്ടതുണ്ടു്. സഭയുടെ പ്രേഷിതപ്രവത്തനത്തിലൂടെയാണു് അക്രൈസ്തവസഹോദരങ്ങൾ ക്രിസ്തുരഹസ്യത്തിന്റെ പൂണ്ണപങ്കാളിത്തത്തിലേക്കു വരേണ്ടതു് (പ്രേഷിതപ്രവത്തനം, നമ്പർ 5).

നാം മററുള്ളവരെ ക്രൈസ്തവീകരിക്കുമ്പോൾ യഥാത്ഥത്തിൽ ചെയ്യുന്നതു് ദൈവത്തെപ്പററി കൂടുതലായി അറിയാവുന്ന ഒരവസ്ഥയിലേക്കു് അവരെ എത്തിക്കുവാൻ സഹായിക്കുകയാണു്. ദൈവത്തെപ്പററി വളരെ അവ്യക്തമായ ഒരറിവു് ജ്ഞാനസ്നാനം സ്വീകരിക്കാത്ത ഒരാൾക്കും ഉണ്ടായിരിക്കുമെന്നുള്ളതു് സ്വാഭാവികമാണു്. എങ്കിലും വി. പൗലോസിന്റെ അഭിപ്രായത്തിൽ, ജ്ഞാനസ്നാനം സ്വീകരിക്കാത്തവർ യഥാത്ഥമായ ദൈവവിജ്ഞാനീയത്തെ സംബന്ധിച്ചിടത്തോളം ഇരുട്ടിൽ തന്നെയാണു്. എഫേസോസുകാർക്കുള്ള ലേഖനത്തിൽ അദ്ദേഹം ഇങ്ങനെ എഴുതിയിരിക്കുന്നു: ‘‘കത്താവിൽ ഞാൻ നിങ്ങളോടു് ഉറപ്പിച്ചുപറയുകയും സാക്ഷ്യപ്പെടു

ത്തുകയും ചെയ്യുന്നു, നിങ്ങൾ ഇനിയൊരിക്കലും വ്യർത്ഥ ചിന്തയിൽ കഴിയുന്ന വിജാതീയരെപ്പോലെ ജീവിക്കരുതു്. ഹൃദയകാഠിന്യം നിമിത്തം അജ്ഞതബാധിച്ച അവർ ബുദ്ധിയിൽ അന്ധകാരംനിറഞ്ഞു് ദൈവത്തിന്റെ ജീവനിൽനിന്നു് അകററപ്പെട്ടിരിക്കുന്നു'' (എഫേ. 4,17-18). ഇങ്ങനെയുള്ള ആളുകൾക്കു് യഥാർത്ഥമായ ദൈവജ്ഞാനം പകർന്നുകൊടുക്കുക സഭയുടെ കർത്തവ്യമാണു്. സഭ ഈ കടമ നിർവഹിക്കുന്നതാകട്ടെ, സുവിശേഷവത്കരണത്തിലൂടെയാണുതാനും. ''മനുഷ്യരുടെ ആത്മരക്ഷയ്ക്കായി ദൈവം നൽകിയിരിക്കുന്ന അനുഗ്രഹങ്ങൾ അവരെ ക്രിസ്തുവിനു പ്രതിഷ്ഠിതരാക്കുന്നു. എന്നാൽ മിഷൻപ്രവർത്തനമാണു് ക്രിസ്തുരഹസ്യത്തെക്കുറിച്ചുള്ള പൂർണ്ണമായ അറിവു നേടുന്നതുവരെ മുമ്പോട്ടുപോകുവാൻ അവരെ ഉത്തേജിപ്പിക്കുന്നതു്.''

അക്രൈസ്തവർ ദൈവത്തെ സ്നേഹനിധിയായ ഒരു പിതാവെന്ന നിലയിൽ മനസ്സിലാക്കുന്നുണ്ടോയെന്നു് സംശയമാണു്. ''പരിശുദ്ധാത്മാവിന്റെ ശക്തിയും വെളിച്ചവും ഉണ്ടായാൽ മാത്രമേ മനുഷ്യർക്കു ദൈവത്തിന്റെനേരെ തിരിഞ്ഞു്, 'ആബാ, പിതാവേ' എന്നു വിളിക്കാനാവുകയുള്ളു... ദൈവത്തിന്റെ അരൂപി ഏതു രീതിയിലാണു് വ്യാപരിക്കുന്നതെന്നോ, ദൈവപുത്രന്മാരാണെന്നുള്ള അറിവു് അവർക്കു് എങ്ങനെ പ്രദാനം ചെയ്യുന്നുവെന്നോ നമുക്കറിഞ്ഞുകൂടാ. എങ്കിലും വി. യോഹന്നാന്റെയും വി. പൗലോസിന്റെയും ലേഖനങ്ങളിൽനിന്നു് ഒരു കാര്യം വ്യക്തമായി മനസ്സിലാക്കാം: ദൈവപുത്രത്വത്തിലേക്കും നിത്യരക്ഷയിലേക്കും നമ്മെ നയിക്കുന്ന ക്രിസ്തുവിലുള്ള വിശ്വാസം നമുക്കു

പ്രദാനം ചെയ്യുവാൻ പരിശുദ്ധാത്മാവിനുമാത്രമേ കഴിയുകയുള്ളു.''[4]

യഹൂദരും മുസ്ലീംകളും സത്യദൈവത്തെ അറിയുകയും അവിടുത്തെ വെളിപാടിനെ ഭാഗികമായി അംഗീകരിക്കുകയും ചെയ്യുന്നു. നാം സത്യത്തെക്കുറിച്ചുള്ള പൂർണ്ണമായ അറിവു നേടണമെന്നാണ് ദൈവം ആഗ്രഹിക്കുന്നതു് (യോഹ. 17,3;1 തിമോ. 2,4). വി. യോഹന്നാൻെറ സുവിശേഷമനുസരിച്ച്, നിത്യജീവൻ എന്നു പറയുന്നതു്, സത്യദൈവത്തെയും അവിടുത്തെ പുത്രനായ യേശുക്രിസ്തുവിനെയുംകുറിച്ച് അറിയുക എന്നതത്രേ. ഈ അറിവു് കേവലം ബുദ്ധിപരമായ വിജ്ഞാനമല്ല. ബൈബിളിൻെറ അടിസ്ഥാനത്തിൽ മറെറാരത്ഥമാണു് ആ പദത്തിനു കല്പിച്ചിട്ടുള്ളതു്. അതായതു്, മനുഷ്യനെ ദൈവത്തെ സ്നേഹിക്കുവാനും ദൈവവുമായി ഐക്യപ്പെടുത്തുവാനും ഒരളവുവരെ സാത്മ്യംപ്രാപിക്കുവാനും പ്രേരിപ്പിക്കുന്ന വൈയക്തികാനുഭൂതിയെയാണു് ഇവിടെ ദൈവത്തെക്കുറിച്ചുള്ള അറിവു് എന്ന പ്രയോഗംകൊണ്ടു വിവക്ഷിച്ചിരിക്കുന്നതു്. വി. യോഹന്നാൻ ഈ അറിവിനെ ''കൂട്ടായ്മ'' എന്നു വിശേഷിപ്പിച്ചിരിക്കുന്നു (1 യോഹ. 1,3). ദൈവം ഈ കൂട്ടായ്മ, ഈ സാത്മീഭാവം ആണു് നമ്മിൽനിന്നു് ആവശ്യപ്പെടുന്നതു്. കാറൽ ബാത്തിൻെറ അഭിപ്രായത്തിൽ, മനുഷ്യൻെറ നിത്യനാശത്തെക്കുറിച്ചുള്ള ഭയമല്ല, പ്രത്യുത മനുഷ്യനോടു് ഐക്യപ്പെടുവാനും സഹവസിക്കാനുമുള്ള ദൈവത്തിൻെറ ആത്യന്തികവും അടിസ്ഥാനപരവുമായ അഭീഷ്ടമാണു് പ്രേഷിതപ്രവത്തനത്തിൻെറ പ്രേരകശക്തി.[5] മനുഷ്യനു് ദൈവത്തോടുള്ള വൈയക്തികബന്ധം, അതിൻെറ പൂർണ്ണ

വികാസത്തിലെത്തുന്നതു് ക്രിസ്തുമതത്തിലാണു്. മനു ഷ്യൻ യേശുക്രിസ്തുവിലൂടെമാത്രം ദൈവത്തെക്കുറിച്ച് വ്യക്തവും പൂർണ്ണവുമായ അറിവും അനുഭൂതിയും നേടുന്നു (മത്താ. 11,27). ''ദൈവത്തിൻെറ വെളിപാടു കൂടാതെ ആക്കും ആഴമേറിയ ദൈവാനുഭവം സംലബ്ധമാകയില്ല. ഇതാണു് മതാനുഭൂതിയുടെ കാതലായ തത്ത്വം. മററു മത ങ്ങളെ സംബന്ധിച്ചു പറയുകയാണെങ്കിൽ, അവയിൽ മനുഷ്യയത്നം ഫലമണിയാതെയും പൂർത്തീകരിക്കപ്പെടാ തെയുമാണിരിക്കുന്നതു്. കാരണം, ക്രിസ്തുമതത്തിലെ പ്പോലെ ഇത്ര തീവ്രമായും സ്ഫുടികസ്പഷ്ടമായും ദൈവിക ദർശനവും ദൈവികാനുഭൂതിയും മററു മതങ്ങളിൽ ഇല്ല... ക്രിസ്തു ആരാണെന്നു് നമുക്കു സ്വയം വെളിപ്പെടുത്തിയ പ്പോഠം ദൈവത്തിൻെറ രഹസ്യവും അവിടുന്നു് നമ്മുടെ മുമ്പിൽ തുറന്നുകാട്ടി. അന്നുവരെ ദൈവം തൻെറ ഏക ത്വത്തിലായിരുന്നു അറിയപ്പെട്ടതു്. മനുഷ്യരോടുള്ള അവിടുത്തെ എല്ലാ പെരുമാററവും സമ്പക്കവും ഒററപ്പെട്ട വ്യക്തിയെന്ന നിലയിലുമായിരുന്നു. എന്നാൽ പിന്നീടു് മനുഷ്യന് ദൈവത്തെ ബഹുത്വമാനവ്യക്തിയായും മാനു ഷികബന്ധിയായും മനസ്സിലാക്കി. ദൈവത്തെക്കുറി ച്ചുള്ള ഈ പുതിയ വെളിപാടു് ദൈവാനുഭൂതിയുടെ ആന്ത രികപ്രകൃതിയ്ക്കും ഉള്ളടക്കത്തിനും അപ്പാടെ മാററം വരു ത്തി. അക്രൈസ്തവമതങ്ങളിലാകട്ടെ, പഴയനിയമത്തി ലെപ്പോലെ ഒരു ദൈവികസ്നേഹം മാത്രമേ നിലനില്ക്കു ന്നുള്ളു. പഴയനിയമത്തിൽ ഉണ്ടായിരുന്നിടത്തോളം വൈയക്തികഭാവം അതിനു് ഉണ്ടോയെന്നും സംശയമാ ണു്. ഒരു മനുഷ്യൻ ഏതു മതത്തിൽപ്പെട്ടവനായിരുന്നാ ലും അവനിൽ ആവസിക്കുന്ന ദൈവികസ്നേഹം അവനു്

അനുഭവവേദ്യമാകാതിരിക്കയില്ല... എന്നാൽ ക്രിസ്തു വാകട്ടെ, കൂടുതൽ അഗാധമായ ഒരു അനുഭൂതിയിലേക്കാണ് നമ്മെ മാടിവിളിക്കുന്നത്. അതായത്, ദൈവത്തിന്റെ ആന്തരിക ജീവനാണ് അവിടുന്നു നമ്മുക്കു വെളിവാക്കിത്തന്നിരിക്കുന്നത്... 'ഞാൻ ഇനിമേലിൽ നിങ്ങളെ ദാസന്മാരെന്നല്ല, മറിച്ച് എന്റെ സ്നേഹിതന്മാരെന്നാണ് വിളിക്കുന്നത്'' എന്ന് ക്രിസ്തു അപ്പസ്തോലന്മാരോടു പറഞ്ഞപ്പോൾ, ക്രിസ്തീയമായ യഥാർത്ഥ ദൈവാനുഭവത്തിന്റെ നാന്ദിയെ സൂചിപ്പിച്ചു. അങ്ങനെ സ്നേഹിതൻ തന്റെ സ്നേഹബന്ധത്തിന് ആഴംകൂട്ടുകയാണ്. ക്രിസ്തു നമുക്കു കാണിച്ചുതരുന്ന ദൈവാനുഭവം, അവിടുന്ന് തന്റെ പിതാവിനോടൊത്തു വസിക്കുന്നതുപോലെ നാം അവിടുത്തോടൊത്തു വസിക്കുന്നതായുള്ള അനുഭവമാകുന്നു. അതിനാൽ ക്രിസ്തീയാനുഭവമെന്നു പറയുന്നത് ദൈവികാസ്തിത്വത്തിന്റെ ഉള്ളിന്റെ ഉള്ളിൽ വസിക്കുന്നതുപോലെയുള്ള ഒരനുഭവമാണ്. മാത്രമല്ല, നമ്മെയെല്ലാം ത്രിത്വത്തിലെ ഓരോരുത്തരോടും ഗാഢമായി ബന്ധിക്കുന്ന യഥാർത്ഥ സൗഹൃദവും പരിപൂർണ്ണ സ്നേഹവുമാണത്.''[6]

സുവിശേഷവത്കരണംവഴി സത്യദൈവത്തിലേക്കു നയിക്കപ്പെടാത്തിടത്തോളംകാലം എങ്ങനെയാണ് ജനങ്ങൾ അവിടുത്തെ അറിയുകയും അവിടുത്തോട് ഗാഢബന്ധം സ്ഥാപിക്കുകയും ചെയ്യുക ? അതുകൊണ്ടായിരിക്കാം വി. പൗലോസ് നിത്യരക്ഷയെയും മിഷൻപ്രവർത്തനത്തെയും തമ്മിൽ അഭേദ്യമായി ബന്ധിപ്പിക്കുന്നത് (റോമാ. 10,13-14). ''ക്രിസ്തുവിൽ വെളിപ്പെടുത്തുകയും പൂർത്തീകരിക്കുകയും ചെയ്ത ദൈവത്തിന്റെ

സ്നേഹം മററുള്ളവരിലേക്കും പ്രവഹിക്കുവാൻ നാം മനസ്സാകണം; അതു മററുള്ളവരിലും സമൃദ്ധമാകുവാൻ നാം മദ്ധ്യവർത്തികളാകണം. ഇതു് സുവിശേഷവത്കരണംകൊണ്ടു സാധിക്കുന്നു. മററുള്ളവർ രക്ഷപ്പെടുന്നുണ്ടോ ഇല്ലയോ എന്നുള്ള വസ്തുത പരിഗണിക്കാതെ നാം നമ്മുടെ ദൗത്യം നിർവഹിക്കുകയാണു വേണ്ടതു്. നമ്മുടെ ആഹാരപാനീയങ്ങൾ അനാഥരും അഗതികളുമായിട്ടുള്ളവർക്കുമാത്രമായി പങ്കുവയ്ക്കാതെ നല്ലനിലയിൽ കഴിയുന്നവർക്കുംകൂടി നൽകുന്നതുപോലെയാണു് നമ്മുടെ സുവിശേഷപ്രവർത്തനവും നടത്തേണ്ടതു്... ഒരാൾ ഉത്ഥാനംചെയ്ത ക്രിസ്തുവിനെ യഥാർത്ഥത്തിൽ കണ്ടെത്തുകയും അവിടുത്തെ രക്ഷാകരകൃത്യം അനുഭവിച്ചറിയുകയും അതുവഴി സത്താപരിവർത്തിതനാവുകയും ചെയ്യുന്നപക്ഷം അയാൾക്കു് തനിക്കുണ്ടായ ക്രിസ്ത്വനുഭൂതി മററുള്ളവരുമായി പങ്കുവയ്ക്കാൻ അദമ്യമായ ഒരഭിനിവേശവും ഉത്സാഹപ്രകർഷവും ഉണ്ടാവുക സഹജമാണു്."[7] "ക്രിസ്തുവിൽ ദർശനീയമായ ത്രിത്വത്തിൻെറ കൂട്ടായ്മയിൽനിന്നു കരകവിഞ്ഞൊഴുകുന്ന ദൈവത്തിൻെറ ഉപവിയും ജീവനും സഭയിൽക്കൂടി എല്ലാ മനുഷ്യരിലും ചെന്നെത്തണം. സഭയിലെ അംഗങ്ങളാകട്ടെ, സ്നേഹത്തിൻെറ ആ ദൈവികജീവനിൽ സജീവ പങ്കാളികളാവുകയും അതു മററുള്ളവരിലേക്കു പകരുവാൻ കർത്തവ്യബദ്ധരാണെന്ന ബോധവാന്മാരാവുകയും വേണം (പ്രേഷിതപ്രവർത്തനം, നമ്പർ 2-6). ഇതു് ഉപവിയുടെ ഒരു കേവലപ്രതികരണം മാത്രമാകുന്നു. ആ ഉപവിയാകട്ടെ, ദൈവത്തിൽനിന്നു് ഉറവെടുക്കുന്നതും ദൈവത്തിങ്കലേക്കുതന്നെ പ്രത്യാഗമിക്കുന്നതും അവതീർണ്ണമായ വചനത്തിലൂടെയും സഭയിലൂടെയും ലോകത്തിലൂ

ടെയും കടന്നുപോകുന്നതുമത്രേ.''[8] രണ്ടാം വത്തിക്കാൻ കൗൺസിൽ പറയുന്നു: ''ദൈവത്തോടുള്ള സ്നേഹത്തെ പ്രതി ഈ ജീവിതത്തിലും പാരത്രികജീവിതത്തിലും എല്ലാ മനുഷ്യരുമായി ആത്മീയ നന്മകളിൽ പങ്കുചേരുന്നതിനുള്ള ആഗ്രഹത്താൽ സഭാംഗങ്ങളെല്ലാം മിഷൻ പ്രവർത്തനങ്ങൾക്കായി പ്രേരിപ്പിക്കപ്പെടണം'' (പ്രേഷിതപ്രവർത്തനം, നമ്പർ 7). സഹോദരസ്നേഹം മററുള്ളവരുടെ ക്ഷേമസുസ്ഥിതികളിൽ തത്പരരാകുവാൻ നമ്മെ പ്രേരിപ്പിക്കുന്നു. ഉപവിയുടെ ഏററം മഹത്തായ പ്രവർത്തനം പരമനന്മയായ യേശുക്രിസ്തുവിലേക്ക് മററുള്ളവരെ നയിക്കുകയാണ്.

നാം ദൈവത്തെ സ്നേഹിക്കാനും ശുശ്രൂഷിക്കാനും അനുഭവിക്കാനും ഉള്ളവരാണ്. പക്ഷേ, മനുഷ്യർ അവിടുത്തെ അറിയാത്തിടത്തോളംകാലം ഇതു് എങ്ങനെ സാദ്ധ്യമാകും? ഒരാൾ മറെറാരാളെ സ്നേഹിക്കുകയും അയാളുമായി ബന്ധപ്പെടുകയും ചെയ്യുന്നതിൻെറ മാനദണ്ഡം ഇതരനെപ്പററിയുള്ള അറിവിൻെറ ആഴവും പരിചയത്തിൻെറ ദാർഢ്യവും ആണല്ലൊ. ദൈവവും മനുഷ്യനുമായുള്ള ബന്ധത്തിൻെറ കാര്യത്തിലും ഇതു് തികച്ചും പ്രസക്തമാണ്. അതുകൊണ്ടു് നമ്മൾ നമ്മുടെ സഹോദരങ്ങളായ ഇതരമനുഷ്യരെ ദൈവത്തിൻെറ സ്നേഹത്തിലേക്കും കൂട്ടായ്മയിലേക്കും നയിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ആദ്യമായി ചെയ്യേണ്ടതു് ദൈവം എന്താണെന്നു് അവർക്കു കാണിച്ചുകൊടുക്കുകയാണ്. എല്ലാ മനുഷ്യരിലുംനിന്നു് ദൈവം ഇതു പ്രതീക്ഷിക്കുന്നുണ്ടു്. ദൈവത്തെപ്പററിയുള്ള ശരിയായ അറിവു് സ്വാഭാവികമായും ഈ മഹത്തായ സ്നേഹത്തിലേക്കു് മനുഷ്യചേതനയെ

ഉണർത്തുകയും മതിയായ രീതിയിൽ പ്രതികരണപ്രവണ മാക്കുകയും ചെയ്യും.

പ്രേഷിതപ്രവർത്തനം അക്രൈസ്തവരെ, സംഭവങ്ങളെയും സന്ദർഭങ്ങളെയും വ്യക്തികളെയും ശരിയായി വിധിക്കുവാനും വിലയിരുത്തുവാനും സഹായിക്കുന്നതാണ്. അതിസ്വാഭാവികമായ പ്രകാശത്തിന്റെ അഭാവം തെററും ശരിയും തിരിച്ചറിയാനുള്ള പ്രേരണകളെ മങ്ങലേല്പിക്കുന്നു. പലപ്പോഴും ആചാരങ്ങളും സങ്കുചിതതാത്പര്യങ്ങളുമാണ് വസ്തുതകളെ വിലയിരുത്തി വിധികല്പിക്കാറുള്ളത്. ആ വിധി വികലമായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ.

അക്രൈസ്തവമതങ്ങൾ ഏററിയക്കുറെ മാനുഷികാടിസ്ഥാനത്തിലുള്ളവയാകയാൽ അവയ്ക്കു് പല അപര്യാപ്തതകളും അപൂർണ്ണതകളും ഉണ്ടാകാം. എല്ലാ അക്രൈസ്തവമതങ്ങളും വിഗ്രഹാരാധനാപരമാണെന്നു പറയുന്നതു് ശരിയല്ല. എങ്കിലും അവയിൽ ചിലതെങ്കിലും വിഗ്രഹാരാധനയെ പ്രോത്സാഹിപ്പിക്കുന്നുണ്ടെന്നും പറയാതെ വയ്യ. ചുരുക്കം ചിലതിനു് ഭീതിജനകമായ വിലക്ഷണാചാരാനുഷ്ഠാനങ്ങൾപോലും ഉണ്ട്. സുവിശേഷത്തിനു മാത്രമേ അവയ്ക്കു സത്യദൈവത്തെക്കുറിച്ചുള്ള അവബോധം ഉളവാക്കുവാൻ കഴിയുകയുള്ളു. ക്രിസ്തീയവെളിപാടിനു്, അതായതു് മനുഷ്യരാശിയോടുള്ള ദൈവത്തിന്റെ സ്നേഹപ്രകാശനത്തിനു മാത്രമേ നിത്യരക്ഷ സുകരവും സുപ്രാപ്യവുമാക്കാൻ സാധിക്കുകയുള്ളു. നിത്യരക്ഷ ദൈവിക വെളിപാടിലൂടെ വസ്തുനിഷ്ഠമായി പരിപൂർത്തിയാക്കപ്പെടുന്നു.

കൃത്യമായി പറഞ്ഞാൽ, അക്രൈസ്തവമതങ്ങൾ ഒരു

വശത്തു് ദൈവാഭിമുഖ്യം കാണിക്കുകയും, മറുവശത്തു് പലപ്പോഴും യഥാർത്ഥ മനുഷ്യ - ദൈവബന്ധത്തിനു് വിലങ്ങുതടികളായി കാണപ്പെടുകയും ചെയ്യുന്നു. ''ഈ മതങ്ങൾ മാനുഷിക ഭാവനാവിലാസത്തിൽനിന്നു് ഉരുത്തിരിഞ്ഞവയാണു്. മതപരമായ നല്ല വികാരങ്ങളും പ്രചോദനങ്ങളും അവയുടെ ഉൽപത്തിക്കുപിന്നിൽ പ്രവൎത്തിച്ചിരിക്കാം. അവ മാനുഷികനിർമ്മിതികളാകയാൽ തഥ്യയും മിഥ്യയും എളുപ്പം കൂട്ടിക്കുഴയ്ക്കുന്ന ഒരു ജനതയുടെ ഭാഗധേയത്തിൽ അവ പങ്കാളികളാണു്. അവയുടെ അധികാരം ദൈവികമല്ല, മാനുഷികമാണു്. അവയിൽ മനംമടുപ്പിക്കുന്ന സന്ദിഗ്ദ്ധതയാണു് പലപ്പോഴും കാണപ്പെടുന്നതു്. ഒരു പ്രത്യേക സംസ്കാരത്തെ പിന്തുടരുന്ന ഒരു ജനതയുടെ മതപരമായ സങ്കല്പങ്ങളും അനുഭവങ്ങളുമാണു് ആ മതങ്ങൾ പ്രതിഫലിപ്പിക്കുന്നതു്. അവ പ്രസ്തുത അനുഭവങ്ങളുടെ തെററായ അവതരണം നടത്തിയെന്നുവരാം. അപ്പോൾ അവ ദൈവത്തിലേക്കുള്ള നേരായ പ്രയാണത്തിനു് ഒരു പ്രതിബന്ധമായിത്തീരുന്നു.''[൨] തന്മൂലം ഈ മതങ്ങളുടെ അനുയായികൾ രക്ഷയുടെ കാര്യത്തിൽ ആശാവഹമായ നിലയിലാണെന്നോ യഥാൎത്ഥമായ ദൈവാനുഭവം ആസ്വദിക്കുന്നവരാണെന്നോ പറഞ്ഞുകൂടാ. പ്രേഷിതപ്രവൎത്തനത്തിൻെറ ആവശ്യകതയിലേക്കാണു് ഈ വസ്തുതകളും വിരൽചൂണ്ടുന്നതു്. ക്രിസ്തുവിൻെറ സാന്ത്വനസ്പൎശംകൊണ്ടു പവിത്രമാകാത്തതെന്തും പാപത്താൽ ദൂഷിതമായിരിക്കും. അക്രൈസ്തവർ തീൎച്ചയായും ക്രിസ്തുവിലേക്കു് ഉന്മുഖമായ ഒരവസ്ഥയിലാണു്. പക്ഷേ അവർ ക്രിസ്തുവിൽ ചെന്നെത്തിയിട്ടില്ല. ''മനുഷ്യൻെറ യഥാൎത്ഥമായ, പരമമായ, ലക്ഷ്യം ഒരു

ക്രൈസ്തവൻ - ക്രിസ്ത്വനുഭവമുള്ളവൻ - അതായത് ക്രിസ്തുവിനുള്ളവനും ക്രിസ്തുവിനോടുകൂടിയുള്ളവനും ആയിരിക്കുകയെന്നതാണ്."[10] സുവിശേഷപ്രഘോഷണം ഈ ലക്ഷ്യം സുകരവും സുപ്രാപ്യവുമാക്കുന്നു. "മനുഷ്യർക്കു നിത്യരക്ഷ പ്രാപിക്കാനായി നൽകപ്പെട്ടിരിക്കുന്ന ദൈവവരപ്രസാദം അവരെ ക്രിസ്തുവിനായി അഭിഷിക്തരാക്കുന്നു. എന്നാൽ ക്രിസ്തുരഹസ്യത്തെക്കുറിച്ചുള്ള പൂർണ്ണമായ അറിവു കിട്ടുന്നതുവരെ മുമ്പോട്ടുപോകാൻ അവരെ നയിക്കുന്നതു് പ്രേഷിതപ്രവർത്തനവുമാണ്."[11] ആകയാൽ ദൈവവുമായി ഒരു നേദിഷ്ഠബന്ധത്തിലേക്കു് അക്രൈസ്തവരെ നയിക്കുന്നതിനു് സുവിശേഷവത്കരണം അത്യാവശ്യമാണെന്നു സിദ്ധിക്കുന്നു.

അക്രൈസ്തവരുടെയിടയിൽ കാണപ്പെടുന്ന മതപരവും മാനുഷികവുമായ മൂല്യങ്ങളെ പരിശോധിക്കുകയും പവിത്രീകരിക്കുകയും പരിപൂർത്തിയിലെത്തിക്കുകയും ചെയ്യുക എന്നൊരു ലക്ഷ്യംകൂടി സഭയുടെ പ്രേഷിതപ്രവർത്തനത്തിനുണ്ടു്. രണ്ടാം വത്തിക്കാൻ കൗൺസിൽ മാത്രം ഊന്നിപ്പറഞ്ഞിട്ടുള്ള ഒരു പുതിയ വസ്തുതയല്ലിതു്. പ്രേഷിതത്വത്തെപ്പററി പ്രതിപാദിക്കവേ, പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പ ഉദ്ബോധിപ്പിച്ചിരിക്കുന്നതു് പ്രാദേശിക സംസ്കാരാചാരങ്ങൾ നിലനിറുത്തുകയും പോഷിപ്പിക്കുകയും വേണമെന്നാണ്. അങ്ങനെയായാൽ അവിടത്തെ ജനങ്ങൾ ഒരിക്കൽ ക്രിസ്തുമതാവലംബികളാകുമ്പോൾ അവക്കു് മെച്ചപ്പെട്ട രീതിയിലും പരിചിതഭാവത്തിലും ദൈവാനുഭവം ഉണ്ടാകാവുന്നതാണെന്നും മാർപ്പാപ്പ പറഞ്ഞിട്ടുണ്ടു്. "ഇതര ജനവിഭാഗങ്ങൾ സുവിശേഷസന്ദേശം ആശ്ലേഷിക്കുമ്പോൾ, അവ

രുടെ സാംസ്കാരിക പൈതൃകത്തിന്റെയും ജന്മപാരമ്പര്യ ങ്ങളുടെയും സുന്ദരവും അഭിനന്ദനാർഹവും ശ്രേഷ്ഠവുമായ വശങ്ങളെയും നന്മയായിട്ടു തോന്നുന്ന യാതൊന്നിനെയും ഹനിക്കുകയോ അവമതിക്കുകയോ ചെയ്തുകൂടാ. സഭ ഒരു ജനതയെ ക്രിസ്തുമതത്തിന്റെ പ്രചോദനത്തിൻകീഴിൽ ഉയന്ന ഒരു നിലവാരത്തിലേക്കും മെച്ചപ്പെട്ട ഒരു ജീവി തസമ്പ്രദായത്തിലേക്കും ഉൽകൃഷ്ടമായ ഒരു ആശയസമ്പ ന്നതയിലേക്കും ആഹ്വാനം ചെയ്യുകയും നയിക്കുകയും ചെയ്യുമ്പോൾ, ഒരു നിബിഡവനത്തെ വെട്ടിനശിപ്പി ക്കുന്ന വിചാരശൂന്യനായ ഒരു മരംവെട്ടുകാരനെപ്പോ ലെ പെരുമാറുവാൻ പാടില്ല. നേരേമറിച്ച്, ഒരു വന്യ വൃക്ഷത്തിൽ മേൽത്തരം വർഗ്ഗത്തിൽപെട്ട ശാഖ ഒട്ടിച്ചു ചേർത്ത് വളർത്തിയെടുക്കുന്ന ഒരു കൃഷിക്കാരനെപ്പോലെ വേണം സഭ വ്യാപരിക്കുവാൻ. അങ്ങനെ ചെയ്താൽ വൃക്ഷം വളരെ നല്ല ഫലങ്ങൾ ഉളവാക്കുന്നതുപോലെ, സഭയുടെ പ്രേഷിതദൗത്യവും ഉപര്യുപരി ഫലപൂർണ്ണമായി ത്തീരും.''[12]

## 2. സുവിശേഷവത്കരണവും മനുഷ്യന്റെ വൈയക്തികവളർച്ചയും

പ്രേഷിതപ്രവർത്തനം മനുഷ്യനെ പരിപൂർണ്ണ വികാ സത്തിലേക്കു നയിക്കുന്നതിനാണ് ഉന്നംവയ്ക്കുന്നത് (പ്രേഷിതപ്രവർത്തന, നമ്പർ 8). ഒരാളുടെ ശരിയായ വ്യക്തിത്വവികാസം ക്രിസ്തുവിനെക്കുറിച്ചുള്ള അറിവിൽ നിന്നാണ് രൂപംകൊള്ളുന്നത്. അവിടുത്തെ അറിയാ ത്തവർ സ്വന്തം അസ്തിത്വത്തിന്റെ ഉറവിടമോ കേന്ദ്രമോ

ഉദ്ദേശ്യമോ എന്താണെന്നു് ശരിക്കു് അറിയുന്നില്ല. ''പൂർണ്ണതയുള്ള മനുഷ്യരാകണമെങ്കിൽ മനുഷ്യർ ആദ്യമേ സ്വർഗ്ഗീയ പിതാവിൻെറ പൂർണ്ണതയുള്ള മക്കളായിരിക്കണമെന്നു് മനസ്സിലാക്കണം. ഇതാകട്ടെ, ക്രിസ്തുവിലൂടെ പൂർണ്ണ പുത്രത്വം നേടിയാലേ സാധിക്കുകയുള്ളതാനും.''[13]

മനുഷ്യാവതാരം ചെയ്ത യേശുക്രിസ്തു ദൈവം മാത്രമല്ല, പരിപൂർണ്ണമനുഷ്യൻ കൂടിയാണു്. മററുള്ളവർക്കു വേണ്ടി പൂർണ്ണമായി അർപ്പിക്കപ്പെട്ട ഒരു ജീവിതമാണു് അവിടുത്തേതു്. നിസ്വാർത്ഥമായ സ്നേഹത്തിലും സർവാർപ്പിതമായ സേവനത്തിലും തുടിക്കുന്ന ഒരു പുതിയ സഹോദരബന്ധമാണു് യേശു നമുക്കു കാണിച്ചുതന്നിരിക്കുന്നതു്. ''മനുഷ്യപുത്രൻ വന്നിരിക്കുന്നതു് സേവനം ചെയ്യുവാനും സ്വന്തം ജീവൻ അനേകർക്കുവേണ്ടി വിമോചനമൂല്യമായി നൽകാനുമത്രേ'' (മർക്കോ. 10,45). ശിഷ്യന്മാർക്കു് ഭക്ഷണം വിളമ്പിക്കൊടുക്കുവാനുള്ള യേശുവിൻെറ സന്നദ്ധതയും (ലൂക്കാ 22,27) അവരുടെ പാദങ്ങൾ കഴുകുവാൻപോലുമുള്ള എളിമയും (യോഹ. 13,4-5) വ്യക്തമാക്കുന്നതു് അന്യരെ സേവിക്കാനുള്ള അവിടുത്തെ തീവ്രാഭിലാഷമാണല്ലൊ. മററുള്ളവർക്കായി ജീവിതം ഉഴിഞ്ഞുവച്ച യേശു എല്ലായ്പ്പോഴും ഏവർക്കും പ്രാപ്യനായിരുന്നു; ആർക്കും അവിടുത്തെ സേവനം ലഭ്യവുമായിരുന്നു. പാവങ്ങളെയും രോഗികളെയും അവിടുന്നു് അകററിനിറുത്തിയില്ല. നേരേമറിച്ചു്, അവരുടെ ആത്മീയവും ശാരീരികവുമായ ആവശ്യങ്ങൾ നിറവേററുന്നതിൽ അവിടുന്നു് അങ്ങേയററം ജാഗരൂകനായിരുന്നു. ദൈവരാജ്യം സ്ഥാപിക്കുന്നതിനായുള്ള അവിടുത്തെ രക്ഷാകരദൗത്യം സേവനത്തിനായുള്ള ഒരു ആഹ്വാനമാ

യിട്ടാണു് അവിടുന്നു് സ്വീകരിച്ചതു്. അതിനാൽ പാവങ്ങളോടും പട്ടിണിക്കാരോടും രോഗികളോടും പീഡിതരോടും അവിടുത്തേക്കു് ആഴമായ അനുകമ്പ ഉണ്ടായിരുന്നു. അവിടുന്നു് രോഗികളെ സുഖപ്പെടുത്തി; വിശന്നു വലഞ്ഞവരെ തീററിതൃപ്തരാക്കി; പാപികൾക്കു് പൊറുതി നൽകി. ചരിത്രം പരിശോധിച്ചാൽ ക്രിസ്തുവിനെപ്പോലെ മനുഷ്യൻെറ സ്വാതന്ത്ര്യത്തിനും അന്തസ്സിനും വ്യക്തിമഹത്വത്തിനുംവേണ്ടി ഇത്ര ശക്തിയുക്തം പോരാടിയ മററൊരാളെ കാണാൻ സാദ്ധ്യമല്ല. ''സമ്പൂർണ്ണമനുഷ്യനായ ക്രിസ്തുവിനെ പിന്തുടരുന്ന ഏതൊരുവനും ഉത്തമ മനുഷ്യനായിത്തീരുന്നു'' (സഭ ആധുനികലോകത്തിൽ, നമ്പർ 41). ക്രിസ്തുവിൽ സ്വയം സമർപ്പിച്ചു കഴിയുമ്പോൾ നാം ഓരോരുത്തരും നമ്മുടെ ദുഷ്പ്രവണതകളായ സ്വാർത്ഥത, മത്സരബുദ്ധി, വിദ്വേഷം, മററുള്ളവരുടെമേൽ ആധിപത്യമുറപ്പിക്കാനും അവരെ കീഴടക്കാനുമുള്ള ആവേശം എന്നിവയെയെല്ലാം നിയന്ത്രിക്കാൻ പ്രാപ്തരാകും. യേശുക്രിസ്തുവിലുള്ള ദൃഢവിശ്വാസം നമ്മെത്തന്നെ വിസ്മരിക്കാനും സഹോദരങ്ങൾക്കുവേണ്ടി ജീവിക്കാനും മരിക്കാനും നമ്മെ ശക്തരാക്കുന്നു.[14] സഹജീവികളെ സേവിക്കുന്നതിലാണു് ക്രിസ്തീയോപവിവേതുറപ്പിച്ചിരിക്കുന്നതു്. ''ആത്യന്തികമായി സുവിശേഷാത്മകമായ സ്നേഹം എന്നു പറയുന്നതു് ദൈവത്തിൻെറ ഒരു പരിവർത്തനപ്രക്രിയയാണു്. ആ സ്നേഹത്തിനു് ആത്മബലിയുടെ ചൈതന്യത്തോടെയുള്ള, വേണ്ടിവന്നാൽ മരണംവരിക്കാൻവരെയുള്ള (മർക്കോ. 10,42-45; ഫിലി. 2,7-8), സേവനസന്നദ്ധതയല്ലാതെ മററൊരു മാനദണ്ഡം ഇല്ലതന്നെ.''[15] സേവനത്തിൻെറ ചൈതന്യ

ത്തിൽ വളരുകയെന്നതു് വ്യക്തിത്വത്തിൻെറ വ്ളർച്ച തന്നെയാണു്. യേശുക്രിസ്തുവിൻെറ സമ്പക്ത്തിൽ ജീവിക്കുകയെന്നതും വ്യക്തിത്വത്തിൻെറ വികസനം തന്നെ. ''ജീവിതത്തിൻെറ സ്രോതസ്സായ ക്രിസ്തുവുമായുള്ള ഐക്യംവഴി മനുഷ്യൻ മഹത്വത്തിൻെറ പൂർണ്ണതയിലെത്തുന്നു... ഇതുതന്നെയാണു് വ്യക്തിത്വവികസനത്തിൻെറ പരമകാഷ്ഠയും.''[16]

സുവിശേഷവത്കരണമെന്നതു് ''മാനവത്വത്തിനു് പുതിയൊരു രൂപഭാവം നൽകുന്ന പരിണാമപ്രക്രിയയാണു്.''[17] മാനസാന്തരത്തിനുവേണ്ടിയുള്ള സുവിശേഷാഹ്വാനത്തിൻെറ പേരിലാണു് ഈ നവീകരണം നടക്കുന്നതു്. ''മാനസാന്തരം എന്നു പറയുന്നതു് ഹൃദയങ്ങളിൽ ആഞ്ഞടിക്കുന്ന ദൈവത്തിൻെറ ഒരു സ്നേഹവിപ്ലവമാണു്. അതായതു്, ഒരാളുടെ ആന്തരികതുലനാവസ്ഥയിലും മൂല്യബോധത്തിലും വന്നുചേരുന്ന സമഗ്രമായ ഒരുന്നമനം. അതു് വിശ്വാസത്തെ ഫലപുഷ്കലമാക്കുന്നതോടുകൂടി ചിന്തിക്കുവാനും വിധികല്പിക്കുവാനും വിലയിരുത്തുവാനും പ്രതീക്ഷിക്കുവാനും ദൈവം സ്നേഹിക്കുന്നതുപോലെ സ്നേഹിക്കുവാനുമുള്ള കഴിവും വന്നുചേരുന്നു.''[18] സുവിശേഷം സ്വീകരിക്കുന്നവരെല്ലാം പാപത്തിൻെറ ദാസ്യത്തിൽനിന്നും സ്വതന്ത്രരാക്കപ്പെടുകയും (യോഹ. 8,34-36) ക്രിസ്തുവിൽ ആന്തരികമായി നവീകരിക്കപ്പെടുകയും ശക്തിപ്പെടുകയും ചെയ്യുന്നു. അങ്ങനെ, മനുഷ്യൻെറ വിലയിടിക്കുകയും പരിപൂർണ്ണതയിലേക്കുള്ള അവൻെറ പ്രയാണത്തെ വിഘ്നപ്പെടുത്തുകയും ചെയ്യുന്ന പാപം നീക്കപ്പെടുമ്പോൾ അവൻെറ സമഗ്രവളർച്ച ത്വരിതപ്പെടുകയും ചെയ്യുന്നു. ''സുവിശേഷവത്കരണ

പ്രക്രിയ എല്ലാ മനുഷ്യരെയും ആന്തരികമായി പരിവർത്തിപ്പിക്കുവാൻ ലക്ഷ്യംവച്ചുകൊണ്ട് മനഃസാക്ഷിക്ക് നവീകരണത്തിനുള്ള ഒരു പുതിയ ശക്തി നൽകുന്നു. അതായത്, രക്ഷാകരപദ്ധതിക്കും ദൈവവചനത്തിനും വിരുദ്ധമായുള്ള ജീവിതമാതൃകകളെയും പ്രചോദനഹേതുക്കളെയും ചിന്താഗതികളെയും അഭിരുചിവിഷയങ്ങളെയും വിധിത്തീർപ്പുകളെയും സുവിശേഷത്തിന്റെ പ്രഭാവത്താൽ പരിവർത്തിപ്പിച്ച് ഗുണകരമാക്കിത്തീർക്കുവാൻ ഉതകുന്ന ഒരു ശക്തിവിശേഷം (എവാഞ്ചേലീ നുൺഷിയാന്തി, നമ്പർ 19). ആന്തരികമായ ഈ ശക്തിവിശേഷത്തിന്റെ സ്വാധീനംവഴി ഓരോ വ്യക്തിയും തന്റെ മാനുഷികമഹത്വത്തെക്കുറിച്ച് ബോധവാനായിത്തീരുന്നു. അതായത്, ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടിരിക്കുന്ന താൻ, സൃഷ്ടികറ്റുക മകുടമായ മഹത്തായ സൃഷ്ടിയാണെന്നും, ദൈവവചനം മനുഷ്യാവതാരംചെയ്ത് തന്നെപ്പോലെയുള്ള ഒരു മനുഷ്യനായതോടെ മനുഷ്യത്വം പൂർവോപരി മഹത്വം വരിച്ചുവെന്നും സൃഷ്ടിയുടെ ശിരസ്സായ താൻ അത്യുന്നതമായ ഒരു ജീവിതാദർശം പിന്തുടരുവാൻ വിളിക്കപ്പെട്ടവനാണെന്നുമുള്ള അവബോധം.''[19] ക്രൈസ്തവജീവിതം ''ജനങ്ങളുടെ മാനവികതയ്ക്ക് പുതിയ ഉൾക്കാഴ്ച നൽകുന്നു. അവരുടെ ചരിത്രപരമായ ജീവിതയാത്രയ്ക്ക് കൂടുതൽ സ്പഷ്ടവും നിയതവുമായ ആഭിമുഖ്യങ്ങൾ നൽകുന്നു; അവരുടെ ജീവിതത്തിന് കൂടുതൽ അർത്ഥവും ആത്യന്തികമായ ലക്ഷ്യവും ചൂണ്ടിക്കാട്ടുന്നു. അതിനുംപുറമേ, മനുഷ്യരാശിയുടെ അജ്ഞാതമായ ആവശ്യങ്ങളും അഭിനിവേശങ്ങളും അവർക്കു സുജ്ഞാതമാക്കുന്നു: പാപത്തിൽ

നിന്നും അതിന്റെ പരിണതഫലങ്ങളിൽനിന്നുമുള്ള വിടുതലും, മനുഷ്യരാശിയുടെ ബുദ്ധിമുട്ടുകളുടെയും പ്രശ്നങ്ങളുടെയും മൂലകാരണങ്ങളും, അവക്കുണ്ടാകുന്ന സമ്മർദ്ദങ്ങളും സംഘർഷങ്ങളും അതുപോലെതന്നെ ആ തിന്മകളെ ജയിക്കുന്നതിനുള്ള ഫലപ്രദമായ പ്രതിരോധമാർഗ്ഗങ്ങളുമെല്ലാം. അങ്ങനെ ക്രൈസ്തവജീവിതം മനുഷ്യന് അഗാധവും പൂർണ്ണവുമായ മാനവത്വം നൽകുന്നു.''[20]

ദൈവത്തോടും സഹജീവികളോടുമുള്ള മനുഷ്യന്റെ മനോഭാവത്തിൽ മൗലികമായ മാററങ്ങളാണ് പ്രേഷിതപ്രവർത്തനംമൂലം വന്നുചേരുന്നത്. സുവിശേഷവത്കരണം, ദൈവത്തോടും മനുഷ്യരോടുമുള്ള നമ്മുടെ ബന്ധത്തിന് പുതിയൊരു രൂപവും ഭാവവും നൽകുന്നു. അങ്ങനെ ഉദ്ഭൂതമാകുന്ന തുറന്ന മനോഭാവം വൈയക്തികവളർച്ചയെ വിഘാതപ്പെടുത്തുന്ന പല പ്രതിബന്ധങ്ങളിൽനിന്നും നമ്മെ സ്വതന്ത്രരാക്കും. മനുഷ്യന് തന്റെ മൗലികപൂർണ്ണതയും ആദിമതനിമയും ഇതുമൂലം തിരിച്ചുകിട്ടുന്നു. മാമ്മോദീസാവഴി യേശുക്രിസ്തുവിന്റെ മരണത്തിന്റെയും ഉയിർപ്പിന്റെയും രഹസ്യത്തിൽ നാം പങ്കാളികളാകുന്നതോടുകൂടി നമ്മുടെ വൈകല്യങ്ങൾ തിരോഭവിക്കുകയും ദൗർബല്യങ്ങൾ നീങ്ങിപ്പോവുകയും ചെയ്യുന്നു. സുവിശേഷവത്കരണത്തിന്റെ വിമോചനപ്രക്രിയയിലൂടെയാണ് ഈ പരിവർത്തനം സംഭവിക്കുന്നത്. ക്രിസ്തുവിലുള്ള വിശ്വാസത്തിൽ സ്വയം അർപ്പിതനാകുന്ന മനുഷ്യൻ സകലവിധ പാപങ്ങളുടെയും ദുഷ്കൃത്യങ്ങളുടെയും പിടിയിൽനിന്നു വിമുക്തനാവുകയും, പീഡനം മരണം മുതലായവയിൽനിന്നും സംരക്ഷിതനാവുകയും (റോമാ. 8,2), ഭൗതികവസ്തുക്കളോടുള്ള ആസ

ക്തിയിൽനിന്നും വിരക്തനാവുകയും ചെയ്യുന്നു. ക്രിസ്തുവിനെ അറിയുക എന്നുവച്ചാൽ നമ്മെ സ്വതന്ത്രരാക്കുന്ന സത്യത്തെ അറിയുക എന്നുതന്നെയാണ് (യോഹ. 8,32).

### 3. സുവിശേഷവത്കരണവും സാമൂഹികക്ഷേമവും

പ്രേഷിതപ്രവർത്തനം വ്യക്തികളുടെ തനതായ വളർച്ചയ്ക്കും സുസ്ഥിതിയ്ക്കും മാത്രമല്ല ഉപകരിക്കുന്നത്. സമൂഹത്തിനു മൊത്തത്തിൽ അതു നന്മ ചെയ്യുന്നുണ്ട്. ''സുവിശേഷവത്കരണത്തെ സാമൂഹിക - സാമ്പത്തിക പ്രാധാന്യമുള്ള കാര്യങ്ങളിൽനിന്നു വേർതിരിച്ചുനിറുത്തുക സാദ്ധ്യമല്ല. കാരണം, മനുഷ്യൻ ഒരു അമൂർത്ത ജീവിയല്ല, സമൂഹത്തോടു ബന്ധപ്പെട്ടു ജീവിക്കുന്ന ഒരു സാമൂഹിക ജീവിയാണ്. നിത്യരക്ഷയെന്നതുകൊണ്ട് അർത്ഥമാക്കുന്നത് ഈ ലോകത്തിൽനിന്നുള്ള ഒരു ഒളിച്ചോട്ടമല്ല. മറിച്ച്, ദൈവസൃഷ്ടിയുടെ ഒരു വീണ്ടെടുപ്പാണ്. ഈ ലക്ഷ്യപ്രാപ്തിക്കുവേണ്ടി പ്രവർത്തിക്കാൻ സഭ പ്രതിജ്ഞാബദ്ധയാണ്.''[21]

പോൾ ആറാമൻ മാർപ്പാപ്പായുടെ ''എവാഞ്ചേലീ നൺഷിയാന്തി'' എന്ന തിരുവെഴുത്തിൽ പറയുന്നതുപോലെ, പ്രേഷിതപ്രവർത്തനത്തിന്റെ ഈ സ്വാധീനം സാമൂഹ്യജീവിതത്തിന്റെ വിവിധ തലങ്ങളിൽ വ്യാപിച്ചിരിക്കുന്നു: ''ഓരോ മനുഷ്യന്റെയും അവകാശങ്ങളും ചുമതലകളും സംബന്ധിച്ചും, വ്യക്തിപരമായ വളർച്ചയ്ക്കും വികസനത്തിനും ആവശ്യമായ കുടുംബജീവിതം സംബ

ന്ധിച്ചും, സമൂഹത്തിലെ ജീവിതക്രമം സംബന്ധിച്ചും, അന്താരാഷ്ട്രീയമായ ജീവിതം, സമാധാനം, നീതി, മാനവപുരോഗതി എന്നിവ സംബന്ധിച്ചും സുവിശേഷ വത്കരണം വ്യക്തമായ ഒരു സന്ദേശം നൽകുന്നുണ്ട്... ആ സന്ദേശമാകട്ടെ, ആധുനിക വിമോചനപ്രക്രിയ യെയും പ്രത്യേകം പിന്താങ്ങുന്നതാണ്'' (എവാഞ്ചേലി നൺഷിയാന്തി, നമ്പർ 29). മുഖ്യമായും മനുഷ്യരക്ഷയ്ക്കു വേണ്ടി പ്രതിജ്ഞാപൂർവം പ്രവർത്തിക്കുകയെന്നുള്ളതാ ണ് സഭയുടെ ദൗത്യം. മനുഷ്യന്റെ സാമ്പത്തികവും രാഷ്ട്രീയവും സാമൂഹ്യവുമായ ക്ഷേമത്തിനും ഭദ്രതയ്ക്കും വേണ്ടി പ്രവർത്തിക്കുകയെന്നുള്ളതും സഭയുടെ ആനുഷം ഗികമായ കർത്തവ്യംതന്നെ. ''യഥാർത്ഥമായ സുവിശേഷ വത്കരണം സാഹോദര്യത്തിനും നീതിക്കുംവേണ്ടിയുള്ള അഭ്യസനവും ആ വഴിക്കുള്ള മാനവീകരണവുമാകുന്നു.''[22]

പ്രേഷിതപ്രവർത്തനം മാനവപുരോഗതിയോട് അവശ്യം ബന്ധപ്പെട്ടാണിരിക്കുന്നത്. '' സുവിശേഷ വത്കരണവും വികസനപുരോഗതിയും വ്യത്യസ്തതല ത്തിലുള്ള രണ്ടു സമാന്തരഗതിയായ പ്രവർത്തനങ്ങളല്ല. മറിച്ച്, പ്രേഷിതപ്രവർത്തനത്തിന്റെ രണ്ടു മാനങ്ങ ളാണ്; ദൈവജനത്തിന്റെ അന്യോന്യബന്ധിതമായ ഒരു മഹായത്നമാണ്.''[23] പോൾ ആറാമൻ മാർപ്പാപ്പാ യുടെ അഭിപ്രായത്തിൽ, '' സുവിശേഷവത്കരണവും മാനവപുരോഗതിയും തമ്മിൽ, വികസനവും വിമോച നവും തമ്മിൽ ബന്ധിപ്പിക്കുന്ന ശക്തിമത്തായ കണ്ണി കളുണ്ട്. ഈ കണ്ണികളാകട്ടെ, നരവംശശാസ്ത്രക്രമത്തി ലാണ് കൂട്ടിച്ചേർക്കപ്പെട്ടിരിക്കുന്നത്. കാരണം സുവി ശേഷവത്കരിക്കപ്പെടേണ്ട മനുഷ്യൻ കേവലം ഒരു

അമൂർത്തജീവിയല്ല, മറിച്ച്, സാമൂഹികവും സാമ്പത്തികവുമായ പ്രശ്നങ്ങൾക്ക വിധേയനായ ഒരു സമൂർത്ത വ്യക്തിയാണ്. ഇതിനുംപുറമേ ദൈവശാസ്ത്രക്രമത്തിലുള്ള കണ്ണികളും അതു് ഉൾക്കൊള്ളുന്നുണ്ട്. കാരണം, വിമോചനപദ്ധതിയിൽനിന്നു് സൃഷ്ടിയുടെ പദ്ധതിയെ വേർപെടുത്താനാവില്ല. വിമോചനപദ്ധതി, എതിർത്തു പരാജയപ്പെടുത്തേണ്ട അനീതിയെയും ഊട്ടിയുറപ്പിക്കേണ്ട നീതിയെയും സ്പർശിക്കുന്നു. കൂടാതെ, ഉപവിയുടേതായ ഉയർന്ന സുവിശേഷവത്കരണക്രമത്തിന്റെ കണ്ണികളും അതിൽ ഉൾപ്പെടുന്നുണ്ട്. നീതിയിലും സമാധാനത്തിലുംനിന്നു ഉരുത്തിരിയുന്ന, യഥാർത്ഥമായ മാനവപുരോഗതിക്കുവേണ്ടി ശ്രമിക്കാതെ സ്നേഹത്തിന്റെ പുതിയ പ്രമാണത്തെപ്പററി സംസാരിക്കുന്നതെങ്ങനെ?'' (എവാഞ്ചേലീ നൺഷിയാന്തി, നമ്പർ 31).

പുതിയനിയമത്തിൽ പാവങ്ങളുടെ രക്ഷകനായിട്ടാണ് യേശുക്രിസ്തു കാണപ്പെടുന്നതു്.[24] അവിടുന്നു് ദരിദ്രരെ അനുഗ്രഹീതരെന്നാണ് അഭിസംബോധനം ചെയ്തതു് (ലൂക്കാ 6,20). ദൈവരാജ്യത്തിന്റെ യഥാർത്ഥ അവകാശികളായി അവരെ ക്രിസ്തു അംഗീകരിച്ചു (ലൂക്കാ 14, 21). അവിടുത്തെ അത്ഭുതങ്ങൾ മിക്കതും ദരിദ്രർക്കുള്ള സദ്വാർത്തയായിട്ടാണ് പരിണമിച്ചതു്. അവിടുന്നു് തന്റെ സമയത്തിൽ ഏറിയപങ്കും പാവങ്ങൾക്കുവേണ്ടി ചെലവഴിച്ചു. ജനങ്ങളുടെ ഭൗതികാവശ്യങ്ങൾ നിറവേററാൻ പല അത്ഭുതങ്ങളും അവിടുന്നു പ്രവർത്തിക്കുകയുണ്ടായി: കുഷ്ഠരോഗികളെ സൗഖ്യമാക്കി, അതുപോലെ തന്നെ തളർവാതക്കാരെയും അന്ധരെയും ബധിരരെയും രോഗവിമുക്തരാക്കി (മത്താ. 9,27-31; 14,14-21;

ലൂക്കാ 5.12-16; മർക്കോ. 2,1-12; 7,32-37). "ക്രിസ്തു വിന്റെ ജീവിതവും പ്രവർത്തനവും അതുപോലെതന്നെ ആദിമസഭയുടെ ചെയ്തികളും പരിശോധിച്ചാൽ നമുക്ക് കാണാൻ കഴിയുന്നത്, മനുഷ്യന്റെ ശരീരത്തെയും ഭൗതികാംശങ്ങളെയും അവഗണിച്ചുകൊണ്ട് ആത്മാവിനെമാത്രമല്ല, പ്രത്യുത മനുഷ്യന്റെ ആകമാനവ്യക്തിത്വത്തെയാണ് കണക്കിലെടുത്തിരിക്കുന്നതെന്നത്രേ."[25]

സുവിശേഷസന്ദേശം, ഗൗരവപൂർവം സഭയെ അനുശാസിക്കുകയും പ്രായോഗികമാക്കാൻ നിഷ്കർഷിക്കുകയും ചെയ്യുന്നത് മാനവരാശിയുടെ വിമോചനവും സുസ്ഥിതിയുമാണ്. ഈ അടുത്തകാലത്ത് സഭ ആവർത്തിച്ചു വ്യക്തമാക്കിയ ഒരു കാര്യം, പാവങ്ങൾക്കുവേണ്ടി പ്രവർത്തിക്കുകയെന്നുള്ളത് സുവിശേഷവത്കരണത്തിന്റെ അവിഭാജ്യഘടകമാണെന്നത്രേ. "ലക്ഷക്കണക്കിന് ജനങ്ങൾ പട്ടിണിയിലും അവികസിതാവസ്ഥയിലും കഴിയുകയും അനീതിക്കും മർദ്ദനത്തിനും വിധേയരായിരിക്കുകയും ചെയ്യുന്ന ഇന്നത്തെ സാമൂഹ്യപരിതസ്ഥിതി കണക്കിലെടുക്കുമ്പോൾ, സഭയുടെ സുവിശേഷവത്കരണപ്രക്രിയ തീർച്ചയായും സമഗ്രവികസനത്തിനും ആകമാനവിമോചനത്തിനും വേണ്ടിയുള്ള, മനുഷ്യരുടെ തീവ്രശ്രമങ്ങളിൽ പൂർണ്ണമായി സഹകരിക്കുകയും അവയുടെ വിജയത്തിനുവേണ്ടി സർവാത്മനാ യത്നിക്കുകയും ചെയ്യേണ്ടതാണ്."[26] പ്രേഷിതപ്രവർത്തകർ നൽകുന്ന ഭൗതികസഹായത്തിന് ഒരാത്മീയശക്തിയും ചൈതന്യവും ഉണ്ട്. ആ നിലയിൽ സുവിശേഷവത്കരണവും സാമൂഹ്യവികസനവും രണ്ടു വ്യത്യസ്ത തലങ്ങളിലുള്ള സമാന്തരപ്രവർത്തനങ്ങളല്ല, അതേ പ്രേഷി

തപ്രവർത്തനത്തിൻെറ ദ്വിമാനങ്ങളാണ്. സഭ അവളുടെ പ്രേഷിതപ്രവത്തനത്തിൻെറ ഭാഗമായി ജനങ്ങളുടെ ഭൗതികക്ഷേമം വദ്ധിപ്പിക്കുന്ന കാര്യത്തിലും അതീവതാത്പര്യം പ്രദർശിപ്പിക്കുന്നുണ്ട്. 1974 - ൽ റോമിൽ സമ്മേളിച്ച മെത്രാന്മാരുടെ സിനഡ് ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു: ''യഥാത്ഥത്തിൽ സഭ, ക്രിസ്തുവിലുള്ള വിശ്വാസത്തിലേക്കു കൊണ്ടുവരുന്ന ജനങ്ങളുടെ ഭൗതികപുരോഗതിയുടെ കാര്യത്തിൽ ഒരിക്കലും പരാങ്മുഖയായിരുന്നില്ല. സഭയുടെ സാമ്രാജ്യിക പഠനങ്ങൾ പോലെതന്നെ മററു സിദ്ധാന്തങ്ങളും ഈ ആശയം പ്രാവത്തികമാക്കുവാനാണ് എപ്പോഴും ശ്രമിച്ചിട്ടുള്ളത്. ഇവ വെറും ആശയരൂപത്തിൽ അമൂർത്തമായി നിലകൊള്ളുകയല്ല, ദൃശ്യമാനമായ സ്ഥാപനങ്ങളായി മൂത്തരൂപം കൈക്കൊള്ളുകയാണ് ചെയ്തിരിക്കുന്നത്. ഈ സ്ഥാപനങ്ങളാകട്ടെ, കേവലം മതപരമായ തലം മുതൽ, രാഷ്ട്രീയവും സാമൂഹ്യവും പൗരജീവിതപരവുമായ എല്ലാ മണ്ഡലങ്ങളിലും മാനവപുരോഗതിക്കുവേണ്ടി പ്രവർത്തിക്കുകയും ചെയ്യുന്നു.''[27]

പ്രേഷിതപ്രവത്തനത്തിലൂടെ സാമൂഹ്യപുരോഗതിക്കും വികസനത്തിനുംവേണ്ടിയുള്ള സഭയുടെ സംഭാവന സാമ്പത്തികസഹായമെന്ന നിലയിൽ മാത്രമുള്ളതല്ല. സാമൂഹ്യനന്മയ്ക്കുവേണ്ടി സഭ ചെയ്യുന്നതെന്തും അതിൻെറ വളച്ചയ്ക്കുതകുന്ന ഗണ്യമായ സംഭാവനതന്നെയാണ്. ഉദാഹരണമായി, വിദ്യാലയങ്ങളും ആശുപത്രികളും സ്ഥാപിച്ചുനടത്തുന്നതും പുതിയ കൃഷിസമ്പ്രദായങ്ങൾ ഏർപ്പെടുത്തുന്നതും പാവപ്പെട്ടവരെയും അംഗവൈകല്യമുള്ളവരെയും സംരക്ഷിക്കുന്നതും വരൾച്ച ബാധിച്ച

പ്രദേശങ്ങളിൽ കുടിനീർ ലഭ്യമാക്കുന്നതും സാമൂഹ്യാവബോധം സൃഷ്ടിക്കുന്നതുമെല്ലാം സമൂഹത്തിന്റെ പുരോഗതിക്കും വികസനത്തിനും വേണ്ടിയുള്ള വിലപ്പെട്ട സംഭാവനകളാണ്. സഭയുടെ പ്രേഷിതപ്രവർത്തനം പണ്ടെന്നപോലെ ഇന്നും ഈദൃശസേവനങ്ങൾ ധാരാളം ചെയ്യുന്നുണ്ട്. ഈ നിലയിൽ നോക്കിയാൽ, കോളണിവാഴ്ചയുടെ കടുത്ത ചൂഷണത്തിനു കടകവിരുദ്ധമായി സഭ മാനവപുരോഗതിക്കും സാമൂഹ്യോന്നമനത്തിനുമായി എത്ര വിപുലമായ സംഭാവനകൾ നൽകുന്നുണ്ടെന്നു കാണാം.

മാനവക്ഷേമത്തിനും സുസ്ഥിതിക്കും വേണ്ടിയുള്ള പ്രേഷിതദൗത്യത്തിന്റെ സംഭാവന ഇമ്മാതിരി പ്രവർത്തനങ്ങളിൽ മാത്രം ഒതുങ്ങിനില്ക്കുന്നില്ല. ക്രിസ്തുവിന്റെ സാക്ഷീകരണവും അഭിജ്ഞാനവുമായ സഭ അവിടുത്തെ രക്ഷാകരപ്രവർത്തനങ്ങൾ ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലേക്കും വ്യാപിപ്പിക്കുവാൻ സദാ ഉത്സുകയാണ്. "ക്രിസ്തുവിന്റെ സുവിശേഷസന്ദേശം അധഃപതിച്ച മനുഷ്യന്റെ ജീവിതവും സംസ്കാരവും നിരന്തരം നവീകരിക്കുന്നു. സദാപി ഭീതിപ്പെടുത്തുന്ന പാപകരമായ പ്രലോഭനങ്ങളിൽനിന്നുളവാകുന്ന തെററുകളെയും തിന്മകളെയും അതു് നിരോധിക്കുകയും നീക്കിക്കളയുകയും ചെയ്യുന്നു. അതു് ജനങ്ങളുടെ ധാർമ്മികബോധത്തെ അനുസ്യൂതം ശുദ്ധീകരിച്ച് ഉദാത്തീകരിക്കുന്നു. പാരത്രികസമ്പത്തുവഴി അതു് എല്ലാ ജനതകളുടെയും കാലത്തിന്റെയും ആത്മീയസിദ്ധികളെയും നന്മകളെയും ആന്തരികമായിട്ടെന്നപോലെ ഫലമണിയിക്കുകയും സുശക്തമാക്കുകയും സമ്പൂർണ്ണമാക്കുകയും ക്രിസ്തുവിൽ പുന

ദ്ധരിക്കുകയും ചെയ്യുന്നു. അങ്ങനെ സഭ തന്റെ ദൗത്യ നിർവഹണത്തിൽതന്നെ മാനുഷികവും രാഷ്ട്രീയവുമായ സംസ്കാരത്തെ ഉത്തേജിപ്പിക്കുകയും സമ്പന്നമാക്കുകയും ചെയ്യുന്നു.'' (സഭ ആധുനികലോകത്തിൽ, നമ്പർ 58). തിന്മയുടെ അതിപ്രസരംകൊണ്ടു് സാമൂഹ്യവ്യവസ്ഥിതി അപചയപ്പെടുമ്പോൾ സഭ വെറുതെ മൗനംഭജിക്കുകയല്ല ചെയ്യുന്നതു്. സമൂഹം ധാർമ്മികാധഃപതനത്തിന്റെ പടുകുഴിയിൽ വീഴുമ്പോൾ സഭയ്ക്കു് ഉദാസീനയായിരിക്കുവാൻ സാദ്ധ്യമല്ല. സുവിശേഷവത്കരിക്കുന്ന സമൂഹത്തെ സഹായിക്കാനും ക്രമവത്കരിക്കാനും സഭ വളരെ താത്പര്യം കാണിക്കുന്നുണ്ടു്. ''സമൂഹത്തിൽ ദൃശ്യമാകുന്ന തിന്മയെ അപലപിക്കാനും തെററായ നയങ്ങളെയും അനീതിപരമായ സംവിധാനങ്ങളെയും ചോദ്യംചെയ്യാനും സഭ പ്രവാചകദൗത്യത്തോടെ വിമർശനാത്മകമായ സ്വന്തം ധർമ്മം നിർവഹിക്കേണ്ടതുണ്ടു്. ഹൃദയപരിവർത്തനം വരുത്തുന്നതിനും സാമൂഹ്യരൂപാന്തരീകരണം സാധിക്കുന്നതിനും തക്കവിധത്തിൽ സഭ നാനാതരം യത്നങ്ങൾ സമന്വയിക്കേണ്ടതാണു്. മാനവമഹത്വീകരണത്തിനുവേണ്ടി മനുഷ്യന്റെ എല്ലാ ബന്ധങ്ങളെയും കർമ്മസരണികളെയും സഭ സഹായിക്കുവാൻ ബാദ്ധ്യസ്ഥയാണു്.''[28] അങ്ങനെ വർത്തമാനകാല സമൂഹത്തിന്റെ ഭൗതികയാഥാർത്ഥ്യങ്ങളെ യഥോചിതം നവീകരിച്ചും സംസ്കരിച്ചും സഭയ്ക്കു് മനുഷ്യസമൂഹത്തിന്റെ ഉപരിനന്മയ്ക്കും മെച്ചപ്പെട്ട പുനർനിർമ്മിതിയ്ക്കും വേണ്ടി വളരെയധികം സംഭാവന ചെയ്യാൻകഴിയും; സഭ അങ്ങനെ ചെയ്തുകൊണ്ടാണിരിക്കുന്നതും. ഈ പ്രവർത്തനങ്ങളുടെയെല്ലാം പിന്നിലുള്ള പ്രചോദകശക്തി

സാഹോദര്യത്തിന്റെ ക്രൈസ്തവചൈതന്യമാണെന്നുള്ള കാര്യവും നാം മറന്നുകൂടാ. ഈ ചൈതന്യമാകട്ടെ, ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്നാണ് ഉല്പന്നമാകുന്നതും. "ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ ഉദ്ദീപിപ്പിക്കുന്നു" (2 കോറി. 5,14).

## 4. സുവിശേഷവത്കരണവും വിമോചനവും

മനുഷ്യന്റെ ഏററവും വലിയ വിമോചകൻ ക്രിസ്തുവാണെന്ന് ഒട്ടും അതിശയോക്തികൂടാതെ പറയാം. അവിടുന്നു പ്രസംഗിച്ചതു് മനുഷ്യന്റെ സമഗ്രവിമോചനത്തിന്റെ സദ്വാർത്തയാണ്. സുവിശേഷവത്കരണത്തെ വിമോചനത്തിനുള്ള ഒരു മാർഗ്ഗമായിട്ടാണ് അവിടുന്നു വിവക്ഷിച്ചതും. "ബന്ധിതർക്കു മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും" (ലൂക്കാ 4,18) പ്രഖ്യാപിക്കുവാനാണ് താൻ അയയ്ക്കപ്പെട്ടതെന്ന് അവിടുത്തേയ്ക്കു് അറിയാമായിരുന്നു. സ്വാതന്ത്ര്യമായിരുന്നു യേശുവിന്റെ ജീവിതത്തിന്റെയും പ്രവർത്തനങ്ങളുടെയും കേന്ദ്രബിന്ദു. അവിടുത്തെ പ്രഖ്യാപനങ്ങളിൽ രാഷ്ട്രീയമായ സ്വാതന്ത്ര്യവും സാമ്പത്തിക വിമോചനവും സ്വയംപര്യാപ്തതയും, മാനസികവും ധാർമ്മികവുമായ പ്രമുക്തിയും ഉൾപ്പെടുന്നുണ്ട്. ആത്മീയസ്വാതന്ത്ര്യമെന്നതുകൊണ്ട് ക്രൈസ്തവസന്ദേശം ഉദ്ദേശിക്കുന്നതു് കേവലം പാപത്തിൽനിന്നുള്ള വിമോചനം മാത്രമല്ല, പാപത്തിൽനിന്ന് ഉദ്ഭൂതമാകുന്ന എല്ലാ ബന്ധനങ്ങളിൽനിന്നുമുള്ള സമ്പൂർണ്ണ വിമോചനമാണ്. ഇതുകൊണ്ട് ക്രിസ്തു അർത്ഥമാക്കിയതു് എല്ലാ മനുഷ്യരു

ടെയും വിമോചനവും മനുഷ്യൻെറ എല്ലാ സത്തയുടെയും വിമോചനവുമാണ്. അവിടുന്ന് ദൈവത്തിനും മനുഷ്യനും മദ്ധ്യേയുള്ള ഒരേയൊരു മദ്ധ്യസ്ഥനായിരിക്കുന്നതു പോലെ, വിമോചകൻ എന്നതിൻെറ സമുചിതാർത്ഥത്തിൽ ഒരേയൊരു വിമോചകൻകൂടിയാണ്.[29]

യേശുക്രിസ്തുവിനെ പിന്തുടരുന്നവരെല്ലാം സമ്പൂർണ്ണ സ്വാതന്ത്ര്യം പ്രാപിക്കുന്നു. അതായത്, എവിടെയെല്ലാം ദൈവത്തിൻെറ ചൈതന്യം ആവസിക്കുന്നുണ്ടോ അവിടെയെല്ലാം സ്വാതന്ത്ര്യവുമുണ്ട്. "അതുകൊണ്ട് ഒരു ക്രിസ്ത്യാനി ബാഹ്യമായ എല്ലാ നിർബന്ധനിയന്ത്രണങ്ങളിൽനിന്നും എഴുതപ്പെട്ട എല്ലാ ചട്ടങ്ങളിൽനിന്നും നിയമങ്ങളിൽനിന്നും പുറത്തുനിന്ന് അടിച്ചേല്പിക്കുന്ന എല്ലാ ബാദ്ധ്യതകളിൽനിന്നും സ്വതന്ത്രനാണ്. കൂടാതെ പലതരം ഭക്ത്യനുഷ്ഠാനങ്ങളുടെ വിശദാംശങ്ങൾ സംബന്ധിച്ചുള്ള അതിസൂക്ഷ്മമായ എല്ലാ നിയമങ്ങളും പാലിക്കണമെന്നുള്ള ആകാംക്ഷാഭാരത്തിൽനിന്നും അയാൾ വിമുക്തനാണ്. അതുപോലെതന്നെ, സകല ആചാരപരമ്പരകളും ജീവിതത്തിൽ പകർത്തുന്നതിൽനിന്നും അയാൾ സ്വതന്ത്രനാണ്. താൻ ദുർബലനും ചെറിയവനുമാകയാൽ താൻ അഭിമുഖീകരിക്കുന്ന വൻപ്രശ്നത്തെ വിജയകരമായി കൈകാര്യംചെയ്യാൻ കഴിയുമോ എന്ന ഭീതിയിൽനിന്നും അയാൾ സ്വതന്ത്രനാണ്. വ്യക്തിനിരപേക്ഷവും കർത്തൃരഹിതവുമായ എല്ലാത്തരം വ്യവസ്ഥിതികളിൽനിന്നും അയാൾ സ്വതന്ത്രനാണ്. കാരണം യേശുക്രിസ്തുവഴി ദൈവംതന്നെയാണ് അയാൾക്ക് വെളിപാടുകൾ നൽകിയിരിക്കുന്നത്. ചുരുക്കത്തിൽ ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം മതമെന്നതു്

ഒരു ബന്ധനമല്ല. മറിച്ച്, വിമോചിപ്പിക്കുന്ന, വിടുതൽ നൽകുന്ന ഒരു ശക്തികേന്ദ്രമാണ്."[30] പക്ഷേ, ഈ സ്വാതന്ത്ര്യം ഒരു ക്രിസ്ത്യാനിയിൽനിന്ന് കൂടുതലായ ഉത്തരവാദിത്വങ്ങളും പ്രതീക്ഷിക്കുന്നുണ്ട്. ക്രിസ്തീയോപവിയാൽ അതു് വ്യവസ്ഥിതവും മഹത്വീകൃതവുമാക്കിയിരിക്കുന്നു. "സ്നേഹത്തിൽനിന്ന് അതിന്റെ സവിശേഷസ്വരസംവിധാനവും ചലനവും അതിന്റെ സമൂർത്തരൂപവും വർണ്ണവും ആവിർഭവിക്കുന്നു. ദൈവത്തിന്റെ സ്നേഹം യേശുക്രിസ്തുവിലൂടെ അനുഭവവേദ്യമാകുമ്പോൾ നമുക്കു അനുഗ്രഹവും പാപപ്പൊറുതിയും സകല നന്മകളും ലഭിക്കുന്നു. പരിശുദ്ധാത്മാവിൽ ആ സ്നേഹം അനുഭവവേദ്യമാകുമ്പോൾ, നമ്മുടെ ഹൃദയങ്ങൾ വിശ്വാസത്തോടെ ദൈവത്തോടും സ്നേഹത്തോടെ മനുഷ്യരോടും പ്രത്യുത്തരിക്കാൻ പ്രാപ്തമാകും. അങ്ങനെ സ്നേഹത്തിൽ സജീവവും സേവനത്തിൽ കർമ്മനിരതവുമായ വിശ്വാസം, ക്രിസ്തീയ ജീവിതത്തിന്റെയും ക്രിസ്തീയ ധർമ്മത്തിന്റെയും മാർഗ്ഗദീപവും നിയന്ത്രണശക്തിയും പ്രചോദനസ്രോതസ്സും ജീവിതപ്രമാണവുമായിത്തീരുന്നു."[31] ആ നിലയിൽ ക്രിസ്തീയ സ്വാതന്ത്ര്യമെന്നുവച്ചാൽ, സമൂഹത്തിന്റെ മേന്മയ്ക്കുതകുന്ന നല്ലതും ഗുണകരവുമായതു ചെയ്യുക എന്നർത്ഥമാണ്. ആ സ്വാതന്ത്ര്യം മററുള്ളവരെ സന്തുഷ്ടരാക്കാൻതക്ക പരിത്യാഗപൂർണ്ണമായ സ്നേഹവും പരിഗണനയും സേവനസന്നദ്ധതയും പ്രകടിപ്പിക്കുന്നതിനുള്ള സ്വാതന്ത്ര്യമാണ്. "സ്വയം പ്രതിജ്ഞാബന്ധിതമായ ഒരു സ്വാന്ത്ര്യമാണതു്; മരണത്തിലൂടെയും സ്വയംദാനത്തിലൂടെയും വളരുന്ന ഒരു സ്വാതന്ത്ര്യമാണതു്. ക്രിസ്തീയ സ്വാതന്ത്ര്യം ആത്മത്യാഗത്തിന്റെ സ്വാതന്ത്ര്യമാണ്.

അതു് പെസഹാരഹസ്യത്തിൽ വേരൂന്നിയിരിക്കുന്നു. അതു് മററുള്ളവർക്കുവേണ്ടി പ്രവർത്തിക്കുകയും അവക്കായി അപ്പിക്കപ്പെടുകയും ചെയ്യുന്ന ഒരു സ്വാതന്ത്ര്യമാണു്. അതു് മററുള്ളവരുടെ രോഗത്തിൻെറയും ദാരിദ്ര്യത്തിൻെറയും ഏകാന്തതയുടെയും തൊഴിലില്ലായ്മയുടെയും നിരക്ഷരതയുടെയും അസ്പൃശ്യതയുടെയും അപരാധത്തിൻെറയും അപമാനത്തിൻെറയും യുദ്ധത്തിൻെറയും ഒക്കെ ഭാരം പേറുന്നതുമാണു്. സമൂഹത്തിൻെറ ആവശ്യങ്ങളിൽ ജാഗ്രത പുലത്തുകയും സമൂഹത്തിനുവേണ്ടി പ്രവർത്തിക്കുകയും സമൂഹത്തിൽ പങ്കാളിത്തം വഹിക്കുകയും ചെയ്യുന്ന സ്വാതന്ത്ര്യമാണു് അതു്.''32

പിതാവായ ദൈവം എല്ലാ മനുഷ്യരെയും സ്നേഹിക്കുന്നുവെന്നും യേശുക്രിസ്തുവിൽ അവക്ക് പുത്രത്വം നൽകുന്നുവെന്നും സഭ പഠിപ്പിക്കുന്നു. ഒരു പുത്രൻ അടിമയെപ്പോലെയല്ല (റോമാ. 8,15; ഗലാ.4,7). ദൈവത്തിൻെറ പുത്രത്വം സ്വീകരിച്ച ഒരാൾ ക്രിസ്തുവിൽ അവകാശിയും അവിടുത്തെപ്പോലെ കർത്തൃപദവിയും സ്വാതന്ത്ര്യവും നൽകപ്പെട്ടവനുമാണു്. യേശുക്രിസ്തുവഴിയായുള്ള രക്ഷയുടെ സന്ദേശം അത്ഥമാക്കുന്നതു്, മനുഷ്യനെ ഞെരുക്കുകയും അയാളുടെ സത്യനിഷ്ഠയെയും ദൈവത്തിൻെറ പുത്രനെന്ന നിലയിലുള്ള അന്തസ്സിനെയും ഹനിക്കുകയും ചെയ്യുന്ന പ്രവണതയിൽനിന്നുള്ള സമഗ്രമോചനമാണെന്നു സഭ ഉറച്ചുവിശ്വസിക്കുന്നു. അതുകൊണ്ടു് ''വളരെയധികം ക്രൈസ്തവർ മനുഷ്യവിമോചനപ്രക്രിയയിൽ ആമഗ്നരാകുവാൻ സഭ ഉപര്യുപരി പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്നു. ഈ ക്രൈസ്തവവിമോചകരെ സഭ വിശ്വാസത്തിൻെറ ചൈതന്യത്താലും ഭ്രാതൃസ്നേഹ

ത്തിൻെറ പ്രേരണയാലും കർമ്മോന്മുഖരാകുന്നതിൽ സദാ ശ്രദ്ധപതിപ്പിക്കുന്നുണ്ട്. ഒരു യഥാർത്ഥ ക്രിസ്ത്യാനിക്ക് ഇതു് ഒരിക്കലും വിസ്മരിക്കാവുന്നതല്ലെന്നു് സഭ ശക്തിയുക്തം ഉദ്ബോധിപ്പിക്കുന്നു. അയാരം തൻെറ ബുദ്ധിയുടെയും മററു സിദ്ധികളുടെയും അടിത്തറ ഉറപ്പിക്കേണ്ടതു്, പ്രതിജ്ഞാബദ്ധനായി ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ടായിരിക്കണം. ഇതെല്ലാം അനുഷ്ഠിക്കുന്നതാകട്ടെ, സ്വാത്മപ്രേരിതനായ ഒരു ക്രൈസ്തവൻെറ ചൈതന്യത്തോടെയുമായിരിക്കണം. അല്ലാതെ, നയതന്ത്രപരമായ ലാഭേച്ഛയോടെയോ കേവലം രാഷ്ട്രീയപ്രസ്ഥാനത്തിൻെറ പ്രവർത്തനശൈലിയിലോ ആയിരിക്കരുതു്. സഭ പ്രഖ്യാപിക്കുന്ന രക്ഷയുടെ സാർവലൗകിക പദ്ധതിയിലേക്കു് ഈ ക്രൈസ്തവവിമോചനസമരത്തെയും ഉരംക്കൊള്ളിക്കുവാൻ അവരം സദാ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു'' (എവാഞ്ചേലീ നൺഷിയാന്തി, നമ്പർ 38). ''ദൈവത്തിൻെറ പരിണാമവിപ്ലവം യേശുവിൽ സംഭവിച്ചുകൊണ്ടിരിക്കുകയാണെന്നും അതുമൂലം മനുഷ്യൻ തിന്മയുടെ ശക്തികളുടെ പിടിയിൽ നിന്നു സ്വതന്ത്രനാക്കപ്പെടുന്നുവെന്നുമുള്ള പ്രഖ്യാപനമാണു് സഭ നടത്തുന്നതു്.''[33] ഇതാണു് സഭയുടെ പഠനത്തിൻെറ ഉദ്ദേശ്യവും സ്വഭാവവും; ഇതുതന്നെയാണു് ക്രിസ്തീയപ്രാർത്ഥനയുടെയും പൂർണ്ണവികാസം പ്രാപിച്ച കൗദാശികജീവിതത്തിൻെറയും കാതൽ.

രക്ഷയുടെ ഈ യാഥാർത്ഥ്യം മനുഷ്യനു് ഒരു പുതിയ അസ്തിത്വം പ്രദാനംചെയ്യുന്നുണ്ട്. പ്രസ്തുത രൂപപരിണാമം ഒരാളെ ആജീവനാന്തം ഒരു അലൗകികകാഴ്ചപ്പാടിലൂടെ ജീവിക്കുവാൻ പ്രാപ്തനാക്കും. അങ്ങനെ അയാരം

കൂടുതൽ ഉദാരശീലനും വിശാലമനസ്കനും, ഗ്രഹീതാവാകുന്നതിനെക്കാൾ കൂടുതൽ ദാതാവാകുവാൻ തത്പരനും ആയിത്തീരുന്നു. അയാൾ പൂർവാധികം നിസ്വാർത്ഥമതിയാകുകയും, സഹജീവികളുടെ കാര്യങ്ങളിൽ ആത്മാർത്ഥതയോടെ പങ്കുചേരുകയും അവരുടെ ആവശ്യങ്ങളിൽ അനുഭാവത്തോടും കൂടുതൽ ഐക്യഭാവത്തോടും കൂടി പ്രതികരിക്കുകയും ചെയ്യുന്നു. മററുള്ളവരുമായി ഒത്തുചേരാനും ഒരുമിച്ചുപോകാനുമുള്ള അയാളുടെ ഉൽക്കടമായ താത്പര്യം വ്യഞ്ജിപ്പിക്കുന്നതു് സ്വാർത്ഥതയിൽനിന്നും അകന്നുമാറാനുള്ള അയാളുടെ ആത്മാർത്ഥമായ ആഗ്രഹത്തെയാണു്. അത്തരം ഒരു വ്യതിയാനം വ്യക്തിത്വത്തിൻെറ വളർച്ചയെയാണു് ചൂണ്ടിക്കാണിക്കുന്നതു്.

## 5. സുവിശേഷവത്കരണം – ലോകത്തിൽ ഐക്യവും നീതിയും സമാധാനവും വളർത്തുന്ന ഘടകം

പ്രേഷിതപ്രവർത്തനത്തിലൂടെ സാമൂഹ്യസൗഹാർദ്ദവും നീതിയും സാഹോദര്യസ്നേഹവും കളിയാടുന്ന ഒരു ലോകത്തിൻെറ പിറവിക്കുവേണ്ടിയാണു് സഭ യത്നിക്കുന്നതു്. അങ്ങനെ പുതിയൊരു ലോകവ്യവസ്ഥിതിക്കും നവലോകസൃഷ്ടിക്കും അതു സഹായിക്കുന്നു.

ആധുനിക കാലഘട്ടത്തിൻെറ അടിസ്ഥാനപരമായ അഭിനിവേശങ്ങളിലൊന്നു് ലോകത്തിൻെറ ഐക്യം സാക്ഷാത്കരിക്കുക എന്നുള്ളതാണു്. രാഷ്ട്രീയവും സാമ്പത്തികവുമായ ക്രമീകരണങ്ങൾ വരുത്തുക

മാത്രമല്ല ഇതുകൊണ്ടുദ്ദേശിക്കുന്നത്; മറിച്ച് മനുഷ്യത്വ ത്തിന്റെ നിർണ്ണായയഘടകമായ ഹൃദയങ്ങളുടെ പരസ്പ രാനുരഞ്ജനമാണ് പ്രധാനം. അങ്ങനെ നോക്കുമ്പോൾ മനുഷ്യർക്കിടയിൽ ഐക്യം ഊട്ടിയുറപ്പിക്കുവാൻ സുവി ശേഷവത്കരണത്തിന് വലിയ അളവിൽ സംഭാവന ചെയ്യാൻ കഴിയും.

പ്രേഷിതപ്രവർത്തനം ലക്ഷ്യമാക്കുന്നത് മനുഷ്യർ തമ്മിൽതമ്മിലും ദൈവത്തോടുമുള്ള ഐക്യമാണ് (തിരു സ്സഭ, നമ്പർ 1). "മനുഷ്യസമുദായത്തിന്റെ അവിഭാ ജ്യവും ദൃഢബദ്ധവുമായ ഐക്യം, സഭയുടെ കാതലായ സ്വഭാവവിശേഷതയിൽ പെടുന്നതാണ്. സഭ നിത്യ വികസ്വരവും സമസ്തസമാശ്ലേഷകവുമാണ്. മാനവ രാശിയെ ദൈവത്തോടും സഹജീവികളോടും ഐക്യ പ്പെടുത്തുവാൻ അവൾക്ക് കടമയുണ്ട്. ഈ ഐക്യം ഭൂമി യിൽ സംപ്രാപ്തമാക്കുവാനാണ് സഭ നിലകൊള്ളുന്ന ത്."[34] സഭ ഹൃദയപരിവർത്തനത്തിനായി എല്ലാവ രെയും മാടിവിളിക്കുകയും, ലോകത്തെ പരിവർത്തിപ്പി ക്കാൻ പര്യാപ്തമായ പുതിയ പദ്ധതികളും പ്രസ്ഥാന ങ്ങളും തുടർച്ചയായി ആസൂത്രണംചെയ്ത് അവതരിപ്പിക്കു വാൻ സന്മനസ്സുള്ള എല്ലാവരെയും ഓർപ്പിക്കുകയും ചെയ്യുന്നു. എല്ലാ മനുഷ്യരും സഹോദരന്മാരാണെന്നു പ്രഖ്യാപിച്ചുകൊണ്ട് സുവിശേഷസന്ദേശംവഴി സർവ രെയും ഐക്യപ്പെടുത്തുവാൻ സഭ ശ്രമിച്ചുകൊണ്ടിരി ക്കുന്നു. കൂദാശകളിലൂടെ, സർവോപരി പരിശുദ്ധകുർ ബാനയിലൂടെയാണ് ഇത് നിരന്തരം പ്രയോഗക്ഷമമാ കുന്നത്. എല്ലാ മനുഷ്യരെയും തന്നിലേക്ക് ആകർഷി ക്കാനുള്ള ദൈവതിരുമനസ്സിൽനിന്നും വ്യത്യസ്തമോ

അതിൽ കുറഞ്ഞതോ അല്ല മിഷൻപ്രവർത്തനം (പ്രേഷിതപ്രവർത്തനം, നമ്പർ 9). "തന്റെ ദൗത്യത്തിന്റെ സവിശേഷതയാൽ ക്രിസ്തുവിനു് ദൈവത്തിന്റെ ആത്മദായകമായ സ്നേഹം അതിന്റെ പൂർണ്ണതയിൽ ലഭിച്ചിട്ടുണ്ടു്. മനുഷ്യസമൂഹത്തെയും സമസ്തപ്രപഞ്ചകടാഹത്തെയും ഒന്നിപ്പിച്ചു് ആ പരിപൂർണ്ണതയിൽ പങ്കുകൊള്ളിക്കാനുള്ള ശക്തിമത്തായ പ്രേരണയും മനോഭാവവും അവിടുത്തേക്കുണ്ടു്."[35] സഭയുടെ പ്രേഷിതപ്രവർത്തനത്തിലൂടെയാണു് ഇതു് സാക്ഷാത്കരിക്കുന്നതു്. ആകയാൽ, "സഭയുടെ സാർവലൗകികമായ പ്രേഷിതത്വം മനുഷ്യരാശിയെ ക്രിസ്തുവിൽ ഒന്നിപ്പിക്കാനുള്ള ആത്മാർത്ഥവും സാരവത്തുമായ ഒരു ശ്രമംകൂടിയാണു്. ഇതാകട്ടെ, രക്ഷാകരചരിത്രത്തിന്റെ ലക്ഷ്യമായി ക്രിസ്തുവിന്റെ ദ്വിതീയാഗമനത്തിൽ സാക്ഷാത്കരിക്കപ്പെടാനിരിക്കുന്ന യുഗാന്തകാലത്തെ ഐക്യത്തിന്റെ പ്രതീകമത്രേ."[36] "ഐക്യം പരിപുഷ്ടമാക്കുകയെന്നുള്ളതു് സഭയുടെ ഏററവും ആന്തരികമായ സ്വഭാവമാണു്. കാരണം, സഭ ക്രിസ്തുവിൽ ദൈവവുമായുള്ള അവഗാഢമായ ഐക്യത്തിന്റെയും മനുഷ്യവംശത്തിന്റെ അവിഭാജ്യബന്ധത്തിന്റെയും അടയാളമാണു്" (സഭ ആധുനികലോകത്തിൽ, നമ്പർ 42). മററു വാക്കുകളിൽ പറഞ്ഞാൽ, "സഭ ഐക്യത്തിന്റെ അവിഭാജ്യമായ ഒരു കൂദാശതന്നെയാണു്."[37]

മനുഷ്യരാശിയുടെ ഐക്യം ക്രിസ്തുമതത്തിന്റെ അടിസ്ഥാനലക്ഷ്യങ്ങളിൽ ഒന്നാണു്. ഇതു് ദൈവതിരുമനസ്സിനും ആധുനികമനുഷ്യന്റെ അഭിലാഷങ്ങൾക്കും യോജിച്ചതുമാണല്ലൊ. "ക്രിസ്തുവിൽ വ്യക്തമാക്കിയ

തൻെറ അഭീഷ്ടമനുസരിച്ച് ദൈവം തൻെറ പദ്ധതി യുടെ രഹസ്യം സർവവിജ്ഞാനത്തിലും ഉൾക്കാഴ്ചയിലും നമുക്കു മനസ്സിലാക്കിത്തന്നു. കാലത്തിൻെറ പൂർണ്ണത യിൽ സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാററിനെയും ക്രിസ്തുവിൽ ഒന്നിപ്പിക്കുന്നതിനു വേണ്ടിയായിരുന്നു ഇതു്'' (എഫേ. 1,9-10). ക്രിസ്തുതന്നെ അവിടത്തെ സ്വർഗ്ഗീയപിതാവിനോട്ട് ഇതിനുവേണ്ടി പ്രാർത്ഥിച്ചു: ‘‘പരിശുദ്ധനായ പിതാവേ, നമ്മെപ്പോലെ അവരും ഒന്നായിരിക്കേണ്ടതിന്, അവിടുന്ന് എനിക്കു നൽകിയ അവിടത്തെ നാമത്തിൽ അവരെ കാത്തുകൊള്ളണമേ'' (യോഹ. 17,11). വെറും ഒരു ജനത്തിനുവേണ്ടിയല്ല, ചിതറിക്കിടക്കുന്ന ദൈവമക്കളെ ഒരുമിച്ചുകൂട്ടുന്നതിനു വേണ്ടിയാണ് അവിടുന്നു മരണംവരിച്ചതു് (യോഹ. 11, 52). സർവരുടെയും ഈ സമന്വയം ദൈവത്തിൻെറ യുഗാന്തകാലത്തെ രക്ഷാകരപദ്ധതിയുടെ ഒരു ഭാഗം കൂടിയാണ് (എഫേ. 1,10). പുതിയ ആദമായ ക്രിസ്തു എല്ലാവരെയും ഒരുമിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. ‘‘മനു ഷ്യവംശം ദൈവത്തിൻെറ മുമ്പാകെ ഒരു സമൂഹമാണെ ന്ന് യേശുക്രിസ്തുവിൽ വെളിപ്പെടുത്തപ്പെട്ടു. അതായതു്, ദൈവപുത്രൻെറ മനുഷ്യാവതാരത്തിലൂടെ മാനവത്വം ദൈവത്വത്തിൽ ഏകീഭവിച്ചു. ക്രിസ്തുവിൽ ചരിത്ര ത്തിൻെറ ഐക്യവും വെളിപ്പെടുത്തപ്പെട്ടു.''[38]

യഥാർത്ഥത്തിൽ മാനവവംശം ഐക്യത്തെയാണ് ആഗ്രഹിക്കുന്നതു്. എന്നാൽ പാപത്തിൻെറയും ഭിന്നത യുടെയും വിത്തുകൾ ആ നല്ല പ്രവണതക്കു വിലങ്ങുതടി സൃഷ്ടിക്കുന്നു. ജനതകളുടെയിടയിൽ സാക്ഷാത്തായ സൗഹൃദവും ലോകത്തിൽ സ്ഥായിയായ സമാധാനവും

ക്രിസ്തുവിൽനിന്നു മാത്രമേ പൊട്ടിപ്പുറപ്പെടുകയുള്ളു. അവിടുന്ന് സംയോജനത്തിന്റെ സ്രോതസ്സും സമാധാനത്തിന്റെ രാജാവുമാകുന്നു. (ഏശ. 9,6). "ക്രിസ്തുവിൽ അധിഷ്ഠിതമായ, ദൈവമക്കളുടെ കുടുംബൈക്യത്തിലാണ് മനുഷ്യകുടുംബത്തിന്റെ ഐക്യം വളരെയധികം ശക്തിപ്പെടുത്തുന്നതും പൂർത്തിയാകുന്നതും" (സഭ ആധുനികലോകത്തിൽ, നമ്പർ 42). ക്രിസ്തു സഭയിലൂടെ യഥാകാലം ഈ പദ്ധതി സാക്ഷാത്കരിക്കുന്നു. രക്ഷയുടെ സാർവലൗകിക കൂദാശയാകുന്ന സഭ ക്രിസ്തുവിൽ സമസ്തവും പുനരുദ്ധരിക്കാനും മനുഷ്യരാശിയെ ഒന്നടങ്കം ഒററക്കുടുംബമായും ഒററജനതയായും ക്രിസ്തുവിൽ സംയോജിപ്പിക്കാനും യത്നിച്ചുകൊണ്ടിരിക്കുകയാണ് (അക്രൈസ്തവമതങ്ങൾ, നമ്പർ 1). ഐക്യത്തിനുവേണ്ടിയുള്ള ഈ പരിശ്രമത്തെ വിജയിപ്പിക്കാൻ സഭയ്ക്കു സാധിക്കും. കാരണം, സമസ്ത മാനവരാശിയെയും സർവസമാശ്ലേഷകമായ സ്നേഹത്തിന്റെ അനുഭൂതിയിലും സാക്ഷാത്കാരത്തിലും ഒന്നിപ്പിക്കുന്ന അലൗകികമായ ഒരു ഐക്യമാണ് സഭയുടെ ലക്ഷ്യം. "നമ്മുടെ സുവിശേഷവത്കരണത്തിന്റെ ഉദ്ദേശ്യമാകട്ടെ, ദൈവവും മനുഷ്യരുമായി ആന്തരികമായ ഒരു വ്യക്തിബന്ധം സ്ഥാപിക്കുകയും മനുഷ്യരുടെയിടയിൽ അന്യോന്യാനുരഞ്ജനത്തിന്റെ കെട്ടുറപ്പു വരുത്തുകയുമാകുന്നു."[39] "ദൈവജനത്തെ രൂപപ്പെടുത്തുകയെന്ന മഹോദ്യമമാണ് ഒരു പ്രേഷിതൻ ഏറെറടുക്കുന്നത്. ആത്മപവിത്രീകരണവും രക്ഷയും മാത്രമല്ല അദ്ദേഹത്തിന്റെ ധർമ്മം. അദ്ദേഹം മനുഷ്യർക്കുവേണ്ടി വ്യക്തിപരപ്രവർത്തനം മാത്രമല്ല നടത്തുന്നത്; ഒരു സമൂഹത്തെ ദൈവജനമായി ഒരുക്കിയെടു

ക്കുകയും ആ രീതിയിൽ നയിക്കുകയും ചെയ്യുന്നു. ക്രിസ്തുവിൻെറ ആധിപത്യത്തിലും പരിശുദ്ധാത്മാവിൻെറ പ്രചോദനത്തിലും അടിയുറച്ച ഒരു വലിയ കുടുംബമായി മനുഷ്യരാശിയെ ഒരുമിച്ചുചേർക്കാനാണ് അദ്ദേഹം യത്നിക്കുന്നത്. മനുഷ്യരെയെല്ലാം ഒരുമിച്ചുചേർത്ത് അവരെക്കൊണ്ട് ഒരേ സ്വരത്തിലും ഒരേ വികാരത്തിലും 'ഞങ്ങളുടെ പിതാവേ' എന്നു വിളിപ്പിക്കുവാനാണ് അദ്ദേഹത്തിൻെറ ശ്രമം. അങ്ങനെ അവരെയെല്ലാം സ്വർഗ്ഗീയപിതാവിൻെറ പുത്രന്മാരാക്കിത്തീർത്ത കർത്താവായ യേശുക്രിസ്തുവിലുള്ള വിശ്വാസത്തിൽ പങ്കാളികളാക്കുകയും ചെയ്യുന്നു.''[40]

പരിശുദ്ധാത്മാവിൻെറ സഹായത്താൽ സഭയ്ക്ക് ഈ ലക്ഷ്യം നേടാനാവും. അവിടുന്നാണല്ലൊ സഭയിലെയും ലോകത്തിലെതന്നെയും ഐക്യത്തിൻെറ മൗലിക നിയാമകകേന്ദ്രം. സഭയിൽ പരിശുദ്ധാത്മാവിൻെറ സാന്നിദ്ധ്യവും പ്രവർത്തനവും സഭാംഗങ്ങളെ ഉപവികൊണ്ടു നിറയ്ക്കുന്നു. ആ ഉപവിയാകട്ടെ, ഐക്യത്തിൻെറ വിശ്വസ്തരായ വക്താക്കളാകാൻ അവരെ സഹായിക്കുകയും ചെയ്യുന്നു.

സുവിശേഷവത്കരണം ജനങ്ങൾക്കിടയിൽ ഐക്യം സ്ഥാപിക്കുന്നതിന് ഒരു നിർണ്ണായകഘടകമായിരിക്കുന്നതുപോലെ ലോകത്തിൽ നീതിയും സമാധാനവും കൈവരുത്തുന്നതിനും അത്യന്താപേക്ഷിതമാണ്. ദൈവവും മനുഷ്യനുമായുള്ള അനുരഞ്ജനത്തിൻെറ മാർഗ്ഗം തെളിക്കുന്ന സുവിശേഷം പ്രസംഗിച്ചുകൊണ്ട് പ്രേഷിതർ സമാധാനത്തിൻെറ സന്ദേശമാണ് ലോകത്തിനു നൽകുന്നത്. സുവിശേഷത്തിൻെറ ഉള്ള

ടക്കം സമാധാനവും സന്തോഷവും രക്ഷയുമാകുന്നു. പഴയ നിയമത്തിൽ ഏശയ്യാപ്രവാചകനും ഇതു മുൻകൂട്ടി പ്രസ്താവിച്ചിട്ടുണ്ട്: ''സദ്വാർത്ത കൊണ്ടുവരുന്നവൻെറ പാദങ്ങൾ പർവതങ്ങളിൽ എത്ര മനോഹരങ്ങൾ! അയാൾ സമാധാനം വിളംബരം ചെയ്യുന്നു; നന്മയുടെ സദ്വാർത്ത കൊണ്ടുവരുന്നു; രക്ഷ വിളംബരം ചെയ്യുന്നു; 'നിൻെറ ദൈവം ഭരണം നടത്തുന്നു' എന്നു സീയോനോടു പറയുന്നു'' (ഏശ. 52,7). തൻെറ ജനത്തോടും തൻെറ വിശുദ്ധരോടും തന്നിലേക്ക് ഹൃദയംതിരിക്കുന്നവരോടും അവിടുന്നു സമാധാനവചനങ്ങൾ അരുൾചെയ്യുന്നു (സങ്കീ. 85,8).

നീതിയോടൊപ്പമേ സമാധാനം നിലനില്ക്കുകയുള്ളു വെന്ന കാര്യത്തിൽ സഭ ബോധവതിയാണ്. തന്മൂലം സുവിശേഷപ്രബോധനത്തിൻെറ ഒരു അവശ്യഘടകമെന്ന നിലയിൽ നീതിക്കുവേണ്ടിയുള്ള യത്നത്തെ അവൾ എപ്പോഴും പിന്താങ്ങുന്നു. സാമൂഹ്യവ്യവസ്ഥിതി സത്യത്തിൽ അധിഷ്ഠിതമായിരിക്കണമെന്നും നീതിയിൽ കെട്ടിപ്പടുത്തതായിരിക്കണമെന്നും സ്നേഹത്തിൽ ഉത്തേജിപ്പിക്കപ്പെട്ടതായിരിക്കണമെന്നും സഭ നിഷ്കർഷിക്കുന്നു (സഭ ആധുനികലോകത്തിൽ, നമ്പർ 26). എല്ലാമനുഷ്യർക്കും വിശേഷബുദ്ധിസത്തയുള്ള ആത്മാവുണ്ട്. എല്ലാവരും ദൈവച്ഛായയിൽ സൃഷ്ടിക്കപ്പെട്ടവരുമാണ്. സർവരും ക്രിസ്തുവിനാൽ വീണ്ടെടുക്കപ്പെട്ടവരുമാണ്. മാത്രമല്ല, എല്ലാവർക്കും ഒരേ ദൈവികാഹ്വാനവും ജീവിതലക്ഷ്യവുമാണുള്ളത്. അതുകൊണ്ട് എല്ലാവരുടെയും മൗലികാവകാശങ്ങൾ കാത്തുസൂക്ഷിക്കപ്പെടണമെന്നും സഭ നിഷ്കർഷിക്കുന്നുണ്ട് (സഭ ആധുനികലോകത്തിൽ,

നമ്പർ 29). അതേസമയം സഭ, അവളുടെ സ്ഥാപകനെപ്പോലെ അസന്ദിഗ്ദ്ധമായ രീതിയിൽ അക്രമത്തെ എതിക്കുകയും ചെയ്യുന്നു. സുവിശേഷം രക്ഷയുടെ സന്ദേശം നൽകുന്നതു് പരിണാമാത്മകമായ, സമാധാനകരമായ, ക്ഷമാസന്നദ്ധമായ, അനുരഞ്ജനാത്മകമായ സ്നേഹത്തിലൂടെയാണു്.[41] ആക്രമം സുവിശേഷത്തിനു ചേരുന്നതല്ലാത്തതിനാൽ ജനങ്ങൾ അക്രമത്തെ അവലംബിക്കരുതെന്നു് സഭ ഉദ്ബോധിപ്പിക്കുന്നു. യേശുക്രിസ്തുവഴിയുള്ള ദൈവദാനമായ പരിശുദ്ധാത്മാവു്, അക്രമത്തിന്റെയോ വിദ്വേഷത്തിന്റെയോ അരൂപിയല്ല, മറിച്ചു്, രചനാത്മകമായ, നവീകരണോദ്ബന്ധമായ ഒരു ചൈതന്യവിശേഷമാണു് - ഐക്യത്തിന്റെയും പ്രതീക്ഷയുടെയും ചൈതന്യം. സഭ എപ്പോഴും അക്രമത്തെ തിരസ്കരിക്കുകയും നിരുത്സാഹപ്പെടുത്തുകയുമാണു്. കാരണം, മാനുഷികമഹത്വത്തിനു് അനുയോജ്യമായതല്ല അതു്. മാത്രമല്ല, അക്രമം പുതിയ രീതിയിലുള്ള മർദ്ദനത്തിനും അടിമത്തത്തിനും വഴിതെളിക്കുകയും ചെയ്യുന്നു (എവാഞ്ചലീ നൺഷിയാന്തി, നമ്പർ 37). ''പ്രേഷിതപ്രവർത്തനം അജപാലനപരമായ ഏതാനും ശുശ്രൂഷാവിധികൾ മാത്രമല്ല. ലോകത്തെയും മനുഷ്യനെയും മുഴുവനായും സാകല്യേനയും സമാധാനത്തിലേക്കും ഐക്യത്തിലേക്കും നയിക്കുന്നതിനുള്ള ഒരു യത്നമാണതു്.''[42] ''മിഷൻപ്രവർത്തനങ്ങൾ കൂടാതെ, നീതിയിലും സമാധാനത്തിലും സ്നേഹത്തിലും അടിയുറച്ച ഒരു പുത്തൻ സംസ്കാരത്തിനു് രൂപംകൊടുക്കാനോ അതിനെ വളർത്തിയെടുക്കാനോ കഴിയുകയില്ല. പ്രേഷിതപ്രവർത്തനത്തിലൂടെയാണു്, സ്വന്തം മഹത്വത്തെപ്പററിയും, വിമോ

ചിതനായ ഒരു വ്യക്തിയെന്ന നിലയിൽ തൻെറ ജീവിതലക്ഷ്യത്തെപ്പററിയും ബോധവാനായ ഒരു പുതിയ മനുഷ്യൻ രൂപപ്പെടുന്നതു്."[43] സുവിശേഷത്തിൻെറ ചൈതന്യത്തിൽ രൂപമെടുത്തിരിക്കുന്ന പുതിയ മനുഷ്യനാകട്ടെ, സത്യത്തെയും സമാധാനത്തെയും പിന്താങ്ങും. മാത്രമല്ല, ദുഷ്പ്രവണതകളെ ദൂരീകരിക്കാനും അനുരഞ്ജനത്തിൻെറയും സാഹോദര്യത്തിൻെറയും ചൈതന്യം വളർത്തിയുറപ്പിക്കാനും അയാൾ പ്രാപ്തനായിരിക്കും. "എവിടെ സുവിശേഷം എത്തുന്നുവോ അവിടെ ഉപവിയും ചെന്നെത്തുന്നു."[44] എവിടെ ഉപവിയുണ്ടോ അവിടെ നീതിയും സമാധാനവും ഉണ്ടു്.

എങ്ങനെയാണു് സഭ സുവിശേഷവത്കരണം കൊണ്ടു് ലോകത്തിൽ നീതിയും സമാധാനവും വളർത്തുന്നതു്? നീതിയുടെ വിവിധവശങ്ങൾ സഭ പരിശോധിക്കുകയും നീതിയുക്തമായ ഒരു സാമൂഹ്യവ്യവസ്ഥിതിക്കു വേണ്ടിയുള്ള തീവ്രാഭിലാഷത്തിൽ മനുഷ്യരോടു പങ്കു ചേരുകയും ചെയ്യുന്നു. ഈ ലക്ഷ്യം നേടുന്നതിനായി സഭ നീതിയുടെ ചൈതന്യത്തിൽ മാനവമനഃസാക്ഷിയെ പരിശീലിപ്പിക്കുന്നു. നീതി വേരുറപ്പിച്ചിരിക്കുന്നതു് സ്നേഹത്തിലാണു്. തന്മൂലം ഈ സ്നേഹത്തിൻെറ ശക്തി മനുഷ്യജീവിതത്തെ വിവിധ മാനങ്ങളിൽ രൂപപ്പെടുത്താൻ സഭ ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു.[45]

സ്നേഹം പ്രബോധിപ്പിക്കുന്നതുവഴി, സഭ മനുഷ്യർക്കിടയിൽ മെച്ചപ്പെട്ട ധാരണ ഉളവാക്കുകയും അവരെ സമാധാനത്തിലേക്കും പരസ്പരസൗഹാർദ്ദത്തിലേക്കും നയിക്കുകയും ചെയ്യുന്നു. "മനുഷ്യർക്കിടയിൽ അന്യോന്യവും, മനുഷ്യർക്കു ദൈവത്തോടും ഉള്ള അനുരഞ്ജനം

ത്തിനുവേണ്ടി അവരം നിലകൊള്ളുന്നു. യഥാർത്ഥമായ കൂട്ടായ്മയെയും ഐക്യത്തെയും തടസ്സപ്പെടുത്തുന്ന മനുഷ്യ നിർമ്മിതമായ പ്രതിബന്ധങ്ങരംക്കുപരി ഉയന്നുനില്ക്കുവാൻ അവരം മനുഷ്യരെ സഹായിക്കുന്നു.''[46] ജ്ഞാനസ്നാനംവഴി സഭ മനുഷ്യരെ സ്രഷ്ടാവിനോട് അനുരഞ്ജിപ്പിക്കുകയും അവരെ വിമോചിതമായ ഒരു പുതിയ ലോകത്തിലേക്കു നയിക്കുകയും ചെയ്യുന്നു. അങ്ങനെ വ്യക്തികരം തമ്മിലും ജനതകരം തമ്മിലുമുള്ള അനുരഞ്ജനത്തിനു് സഭ മുൻകൈയെടുക്കുന്നു. അപ്പോരം നാമെല്ലാം ദൈവത്തോട് സമാധാനപൂർവം വർത്തിക്കും. അതുപോലെ മനുഷ്യർക്കിടയിൽ സമാധാനം സ്ഥാപിക്കുന്നതിനും അങ്ങനെ ലോകസമാധാനംതന്നെ യാഥാർത്ഥ്യമാക്കുന്നതിനും തക്ക ഒരു നിലയിലെത്തുകയും ചെയ്യും. ഇതിനുംപുറമേ, അവികസിത ജനവിഭാഗങ്ങളുടെ പുരോഗതിക്കുവേണ്ടി സഭ നിർവഹിക്കുന്ന സേവനങ്ങളും യഥാർത്ഥത്തിൽ സമാധാനത്തിനു സഹായകമായ പ്രവർത്തനങ്ങളാണു്. കാരണം, ''സമാധാനത്തിൻെറ പുതിയ പേരു് വികസനം എന്നത്രേ.''[47] സുവിശേഷസന്ദേശത്തിൻെറ അന്തഃസത്തയിൽ സാഹോദര്യത്തിനും നീതിക്കും സമാധാനത്തിനും വേണ്ടി പ്രവർത്തിക്കാനുള്ള തീവ്രമായ അഭിനിവേശം ഉരംക്കൊള്ളുന്നതുകൊണ്ടു്, മനുഷ്യഹൃദയങ്ങളിൽ പരിവർത്തനം ഉളവാക്കാനും മനുഷ്യത്വത്തിനുചേന്ന വ്യവസ്ഥിതികളും വ്യവസ്ഥാപനങ്ങളും ഏർപ്പെടുത്താനും സഭയ്ക്കു കഴിവുണ്ടു്.[48]

## 6. സുവിശേഷവത്കരണം – യുഗാന്തകാലത്തിൻെറ ഒരാവശ്യം

പ്രേഷിതപ്രവർത്തനം യുഗാന്തകാലപൂർത്തീകരണവുമായി ബന്ധപ്പെട്ടതാണ്. ''ചരിത്രത്തിൻെറ മദ്ധ്യകാലഘട്ടത്തിൽ, ലോകാവസാനത്തെക്കുറിച്ചുള്ള ദൈവികപദ്ധതി ക്രിസ്തുവിലൂടെ സുതരാം പ്രകാശിതമായി. ഈ വസ്തുത എല്ലാ ജനതകളെയും അറിയിക്കേണ്ടത് വളരെ ആവശ്യമാണ്. കാരണം, അങ്ങനെയെങ്കിൽ മാത്രമേ ക്രിസ്തുവിൻെറ പ്രത്യാഗമനത്തിനു മുമ്പായി സർവരും ഒന്നായിത്തീരുകയുള്ള. ഈ വാർത്ത എല്ലാവരോടും പ്രഖ്യാപിക്കുന്നതിനും എല്ലാ ജനതകളെയും ഒത്തൊരുമിപ്പിക്കുന്നതിനുമുള്ള ഒരു മാദ്ധ്യമവും ഉപകരണവുമായിട്ടാണ് സഭ സംവിധാനം ചെയ്യപ്പെട്ടിട്ടുള്ളത്.''[49]

മിശിഹായുടെ വരവിനുള്ള വഴിയൊരുക്കുവാൻ പഴയനിയമത്തിലെ പ്രവാചകന്മാർ ഇസ്രായേൽ ജനതയെ ഉദ്ബോധിപ്പിച്ചതുപോലെ (ഏശ. 40,3-4), കർത്താവിൻെറ രണ്ടാമത്തെ ആഗമനത്തിനുവേണ്ടി സഭ ലോകത്തെയാകമാനം പ്രബുദ്ധമാക്കണം. അവിടത്തെ പുനരാഗമനത്തിനുമമ്പ് എല്ലാ ജനതകളോടും സുവിശേഷം പ്രസംഗിക്കപ്പെടണം (മക്കോ. 13,10).

ക്രിസ്തുവിൻെറ കർത്തൃത്വം സൃഷ്ടിമുഴുവൻ ഏററുപറയണമെന്ന് ദൈവം തിരുമനസ്സായി (എഫേ. 1,9-10). ''ക്രിസ്തുവിൻെറ രണ്ടാമത്തെ ആഗമനത്തിലേക്കു വിരൽ ചൂണ്ടുന്ന ഈ അധികാരം, പ്രേഷിതപ്രവർത്തനത്തിന് അന്ത്യോന്മുഖമായ ഒരു പുതിയ മാനംകൂടി നൽകുന്നുണ്ട്... സുവിശേഷത്തിൻെറ സാർവലൗകികമായ പ്രഘോഷണം

ക്രിസ്തുവിൻെറ പുനരാഗമനത്തിനുള്ള അവശ്യംകരണീയമായ ഒരാമുഖമാണ്. ദൈവരാജ്യം യഥാർത്ഥമായി ഭൂമിയിലും സ്വർഗ്ഗത്തിലും സമ്പൂർണ്ണമായും അന്തിമമായും സ്ഥാപിക്കപ്പെടുന്ന അവസരമാണത്. ക്രിസ്തുവിൻെറ സ്വർഗ്ഗാരോഹണംമുതൽ രണ്ടാമത്തെ ആഗമനം വരെയുള്ള കാലം അവിടുത്തെ കർത്തൃത്വത്തെക്കുറിച്ചുള്ള സാർവലൗകികപ്രഖ്യാപനത്തിൻെറ കാലമാണെന്ന് വി. പൗലോസിൻെറ ലേഖനങ്ങളിൽനിന്നു വ്യക്തമാണ്. യഥാത്ഥത്തിൽ ക്രിസ്തു സർവലോകത്തിൻെറയും നാഥനായി പ്രത്യാഗമിക്കുന്നതിലേക്കു വഴിയൊരുക്കുന്നതിനുള്ള ഏററവും പററിയ മാഗ്ഗം പ്രേഷിതപ്രവർത്തനമത്രേ. വി. യോഹന്നാൻ സ്നാപകനെപ്പോലെ, അക്ഷരാത്ഥത്തിൽ നമ്മളും അവിടുത്തേക്കുവേണ്ടി ഒരു വഴിയൊരുക്കുകയാണ്; അവിടുത്തെ പാത നേരെയാക്കുകയാണ്. പ്രേഷിതപ്രവർത്തനം യഥാത്ഥത്തിൽ ക്രിസ്തുവിൻെറ രണ്ടാമത്തെ വരവിനെക്കുറിച്ച് ക്രിസ്ത്യാനികൾക്കുള്ള പ്രത്യാശയുടെ സജീവവും സൃഷ്ടിപരവുമായ പ്രകാശനമാണ്.''[50] അങ്ങനെ പ്രേഷിതപ്രവർത്തനം ദൈവരാജ്യത്തിൻെറ യുഗാന്തകാലവളച്ചയ്ക്കും പൂർത്തീകരണത്തിനും പ്രയോജകീഭവിക്കുന്നു.

ദൈവരാജ്യം സ്ഥാപിക്കുന്നതിനുള്ള ഒരുക്കമായി സഭ മനുഷ്യരെ ക്രിസ്തുവിലേക്കു നയിക്കുകയും അവിടുത്തെ മഹത്വവും നന്മയും അവരെക്കൊണ്ടു അംഗീകരിപ്പിക്കുകയും ചെയ്യുന്നു. അവിടുത്തെ ദയാവായ്പിനെപ്പററി പറയുന്നതും അതിൽ വിശ്വാസമർപ്പിക്കുന്നതും അവിടുത്തെ ആരാധിക്കുന്നതുമെല്ലാം അവിടുത്തെ മഹത്വപ്പെടുത്തുന്നതിനു തുല്യമത്രേ. ക്രിസ്തുവിനെ മഹത്വ

പ്പെടുത്തുകയാണ് സുവിശേഷവത്കരണത്തിൻെറ ഒരു ലക്ഷ്യം. മാനവരാശി തൻെറ പുത്രനിൽ എല്ലാം കേന്ദ്രീകരിക്കണമെന്നതാണ് ദൈവഹിതം. ''ക്രിസ്തുവിൽ മുൻകൂട്ടി നിശ്ചയിച്ചിരുന്ന തൻെറ അഭീഷ്ടമനുസരിച്ച് അവിടുന്ന് തൻെറ ആന്തരികരഹസ്യം നമുക്കു വെളിപ്പെടുത്തി. ഇതു്, കാലത്തിൻെറ തികവിൽ സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാററിനെയും ക്രിസ്തുവിൽ ഒന്നിപ്പിക്കാനുള്ള പദ്ധതിയത്രേ'' (എഫേ. 1,9-11). പിതാവായ ദൈവംതന്നെ യേശുവിനു സാക്ഷ്യം വഹിച്ചുകൊണ്ടും അവിടുത്തെ ശ്രവിക്കുവാൻ ജനങ്ങളോട് ആവശ്യപ്പെട്ടുകൊണ്ടും ( മത്താ. 17,5 ), എല്ലാററിനുമുപരി, മരിച്ചവരിൽനിന്ന് അവിടുത്തെ ഉയിർപ്പിച്ചുകൊണ്ടും യേശുക്രിസ്തുവിനെ മഹത്വപ്പെടുത്തി (ശ്ലീഹ.2, 22-24; റോമാ. 8,11; യോഹ. 17,1-5). ക്രിസ്തുവിൻെറ മഹത്വവും സർവാധിപത്യവും സമസ്തജനതകളോടും പ്രഖ്യാപിക്കാൻ അപ്പസ്തോലന്മാർക്ക് പ്രചോദനം നൽകിക്കൊണ്ട് പരിശുദ്ധാത്മാവും ക്രിസ്തുവിനു സാക്ഷ്യം വഹിക്കുകയും അവിടുത്തെ മഹത്വപ്പെടുത്തുകയും ചെയ്തു. സഭയ്ക്കു് കരണീയമായി അവശേഷിച്ചിരിക്കുന്നതു്, സുവിശേഷപ്രബോധനത്തിലൂടെ എല്ലാ മനുഷ്യരെയും വിശ്വാസത്തിലേക്ക് ആനയിച്ചുകൊണ്ട് യേശുവിനെ മഹത്വപ്പെടുത്തുക എന്നുള്ളതാണ്. ക്രിസ്തീയവിശ്വാസം സ്വീകരിക്കുകയെന്നുള്ളതു്, ക്രിസ്തുവിനോടുള്ള സമ്പൂർണ്ണമായ വിധേയത്വം കാണിക്കുകയെന്നതാണ്. അതു് അവിടുത്തേക്കുള്ള മഹത്വീകരണവുമാണ്. (യോഹ. 17, 10). '' പൂർണ്ണമായ അറിവോടും സ്വാതന്ത്ര്യത്തോടും കൃതജ്ഞതയോടുംകൂടി മാനവവംശം, ക്രിസ്തുവിലൂടെ

ദൈവം സമ്പൂർണ്ണമായി കൈവരുത്തിയിരിക്കുന്ന നേട്ടങ്ങ ളെ സ്വീകരിക്കുകയും തങ്ങളുടെ ജീവിതത്തിലുടനീളം അവ പ്രകടിപ്പിക്കുകയും ചെയ്യുക എന്നതിലാണ് ഈ മഹത്വം അടങ്ങിയിരിക്കുന്നതു്'' (വൈദികർ, നമ്പർ 2). ഈ മഹത്വീകരണവും ഔന്നത്യവത്കരണവും അത്യു ച്ചാവസ്ഥയിലെത്തുന്നതു്, യേശുവിൻെറ നാമം ശ്രവി ക്കുന്നമാത്രയിൽ സ്വർഗ്ഗത്തിലും ഭൂമിയിലും പാതാളത്തിലു മുള്ള സകലരും മുട്ടുമടക്കുകയും അവിടുന്നു കർത്താവാണെ ന്നു് പാടിപ്പുകഴ്ത്തുകയും ചെയ്യുമ്പോഴാണ് (ഫിലി. 2,10-11).

# ഉപസംഹാരം

പ്രേഷിതപ്രവർത്തനത്തിൻെറ ദൈവശാസ്ത്രപരമായ സാംഗത്യം പരിശോധിച്ചതിൽനിന്നു് നാം എത്തിച്ചേർന്ന നിഗമനം, സഭയെ സംബന്ധിച്ചിടത്തോളം സുവിശേഷവത്കരണം ഏററവും പ്രധാനപ്പെട്ട ഒരു കർത്തവ്യമാണെന്നുള്ളതാണു്. മിഷൻപ്രവർത്തനം ''ദൈവതിരുമനസ്സിൻെറ പ്രകാശനവും, ലോകത്തിലും ലോകചരിത്രത്തിലുമുള്ള അതിൻെറ പൂർത്തീകരണവുമാകുന്നു (പ്രേഷിതപ്രവർത്തനം, നമ്പർ 9). മററു വാക്കുകളിൽ പറഞ്ഞാൽ, ''പ്രേഷിതവൃത്തിയെന്നതു് കേവലം ലൗകികമായ ഒരു വ്യാപാരമല്ല. രാഷ്ട്രീയമോ സാമൂഹ്യമോ സാമ്പത്തികമോ ആയ മറേറതൊരു പ്രവർത്തനവുംപോലെ നമ്മുടെ ഹിതാനുസരണം തെരഞ്ഞെടുത്തു നടത്താവുന്ന ഒരു ഭൗമികപദ്ധതിയുമല്ല. അതു് ഉന്നതങ്ങളിൽനിന്നു് ആഗമിക്കുന്നതാണു്.''[51]

യേശുക്രിസ്തുവിനെക്കുറിച്ചുള്ള ചിന്തതന്നെ പ്രേഷിതപ്രവർത്തനത്തിൻെറ ആവശ്യകത വേണ്ടത്ര വിശദമാക്കുന്നുണ്ടു്. ക്രിസ്തു എന്ന വ്യക്തിയെ കേന്ദ്രീകരിച്ചാണു് സുവിശേഷവത്കരണത്തിൻെറ ആവശ്യകത നിലകൊള്ളുന്നതു്. നമ്മുടെ രക്ഷയും പരമപ്രതീക്ഷയും ദൈവം നമുക്കു നൽകിയിരിക്കുന്ന യുഗാന്തകാലവചനവുമാണു് അവിടുന്നു്. വി. പൗലോസ്, തൻെറ ജീവിതത്തിൻെറയും നിത്യരക്ഷയുടെയും സർവസ്വവുമായി പരിഗണിച്ചിരുന്ന ക്രിസ്തുവുമായി (ഫിലി, 1,21) സാത്മീഭവിക്കുന്നതിനു് എന്തും സഹിക്കാൻ സന്നദ്ധനാ

യിരുന്നു. '' എന്റെ കർത്താവായ യേശുക്രിസ്തുവിനെ പ്പററിയുള്ള ജ്ഞാനം കൂടുതൽ വിലയുള്ളതാകയാൽ, സർവവും നഷ്ടമായി ഞാൻ പരിഗണിക്കുന്നു. അവിടുത്തെ പ്രതി ഞാൻ സകലതും നഷ്ടപ്പെടുത്തുകയും ഉച്ഛിഷ്ടം പോലെ കരുതുകയുമാണ്. ക്രിസ്തുവിനെ നേടുന്നതിനും അവിടുത്തോടുകൂടെ ഒന്നായി കാണപ്പെടുന്നതിനുംവേണ്ടിയത്രേ ഇതു്''' (ഫിലി. 3,8-9). മനുഷ്യർക്കു് സത്യത്തിന്റെയും സ്നേഹത്തിന്റെയും ജീവന്റെയും ആധികാരികമായ അവതാരവും അഭയകേന്ദ്രവും ക്രിസ്തു ആയിരിക്കെ, എല്ലാവരും എല്ലായിടത്തും അവിടുത്തെ അറിയിക്കുകയും അംഗീകരിപ്പിക്കുകയും വേണം. ക്രിസ്തുവിന്റെ സ്നേഹം സ്വീകരിക്കുകയും അതിന്റെ നന്മ ആസ്വദിക്കുകയും ചെയ്തിട്ടുള്ളവരെല്ലാം ആ സ്നേഹത്താൽതന്നെ അവിടുത്തെ സ്ഥാനപതികളും സന്ദേശവാഹകരുമായി തീരുവാൻ പ്രേരിതരാവുകയാണ്. വി. പൗലോസ് സൗജന്യമായി ലഭിച്ച ഈ അനുഗ്രഹത്താൽ ആകൃഷ്ടനായി കലവറകൂടാതെ സുവിശേഷത്തിന്റെ ശുശ്രൂഷയ്ക്കു് തന്നെത്തന്നെ അർപ്പിക്കുകയുണ്ടായി (1 കോറി. 9,18). മാത്രമല്ല, എല്ലായ്പ്പോഴും സുവിശേഷം പ്രഘോഷിക്കുവാൻ തിമോത്തയോസിനോടു് അദ്ദേഹം ആവശ്യപ്പെടുകയും ചെയ്തു (2 തിമോ. 4,2). പതിനൊന്നാം പീയൂസ് മാർപ്പാപ്പായുടെ വാക്കുകളിൽ പറഞ്ഞാൽ, ''ദൈവത്തോടുള്ള നമ്മുടെ സ്നേഹം, അവിടുത്തേക്കു വേണ്ടി പരമാവധി പ്രയത്നിക്കാനും സാദ്ധ്യമാകാവുന്നിടത്തോളം ആത്മാക്കളെ നമ്മുടെ രക്ഷകന്റെ മാധുര്യം നിറഞ്ഞ നുകത്തിൻകീഴിലേക്കു കൊണ്ടുവരാനും നമ്മെ കടപ്പെടുത്തുന്നു.''[52]

ദൈവരാജ്യത്തെക്കുറിച്ചുള്ള വിളംബരവും ലോക ത്തിൽ അതിൻെറ സ്ഥാപനവും സഭയുടെ അസ്തിത്വ ത്തോടു തന്നെ വളരെ ബന്ധപ്പെട്ടാണിരിക്കുന്നതു്. ''സഭയ്ക്കു് ദൈവവചനമാകുന്ന സദ്വാർത്ത വിളംബരം ചെയ്യുയെന്നുള്ളതല്ലാതെ മററൊരു ലക്ഷ്യവുമില്ല. നമ്മുടെ ലോകത്തെ രൂപാന്തരപ്പെടുത്തുകയും നവീകരി ക്കുകയും ചെയ്യാനുള്ള ശക്തി അതിനുണ്ടു്.''[53] സഭ, അവ ളുടെ സ്ഥാപകനെപ്പോലെ, ലോകത്തിൽ ദൈവത്തെ പ്രത്യക്ഷീഭവിപ്പിക്കാനും (സഭ ആധുനികലോകത്തിൽ, നമ്പർ 21) എല്ലാ മനുഷ്യർക്കും ദൈവികജീവൻ പ്രദാനം ചെയ്യാനും (സഭ ആധുനികലോകത്തിൽ, നമ്പർ 40) ലോകത്തിലേക്കു് നിയുക്തയായിരിക്കുന്നതുകൊണ്ടു് (യോഹ. 17,18; 20,21) സഭയ്ക്കു് പ്രേഷിതപ്രവണയാ കാതെ തരമില്ല. എല്ലാവർക്കുമുള്ള രക്ഷയുടെ കൂദാശ യെന്ന നിലയിൽ സഭ ലോകം മുഴുവനിലേക്കും ഉന്മുഖ യായിരിക്കുവാനും മാനവരക്ഷയ്ക്കുവേണ്ടിയുള്ള ശുശ്രൂഷ യിൽ സ്വയം ആമഗ്നയാകുവാനും കടപ്പെട്ടിരിക്കുന്നു. ''അന്തിമാപഗ്രഥനത്തിൽ, സഭ പ്രേഷിതപ്രവർത്തന ത്തിൽ മുഴുകിയിരിക്കുന്നതു്, നിയോഗിക്കപ്പെട്ട ഒരു ജനം അഥവാ ശ്ലൈഹികസഭ ആയിരിക്കുന്നതുകൊണ്ടാ ണു്.''[54]

അക്രൈസ്തവർക്കു രക്ഷപ്രാപിക്കാനുള്ള സാദ്ധ്യത മിഷൻപ്രവർത്തനത്തിൻെറ അടിയന്തരസ്വഭാവത്തെ തെല്ലും മന്ദീഭവിപ്പിക്കുന്നില്ല. കാരണം, ''സുവിശേഷം വെളിച്ചമാകുന്നു, ഊർജ്ജമാകുന്നു, പുതുമയാകുന്നു, രക്ഷയു മാകുന്നു.''[55] അക്രൈസ്തവമതങ്ങളും പലവിധത്തിൽ ക്രിസ്തുവിൻെറ സത്യം പ്രഖ്യാപിക്കുന്നുണ്ടു്. എന്നാൽ

യഥാർത്ഥസത്യമായി അവർ അവിടത്തെ തിരിച്ചറിയുന്നില്ല. ഈ അജ്ഞത അവയുടെ അടിസ്ഥാനപരമായ അന്ധകാരമായിത്തീർന്നിരിക്കുന്നു.[56] നമ്മുടെ മതാത്മക ജീവിതത്തെ പരിപോഷിപ്പിക്കാൻ തക്ക ''ദൈവവചനത്തിന്റെ വിത്തുകൾ'' അക്രൈസ്തവരുടെ മതാനുഷ്ഠാനങ്ങളിൽ ഉൾക്കൊണ്ടിട്ടുണ്ടെന്ന് തീർച്ചയായും സമ്മതിക്കണം. ''പക്ഷേ ഈ മൂല്യങ്ങളെ ക്രിസ്തു നൽകുന്ന വെളിപാടുകളുടെ വെളിച്ചത്തിൽ മാത്രമേ വിലയിരുത്താനാവൂ. ജനപദങ്ങളുടെയിടയിൽ കാണപ്പെടുന്ന സത്യത്തിന്റെയും കൃപയുടെയും അംശങ്ങളെ തിന്മയുടെ കറകളിൽനിന്നെല്ലാം വിമുക്തമാക്കി... ക്രിസ്തുവിന്റെ പക്കൽ തിരിച്ചേല്പിക്കുന്നതു് പ്രേഷിതപ്രവർത്തനത്തിലൂടെയാണ് (പ്രേഷിതപ്രവർത്തനം, നമ്പർ 9).''[57] സുവിശേഷപ്രഘോഷണത്തിലൂടെ അക്രൈസ്തവരെ ക്രിസ്തുവിന്റെ രഹസ്യത്തിൽ പൂർണ്ണമായും പങ്കുചേരുവാൻ (പ്രേഷിതപ്രവർത്തനം, നമ്പർ 5) സഭ പ്രേരിപ്പിക്കണം. അക്രൈസ്തവർക്കു് ദൈവത്തെക്കുറിച്ച് ചില അറിവുകളൊക്കെ ഉണ്ടെങ്കിലും ഒരു പിതാവെന്നനിലയിലുള്ള ദൈവാനുഭവം അവർക്കില്ലെന്നു പറയാം. ക്രിസ്തു മാത്രമേ ദൈവത്തിന്റെ അതിനിഗൂഢമായ രഹസ്യവും മനുഷ്യരോടുള്ള അവിടത്തെ സ്നേഹംനിറഞ്ഞ കാരുണ്യവും (തിത്തോ. 3,4) വേണ്ടവണ്ണം വ്യക്തമാക്കുന്നുള്ളു.[58]

മാനവരക്ഷയെ ലാക്കാക്കിയുള്ള ദൈവത്തിന്റെ സാർവലൗകികമായ പദ്ധതി പ്രേഷിതപ്രവർത്തനത്തെ ആവശ്യമാക്കിത്തീർക്കുന്നു. എല്ലാ മനുഷ്യരുടെയും സ്നേഹപിതാവെന്ന നിലയിൽ അവിടന്നു് നിത്യജീവന്റെ പാത മാനവരാശിക്കു കാട്ടിക്കൊടുക്കുവാൻ ആഗ്രഹി

ക്കുന്നു. അക്രൈസ്തവമതങ്ങളിലെ രക്ഷാകരസാദ്ധ്യത നിഷേധിക്കാവുന്നതല്ലെങ്കിലും, ദൈവം ആഗ്രഹിക്കുന്നതു്, യേശുക്രിസ്തുവിലൂടെ അവിടുന്നു പ്രദാനംചെയ്തിട്ടുള്ള ദൈവികജീവിതത്തിന്റെ പൂർണ്ണതയിൽ എല്ലാ മനുഷ്യരും ജീവിക്കുകയും വളരുകയും ചെയ്യണമെന്നാണു്. അത്തരമൊരു വളച്ച് ക്രിസ്തുവിനെ അറിയുകയും അവിടുത്തോടു സംയോജിക്കുകയും ചെയ്യാതെ സാക്ഷാത്കൃതമാവില്ല. അതുകൊണ്ടു് മനുഷ്യരെ രക്ഷയുടെ പാതയിലേക്കു നയിക്കുവാനുള്ള ബാദ്ധ്യത സഭയ്ക്കുണ്ടു്. സഭ ചൂണ്ടിക്കാണിക്കുന്ന പാത മററു മതങ്ങൾ നിർദ്ദേശിക്കുന്നതിനെക്കാൾ സുരക്ഷിതവും സുഗമവുമാണു്. രക്ഷയ്ക്കു് മതിയായ ഉറപ്പുനൽകുന്ന ഒരു മതത്തെ അവലംബിക്കുന്നതാണല്ലോ ബുദ്ധിപൂർവം.

ക്രിസ്തുവിശ്വാസത്തിന്റെ രക്ഷാസാദ്ധ്യത മറേറതൊരു മതത്തിലേക്കാളും വികസിതവും പൂർണ്ണവുമാണെന്നുള്ള കാര്യം നമുക്കു മറന്നുകൂടാ. ക്രിസ്തുരഹസ്യത്തിന്റെ സമ്പന്നതയിൽ (എഫേ. 3,8), മനുഷ്യരാശി തേടുന്നതെന്തും - ദൈവവും മനുഷ്യന്റെ ജീവിതലക്ഷ്യവും - നാം കണ്ടെത്തുന്നു. ജ്ഞാനസ്നാനത്തിലൂടെ ഒരാൾക്കു് സഭാംഗത്വം ലഭിക്കുകയും സഭയുടെ സമ്പന്നതയിൽ (ക്രിസ്തുവിന്റെ മൗതികശരീരത്തിലെ അംഗത്വം, ക്രിസ്തുവിൽ പ്രകടമായ വിശ്വാസം, കൂദാശകളിൽ പങ്കാളിത്തം, സഭാനേതൃത്വത്തിൽനിന്നുള്ള ഉപദേശനിർദ്ദേശങ്ങൾ മുതലായവ) പങ്കാളിയാകുകയും ചെയ്യുന്നു. കൂദാശകൾ നമ്മുടെ വൈഷമ്യങ്ങളെ തരണം ചെയ്യുന്നതിനുള്ള ആത്മീയശക്തി നൽകുന്നുണ്ടു്. പരിശുദ്ധാത്മാവു് നമ്മുടെ ഹൃദയങ്ങളെ പ്രകാശിപ്പിക്കുകയും, അങ്ങനെ

ദൈവത്തെയും അവിടുത്തെ വഴികളെയും നമുക്കു വ്യക്തമായി കാണാൻ സാധിക്കുകയും ചെയ്യുന്നു. "രക്ഷയെക്കുറിച്ചുള്ള അന്വേഷണത്തിനു് സഭയിലൂടെ, ദൈവത്താൽ പ്രബോധിപ്പിക്കപ്പെട്ട ശരിയായ ഒരു ഉത്തരം നമുക്കു ലഭിക്കുന്നു. മററു മതങ്ങളിൽപെട്ടവരും രക്ഷപ്പെട്ടേക്കാം. എങ്കിലും അതു സുനിശ്ചിതമെന്നോ ഉറപ്പുള്ളതെന്നോ ആക്കും പറയാൻ സാദ്ധ്യമല്ല. കാരണം, പ്രത്യേക വ്യവസ്ഥകളിൽ മാത്രമേ അവയ്ക്കു രക്ഷാസാദ്ധ്യതയുള്ളു. എന്നാൽ സഭയാകട്ടെ, രക്ഷയ്ക്കുള്ള ഏററവും മതിയായ മാദ്ധ്യമമായിരിക്കുന്നതുകൊണ്ടു് പ്രേഷിതപ്രവർത്തനവും അപരിത്യാജ്യമായിത്തീരുന്നു."[59] മറെറാരു കാര്യവും അനുസ്മരിക്കേണ്ടതായുണ്ടു്: രക്ഷയുടെ അനുഗ്രഹങ്ങളിലും വരപ്രസാദങ്ങളിലുമെല്ലാം പങ്കുപററുന്ന ക്രിസ്ത്യാനികൾക്കുപോലും ദൈവികശാസനമനുസരിച്ചുള്ള ഉന്നത നിലവാരത്തിൽ ജീവിക്കുവാൻ ബുദ്ധിമുട്ടായിരിക്കെ, ആവക സാദ്ധ്യതകളൊന്നുമില്ലാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ അക്രൈസ്തവർക്കു് എത്രത്തോളം പ്രയാസകരമായിരിക്കുമെന്നു് ഊഹിക്കാവുന്നതാണല്ലോ. ആകയാൽ സഭയാണു് രക്ഷയുടെ സാർവലൗകികമായ കൂദാശയെന്നു് അവരെ ബോദ്ധ്യപ്പെടുത്തുവാൻ നമുക്കു കടമയുണ്ടു്. എന്നാൽ നരകത്തിൻെറ ബന്ധനത്തിൽനിന്നു് ആത്മാക്കളെ രക്ഷിക്കുക എന്ന ഏകലക്ഷ്യത്തോടെ ജ്ഞാനസ്നാനപ്പെടുത്തുകയോ സുവിശേഷവത്കരണം നടത്തുകയോ ചെയ്യുന്ന സങ്കുചിതമാർഗ്ഗം സ്വീകരിക്കുന്നതും ആശാസ്യമല്ല.

സഭയുടെ പ്രേഷിതപ്രവർത്തനത്തിനു് മാനുഷികമായ ചില ലക്ഷ്യങ്ങളുമുണ്ടു്. "യേശു പ്രഖ്യാപിച്ചിരി

ക്കുന്ന ദൈവരാജ്യം ഭാവിയിൽമാത്രം സാക്ഷാത്കൃതമാകാനിരിക്കുന്ന, തികച്ചും ലോകേതരമായ ഒരു യാഥാർത്ഥ്യമല്ല; മറിച്ച് മാനുഷികാസ്തിത്വത്തെ മുഴുവനായി രൂപാന്തരപ്പെടുത്തിക്കൊണ്ട് മാനവചരിത്രത്തിൽ ശക്തിയുക്തം സ്ഥാനംപിടിച്ചിരിക്കുന്ന ഒന്നാണ്. ഇതു് മനുഷ്യന്റെ ആത്മരക്ഷയിൽ മാത്രമല്ല, പ്രത്യുത ആത്മീയവും ഭൗതികവും സാമൂഹ്യവുമായ അവന്റെ സമഗ്രമോചനത്തിലുമാണ് അടങ്ങിയിരിക്കുന്നതു്. ദൈവത്തിന്റെ കരുണയും പാപപ്പൊറുതിയും നീതിയും സാർവലൗകികസ്നേഹവും നിറഞ്ഞ പൈതൃകവാഴ്ചയാണതു്.''[60] മനുഷ്യവ്യക്തിയുടെയും സമൂഹത്തിന്റെയും ആകമാനമുള്ള സുസ്ഥിതിക്ക് പ്രേഷിതപ്രവർത്തനം ആവശ്യവും സംഗതവുമാണ്. അധികാരത്തിനുവേണ്ടിയുള്ള അഹന്താപൂർവമായ അന്വേഷണമല്ല അതു്, മറിച്ച് എല്ലാവർക്കും സേവനം ലഭിക്കുന്നതിനുവേണ്ടിയുള്ള സ്നേഹപൂർവമായ അന്വേഷണമാണ്. പ്രേഷിതപ്രവർത്തനം നടത്തിക്കൊണ്ട് സഭ മനുഷ്യരുടെ, വിശിഷ്യ, ദരിദ്രരുടെയും പീഡിതരുടെയും സങ്കടങ്ങളും ഉൽക്കണ്ഠകളും സന്തോഷവും പ്രതീക്ഷയുമെല്ലാം (സഭ ആധുനികലോകത്തിൽ, നമ്പർ 1) സ്വന്തമായി കരുതുന്നു. വ്യക്തിയുടെയും സമൂഹത്തിന്റെയും വളർച്ചയ്ക്ക് സുവിശേഷവത്കരണം വലിയ സംഭാവന ചെയ്യുന്നുണ്ടെന്നു് നാം കണ്ടതാണ്. സാമൂഹ്യതിന്മകൾക്കെതിരെ അടരാടുവാൻ ശക്തിമത്തായ ഒരു മാദ്ധ്യമമാണ് അതു്. സഭ പ്രേഷിതപ്രവർത്തനത്തിലൂടെ ജനപദങ്ങളുടെ പുരോഗതി ത്വരിതപ്പെടുത്തുകയും ലോകസമാധാനത്തിനുവേണ്ടി പണിയെടുക്കുകയും ചെയ്യുന്നു.

ആകെക്കൂടി, പ്രേഷിതപ്രവത്തനത്തിൻെറ ആവശ്യകതയെ നമുക്കു് ഇങ്ങനെ സംഗ്രഹിക്കാം: "ക്രിസ്തുവിനാൽ പ്രോദ്ഘാടനം ചെയ്യപ്പെട്ട, ദൈവത്തിൻെറ ജനപദങ്ങളുടെയിടയിലെ യുഗാന്തകാലവാഴ്ചയുടെ വെളിപാടിൻെറ അടിസ്ഥാനത്തിൽ പ്രേഷിതപ്രവത്തനം ആവശ്യമാണു്. എല്ലാ ജനതകളെയും തൻെറ ശിഷ്യന്മാരാക്കണമെന്നുള്ള ക്രിസ്തുവിൻെറ കല്പനയും പ്രേഷിതപ്രവർത്തനത്തിൻെറ ആവശ്യകതയിലേക്കു് വിരൽ ചൂണ്ടുന്നു. ലോകസമാധാനത്തിനും ഐക്യത്തിനും അനുരഞ്ജനത്തിനും വേണ്ടിയുള്ള സഭയുടെ രക്ഷാകരപ്രവർത്തനങ്ങളും പ്രേഷിതവൃത്തിയുടെ ആവശ്യകതയെ വിളിച്ചറിയിക്കുന്നവയാണു്. ക്രിസ്തുവിൻെറ മൗതികശരീരത്തിൻെറ വളച്ച്യും പ്രേഷിതപ്രവത്തനം ആവശ്യംതന്നെ. പ്രേഷിതവൃത്തിക്കു നമ്മെ പ്രേരിപ്പിക്കുന്ന മറെറാരു ഘടകം സ്നേഹമാണു്. സഭാശരീരത്തിലെ എല്ലാ അംഗങ്ങളും ദൈവത്തിൻെറ ജീവിതവും സ്നേഹവും മററുള്ളവരെ അറിയിക്കുവാൻ നിർബന്ധിതരാകുന്നതു് ഈ സ്നേഹംകൊണ്ടാണു്. പ്രേഷിതപ്രവത്തനം, സഭയുടെ അസ്തിത്വത്തിൽ നിന്നും ആന്തരികപ്രകൃതിയിൽനിന്നും ഉദ്ഭൂതമാകുന്നതാകയാൽ അതു് അനുപേക്ഷണീയമത്രേ."[61] ചുരുക്കിപ്പറഞ്ഞാൽ, സഭയുടെ ജീവൽപ്രധാനമായ കത്തവ്യമാണു് പ്രേഷിതപ്രവർത്തനം. കാറൽ ബാർത്തു് പറയുന്നതുപോലെ, "സുവിശേഷത്തിനു സാക്ഷ്യം വഹിക്കാൻ വിവിധ ജനപദങ്ങളുടെയിടയിലേക്കു് പ്രേഷിതരെ അയയ്ക്കുകയെന്നതാണു് സഭയുടെ നിലനില്പിൻെറ ശരിയായ അടിവേരും അവളുടെ കാതലായ ശുശ്രൂഷയും."[62]

സുവിശേഷവത്കരണത്തിൽ സഭ ആത്മപ്രകാശനം കണ്ടെത്തുകയും ലോകരക്ഷയ്ക്കുവേണ്ടിയുള്ള ദൈവത്തിൻെറ അഭിനിവേശത്തിനു് പ്രത്യുത്തരം നൽകുകയും ചെയ്യുന്നു. സഭയുടെ പ്രേഷിതപ്രവർത്തനംവഴി ദൈവത്തിൻെറ അപാരമായ സ്നേഹം നമുക്കു് അനുഭവവേദ്യമായിത്തീരുന്നു. ആ സ്നേഹമാണല്ലൊ നമ്മെ യഥാർത്ഥത്തിൽ വീണ്ടെടുത്തതും പാപികളായ മനുഷ്യരെ ഇപ്പോഴും കരുണാപൂർവം കടാക്ഷിച്ചുകൊണ്ടിരിക്കുന്നതും. കാർഡിനൽ പോൾ എമിൽ ലെഷേയുടെ വാക്കുകളിൽ ഈ വിചിന്തനം ഉപസംഹരിക്കട്ടെ: ''സഭ അവശ്യാവശ്യം ഒരു പ്രേഷിതസമൂഹമാണു്. സുവിശേഷം സ്വീകരിച്ചിട്ടില്ലാത്തവരുടെ അടുക്കലേക്കുള്ള പ്രയാണം എന്നു നിറുത്തുന്നുവോ അന്നു് അവൾ ഒററപ്പെട്ട ഒരു സങ്കുചിത സമൂഹമായി മാറിപ്പോകും. മാത്രമല്ല, അവളുടെ പ്രേഷിതദൗത്യത്തോടു് അവിശ്വസ്തയായിരിക്കുകയും ചെയ്യും.''[6]

# പദസൂചി


അക്രൈസ്തവർ 3, 6, 40, 52, 55, 58, 60, 62, 69, 74, 76, 79, 80, 83, 106, 108, 109, 115 - 117, 152, 153
അക്രൈസ്തവമതങ്ങൾ 1-6, 35, 46, 51, 58, 62-64, 68, 70, 83, 106, 111, 115, 152, 154, 155
അജ്ഞാത ക്രൈസ്തവത്വം 5
അബ്രാഹം 12, 13
അലക്സാൻഡ്രിയൻ കാലഘട്ടം 18
അലക്സാൻഡ്രിയായിലെ സിറിൽ വി. 82
അംബ്രോസ് വി. 82
അത്തനേഷ്യസ് വി. 82
ആഗസ്റ്റീനോസ് വി. 82, 83, 85
ആഞ്ചലോ ഫെർണാണ്ടസ് 58
ആബേൽ 84
ആറാം പോൾ മാർപ്പാപ്പ 2, 59 - 61, 64, 65, 74, 75, 124, 125
ഇംഗ്ലീഷുകാർ 87
ഇരുപത്തിമൂന്നാം ജോൺ മാർപ്പാപ്പ 44-46
ഇറാലി 87
ഇസ്രായേൽക്കാർ 10, 14 - 19, 146
ഈജിപ്തുകാർ 13
ഈസ്ററിൻഡീസ് 38
ഈവ് കോംഗാർ 3

ഉൽപത്തി 11, 12, 14
എക്ലേസിയാം സൂവാം 62
എഫേസോസുകാർ 64, 108, 109, 139, 146, 148, 154
എസെക്കിയേൽ 13, 15, 16
എവാഞ്ചേലി നൺഷിയാന്തി 7, 62, 64 - 68, 122, 124 - 126, 135, 142
എവാഞ്ചേലി പ്രെക്കോണെസ് 42, 45, 60
ഏലിയാ 15
ഏശയ്യാ 11, 15-18, 22, 35, 39, 54, 140, 142, 146
ഒന്നാം ഗ്രിഗോറിയോസ് മാർപ്പാപ്പ വി. 37
ഒരിജിൻ 79, 80
കാർഡിനൽ ലെഷേ 158
കാറൽ ബാത്ത് 4, 103, 110, 157
കാറൽ റാണർ 3
കേസറിയായിലെ എവുസേബിയസ് 82
കൊമ്മോഡിയൻ 79
കോറിന്തോസുകാർ 31 - 33, 35, 50, 67, 78, 92, 131, 151
ക്രിസ്തു 4, 5, 20-36, 40, 41, 48 - 51, 53, 55, 57, 58, 61, 64, 66, 70-72, 75, 77, 79, 81, 83-85, 88-95, 97, 101-105, 109-114, 116-121, 123, 124, 126, 129, 131-134, 138-143, 146-154, 156, 157
ക്രിസ്തുമതം 3, 111
ഗലാത്തിയാക്കാർ 31, 34, 35, 134
ഗോത്തിക്ക് വഗ്ഗക്കാർ 87
ഗോത്രപതി 13

ഗ്രിഗറി നസിയാൻസൻ വി. 82
ജറുസലേം 16, 35
ജറുസലേമിലെ സിറിൽ വി. 82
ജറോം വി. 82
ജോൺ ക്രിസോസ്റ്ററം വി. 82, 83
ഡിഡാക്കെ 77, 78
തത്ത്വശാസ്ത്രം 45
താർത്തരികം 38
തിത്തോസ് വി. 153
തിമോത്തയോസ് വി. 20, 30, 32, 34, 49, 94, 110, 151
തിരുസ്സഭ 1, 2, 6-9, 37-39, 47-49, 52-57, 59-61, 66-69, 71-74, 77-80, 84, 85, 88-108, 113, 124, 125, 127-131, 134-138, 140, 142-145, 150, 152, 154, 155
ദമാസ്ക്കസ് 30
ദാനിയേൽ 12
ദേയി പാത്രിസ് ഇമ്മെൻസാ 37
ദൈവരാജ്യം 23, 25, 147, 152, 156
ദൈവികവെളിപാട് 3, 4, 63, 110, 111, 115
നാലാം ഇന്നസെൻറ് മാർപ്പാപ്പ 37
നാസ്തിക്യം 42
നിഖ്യാ സൂനഹദോസ് 81
നിയമാവർത്തനം 14
നീസായിലെ ഗ്രിഗറി വി. 82
നോളായിലെ പൗളീനോസ് വി. 82
പപ്പാളി സി. ബി. 100

പതിനഞ്ചാം ഗ്രിഗോറിയോസ് മാർപ്പാപ്പ 38, 39
പതിനഞ്ചാം ബനദിക്ടോസ് മാപ്പ്‌പ്പ 39-41, 44, 45
പതിനൊന്നാം പീയൂസ് മാർപ്പാപ്പാ 41, 151
പതിമൂന്നാം ലിയോ മാർപ്പാപ്പ 39
പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പ 42-45, 92, 117
പത്രോസ് വി. 68, 95, 98
പരിശുദ്ധത്രിത്വം 21, 70, 90, 112, 113
പരിശുദ്ധാത്മാവ് 7, 20, 21, 26, 29, 50, 52, 57, 69, 84, 90, 91, 95, 101, 109, 110, 133, 141, 143, 148, 154
പഴയനിയമം 10, 11, 15, 18, 19, 22, 28, 36, 95, 96, 111, 142, 146
പീലാത്തോസ് 23
പീലിപ്പോസുകാർ 120, 149-151
പുതിയനിയമം 19-24, 29, 36, 95-97, 101, 104, 126
പുറപ്പാട് 13-15, 96
പൊന്തിഫിക്കൽ മിഷൻ സഹായസംഘങ്ങൾ 60
പോൾ ആൽട്ട്ഹൗസ് 4
പോൾ ടില്ലിക്ക് 4
പൗലോസ് വി. 31-34, 39, 60, 67, 68, 92, 108, 112, 147, 150, 151
പ്രവാചകന്മാർ 11, 13-16, 22, 146
പ്രാദേശികസഭ 8
പ്രിഞ്ചെപ്സ് പാസ്റ്റോരും 44
പ്രൂദേൻസിയൂസ് 82
പ്രൊപ്പഗാന്ത തിരുസ്സംഘം 38
പ്രോട്ടസ്റ്റന്റ് ദൈവശാസ്ത്രജ്ഞന്മാർ 3, 103

പ്ലൊട്ടീനിയൻ തത്ത്വചിന്തകർ 84
ഫീദെയി ദോനും 44
ഫ്രഞ്ചുകാർ 87
ബർണബാസിന്റെ ലേഖനം 77
ബാബിലോൺ അടിമത്തം 16
ബാസിൽ വി. 82
ഭൗതികവാദം 42
മത്തായി വി. 23, 24, 26, 29, 30, 35, 54, 58, 68, 111, 126, 148
മദ്ധ്യപൂർവദേശങ്ങൾ 38
മനസ്സാക്ഷി 5
മർക്കോസ് വി. 22-24, 26, 29, 49, 58, 68, 94, 103, 119, 120, 127, 146
മാക്സിമും ഇല്ലൂദ് 39, 44
മിക്കാ 14
മിഷനറി 21, 28, 40, 44, 71, 140
മുദ്രാലയപ്രേഷിതത്വം 44
മൂശ 13
മെത്രാന്മാരുടെ സിനഡ് 56-58, 128
യഹോവ 15-17
യാക്കോബ് 17
യുഗാന്തകാലം 89, 138, 139, 146, 147, 150, 157
യൂജിൻ ഹിൽമാൻ 3
യൂദയാ 35
യൂദന്മാർ 18, 19, 24, 27, 33, 95, 110
യൂറോപ്പ് 38
യോനാ 12, 18

യോഹന്നാൻ വി. 20-23, 25-27, 29, 30, 33, 34, 36, 49, 68, 96, 103, 110, 119, 121, 124, 139,152
യോഹന്നാൻ സ്ഥാപകൻ വി. 147, 148
രണ്ടാം ജോൺ പോൾ മാർപ്പാപ്പ 69, 72, 74, 75
രണ്ടാം വത്തിക്കാൻ കൗൺസിൽ 1, 4, 46, 47, 49, 52, 54-56, 58, 68, 72, 88, 92, 94, 101-103, 114, 117
രക്ഷണീയാഭിലാഷം 19, 20, 49, 50, 58, 70, 71, 83, 92, 96
രാജാക്കന്മാർ 15
ലൂക്കാ വി. 20, 22-26, 29, 33, 119, 126, 127,131
ലേവായർ 14
ലൊംബാർഡികം 87
വാൾട്ടർ കാസ്പർ 3
വിഗ്രഹപൂജ 15, 85, 115
വിജാതീയർ 11, 14, 17, 18, 24, 31, 67, 109
വെസ്ററിൻഡീസ് 38
വോൾഫ്ഹാർട്ട് പാന്നൻബർഗ് 4
സക്കറിയാ 14
സങ്കീർത്തനം 18
സഭാപിതാക്കന്മാർ 8, 76, 77, 81, 82, 84, 86-88
സമറിയാ 35
സാങ്ക്താ ദേയി ചീവിത്താസ് 39
സാബായിലെ രാജ്ഞി 80
സിപ്രിയാൻ വി. 80,81

സുഭാഷിതങ്ങൾ 18
സുവിശേഷവത്കരണം 6-8, 36, 37, 40, 42-45, 48, 52, 56, 57, 59, 60, 62-70, 72, 73, 76, 81-83, 87, 106, 109, 112, 113, 118, 121, 123-125, 127, 131, 136, 137, 141, 144, 146, 148, 155, 158
സ്പെയിൻ 38, 87
ഹിന്ദുമതം 5
ഹെൻഡ്രിക്ക് ക്രേമർ 4
ഹെർമാസിൻെറ ഇടയൻ 78
ഹോശായാ 15
റെദംപ്തോർ ഹോമിനിസ് 69, 101
റേരും എക്ലേസിയേ 41
റോമക്കാർ 31, 35, 39, 97, 112, 123, 135, 148
റോമിലെ ക്ലെമൻറ് വി. 78

# NOTES

## INTRODUCTION

1. K. Rahner, Theological Investigations V, London 1975, p. 121.
2. Cf. H. R. Schlette, Towards a Theology of Religions, London 1966; K. Rahner, Christianity and the non-Christian Religions, in: Theological Investigations V, op. cit., pp. 115-134; E. Cornelis, Christliche Grundgedanken in nichtchristlichen Religionen, Paderborn 1967; J. Danielou, Das Christentum und die nichtchristlichen Religionen, in: Kuenftige Aufgaben der Theologie (hersg. von T. P. Burke), Muenchen 1967, pp. 134-156; K. Kunnumpuram, Ways of Salvation, Poona 1971; B. Stoeckle, Die Ausserbiblische Menschheit und die Weltreligionen, in: Mysterium Salutis II (hersg. von J. Feiner und M. Loehrer), Einsiedeln 1967, pp. 1049-1075; H. v. Straelen, Our Attitude towards other Religions, Tokyo 1965; K. Panikkar, The Unknown Christ of Hinduism, London 1968; A. Roeper, The Anonymous Christian, New York 1966; J. Pathrapankal (Ed.), Service and Salvation (Nagpur Theological Conference on Evangelization), Bangalore 1973; G. Thils, Propos et problemes de la theologie des religions non chretiennes. der Tournai 1966; J. Heislbetz, Theologische Gruende der nichtchristlichen Religionen, Freiburg i. Br. 1967.

3. Cf. K. Rahner, Anonymous Christianity and the Missionary Task of the Church, in: Theological Investigations XII, London 1974, p. 175 f; Y. Congar, Non-Christian Religions and Christianity, in: Service and Salvation, op. cit., p. 168; E. Hillman, The Church as Mission, London 1966, p. 53; W. Kasper. Are non-Christian Religions Salvific?, in: Service and Salvation, op. cit., p. 199.
4. Cf. H. Kraemer, Why Christianity of all Religions?, London 1962, p. 110.
5. Cf. P. Althaus, Die christliche Wahrheit, Guetersloh 1952, p. 93.
6. Cf. P. Tillich, What is Religion? New York 1973, p. 76.
7. Cf. W. Pannenberg, Grundfragen systematischer Theologie, Goettingen 1961, p. 293.
8. It is true that K. Rahner has made it clear that his theory of "anonymous Christianity" doesn't contradict the Church's insistence upon the missionary task: "Even though anonymous Christianity is prior to explicit Christianity it does not render it superfluous. On the contrary, it itself demands this explicit Christianity in virtue of its own nature and its own intrinsic dynamism" (K. Rahner, Anonymous Christianity and the Missionary Task of the Church, op. cit., p. 171).
9. A. Hastings, A Concise Guide to the Documents of the Second Vatican Council, Vol. I, London 1968, p.216.
10. J. Power. Mission Theology Today, Dublin 1970, p. 196.

## CHAPTER 1

1. P. Auvray, Creation, in: X. Leon - Dufour (Ed.), Dictionary of Biblical Theology, Bangalore 1973, p. 100.
2. J. Power, Mission Theology Today, op. cit., p. 67.
3. M. Vellanickal, The Biblical Theology of Evangelization, in: Service and Salvation, op.cit., pp.56-57.
4. Cf. P. Hacker, Theological Foundations of Evangelization, St. Augustin 1980, pp. 14-17.
5. J. Pierron & P. Grelot, Mission, in: Dictionary of Biblical Theology, op.cit., p. 366.
6. J. Power, Mission Theology Today, op. cit., p. 72.
7. J. Pierron & P. Grelot, Mission, op. cit., p. 366.
8. J. Power, Mission Theology Today, op. cit., p. 76.
9. A. Hastings. A Concise Guide to the Documents of the Second Vatican Council, Vol. I, op. cit., p. 216.
10. J. Masson, Vatican II and Post-Conciliar Theology of Evangelization, in: Service and Salvation, op. cit., p. 43.
11. M. Vellanickal, Evangelization in the Johannine Writings, in: L. Legrand, J. Pathrapankal, M. Vellanickal, Good News and Witness Bangalore 1973, p. 137. Cf. Mk 1,38; Lk 12,49; Mt 5,17.
12. Cf. M. Vellanickal, The Biblical Theology of Evangelization, op. cit., p.59.
13. L. Legrand, Jesus and the Gospel, in: Good News and Witness, op. cit., p. 42.
14. Cf. M. Vellanickal, The Biblical Theology of Evangelization, op. cit., p. 62.

15. E.Le Joly, Proclaiming Christ, Allahabad 1970, p. 13. J. Thekkel remarks: "With the acceptance of this motivation and the realization of its full significance, the actual obligation to preach the Gospel becomes more and more obvious and imperative. No longer is this definite obligation yoked to the unverifiable and unknown factor of another's salvation but to the knowable and verfiable factor of one's own faith and love for the divine Master. The deeper one's faith and love, the greater the zeal for preaching the Gospel. With St. Paul, whose love for and faith in Christ was unfathomable, a true missionary would exclaim: 'Woe to me if I do not preach the Gospel' (1 Cor 9, 16). No matter whether one suffers persecution or not, others are converted or not, saved or not (for, salvation and conversion depend on God's grace and another's direct cooperation with it), he is ever eager to be Christ's witness till the ends of the earth and till the last of his breath. He does what is in his power, i.e. the work of sowing the seed, leaving the results to God as St. Paul did (cf. 1 Cor 3,6)" J. Thekkel, Motivation of Missionary Activity (unpublished notes), Bangalore 1975, p. 5.
16. J. Power, Mission Theology Today, op. cit., p.89.
17. X. Koodapuzha, The Church as essentially Missionary, in: Jeevadhara 2 (1972), p. 296.
18. M. Vellanickal, The Biblical Theology of Evangelization, op.cit., p.62.

## CHAPTER 2

1. J. Neuner & J. Dupuis (Ed.), The Christian Faith, Bangalore 1982, p. 301.
2. Cf. J. Schmidlin, Catholic Mission Theory, Techny 1931, p. 72.
3. J. Metzler (Ed.), Sacrae Congregationis de Propaganda Fide Memoria Rerum 1/1, Freiburg i. Br. 1971, p. 86.
4. Cf. Ibid., p. 81.
5. Leo XIII, Sancta Dei Civitas, in: Acta Sanctae Sedis, Roma 1880, p 241.
6. Cf. Benedidt XV, Maximum Illud, In: Acta Apostolicae Sedis 11 (1919), p. 442.
7. Cf. Ibid., p. 451.
8. Cf. Ibid., p. 443.
9. Cf. Ibid., p. 448.
10. Pius XI, Rerum Ecclesiae, in: Acta Apostolicae Sedis 18 (1926), p.65.
11. Cf. Ibid. p. 68.
12. Cf. Ibid:, p. 72.
13. Cf. Ibid., p. 69.
14. Cf. Pius XII, Evangelii Praecones, in: Acta Apostolicae Sedis 43 (i951), pp. 497 ff.
15. Pius XII, Letter to Cardinal Fumasoni - Biondi on August 9, 1950, in: Acta Apostolicae Sedis 42 (1950), p. 727.
16. Ibid.
17. J. Neuner & J. Dupuis (Ed.), The Christian Faith, op.cit., p. 321.
18. Ibid.

19. Ibid.
20. H. Vorgrimler (Ed.), Commentary on the Documents of Vatican II, Vol. IV, New York 1969. p. 87.
21. E. Le Joly, Proclaiming Christ, op. cit., p. 28.
22. Cf. H. Vorgrimler (Ed.), Commentary on the Documents of Vatican II, Vol. IV, op. cit., p. 114.
23. E. Le Joly, Proclaiming Christ., op. cit., p. 26. Cf. also: F. Koenig, Christlicher Glaube und nichtchristliche Religionen, in: Evangelizzazione e culture I (Atti del congresso internazionale scientifico di missiologia), Roma 1975, pp. 278 & 293 f.
24. D. S. Amalorpavadass (Ed.), Evangelization of the Modern World (Synod of Bishops, Rome 1974), Bangalore 1975, p. 68.
25. Ibid., p. 122.
26. Ibid., p. 118.
27. Ibid., p. 161 f.
28. Ibid., p. 122.
29. In fact, "Evangelii Nuntiandi" is, to large extent, the outcome of the Third General Assembly of the Synod of Bishops (1974) which was devoted to evangelization.
30. Speech of Pope Paul VI to the National Directors of the Pontifical Mission Aid Societies, in: Insegnamenti di Paolo VI, Vol. VIII, Vatican 1965, p. 277.
31. Pope Paul VI, Evangelii Nuntiandi, no. 53. Cf. also: Paul VI's address to the representatives of different religions in Bombay, in: Acta Apostolicae Sedis 57 (1965), pp. 132-133; The Encyclical Letter "Ecclesiam Suam" of Paul VI, in: Acta Aposto-

licae Sedis 56 (1964) p. 654 f.

32. Cf. P. Hacker, Theological Foundations of Evangelization, op. cit., p. 80.
33. Paul VI's Speech to the National Directors of the Pontifical Mission Aid Societies, in: Insegnamenti di Paolo VI, Vol. III., op. cit., p. 277.
34. Paul VI's Homily at Mass for Mission Sunday on 24.10.1971, in: Insegnamenti di Paolo VI, Vol. IX, Vatican 1971, p. 935.
35. Opening Address of Pope Paul VI to the Synod of Bishops on 27.9.1974, in: Evangelization of the Modern World, op. cit., p. 86. Cf. also: Evangelii Nuntiandi, nos. 31-32.
36. Opening Address of Pope Paul VI to the Synod of Bishops, ibid., p. 84.
37. J. Neuner, Why Missions?, in: Indian Theological Studies 17 (1980), p. 20.
38. Pope John Paul II's Message to Missionary Congress in Ireland, in: L'Osservatore Romano (English Edition), 30.4.1979, p. 10. Cf. also: Message of Pope John Paul II for Mission Sunday 1980, in: L'Osservatore Romano, 16.6.1980, p. 17.
39. Message of Pope John Paul II for Mission Sunday 1980, in: L'Osservatore Romana, 16.6.1980, p. 17. Cf. His Speech during the Synod of Bishops in Rome (1974), in: Evangelization of the Modern World, op. cit., p. 118.
40. Pope John Paul II's Homily at Mass for Mission Sunday 1979, in: L'Osservatore Romano, 26.11.1979, p.4.
41. Speech of Pope John Paul II during the General

Audience on 23.5.1979, in: L'Osservatore Romano, 23.5.1979, p. 1.

42. Address of Pope John Paul II to the General Assembly of Latin American Bishops at Puebla on 28.1.1979, in: L'Osservatore Romano, 5.2.1979, p. 4. Cf. also: His Angelus Message on 6.1.1980, in: L'Osservatore Romano, 28.7.1980, p. 9.
43. Cf. Pope John Paul II's Address to President Denis Sassou N'Guesso of the People's Republic of the Congo on 5.5.1980, in: L'Osservatore Romano, 26.5.1980, p. 7.
44. Ibid.
45. Message of Pope John Paul II for Mission Sunday 1980, in: L'Osservatore Romano, 16.6.1980, p. 17.
46. Pope John Paul II, Redemptor Hominis, no. 12.
47. Ibid.
48. Message of Pope John Paul II for Mission Sunday 1979, in: L'Osservatore Romano, 30.7.1979, p. 3.

## CHAPTER 3

1. Cf. J. Schmidlin, Catholic Mission Theory, op. cit., p. 6 f.
2. Ibid., p. 66.
3. Cf. Ibid., p. 7.
4. Cf. Ibid., p. 68.
5. Cf. De Cant., II, 5.
6. Cf. In Jesu Nave 3, 5.
7. Cf. Homily on Luke XXI.
8. Cf. Against Celsus VIII, 52.
9. Cf. De Unitate Ecclesiae, 6.

10. K. Kunnumpuram, Ways of Salvation, op. cit., p. 13.
11. Cf. St. Cyprian, On the Lord's Prayer, 17.
12. Cf. J. Schmidlin, Catholic Mission Theory, op. cit., p. 7.
13. Ibid., p. 70.
14. Idid., p. 7.
15. St. John Chrysostom, Homilies on the Gospel of St. Mathew X, 3; Cf. also: Homilies on the Epistles of Paul to the Corinthians XX, 1-12; XXII, 3; XXIX, 1-9.
16. St. John Chrysostom, Homilies on the Gospel of St. John VIII, 1.
17. St. Augustine, Sermo ad Caesarensis Ecclesiae Plebem, 6.
18. K. Kunnumpuram, Ways of Salvation, op. cit., p. 11.
19. Cf. J. Schmidlin, Catholic Mission Theory, op. cit., p. 70.
20. Cf. Ibid., p. 8.
21. Ibid.
22. Ibid., p. 70.
23. Idid., p. 8.

## CHAPTER 4

1. Cf. The Fourth Lateran Council (in: The Christian Faith, op. cit., no. 21); Council of Florence (in: The Christian Faith, no. 1005); The Bull "Unam Sanctam" of Pope Boniface VIII (in: The Christian Faith, no. 804); The Allocution "Singulari Quadam" of Pope Pius IX (in: The Christian Faith, no. 813); The Encyclical Letter "Satis Cognitum" of Pope

Leo XIII (in: The Christian Faith, no. 842).

The Fathers of the Church in general were of the opinion that salvation cannot be attained outside the Church. St. Irenaeus said: "In the efficacy of the Spirit all those have no part, who do not hasten to the Church... For where the Church is, there is also the Spirit of God, and where the Spirit of God is, there is the Church and all grace" (Adv. haer. III, 24, 1). The teaching of St. Cyprian was substantially the same: "One cannot have God for his Father, if he does not have the Church for his Mother" (De Unitate, 6; Cf. Ep. 73, 12).

2. H. Kueng, The Church, London 1971, p. 37.
3. F. Somerville, Catholic Teaching Today, London 1972, p. 70.
4. Cf. M. Vellanickal, Image of the Church in the New Testament, in: Jeevadhara 4 (1974), p. 339.
5. Speech of Pope Paul VI on 19.10.1966, in: Insegnamenti di Paolo VI, Vol. IV, Vatican 1966, p.875.
6. K. Rahner, The Christian of the Future, London 1968, p. 83.
7. O. Semmelroth, The Church and Christian Belief, New York 1966, p. 94.
8. C. Couturier, The Mission of the Church, London 1960, p. 5 f.
9. O. Semmelroth, The Church and Christian Belief, op. cit., p. 108.
10. Ibid., p. 95.
11. Ibid., p. 96 f. By this we do not intend to affirm that the non-Christians have no possibility of an encounter with God. Otto Semmelroth himself

clarifies this point: "However, in those who are outside the Church there can exist incipient forms of the Church, or vestiges of Churchliness, by virtue of which they are disposed toward the true Church. If these people continue to be filled with the desire insofar as possible to express their encounter with God in the way he wants it expressed, then they live in an attitude of openness to the Church, through which, we may assume, they are adopted by grace into union with Christ and thus find their salvation" (Ibid., p. 98).

12. Ibid.
13. M. L. Pandit, Evangelization: The Mission of the Church, in: The Living Word 86 (1980), p. 318 f.
14. C. B. Papali, The Place of non-Christian Religions in the Economy of Salvation, in: Evangelizzazione e Culture I, op. cit., p. 306.
15. Cf. Ibid.
16. K. Barth, Church Dogmatics 1/2, Edinburgh 1963, p. 232.
17. J. Masson, Vatican II and Post-Conciliar Theology of Evangelization, op. cit., p. 45.
18. Cf. K. Barth, Church Dogmatics 1/2, op.cit., p. 215.
19. Cf. Clement of Alexandria, Paedagogus 1,6,27.
20. J. Feiner, Particular and Universal Saving History, in: H. Vorgrimler (Ed.), One, Holy, Catholic and Apostolic, London 1968, p. 188.

## CHAPTER 5

1. Cf. K. Barth, The Epistle to the Romans, New York 1968, p. 258.

2. D. S. Amalorpavadass, Approaches in Our Apostolate among Followers of Other Religions, Bangalore 1970, p. 21.
3. J. Power, Mission Theology Today, op. cit., p. 212. Cf. also: K. Rahner, Anonymous Christianity and the Missionary Task of the Church, op. cit., p. 177.
4. J. Power, Mission Theology Today, op.cit., p.195 f.
5. Cf. W. Scott, Karl Barth's Theology of Missions, Illinois 1978, p. 11.
6. Y. Raguin, Specific Character of the Christian Experience of God (Text prepared for the Monastic Congress of Asia), Manuscript, Bangalore 1973, pp. 8-9.
7. D. S. Amalorpavadass, Evangelization in the Context of India, in: Indian Theological Studies 17 (1980), p. 107. Cf. also: M. Vellanickal, Biblical Theology of Evangelization, op. cit., p. 63.
8. D. S. Amalorpavadass, Purpose and Motivation of Missionary Activity, Bangalore 1970, p. 13.
9. J. Power, Mission Theology Today, op. cit., p. 109.
10. W. Scott, Karl Barth's Theology of Mission, op. cit., p. 18.
11. J. Power, Mission Theology Today, op. cit., p. 212.
12. Pius XII, Evangelii Praecones, in: Acta Apostolicae Sedis 43 (1951), pp. 521 f.
13. J. Power, Mission Theology Today, op. cit., p. 195.
14. Cf. D. S. Amalorpavedass, Approach, Meaning and Horizon of Evangelization, Bangalore 1973, p. 39.
15. L. Legrand, God's Kingdom and Liberation, in: The Living Word 79 (1973), p. 318.
16. Pope Paul VI, Encyclical Letter "Populorum Pro-

gressio'' (1967), no. 16.

17. Pope John Paul II, Message to Missionary Congress in Ireland, in: L'Osservatore Romano, 30.4.1979, p.10.
18. L. Legrand, God's Kingdom and Liberation, op. cit., p. 318.
19. Pope John Paul II, Message for Mission Sunday, in: L'Osservatore Remano, 30.7.1979, p.3.
20. D. S. Amalorpavadass, Theology of Evangelization in the Asian Context, in: Service and Salvation, op. cit., p. 37.
21. J. Neuner, Why Missions?, op. cit., p. 19.
22. B. Haering, Evangelization Today, Notre Dame 1974, p. 126.
23. J. Power, Mission Theology Today, op. cit., p. 148.
24. Cf. L. Roy, Poor, in: X. Leon-Dufour (Ed.), Dictionary of Biblical Theology, op. cit., p. 437.
25. A. Thannikot, The Liberating Church, in: Jeevadhara 4 (1974), p. 320.
26. D. S. Amalorpavadass (Ed.) Evangelization of the Modern World, op. cit., p. 102.
27. Ibid., p. 86.
28. Ibid., p. 102.
29. Cf. L. Legrand, Good News and Witness, op. cit., p. 36; A. Thannikot, The Liberating Church, op. cit,, p. 320,
30. S. Rayan, The Call to be Free, in: Jeevadhara 3 (1973), p. 230.
31. Ibid., p. 231.
32. Ibid., p. 233.
33. L. Legrand, God's Kingdom and Liberation, op. cit., p. 314.

34. X. Koodapuzha, The Unifying Church, in: Jeevadhara 4 (1974), p.281. Cf. also: M. Vellanickal, The Biblical Theology of Evangelization, op. cit., p. 67.
35. J. Witte, One, Holy, Catholic and Apostolic, in: H. Vorgrimler (Ed.), One, Holy, Catholic, and Apostolic, op. cit., p. 32.
36. J. Feiner, Particular and Universal Saving History, op. cit. 185.
37. St. Cyprian, Ep. 55,21.
38. J. Feiner, Particular and Universal Saving History, op. cit., p. 171.
39. D. S. Amalorpavadass, Approach, Meaning and Horizon of Evangelization, op. cit., p. 15.
40. E. Le Joly, Proclaiming Ch.ist, op. cit., p. 28 f.
41. Cf. Pope John Paul II's Address to the Bishops of Latin America on January 28, 1979, in: L'Osservatore Romano, 5.2.1979, p. 2.
42. J. Power, Mission Theology Today, op. cit., p. 91.
43. Pope John Paul II's Message for Mission Sunday 1980, in: L'Osservatore Romano, 16.6.1980, p. 17.
44. Pope Paul VI's Message for Mission Sunday 1970, in: Insegnamenti di Paolo VI, Vol. VIII, Vatican 1970, p. 626.
45. Cf. Pope John Paul II, Encyclical Letter "Dives in Misericordia" (1980), no. 12.
46. X. Koodapuzha, The Unifying Church, op.cit.,p.282.
47. Pope Paul VI, Encyclical Letter "Populorum Progressio", no. 76.
48. Cf. Pope John Paul II's Address to the Bishops of Latin America on January 28, 1979, in: L'Osservatore Romano, 5.2.1979, p. 4.

49. D.S. Amalorpavadass, Evangelization in the Context of India, op. cit., p. 106.
50. J. Power, Mission Theology Today, op. cit., p. 92.
51. J. Masson, Salvation out of the Visible Church and Necessity of the Mission, in: Indian Ecclesiastical Studies 4 (1965), p. 286.
52. Pope Pius XI, Encyclical Letter "Rerum Ecclesiae" (1926), in: J. Neuner & J. Dupuis (Ed.) The Christ ian Faith, op. cit.; no. 1115.
53. J. Neuner, Why Missions?. op.cit.,p.17.
54. M. L. Pandit, Evangelization: The Mission of the Church, op.cit., p. 321.
55. The Catechism of Modern Man, Published by Daughters of St. Paul, Boston 1971, p. 45.
56. Cf. H. Kueng, The World Religions in God's Plan of Salvation, in: Indian Ecclesiastical Studies 4 (1965), p. 211.
57. N.Molloy, Some Whys of Evangelization, in: Indian Theological Studies 17 (1980), p. 357.
58. Cf. Pope Joan Paul II, Encyclical Letter "Dives in Misericordia", no. 2.
59. D. S. Amalorpavadass, Evangelization in the Context of India, op. cit., p. 107.
60. G. Mangatt, Jesus and Service, in: Jeevadhara 4 (1974), p. 276 f.
61. J. Schuette, quoted by J. Power, in: Mission Theology Today, op.cit., p. 96.
62. K. Barth, Church Dogmatics IV/3, 2, Edinburgh 1962, p. 874.
63. Cardinal Leger, quoted by E. Le Joly, in: Proclaiming Christ, op. cit., p. 31.

## SELECT BIBLIOGRAPHY


Amalorpavadass D. S., Purpose and Motivation of Missionary Activity, Bangalore 1970.

,, ,, , Approach, Meaning and Horizon of Evangelization, Bangalore 1973.

,, ,, , (Ed.), Evangelization of the Modern World, Bangalore 1975.

,, ,, , Evangelization in the Context of India, in: Indian Theological Studies 17(1980), pp.97ff.

Couturier C., The Mission of the Church, London 1960.

Feiner J., Particular and Universal Saving History, in: H. Vorgrimler (Ed.), One, Holy, Catholic and Apostolic, London 1968.

Fransen P., How can non-Christians find Salvation in their Religion ?, in: Indian Ecclesiastical Studies 4 (1965) pp. 223-282.

Godwin C. J., Spend and be Spent, Bangalore 1977.

Haering B., Evangelization Today, Notre Dame 1974.

Hillman E., The Church as Mission, London 1966.

Joly E. Le, Proclaiming Christ, Allahabad 1970.

Karokaran A., Theological Foundations of Evangelization, in: Indian Missiological Review 1 (1979), pp. 165-174.

Koodapuzha X., The Church as essentially Missionary,

in: Jeevadhara 2 (1972), pp. 293-303.

Kraemer H., Christian Message in a non-Christian World, London 1938.

Kueng H., The World Religions in God's Plan of Salvation, in: Indian Ecclesiastical Studies 4 (1965), pp. 182-222.

Legrand L., God's Kingdom and Liberation, in: The Living Word 79 (1979), pp. 311-325.

,, ,, , Pathrapankal, J., Vellanickal M., Good News and Witness, Bangalore 1979.

Masson J., Vatican II, and Post-Conciliar Theology of Evangelization, in: SS, pp. 41-51.

,, ,, , Salvation out of the Visible Church and Necessity of Mission, in: Indian Ecclesiastical Studies 4 (1965), pp. 283-302.

Molloy N., Some Whys of Evangelization in : Indian Theological Studies 17 (1980), pp. 350-364.

Neuner J. Why Missions ?, in : Indian Theological Studies 17 (1980), pp. 15-33.

Pandit M. L., Evangelization: The Mission of the Church, in: The Living Word 86 (1980), pp. 316-321.

Panikkar R., The Unknown Christ of Hinduism, London 1968.

Papali C.B., The Place of non-Christian Religions in the Economy of Salvation, in: Evangelizzazione e Culture (Atti del Congresso Internazionale Scientifico di Missiologia, Roma 5-12 Ottobre 1975), Rome 1976, pp.304-312.

Pathrapankal J. (Ed.), Service and Salvation (Nagpu r

ST. ANTONY'S MONASTERY LIBRARY ALWAYE-1

Theological Conference on Evangelization). Bangalore 1973.

" " Pauline Theology of Evangelization, in: The Living Word 79 (1973), pp. 67-82.

Paul VI, Evangelii Nuntiandi (Apostolic Exhortation on Evangelization in the Modern World, Rome 1974); Bombay 1976.

Peeliany T., Preshithapravarthanam (Missionary Activity), Alwaye 1970.

Power J., Mission Theology Today, Dublin 1970.

Puthur B., the Relevance of Evangelization, in: Jeevadhara 10 (1980), pp. 175-183.

Rahner K., Anonymous Christianity and the Missionary Task of the Chuch, in; Theological Investigations XII, London 1974, pp. 161-178.

Rayan S., The Call to be Free, in: Jeevadhara 3 (1973), pp. 222-223.

Schuette J., Mission nach dem Konzil, Mainz 1967.

Scott W., K. Barth's Theology of Mission, Illinois 1978.

Semmelroth O., The Church and Christian Belief, New York 1966.

Thannikot A., The Liberating Church, in: Jeevadhara 4 (1974), pp. 319-332.

Vanchipurackal G., Die Absoluthеit des Christentums nach Karl Barth, Rome 1974.

Vellanickal M., The Biblical Theology of Evangelization, in: Service and Salvation, op. cit., pp. 55-69.

Vorgrimler H. (Ed.), Commentary on the Documents of Vatican II, Vol. IV, New York 1969.

ACHARYA PALACKAL JEEVASS KENDRAM LIBRARY 15059

# പ്രേഷിതപ്രസക്തി

ജോർജ്ജ് വഞ്ചിപ്പുര

പ്രേഷിതപ്രവർത്തനത്തിന്റെ ദൈവശാസ്ത്രപരവും മൗലികവുമായ തത്ത്വങ്ങൾ, ലളിതമായും അക്ലിഷ്ടമധുരതരമായും ഈ പുസ്തകത്തിൽ അനാവരണം ചെയ്തിരിക്കുന്നു. സുവിശേഷവത്കരണത്തിന്റെ അടിസ്ഥാനവും പ്രസക്തിയും വിശദീകരിക്കുന്നതിന് ഗ്രന്ഥകാരൻ ബൈബിളിലെ പ്രബോധനങ്ങളും, സഭയുടെ ആധികാരിക പഠനങ്ങളും, സഭാപിതാക്കന്മാരുടെ അദ്ധ്യാപനങ്ങളും, ആധുനിക ദൈവശാസ്ത്രജ്ഞന്മാരുടെ നിഗമനങ്ങളും ആധാരമാക്കിയിട്ടുണ്ട്. ഇതിനുംപുറമേ, സഭയും മനുഷ്യരക്ഷയും തമ്മിലുള്ള ബന്ധം, പ്രേഷിതപ്രവർത്തനത്തിലൂടെ ലോകത്തിനും മനുഷ്യരാശിക്കാകമാനവും കൈവരുന്ന നേട്ടങ്ങൾ മുതലായവയെപ്പറ്റിയും ഇവിടെ പരാമർശിക്കുന്നുണ്ട്. സഭയുടെ പ്രേഷിതപ്രവർത്തനങ്ങളുമായി ബന്ധപ്പെടുന്ന ഏവർക്കും ഈ ഗ്രന്ഥം ഒരുത്തമ സഹായിയും മാർഗ്ഗദീപവുമായിരിക്കും.

**മാർ ജേക്കബ് തൂങ്കുഴി**

15-00


വിതരണം

**ജനത ബുക്ക് സ്റ്റാൾ**

തേവര - എറണാകുളം - ആലുവാ - ചേർത്തല

JS 00129/SN 00192/838431/1000-1/D-9

# പ്രേഷിതപ്രസക്തി



ജോർജ് വഞ്ചിപ്പുര

Indic Digital Archive Foundation
gpura.org